VI ധനകാര്യം

1985-86-ലെ ബഡ്ജറിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു നൂറുരൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്നപ്രമേയം ഞാൻ അവതരിക്കുന്നു.

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന ഇരുപത്തിയാറാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ നൂറുരൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്നപ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന അഞ്ചാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നൂറുരൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്നപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്ന പതിനേഴാംനമ്പർ ധനാഭ്യർത്ഥനയുടെപേരിൽ നാലുലക്ഷത്തി അമ്പതിനായിരം രൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്നപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് ദുരിതാശ്വാസം എന്ന ഇരുപത്തേഴാംനമ്പർ ധനാഭ്യർത്ഥനയുടെപേരിൽ എൺപത്തെട്ട് കോടി എഴുപത്തൊൻപതുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്നപ്രമേയംകൂടി റവന്യൂവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

Minister for Co-operation (**Smt. M. Kamalam**): Sir, I move that a Supplementary Grant of Rs. 14 crores be granted under Demand 28—Co-operation.

Minister for Home (**Shri Vayalar Ravi**): Sir, I second it.

ശ്രീ. തോപ്പിൽ രവി: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. എന്റെ പ്രസംഗം ആരംഭിക്കുന്നതിനുമുമ്പായി നമ്മുടെ സംസ്ഥാനത്തെ സ്വാതന്ത്ര്യസമരസേനാനികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനും അവർക്ക് ചികിൽസാസൗകര്യങ്ങൾ ഏർപ്പാടുചെയ്യാനും തീരുമാനിച്ചിട്ടുള്ളതായി ഇന്നലെ ആലപ്പുഴയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്ത പ്രഖ്യാപനത്തെ വളരെ സന്തോഷപൂർവ്വം ഞാൻ സ്വാഗതംചെയ്യുകയാണ്. കയ്യാമങ്ങൾക്ക് കൈനീട്ടിയും കഴുമരത്തിലേക്ക് കഴുത്തുനീട്ടിയും നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തരികയും ജീവിതത്തിന്റെ സൗഭാഗ്യങ്ങൾ അതിനുവേണ്ടി ബലിയർപ്പിക്കുകയും ചെയ്ത സ്വാതന്ത്ര്യസമരസേനാനികളോട് ഗവൺമെന്റ് കാണിച്ച സൗമനസ്യം ഈ ഗവൺമെന്റിന്റെ ശിരസിൽ ഒരു പൊൻതൂവൽ ചാർത്തും എന്ന് ഞാൻ കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്നലെ അഖിലേന്ത്യാ റേഡിയോവിലൂടെ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ ഒരു സുഭാഷിതം കേട്ടുകൊണ്ടാണ് നമ്മളെല്ലാവരും ഉറക്കമുണർന്നത്. കഴിഞ്ഞ എത്രയും നാളുകളായി ഐക്യജനാധിപത്യമുന്നണിയിലെ എന്നല്ല ഇടതുപക്ഷജനാധിപത്യമുന്നണിയിലെ ഇപ്പോഴും ഇല്ലാത്ത ഒരു പാർട്ടിയേയും തങ്ങൾക്ക് ആവശ്യമില്ലെന്നും അങ്ങനെ ഒരു ഗവൺമെന്റിനെ താഴെയിറക്കുകയെന്നുള്ളത് തങ്ങളുടെ പരിപാടിയല്ലെന്നും കൂടെക്കൂടെ പ്രസ്താവിച്ചുകൊണ്ടിരുന്ന ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട്, അദ്ദേഹത്തിന്റെ പാർട്ടിയിൽനിന്നുമുള്ള നിരന്തരമായ സമ്മർദ്ദങ്ങളും നിശിതമായ കുറ്റപ്പെടുത്തലുംകൊണ്ടോകാം ഇപ്പോഴും അദ്ദേഹം വാക്കുമാറ്റിയിരിക്കുകയാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നത്, ഐക്യജനാധിപത്യമുന്നണിയിൽനിന്നും വിട്ടുവരുന്നതിന് തയ്യാറുള്ള എല്ലാ കക്ഷികളേയും ഞങ്ങൾ കലവറയില്ലാതെ സ്വാഗതം ചെയ്യുന്നു, ആർക്കുവേണമെങ്കിലും ഞങ്ങളുടെകൂടെവരാം, പക്ഷേ അവരെയെടുക്കണമോയെന്നകാര്യം വന്നതിനുശേഷമേ തീരുമാനിക്കൂയെന്നാണ്. സർ, മാനം മര്യാദയായി വീട്ടിൽ കഴിഞ്ഞുകൂടുന്ന പെൺകുട്ടികളെ കണ്ണും കൈയും കാണിച്ച്, പ്രലോഭിപ്പിച്ച്, പ്രാണപ്രിയേ, അച്ഛനമ്മമാരുടെയും ബന്ധനത്തിൽനിന്ന് ഇറങ്ങിവരൂ, ചന്ദ്രികാചർച്ചിതമായ ഈ രാത്രിയിൽ നമുക്ക് തേൻമാവിന്റെ ചുവട്ടിലിരുന്ന് പ്രണയസല്ലാപം നടത്താം, കോവളത്തും കന്യാകുമാരിയിലും ഉല്ലാസയാത്രനടത്താം കല്ല്യാണം കഴിക്കുന്നകാര്യം നമുക്കുപിന്നെ ആലോചിക്കാം'' എന്നൊക്കെപ്പറഞ്ഞ് വിളിച്ചുകൊണ്ടുപോകുന്ന പൂവാലൻമാരെയാണ് ശ്രീ. നമ്പൂതിരിപ്പാടിന്റെ ഈ പ്രസ്താവന കേട്ടപ്പോൾ ഞാനോർമ്മിച്ചുപോയത്. ശ്രീ. നമ്പൂതിരിപ്പാട് അവിടെയുള്ളവരെയൊക്കെ അങ്ങോട്ട് ക്ഷണിക്കുകയാണ്. നിങ്ങളുടെ ആദർശാധിഷ്ഠിത രാഷ്ട്രീയം ഇതാണോ? ഇതെന്തൊരു രാഷ്ട്രീയമാണ്? നമ്പൂതിരിപ്പാടിന്റെ ആദർശത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രസംഗങ്ങൾ ഇപ്പോഴും എവിടെപ്പോയി? കഴിഞ്ഞയാഴ്ച ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിലെടുക്കുന്ന കാര്യം ഇന്ത്യൻ പ്രധാനമന്ത്രിയുടെ തീർപ്പിനുവിട്ടിരിക്കുന്നുയെന്ന് നമ്മളൊക്കെ അറിഞ്ഞു. അതിനെസംബന്ധിച്ച് മാർക്സിസ്റ്റുപാർട്ടി പറഞ്ഞത്, ദേശീയ ശക്തികൾക്ക്, രാജ്യദ്രോഹശക്തികൾക്ക് കോൺഗ്രസ് കീഴടങ്ങിയിരിക്കുന്നുയെന്നാണ്. ഇപ്പോഴും പറയുന്നത് ഇവിടെയുള്ളവർക്ക് എപ്പോഴും വേണമെങ്കിലും അങ്ങോട്ടുവരാം ഞങ്ങൾ സ്വാഗതംചെയ്യും എന്നാണ്. മാർക്സിസ്റ്റുപാർട്ടിയും നമ്പൂതിരിപ്പാടും സ്വീകരിച്ചിരിക്കുന്ന ഈ സമീപനം നല്ലവീട്ടിലെ പെൺകുട്ടികളെ വിവാഹം കഴിക്കാനാണ് എന്നുപറഞ്ഞ് വിളിച്ചുകൊണ്ടുപോയി ചുവന്നതെരുവിലേക്ക് വലിച്ചെറിയുന്ന പെൺവാണിഭക്കാരുടെ സമീപനമാണ്. അതുകൊണ്ട് ഇവിടെയുള്ളവരാരെങ്കിലും അവിടേക്കുവന്നുകൊള്ളും എന്ന വിചാരം നമ്പൂതിരിപ്പാടിനോ മാർക്സിസ്റ്റുപാർട്ടിക്കോ ഉണ്ടെങ്കിൽ അതുപേക്ഷിക്കുകയാണ് നല്ലത് എന്നുമാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളു.

സർ, ആത്മാർത്ഥതയില്ലാത്ത വാക്കുകൾ മോക്ഷംകിട്ടാത്ത ആത്മാക്കളെപ്പോലെ അന്തരീക്ഷത്തിൽ അലഞ്ഞുനടക്കുകയേയുള്ളു. അത് മനുഷ്യഹൃദയങ്ങളെ സ്പർശിക്കുവാൻപോകുന്നില്ല. ഈ സഭ സമ്മേളിച്ചതിനുശേഷം കഴിഞ്ഞ കുറേദിവസങ്ങളായി സനാതനതത്വങ്ങളെപ്പറ്റിയും സത്യധർമ്മങ്ങളെപ്പറ്റിയും ഒക്കെ പ്രതിപക്ഷം ഞങ്ങൾക്ക് സ്റ്റഡിക്ലാസ് നൽകുന്നത്. കള്ളുകുടിച്ചും മുച്ചീട്ടുകളിച്ചും നടക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകൻ കുട്ടികളോട് സദാചാരത്തെപ്പറ്റി പ്രസംഗിക്കുന്നതു പോലെയല്ലേ? കഴിഞ്ഞദിവസം ശ്രീ. കാനം രാജേന്ദ്രൻ, വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ഡയറക്ടർമാരാകുന്നതിന് ഞങ്ങളുടെ പാർട്ടിക്കാരായ രാമനും, കുമാരനും എന്താണ് യോഗ്യതയെന്ന് ചോദിക്കുകയുണ്ടായി. ഞാൻ നിങ്ങളോട് ചോദിക്കട്ടെ, 1967-ൽ സപ്തകക്ഷിമുന്നണി അധികാരത്തിൽ വന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹയാത്രികനായ എറണാകുളത്തുള്ള അഡ്വക്കേറ്റ് എം. എം. ചെറിയാനെ കെ. എസ്. ആർ. ടി. സി. യുടെ ചെയർമാനാക്കി നിയമിച്ചത് അദ്ദേഹത്തിന്റെ ട്രാൻസ്പോർട്ട് വ്യവസായത്തെക്കുറിച്ചുള്ള അഗാധമായ പാണ്ഡിത്യംകൊണ്ടാണോ? കൊല്ലത്ത് കശുവണ്ടിവികസന കോർപ്പറേഷൻ ഉണ്ടാക്കിയപ്പോൾ ഒരു കമ്മ്യൂണിസ്റ്റ് സഹയാത്രികനായ എൻ. രാമൻപിള്ളയെ പിടിച്ച് കോർപ്പറേഷന്റെ ചെയർമാനാക്കിയത് എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ്? ഞങ്ങളും ഇവിടെ പേഴ്സണൽ സ്റ്റാഫിൽ രാഷ്ട്രീയക്കാരെ നിയമിച്ചതിനെപ്പറ്റി നിങ്ങളും പുച്ഛിക്കുന്നു. നിങ്ങൾക്കതിന് എന്താണ് അധികാരം.? 1957-ൽ കമ്മ്യൂണിസ്റ്റുപാർട്ടി അധികാരത്തിൽ വന്നപ്പോൾ ആദ്യമായി പാർട്ടിപ്രവർത്തകനെ പ്രൈവറ്റ് സെക്രട്ടറി ആക്കിയത് ശ്രീ. നമ്പൂതിരിപ്പാടല്ലേ? അതുകഴിഞ്ഞ് ബഹുമാനപ്പെട്ട നിയമപണ്ഡിതനായ ശ്രീ. വർക്കല രാധാകൃഷ്ണനെ പിടിച്ച് പ്രൈവറ്റ് സെക്രട്ടറിയാക്കിയത് നമ്പൂതിരിപ്പാടല്ലേ? ശ്രീ. മോഹനനെ പിടിച്ച് പ്രൈവറ്റ് സെക്രട്ടറിയാക്കിയത് ശ്രീ. നായനാരല്ലേ? ശ്രീ. ഗോവിന്ദപ്പിള്ളയെ പ്രൈവറ്റ് സെക്രട്ടറിയാക്കിയത് ശ്രീ. അച്യുതമേനോനല്ലേ? എന്നിട്ടും അവിടെനിന്നുകൊണ്ട് ഞങ്ങളോട് സദാചാരത്തെപ്പറ്റി പ്രസംഗിക്കുകയാണ്. സർ, ജീവിതത്തിൽ പാലിക്കാൻ സാധിക്കാത്ത കാര്യങ്ങളെക്കുറിച്ച്, ഒരു പ്രത്യേക മൃഗം അതിന്റെ വികാരം കരഞ്ഞുതീർക്കുന്നതുപോലെ, ഞങ്ങളെ പ്രസംഗിച്ചു കേൾപ്പിക്കുന്നത് എന്തിനുവേണ്ടിയാണ്?

സർ, പ്രതിപക്ഷം ഏഴാംതീയതി ബന്തുനടത്താൻ പോകുന്നു. ശ്രീ. ബേബിജോൺ കഴിഞ്ഞപ്രാവശ്യം അവിശ്വാസപ്രമേയത്തിന്റെ ചർച്ചയിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഈ അവിശ്വാസപ്രമേയം പാസാകും എന്നു വ്യാമോഹിച്ചുകൊണ്ടൊന്നും അല്ല ഞങ്ങൾ ഇത് അവതരിപ്പിച്ചിട്ടുള്ളത്, ഗവൺമെൻറിനെ, ഭരണകക്ഷിയെ എക്സ്പോസ് ചെയ്യുന്നതിനുവേണ്ടിയാണ് എന്ന്. അങ്ങനെ എക്സ്പോസ് ചെയ്യുന്നതിനുവേണ്ടി പല ഘട്ടങ്ങളിലായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ്, ആഴ്ചയിൽ മൂന്ന് അടിയന്തിരപ്രമേയങ്ങളും, അതിനിടയിൽ ചില ഉപക്ഷേപങ്ങളും, വർഷത്തിൽ മൂന്നുപ്രാവശ്യം ബന്ത് നടത്തുന്നതുമൊക്കെ. എന്തിനുവേണ്ടിയാണ് സർ ഇത്? ബന്ത് എന്നു പറയുന്നത് കേരളത്തിലെ ജനങ്ങളോടുള്ള തുറന്ന യുദ്ധപ്രഖ്യാപനമാണ്. ബസ്സുകളുടെ ടയറുകൾ നാളെയും ആവശ്യമുണ്ടെന്നു കരുതുന്ന ബസ്സുടമകളും കടകമ്പോളങ്ങൾ കൊള്ളയടിക്കപ്പെടരുതെന്നു കരുതുന്ന വ്യാപാരികളും ഒക്കെ കടയടച്ചുയെന്നുവരും. താൻ കൂകിയതുകൊണ്ടാണ് നേരം പുലരുന്നതെന്ന് കോഴി വിചാരിക്കുന്നതുപോലെയും ഞാൻ താങ്ങുന്നതുകൊണ്ടാണ് കെട്ടിടത്തിന്റെ മേൽക്കൂര ഇരിക്കുന്നതെന്നു പല്ലി വിചാരിക്കുന്നതുപോലെയുമാണ് നിങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങളോടുള്ള ആഭിമുഖ്യംകൊണ്ടാണ് ആളുകൾ കടകമ്പോളങ്ങൾ അടക്കുന്നത് എന്നൊന്നും ധരിച്ചുപോകരുത്. നിങ്ങൾ കേന്ദ്രവിരുദ്ധസമരത്തെക്കുറിച്ച് പറഞ്ഞു. കേന്ദ്രം കേരളത്തെ അവഗണിക്കുന്നു എന്നു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂംസ് ഓഫ് പ്രൊസീഡുവറിലുള്ള റൂം 151 അനുസരിച്ച് The debate on the Supplementary grants shall be confined to the items constituting the same and no discussion may be raised on the original grants or policy underlying them save in so far as it may be necessary to explain or illustrate the particular items under discussion. ഈ റൂം അനുസരിച്ച് ഒരു സപ്ലിമെന്ററി ഗ്രാന്റിനെപ്പറ്റി ഒരു വാചകവും പറയാതെ നാട്ടിലുള്ള നമ്പൂതിരിപ്പാടിനെപ്പറ്റിയും അച്യുതമേനോനെപ്പറ്റിയും പ്രസംഗിക്കുന്നത് ഓർഡറിലാണോ സർ?

ശ്രീ. എ. സി. ജോസ്: ആ പോയിന്റ് അനുവദിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. യാതൊരു കാരണവശാലും മറ്റുകാര്യങ്ങളൊന്നും സ്പർശിക്കാതെ സപ്ലിമെന്ററി ഡിമാന്റിനെക്കുറിച്ച് ചർച്ചചെയ്യണം എന്ന് അങ്ങ് റൂളിംഗ് നൽകണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തോപ്പിൽ രവി: ഞാൻ പീതാംബരൻ മാസ്റ്റർ പറഞ്ഞ കാര്യങ്ങളും തന്നെയാണ് പറയുന്നത്. പീതാംബരൻമാസ്റ്റർക്കും അദ്ദേഹത്തിന്റെകൂടെ ഇരിക്കുന്ന ആളുകൾക്കും വേണ്ടാത്ത കാര്യങ്ങളും എന്നെ പഠിപ്പിക്കാൻ ശ്രമിക്കുകയാണ്. പ്രതിപക്ഷത്തുള്ള ആളുകൾക്ക് പാലിക്കാൻ കഴിയാത്ത കാര്യങ്ങൾ ഞങ്ങളെ പ്രസംഗിച്ചു പഠിപ്പിക്കാൻ നോക്കേണ്ട. ഇവിടെ ഞാൻ പറഞ്ഞുകൊണ്ടുവന്നതിതാണ്. പ്രതിപക്ഷം ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ആയുധം കേന്ദ്ര വിരുദ്ധ സമരമാണ്, കേന്ദ്രം കേരളത്തെ അവഗണിക്കുന്നു എന്നാണ് അവർ പറയുന്നത്. എവിടെയാണ് കേന്ദ്രം കേരളത്തെ അവഗണിച്ചത്. എന്റെ പാർട്ടിയുടെ അഭിപ്രായം കേന്ദ്രം കേരളത്തെ അവഗണിച്ചില്ല എന്നാണ്; കേരളത്തോട് ന്യായമായ പരിഗണന കാണിക്കുന്നു എന്നാണ്. കേരളത്തോട് മുമ്പ് ഒരിക്കലും സ്വീകരിച്ചിട്ടില്ലാത്ത സൗമനസ്യപൂർണ്ണമായ സമീപനം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രം സ്വീകരിച്ചിരിക്കുന്നു എന്നാണ്. പ്രതിപക്ഷം പറയുന്നത് പാലക്കാട് കോച്ച് ഫാക്ടറി തരാംഎന്ന് മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധി സമ്മതിച്ചിരുന്നു എന്നാണ്. ശ്രീ. പി. വി. കുഞ്ഞിക്കണ്ണന്റെ ഒരു പ്രസ്താവന കണ്ടു. ഇത് സത്യമാണോ? ഒരുനുണ ആയിരം തവണ പറഞ്ഞാൽ നേരായിത്തീരും എന്ന് വിശ്വസിക്കുന്നതുകൊണ്ട് നുണ പറഞ്ഞ് നിങ്ങൾ നേരാക്കിത്തീർക്കാൻ ശ്രമിക്കുകയാണ്. പാലക്കാട് കോച്ച് ഫാക്ടറി തരാം എന്ന് ആരെങ്കിലും ഉറപ്പുതന്നിരുന്നോ? പാലക്കാട് കോച്ച് ഫാക്ടറി ആരംഭിക്കുന്ന കാര്യം പരിഗണിക്കാംഎന്ന് പറഞ്ഞിരുന്നു. പരിഗണിക്കാൻ സാധിച്ചില്ലായിരിക്കാം. അതിന്മേൽ ഒരു രാഷ്ട്രീയ തീരുമാനം കൈക്കൊള്ളേണ്ടിവന്നിരിക്കാം. ഇന്ത്യയുടെ വിശാല താൽപ്പര്യങ്ങൾക്കുവേണ്ടി ഒരു രാഷ്ട്രീയ തീരുമാനം കൈക്കൊള്ളാൻ കേന്ദ്രഗവൺമെന്റിന് അധികാരമില്ലെന്ന് പറയാൻ സാധിക്കുമോ? ഞാൻചോദിക്കട്ടെ. ശ്രീമതിഗൗരിയമ്മ ഇവിടെയില്ല. ഗൗരിയമ്മ കൃഷിവകുപ്പ് മന്ത്രിയായിരുന്നപ്പോൾ (ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ കാലത്ത്) കൃഷിവകുപ്പുമന്ത്രി എന്ന സ്വാധീനം ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണകേന്ദ്രം അരൂരിൽ കൊണ്ടുപോയി. കേരളത്തിലെ പലജില്ലകൾക്കും ഈ കേന്ദ്രം വേണമെന്നുണ്ടായിരുന്നു. പല ആളുകൾക്കും അതിന്റെ ജോലി കിട്ടണം എന്ന ആഗ്രഹം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. എന്നാൽ അവരുടെ ആഗ്രഹങ്ങളും സഫലമായില്ല. അതു പോലെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഇതുപോലെയുള്ള സ്ഥാപനങ്ങളും ഉണ്ടാകണമെന്ന് സ്വാഭാവികമായും നമ്മളും ആഗ്രഹിക്കുന്നു. അതിനുവേണ്ടി ശ്രമിച്ചു, ഫലിച്ചില്ല. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം കത്തിക്കാണിച്ചുവയ്ക്കൊ എന്നു പറഞ്ഞുകൊണ്ട് കവലച്ചട്ടമ്പിമാർ ഭീഷണിപ്പെടുത്തുന്നതുപോലെയാണോ? അങ്ങിനെയാണോ കേന്ദ്ര സംസ്ഥാനബന്ധങ്ങളെ നിങ്ങളും കാണുന്നത്? സർ, കുടപ്പനക്കുന്നിലെ കന്നുകാലിവളർത്തൽ കേന്ദ്രത്തിലെ വിത്തുകാളയ്ക്ക് ഗർഭം ഉണ്ടായി എന്ന് ആരെങ്കിലും പറഞ്ഞാൽ ഇടതുപക്ഷജനാധിപത്യമുന്നണി അതിനു ഉത്തരംപറയണം എന്നു ഞങ്ങളും ആരും പറയാറില്ല. പക്ഷെ പ്രതിപക്ഷത്തുള്ളവർ അതുപറയുകയാണ്. ഇന്ത്യൻ ഭരണഘടനയെപ്പറ്റി എം. വി. രാഘവൻ പ്രസംഗിക്കുന്നതും രാഷ്ട്രീയ സദാചാരത്തെപ്പറ്റി മാർക്സിസ്റ്റുപാർട്ടി പ്രസംഗിക്കുന്നതും ആരും കാര്യമായെടുക്കാൻ പോകുന്നില്ല. ഇതുംരണ്ടും ഞങ്ങൾക്ക് സ്വീകാര്യമല്ല. നിങ്ങൾ എന്തെല്ലാം പറഞ്ഞാലും ഈ ഗവൺമെന്റ് ജനങ്ങളുടെ പിൻതുണയോടുകൂടി മുന്നോട്ടുപോവുകയണ് ശ്രീ. ബേബിജോൺ പറഞ്ഞു, ഞങ്ങൾ എക്സ്പോസ് ചെയ്യുമെന്ന് എക്സ്പോസ് ചെയ്തു ചെയ്തു ഇപ്പോൾ തുറന്നുകാട്ടപ്പെടുന്നത് മുഴുവൻ നിങ്ങളുടെ വികൃതമായ നയവും വികലമായ സമീപനവും ആണ് എന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. ഈ പ്രതിപക്ഷങ്ങൾ പറഞ്ഞ വാദങ്ങൾ സത്യസന്ധതയുടെ പിൻബലമില്ലാത്തതും യുക്തിയ്ക്ക് നിരക്കാത്തതും ആയതുകൊണ്ടുതന്നെ നിലനിൽക്കാൻ അർഹതയില്ലാത്തതുമാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുകയേ ഉള്ളൂ എന്ന് ഞങ്ങൾക്കറിയാം. വളരെ സന്തോഷത്തോടുകൂടി ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ വിഷയത്തിൽ എനിക്ക് ചിലകാര്യങ്ങൾ പറയാനുണ്ട്. എന്നാൽ രവിപറഞ്ഞ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാതെ പോകാനും പറ്റില്ലല്ലോ. ഈ സഭ മൂന്നാം തീയതി ആരംഭിക്കുമ്പോൾ എത്ര ദിവസം ഇത് തുടർന്നുപോകും എന്ന ആശങ്ക അപ്പുറത്തിരിക്കുന്ന മെമ്പർമാർക്കും ഈ രാജ്യത്തെ ജനങ്ങൾക്കും ഒക്കെ ഉണ്ടായിരുന്നു. കാറും കോളും നിറഞ്ഞ്, ഏതവസരത്തിലും ഇടിയും മഴയും ഉണ്ടാകാവുന്ന ഒരു അന്തരീക്ഷത്തിലാണ് ഈ സഭ സമ്മേളനം തുടങ്ങിയത്. പക്ഷേ മല എലിയെ പ്രസവിച്ചതുപോലെ ഇന്ന് ആ സംഭവം കെട്ടടങ്ങിയിരിക്കുകയാണ്. കേരള കോൺഗ്രസ്സിന്റെ ഇടിമുഴക്കം പോലെയുള്ള മുദ്രാവാക്യങ്ങളും കേരളാകോൺഗ്രസ്സിന്റെ ഭീഷണിപ്പെടുത്തുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും ഒക്കെ ജനങ്ങളിൽ ഉണ്ടാക്കിയ പ്രതികരണം ഇപ്പോൾ അവർ എങ്ങിനെ വിലയിരുത്തുന്നു. ഈ അടുത്തകാലത്തിറങ്ങിയ ''വെള്ളം'' എന്ന സിനിമയിൽ രണ്ട് പ്രധാന റൗഡികൾ ഒരു മുഖ്യമായ പ്രശ്നത്തിനുവേണ്ടി ഏറ്റുമുട്ടാൻ പോകുന്നു എന്നറിഞ്ഞപ്പോൾ ജനങ്ങളാകെ ഒത്തുകൂടി കൗതുകകരമായ കാഴ്ചകാണാൻ വന്നപ്പോൾ ആ രണ്ടാളുകളുംകൂടി കെട്ടിപ്പിടിച്ച് ചായയും പങ്കുവച്ചു കുടിക്കുന്നതുപോലെ കോൺഗ്രസ്സും കേരളാകോൺഗ്രസ്സും തമ്മിൽ ഏറ്റുമുട്ടാൻ പോകുന്നു ബാലകൃഷ്ണപിള്ളയുടെ പേരിൽ അതിന്റെ പേരിൽ ഗവൺമെന്റ് തന്നെ തകരാൻ പോകുന്നു. അവസാനം മല എലിയെ പ്രസവിച്ചതുപോലെ അത്. കെട്ടടങ്ങി. ഇപ്പോൾ ചിത്ര വാർത്തകളിലൂടെയും മറ്റും മനസ്സിലാക്കാൻ കഴിയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിയുടെ മുമ്പിൽ ചെന്ന് സാഷ്ടാംഗം നമസ്ക്കരിച്ച് സമസ്താപരാധവും പൊറുക്കണം എന്നപേക്ഷിച്ചുഎന്നാണ്.....

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട പീതാംബരൻമാസ്റ്ററർ റൂൾ 15 ഉപയോഗിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അതിന് റൂളിങ്ങ് തരണം.

ഡെപ്യൂട്ടി സ്പീക്കർ: പീതാംബരൻ മാസ്റ്ററെക്കൊണ്ട് പോയിന്റ് ഓഫ് ഓർഡറിന്റെ പേരിൽ ചോദ്യം ചോദിപ്പിച്ചു. ഇപ്പോൾ ജോസ് ചോദിച്ചതും ഒക്കെ ഒന്നുതന്നെയാണ്. നിവൃത്തിയുള്ളിടത്തോളം മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കാതിരിക്കാൻ ശ്രമിക്കണം.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഈ ഗവൺമെന്റിന് എന്തിന് ഉപധനാഭ്യർത്ഥനകൾ പാസ്സാക്കികൊടുക്കണം എന്നുള്ളതിനെക്കുറിച്ച് പായുമ്പോൾ ഈ കാര്യങ്ങളെക്കുറിച്ച് പായാനുള്ള ബാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് പായുന്നത്. രാജ്യദ്രോഹി എന്ന് ഈ രാജ്യത്ത് പ്രചരിപ്പിച്ചിരിക്കുന്ന അപവാദത്തിൽനിന്നും എന്നെ രക്ഷിക്കണമെന്ന് ബാലകൃഷ്ണപിള്ള ആവശ്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വക സ്വത്തുക്കളും അദ്ദേഹത്തിന്റെ വക വീടുകളും സർച്ച് ചെയ്യാനോ അന്വേഷണം നടത്താനോ പാടില്ലെന്നുള്ള തീരുമാനം ഉണ്ടാക്കുകയും കുടുംബത്തെ രക്ഷിക്കാൻ ആവശ്യമായ നടപടികളും എടുക്കുകയും ചെയ്യണം എന്നാണ് ബാലകൃഷ്ണപിള്ള ആവശ്യപ്പെട്ടത്. എൻ. എസ്. എസ്. ആയാലും വിരോധമില്ല, കോൺഗ്രസ് (ഐ) ആയാലും വിരോധമില്ല, എന്നെ വീണ്ടും മന്ത്രിസഭയിൽ അംഗമാക്കണം എന്ന് അദ്ദേഹം മുഖ്യമന്ത്രിയുടെ കാലുപിടിച്ചു അപേക്ഷിച്ചു എന്നാണ് കേൾക്കുന്നത്. ഇങ്ങനെയൊക്കെയാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ ആളുകളെ വിഡ്ഢികളാക്കുന്ന ഇത്തരം ഏർപ്പാടിന്റെ ആവശ്യമുണ്ടോ? കേരളകോൺഗ്രസ് എന്നോ അദ്ദേഹത്തെ കൈവിട്ടു. ഇതാണ് ഈ ഗവൺമെന്റിനെ നയിക്കുന്ന വികാരമെങ്കിൽ, ഇത്തരം രീതികളോടും സമ്പ്രദായത്തോടുമാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നതെങ്കിൽ അത് ഈ രാജ്യത്തെ എവിടെയാണ് കൊണ്ടുചെന്നെത്തിക്കുകയെന്നത് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകൾ എന്നു പറയുമ്പോൾ ഈ കഴിഞ്ഞ കാലങ്ങളിൽ ഈ ഗവൺമെന്റ് തുടർന്നു വന്നനയങ്ങളും അവരുടെ പ്രവർത്തനങ്ങളും പരിശോധിക്കേണ്ടതാണ്. എത്രയോ കാര്യങ്ങൾ ഈ നിയമസഭയിൽ അക്കമിട്ട് ഉന്നയിച്ചിട്ടുണ്ട്. അത് ഞാൻ ആവർത്തിക്കുന്നില്ല. എ. ഐ. ടി. യു. സി.യുടെ ആഭിമുഖ്യത്തിൽ ഇന്ന് പതിനായിരക്കണക്കിന് തൊഴിലാളികൾ ഈ നിയമസഭയ്ക്ക് മുമ്പിൽ മാർച്ച് ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നുകൊല്ലക്കാലമായി തുടർന്നുവരുന്ന തൊഴിലാളി ദ്രോഹനടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് തകർന്ന വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കണം എന്ന് പറഞ്ഞുകൊണ്ട്, വിലവർദ്ധനവും അതുപോലെതന്നെ ജീവിതദുരിതങ്ങളും വർദ്ധിച്ചുവരുന്നതിനെ പരിഹരിക്കുന്നതിനും ആവശ്യമായ സംരക്ഷണം ഞങ്ങൾക്ക് കിട്ടണം എന്ന് പറഞ്ഞുകൊണ്ടാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്. കഴിഞ്ഞ കാലങ്ങളിലെ തൊഴിലാളി സമരത്തോട്, എൻ. ജി. ഒ. സമരത്തോട്, ഈ ഗവൺമെന്റ് എടുത്ത സമീപനം എന്താണെന്ന് ഞാൻ വിശദീകരിക്കേണ്ടതില്ലല്ലോ. പണിമുടക്കിൽ പങ്കെടു

LIBRARY ARCHIVES Kerala Legislative Assembly

ത്താൽ ഞങ്ങൾക്ക് പിരിച്ചുവിടാൻപോലും അധികാരമുണ്ടെന്ന് ഭീഷണി പ്പെടുത്തി ജോസഫിനെ പിരിച്ചുവിട്ടിരിക്കുന്നു. ഇനിയും ഇത് ആവർത്തിക്കും എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. അതാണ് ഈ ഗവൺമെന്റിന്റെ നയം.

ഇനി പോലീസ് നയത്തെക്കുറിച്ച് പറയാം. കോഴിക്കോട് ടെലിഫോൺ എക്സ്ചേഞ്ചിൽ ഉണ്ടായ മൃഗീയമായ പോലീസ് നടപടി ന്യായീകരിക്കാൻ മന്ത്രി ശ്രമിക്കുകയുണ്ടായി. പോലീസിന് കടന്നുകയറാൻ പാടില്ലാത്ത മേഖലയിൽ കടന്നുകയറി പതിനായിരക്കണക്കിന് രൂപയുടെ സ്വത്തുക്കൾ അടിച്ചു തകർത്ത് ജീവനക്കാരെ മർദ്ദിച്ച സംഭവത്തെ വെള്ള പൂശാനും തേച്ചുമാച്ചു കളയാനും എടുക്കുന്ന ഈ നടപടി നമ്മുടെ രാജ്യത്തെ ജനങ്ങളോട് ഒട്ടാകെ എടുക്കുന്ന പോലീസ് നയത്തിന്റെ പ്രകടിത രൂപമാണ്. ഇത്തരം നയങ്ങൾ തുടർന്നുകൊണ്ടുപോകാനാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. ഇങ്ങിനെ എതു മേഖലയിൽ നോക്കിയാലും ഈ ഗവൺമെന്റ് ജനവിരുദ്ധനടപടികളുമായി മുന്നോട്ടു പോകുന്നു. അഴിമതി കഴിഞ്ഞ നിയമസഭയിലൊക്കെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. ഉയർന്ന ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും ഒക്കെ അഴിമതി നടത്തുന്നു എന്നു പറഞ്ഞു. താഴെക്കിടയിലുള്ള ആളുകളെ അതിൽനിന്നു പിന്തിരിപ്പിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് ഇന്ന് ഈ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. നമ്മുടെ മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന ഹരിജൻ ഡിപ്പാർട്ടുമെന്റ് അഴിമതി നടന്നിരിക്കുന്നു എന്ന് വളരെ പച്ചയായി ആഡിറ്റ് റിപ്പോർട്ടിൽ നിന്ന് തെളിഞ്ഞിരിക്കുന്നു. അതിനെക്കുറിച്ച് എന്ത് അന്വേഷണം നടത്തി. മരുതുർക്കോണം ഹരിജൻസഹകരണസംഘം ഉണ്ട്. 29 ഹരിജനങ്ങൾ ഒപ്പിച്ചുകൊണ്ട് റജിസ്ട്രേഷൻ വേണമെന്ന് ആവശ്യപ്പെട്ടു. റജിസ്ട്രേഷൻ ലഭിച്ചു. അതിൽ ഒരാൾപോലും ഹരിജൻ ഇല്ലെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലായത്. 29 ആളുകളുടെ അഡ്രസ്സിൽ അവിടെ ജീവിച്ചിരിക്കുന്ന ആളുകൾ ഒന്നാംതരം നായർ തറവാടുകളിൽപ്പെട്ടവരും ഈ സൊസൈറ്റിയുടെ സെക്രട്ടറിയായിരിക്കുന്ന പത്മകുമാറിന്റെ ബന്ധുക്കളും ആണെന്ന് ~~ആഡിറ്റ് റിപ്പോർട്ടുകൂടെ~~ അന്വേഷണത്തിൽ തെളിഞ്ഞു കഴിഞ്ഞ കാര്യമാണ്.

ഈ ഹരിജൻസൊസൈറ്റിക്ക് അനുവദിച്ച ലക്ഷക്കണക്കിനുള്ള പണം അദ്ദേഹത്തിന് ഇഷ്ടമുള്ള ആളുകൾക്ക്, ബന്ധുക്കാർക്കുമാത്രം വിതരണം ചെയ്തത് കൃത്യവിലോപമാണ്, നടപടിയെടുക്കണമെന്ന് ഈ ആഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അതിനനുസരിച്ച് ഒരു നടപടിയെടുക്കാൻ കഴിയുന്നില്ല. കാരണമെന്ത് ? ഈ സൊസൈറ്റി സംഘടിപ്പിക്കാൻ കൃത്രിമമായി കള്ളപേരും അഡ്രസ്സുമുണ്ടാക്കി പ്രവർത്തിച്ച പത്മകുമാർ തുടങ്ങിയ ആളുകൾ മുതൽ മുഖ്യമന്ത്രിവരെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരായതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ കഴിയുന്നില്ല. ഇതുപോലെ നിരവധി ഉദാഹരണങ്ങൾ സഹകരണരംഗങ്ങളിൽ, ഹരിജൻസഹകരണസംഘങ്ങളിൽ നടക്കുന്നുണ്ട്. പാവപ്പെട്ട ഹരിജനങ്ങൾക്ക് സഹായങ്ങൾ നൽകുന്നതിനു വേണ്ടിയാണ് ഇത്തരം സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ അതും സവർണ്ണൻമാരും സമ്പന്നൻമാരും തങ്ങളുടെ കൈകളിലൊതുക്കിവെച്ചുകൊണ്ട് അവർക്കുവേണ്ടി പ്രയോജനപ്പെടുത്തുകയാണ്, ഹരിജനങ്ങളെ ഒഴിവാക്കിക്കൊണ്ട്.

ഇലക്ട്രിസിറ്റിബോർഡിൽ വമ്പിച്ച അഴിമതികൾ നടക്കുന്നുണ്ടെന്ന് പത്രങ്ങളിലൊക്കെ ധാരാളം വരുന്നുണ്ട്. ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് അതിന്റെ പോസ്റ്റ് നിർമ്മിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഒന്നു രണ്ടു വർഷങ്ങളിൽ എത്ര കോടി രൂപയുടെ കരാർകൊടുത്തിട്ടുണ്ട് ? 53 കോടി രൂപയുടെ കോൺട്രാക്റ്റ് നമ്മുടെ സംസ്ഥാനത്ത് പോസ്റ്റു നിർമ്മാണത്തിനുവേണ്ടി കൊടുത്തിട്ടുണ്ട്. പോസ്റ്റില്ലാത്തതുകൊണ്ടാണ് നിരവധി ഹരിജൻ കോളനികളിലേക്കും മറ്റു കേന്ദ്രങ്ങളിലേക്കും കണക്ഷൻ കൊടുക്കാൻ കഴിയാത്തതെന്ന് ആവർത്തിച്ചാവർത്തിച്ച് മന്ത്രി ഇവിടെ പറയുന്നുണ്ട്. പക്ഷേ ഈ പോസ്റ്റുകാക്ക് കരാർ കൊടുക്കുകയും അവർക്ക് കൊടുക്കാനുള്ള ലക്ഷക്കണക്കിന് രൂപ കൊടുത്തുതീർക്കുകയും ഒരു പോസ്റ്റുപോലും ഇപ്പോഴും ഈ ബോർഡിന് കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം തുടരുന്നു. ശ്രീമാൻ ബാലകൃഷ്ണപിള്ള മന്ത്രിയല്ലാതാകുന്നതിന് തൊട്ടുമുമ്പ് ഒൻപതുകോൺട്രാക്റ്റർമാർക്ക് ഒരുലക്ഷം പോസ്റ്റുണ്ടാക്കാൻ അനുവാദം കൊടുത്തു. അതിനുമുൻകൂട്ടി പണം അനുവദിച്ചു കഴിഞ്ഞു. എന്നാൽ ഇന്ന് ഈ പോസ്റ്റുണ്ടാക്കാനുള്ള പ്രവർത്തനം ആരംഭിക്കുകയോ അതുണ്ടാക്കുമെന്നുറപ്പു പറയാനോ കഴിയാത്ത ഒരു സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഇങ്ങനെ കോടിക്കണക്കിനു രൂപയുടെ അഴിമതി ഈ പോസ്റ്റു നിർമ്മാണത്തിന്റെ പേരിൽ ഇലക്ട്രിസിറ്റിബോർഡിൽ നടക്കുന്നു. നമ്മുടെ മുഖ്യമന്ത്രി ഇപ്പോഴും കൈകാര്യം ചെയ്യുന്ന ടൂറിസം വകുപ്പിന്റെ മാനേജിംഗ് ഡയറക്ടറായ നമ്മുടെ പഴയ അഴിമതിവീരൻ എസ്. കെ. പിള്ളയുടെ കാര്യം ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ, എം. എൽ. എ. മുഖ്യമായി ഉന്നയിച്ച ഒരു വിഷയമാണ്. അദ്ദേഹം ഔഷധിയുടെ ചുമതലയിൽ നിന്നുകൊണ്ട് കോടിക്കണക്കിനു രൂപയുടെ അഴിമതിയും തിരിമറിയും നടത്തി എന്നതിന്റെ പേരിൽ അദ്ദേഹത്തെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രാജിവെച്ച ആളാണ് സിദ്ധാർത്ഥൻ കാട്ടുങ്ങൽ. അദ്ദേഹത്തിന് പ്രമോഷൻ കൊടുത്ത്. ഔഷധിയിൽ നിന്നും എടുത്തുമാറ്റി അദ്ദേഹത്തെ കെ. റ്റി. ഡി. സി. യുടെ മാനേജിംഗ് ഡയറക്ടറാക്കി. കെ. റ്റി. ഡി. സി. യിൽ വന്നതിനു ശേഷം കരിമ്പിൻതോട്ടത്തിൽ ആനകടന്നതുപോലെ അതിനെ ഇപ്പോൾ തകർത്തുകൊണ്ടിരിക്കുകയാണ് അദ്ദേഹം. ഇപ്പോൾ മാനേജിംഗ് ഡയറക്ടർ എന്നപോസ്റ്റിനു പകരം ജനറൽമാനേജരാക്കാൻ തീരുമാനിക്കാൻ പോകുന്നു. ഇതു തികഞ്ഞ അഴിമതിയാണ്. അഴിമതി ദേശീകരിച്ചുകൊണ്ട് ഈ രാജ്യത്ത് എന്തും ചെയ്യാം എന്ന ഒരു സ്ഥിതി വിശേഷം വളർത്തിക്കൊണ്ടുവരികയാണ്. നാളികേരത്തിന്റെ വിലയിടിവുമൂലവും കൃഷിക്കാരുടെ തകർച്ച മൂലവും നമ്മുടെ സമ്പദ്ഘടന തകർന്നുകൊണ്ടിരിക്കുന്നു. ഇതുപരിഹരിക്കാൻ ശ്രമിക്കുന്നതിനുപകരം ഈ അഴിമതി വളർത്തികൊണ്ടുവരുന്ന ഈ പ്രവർത്തനങ്ങളും തുടരാനാണെങ്കിൽ അതിന് ഇത് പാസാക്കാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ:— സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ഭരണം എല്ലാരംഗങ്ങളിലും പരാജയപ്പെട്ടിരിക്കുകയാണ്. സാധാരണജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻ കഴിയുന്നില്ല. ക്രമസമാധാനം നിലനിർത്തേണ്ട, സാധാരണ ജനങ്ങളുടെ സൈരമായ ജീവിതം ഉറപ്പുവരുത്തേണ്ട, സാമൂഹ്യവിരുദ്ധൻമാരെ അമർച്ചചെയ്യേണ്ട പോലീസ് അതുമാത്രം ചെയ്യുന്നില്ല. കോൺഗ്രസ് 'ഐ' ക്കാരുടെ ആഗ്രഹാനുസരണം എന്തു കൊള്ളരുതായ്മയും ചെയ്തുകൊടുക്കാൻ പോലീസ് കൂട്ടുനിൽക്കുന്നു. പോലീസ്സ്റ്റേഷനുകൾ കോൺഗ്രസ് 'ഐ' ക്കാരുടെ വയറ്റിപ്പിഴപ്പു കേന്ദ്രങ്ങളായി മാറുന്നു. മുരുക്കുമ്പുഴയിൽ അപ്പു എന്നു പറയുന്ന ഒരാൾ ഒരു ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

വസ്തു കടപ്പെടുത്തിയും മറ്റുമാർഗത്തിൽക്കൂടി ഉണ്ടാക്കിയും റ്റി.എൻ.ജി. 431 എന്നുപറഞ്ഞ് ഒരു ട്രക്കർ വാങ്ങിച്ചു. ആ ട്രക്കർ കോൺഗ്രസ് 'ഐ' യുടെനേതാവ് ചോദിച്ചിട്ട് കൊടുത്തില്ല എന്ന ഒറ്റ കാരണംകൊണ്ട് 1985-ആഗസ്റ്റ് മാസം ഒന്നാം തിയതി മുരുക്കുമ്പുഴ നീൽക്കുമ്പോൾ കെ.പി.സി.സി. മെമ്പർ എന്നുപറയുന്ന മുരുക്കുമ്പുഴ മോഹനചന്ദ്രൻ ആ ട്രക്കിൽനിന്ന് ഈ ഡ്രൈവറെ തട്ടിതാഴെയിട്ടിട്ട് ട്രക്കർ ഓടിച്ചുപോയി.

(ബഹളം)

എല്ലാ എം. എൽ. എ. മാർക്കും ഇതിന്റെ പരാതിയുടെ കോപ്പി കൊടുത്താണ്. നിങ്ങൾക്കതറിയാം. ഇതിൽ 15,600 രൂപ സി. സി. അടക്കാനുള്ള തുകയും ആർ. സി. ബുക്കും പെർമിറ്റും ലൈസൻസും ഉണ്ടായിരുന്നു. എസ്. ഐ. യോടും സി. ഐ. യോടും പരാതിപ്പെട്ടു. കൂട്ടാക്കിയില്ല. അപ്പുവിനെപിടിച്ച് പോലീസ്സ്റ്റേഷനിൽ നിറുത്തി. എന്നിട്ട് ആറിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ കയ്യിൽ നിന്നും സർച്ച് വാറണ്ട് വാങ്ങിച്ചു. ആ സർച്ച് വാറണ്ട് നടത്തികൊടുക്കാൻ ബാദ്ധ്യതയുള്ള പോലീസ് അതുനടത്തിയില്ലെന്നു മാത്രമല്ല ഇങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ലെന്നു കോടതിയിൽ റിപ്പോർട്ട് ചെയ്തു. അതാണ് പോലീസിന്റെ നിലപാട്. സ്വാതന്ത്ര്യം കിട്ടി 37 കൊല്ലമായിട്ടും ഈ രാജ്യം കണ്ടിട്ടില്ലാത്ത പോലീസ് നയമാണ്. അതുപോലെ പനവൂർ പഞ്ചായത്തിൽ പഞ്ചായത്ത് യുവകർഷകൻ തടി മുറിച്ചിട്ടു. തർക്കം വന്നു. തഹസിൽദാർ സ്റ്റേറ്റ് ചെയ്തു. എന്നിട്ട് ആ തടി അഷറഫിനെ മൂന്നാംസ്ഥാനമേൽപ്പിച്ചു 20-8-85-ൽ തടി മോഷണം പോയി. പോലീസിൽ പരാതിപ്പെട്ടു. 21-ാം തിയതി 241-ാം നമ്പറായി അതിന് കേസ് എടുത്തു. പോലീസ് അന്വേഷണം നടത്തിയില്ല. ഈ പറയുന്ന മൂന്നാം സ്ഥാനക്കാരനെ വിളിച്ചുവരുത്തി. അയാളം അന്വേഷിച്ച് സകല വിവരവും കൊടുത്തു. ഞാൻ ഉടൻപ്പടെ പോലീസ്സ്റ്റേഷനിൽ പോയി. എസ്. ഐ. യോടും സി. ഐ. യോടും പറഞ്ഞു. കെ. ശ്രീരാമൻ, കെ. സി. രാജൻ, സി. രാജേന്ദ്രൻനായർ എന്നീ കോൺ: ഐക്കാർ ഐ. എൻ. റ്റി. യു. സി. ക്കാരുടെ സഹായത്തോടുകൂടി അർദ്ധ രാത്രി കെ. ഇ. റ്റി. 4841, V. N. എന്നു പറയുന്ന ലോറിയിൽ കയറ്റി പറവൂരുള്ള ഗംഗാധരൻപിള്ളയുടെ സാമില്ലിൽ കൊണ്ടുകൊടുത്തു. ഈ വിവരം പോലീസിനറിയാം. ലോറിയുടെ ഡ്രൈവർ വിജയനെ വിളിച്ച് മൊഴിയെടുത്തു. വിജയൻ പറഞ്ഞു 15,000 രൂപക്ക് തടി കൊടുത്തുവെന്ന് ഈ 15,000 രൂപ ഇവരെല്ലാപേരുമായി വീതിച്ചെടുത്തിരിക്കയാണ്. പോലീസ് ഇതുവരെ അന്വേഷിച്ചിട്ടില്ല, പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. ഇതാണ് അവിടെ നടന്നത്. തൊഴിൽ മേഖലയാകെ അസ്വാസ്ഥ്യജനകമാണ്. സംഘർഷമാണ് ചിറയർസംഗമത്തിൽ തൊഴിൽതർക്കമുണ്ടായി. അവിടെ കൊലപാതകം വരെ നടന്നു. നാലുമാസമായിട്ടും ആ പ്രശ്നം പരിഹരിച്ചില്ല. മുതുവിള, ചുള്ളാളം, പാളയം, വെഞ്ഞാറമൂട്, കല്ലറ ഈ പ്രദേശങ്ങളിലാകെ സംഘർഷം മുറിനിൽക്കുകയാണ്. പോലീസ് കൂട്ടുനിൽക്കുകയാണ്. അതിനെപ്പറ്റിയെന്നും പറഞ്ഞിട്ട് കാര്യമില്ല. വെഞ്ഞാറമൂട്ടിൽ എസ്. ഐ. ക്കും സി. ഐ. ക്കും കാർട്ടേഴ്സുണ്ട്. ഇപ്പോൾ സി. ഐ. യും എസ്. ഐ. യും തമ്മിൽ അടിയാണവിടെ. അവിടെ എസ്. ഐ. വാഴുന്നില്ല, നാലു എസ്. ഐ. മാരെ മാറ്റി. എന്നിട്ട് ഇപ്പോഴത്തെ എസ്. ഐ. യും സി. ഐ. യും തമ്മിൽ അടിയായി. എസ്. ഐ. ഇപ്പോൾ അവധിയിൽ പോയിരിക്കയാണ്. അന്വേഷിച്ചപ്പോൾ പോലീസുകാരും നാട്ടുകാരും മാറിപ്പോയ എസ്. ഐ. മാരും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് പോലീസ് സ്റ്റേഷൻ മഹാമോശമാണ്, കുടുംബമുള്ള ഒറ ഏ.സ്. ഐ. ക്കും അവിടെ താമസിക്കാൻ പറ്റുകയില്ല. സി. ഐ. കാരണമെന്നാണ്. നാണം കെട്ട, വൃത്തികെട്ട, ഗ്ലേഛമായ ഇതുപോലൊരു പോലീസ് നയം ഈ രാജ്യത്തുണ്ടായിട്ടുണ്ടോ ? ഇങ്ങനെയുള്ള നിരവധി സംഭവങ്ങം ഇവിടെ പറയാനുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ന്നുകൂടി എതിർക്കുന്നു.

ശ്രീ. ററി. എസ്. ജോൺ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രധാനമായിട്ട് ഈ ധനാഭ്യർത്നകളിൽ പറഞ്ഞി ട്ടുള്ളത് 81 കോടി രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങംക്കുവേണ്ടി മുടക്കു ന്നതിനുവേണ്ടിയാണ്. കേരളത്തിൽ ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ വെള്ളപ്പൊക്കം, പേമാരി, ഉരുംപൊട്ടൽ ഇവയുണ്ടായപ്പോം നമ്മുടെ സംസ്ഥാനഗവൺമെൻറ് എടുത്ത പ്രശംസനീയമായ നടപടി കേരള ജനതയെ സംബന്ധിച്ചിടത്തോളം ഒരിക്കലും മറക്കാൻ കഴിയാവുന്ന തല്ല. ബുദ്ധിമുട്ടും ക്ലേശവും അനുഭവിക്കുന്ന ആളുകളുടെ സ്ഥല ത്തേക്ക് ഓടിയെത്തി അവർക്ക് കഴിവുള്ളിടത്തോളം സഹായങ്ങം ചെയ്തു അതുമാത്രമല്ല കേന്ദ്രഗവൺമെൻറിൽ ഉടൻ തന്നെ വിവരമറിയിക്കുകയും വാങ്ങാൻ കഴിയുന്നതിൻെറ മാക്സിമം എമൗണ്ട് വാങ്ങിയെടുക്കുകയും ചെയ്തു. 134 കോടി രൂപ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. കേരളത്തിൻെറ ചരിത്രത്തിൽ ഇതൊരു [illegible]ക്കാർഡ്ാണ്. ഭാരതത്തിൻെറ ചരി ത്രത്തിൽതന്നെ ഒരു റിക്കാർഡാണ്. അടുത്തകാലത്തുണ്ടായിട്ടുള്ള ദുരിതാ ശ്വാസപ്രവർത്തനങ്ങംക്കുവേണ്ടി ഏററവും കൂടുതൽ സഹായം നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. ഇതിനെക്കുറിച്ച് ഒരു നന്ദിവാക്കുപറയു ത്തത്, മുഖ്യമന്ത്രിയുടെ ഈ വലിയനേട്ടത്തെക്കുറിച്ച്, റവന്യൂവകുപ്പുമന്ത്രി യുടെ ഈ നേട്ടത്തെക്കുറിച്ച് ഒരു നല്ലവാക്കുപറയാൻ പ്രതിപക്ഷനേതാ ക്കൻമ്മക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളത് സങ്കടകരമായ കാര്യമാണ്. അതിനു വേണ്ടി ചെലവഴിക്കാനാണ് 81 കോടിരൂപ വക കൊള്ളിച്ച് ധനാഭ്യർത്ഥന യുമായി ഗവൺമെൻറ് മുന്നോട്ടു വന്നിട്ടുള്ളത്. അതുപോലെതന്നെ അടുത്തകാലത്ത് കല്ലട-ഇടമലയാർ പദ്ധതിയിൽ ചോർച്ച [illegible]യി. ജനങ്ങളുടെ ഇടയിൽ ഭയം, എം. എൽ. എ. മാരുടെയിടയ [illegible] ആശങ്ക. ഈ ഗവൺമെൻറ് ഉത്തരവാദിത്വത്തോടുകൂടി സിററിംഗ് ജഡ്ജിയെ കൊണ്ട് അന്വേഷിപ്പിക്കുവാൻ തീരുമാനിച്ചു. അപ്പോം കേരളത്തിനു വെളിയിലുള്ള ജഡ്ജിയെകൊണ്ട് അന്വേഷിപ്പിക്കണമെന്നായി, അവർ ആവശ്യപ്പെട്ടതുചെയ്തപ്പോം കേരളത്തിനുവെളിയിലുള്ളവരെ കേരളത്തിൽ കൊണ്ടുവരണമെന്നായി. കേരളത്തിലുള്ള ജഡ്ജിമാർ കുഴപ്പക്കാരാണ് എന്നായി. കേരളത്തിലെ ജഡ്ജിമാരെ ഈ ഗവൺമെൻറിൻെറയും മുൻ ഗവൺമെൻറുകളുടെയും കാലത്ത് നിയമിച്ചതാണ്. അങ്ങനെ ജനങ്ങളിൽ വിശ്വാസംഅർപ്പിച്ചുകൊണ്ട് വിശ്വസിക്കാൻ കഴിയുന്ന ഭയാശങ്കകം മാറാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുന്ന ഒരു ഗവൺമെൻറാ ണിത്.

അതുപോലെതന്നെ ജുഡീഷ്യറിയെക്കുറിച്ച് പറഞ്ഞു. ജുഡീഷ്യറി യെക്കുറിച്ച് പ്രതിപക്ഷങ്ങംക്ക് ഇപ്പോം വലിയ മതിപ്പാണ്. ബഹു മാനമാണ്, സ്നേഹമാണ്. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിനാണെ ങ്കിൽ ജുഡീഷ്യറിയുടെ തീരുമാനങ്ങം അപ്പാടെ നടപ്പാക്കണമെന്ന ആഗ്ര ഹമാണ് ഈ അടുത്തകാലത്തുള്ളത്. സുപ്രീം കോടതി വിധി അതേ പടി നടപ്പാക്കണം. ആ വിധിക്കെതിരായി ഒരു വിമർശനം ഉന്നയിച്ചാൽ ഡെപ്യൂട്ടി മുഖ്യമന്ത്രി വിമർശിക്കുന്നു: മുസ്ലീംലീഗ് ജുഡീഷ്യറിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തിനെതിരായി പ്രവർത്തിക്കുന്നു എന്നായി. ജുഡീഷ്യറി യുടെകാര്യത്തിൽ നമ്പൂതിരിപ്പാടിന് എന്തൊരു താല്പര്യമാണ്? ബൂർഷ്വാകോടതി തുലയട്ടെ എന്ന് കോടതിക്കെതിരായി ശബ്ദമുയർത്തിയ കമ്മ്യൂണിസ്റ്റു—മാർക്സിസ്റ്റ് പാർട്ടിയാണ് ഇന്ന് കോടതിയുടെ വിധി അംഗീകരിക്കണമെന്നുപറഞ്ഞുകൊണ്ട് പ്രക്ഷോഭണം നടത്തുന്നത്. കോടതിയെ കമ്മ്യൂണിസ്റ്റു-മാർക്സിസ്റ്റ് പാർട്ടി വളരെ കൂടുതലായി ഇപ്പോൾ ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു കോടതികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയെന്നുള്ളതാണ് കേരളാകോൺഗ്രസുകാരെ സംബന്ധിച്ചിടത്തോളമുള്ള അഭിപ്രായം ഞങ്ങളും ആദരിക്കുന്നു, ബഹുമാനിക്കുന്നു. കോടതിവിധിയെ ഏറ്റവും കൂടുതൽ മാനിച്ചുപ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറാണ് ഇത്. കോടതിവിധി മാനിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ. കരുണാകരൻ രാജിവെച്ചിട്ടുണ്ട്, ബഹുമാനപ്പെട്ട കെ. എം. മാണി രാജിവെച്ചിട്ടുണ്ട്, ശ്രീ. സി. എച്ച്. മുഹമ്മദുകോയ രാജിവെച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ളക്കെതിരെ പരാമർശനമുണ്ടായപ്പോൾ രാജിവെച്ചു. ആ പാരമ്പര്യം നിലനിറുത്തി കോടതിവിധികളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ് ഞങ്ങൾ. അല്ലാതെ കോടതികളെ അപമാനിക്കുകയും കോടതിയെ സ്വാധീനിക്കുകയും ചെയ്യുന്ന നടപടിയല്ല കേരളകോൺഗ്രസ് പാർട്ടിക്കുള്ളത്. കേരള കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം കോടതിയെ ആദരിക്കുന്ന ഒരു പാർട്ടിയാണ്. മാർക്സിസ്റ്റ് പാർട്ടിയും അതിലേക്ക് വന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. അതുപോലെത്തന്നെ നമ്പൂതിരിപ്പാട് അടുത്തകാലത്തുനടത്തിയ പ്രഖ്യാപനങ്ങളിൽ പ്രധാനമായിട്ടുള്ളത് ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി പ്രവർത്തിക്കുന്ന ഏക പാർട്ടി കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയെന്നാണ്. എന്നാണ് ഈ പ്രവർത്തനം തുടങ്ങിയത്? ഇന്ന് ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിൽ ഏറ്റവും കൂടുതൽ താല്പര്യമുള്ള പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. എന്നാണ് നിങ്ങൾക്ക് ഈ ഭൂതോദയം ഉണ്ടായത്? 1942-ൽ നടന്ന ക്വിറ്റ് ഇൻഡ്യാമൂവ്മെൻറ് സ്വാതന്ത്ര്യസമരത്തിന് യാതൊരു പ്രയോജനവും ചെയ്തിട്ടില്ലെന്നാണ് പറയുന്നത്. റഷ്യയിൽ ജയിച്ചതുകൊണ്ടാണ് ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയതെന്നു പറഞ്ഞ് ഈ അടുത്തകാലത്തുപോലും വാദിച്ചിട്ടുള്ളവരാണ് നിങ്ങൾ. 1964-ൽ ഇൻഡ്യയും ചൈനയും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ഇൻഡ്യയിലെ ഒരു പാർട്ടിക്ക് ഒരു സംശയം. ചൈന ഇൻഡ്യയെ ആക്രമിച്ചതാണോ അതോ ഇൻഡ്യ ചൈനയെ ആക്രമിച്ചതാണോയെന്ന്. അത് നമ്പൂതിരിപ്പാടിനുമാത്രമാണ്. അപ്പോൾ നിങ്ങളുടെ രാജ്യസ്നേഹമെന്താണെന്ന് ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. കേരളകോൺഗ്രസ് പാർട്ടി അഖണ്ഡതക്കെതിരാണെന്നാണ് മാർക്സിസ്റ്റു പാർട്ടിയുടെ പ്രഖ്യാപനം. കേരളാകോൺഗ്രസ് പാർട്ടി അതിന്റെ പ്രഖ്യാപിതമായ നയംപറഞ്ഞിട്ടുണ്ട്. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനവുമാണ് കേരളാകോൺഗ്രസ് പാർട്ടിയുടെ നയം. അത് നേടിയെടുക്കുവാൻ ഈ രാജ്യത്ത് ഗാന്ധിയൻ മാർഗ്ഗം സ്വീകരിച്ച് മുന്നോട്ടുപോകും. അതാണ് കേരളാകോൺഗ്രസ് പാർട്ടിയുടെ നയം.

ശ്രീ. എ. വി. താമരാക്ഷൻ: അങ്ങയുടെ പാർട്ടിയുടെ യുവജന സംഘടന പഞ്ചായത്തിൽ പഞ്ചായത്തെന്നും അസ്സംബ്ലിയിൽ അസ്സംബ്ലി

LIBRARY ARCHIVES Kerala Legislative Assembly

മെന്നും ആരുണ്ടിവിടെ ചോദിക്കാനെന്നും ധിക്കാരപരമായി മുദ്രാവാക്യം മുഴക്കിയത് അനുവദിക്കുന്നുണ്ടോ ?

ശ്രീ. ടി. എസ്. ജോൺ: സർ, അത് കേട്ടിട്ടല്ലല്ലോ പറഞ്ഞത്. ഞങ്ങളുടെ പാർട്ടിയുടെ പ്രഖ്യാപിതമായ നയത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനവും അതാണ് ഞങ്ങളുടെ നയം. പഞ്ചാബിനെപോലെ വ്യവസായങ്ങൾ ഉണ്ടാകണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ അവഗണനയെ അവസാനിപ്പിക്കണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് യുവാക്കളും പറഞ്ഞിട്ടുണ്ട്. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനവുമാണ് ഞങ്ങളുടെ പ്രഖ്യാപിതനയം, അത് നേടിയെടുക്കുവാൻ വേണ്ട ഗാന്ധിയൻ മാർഗങ്ങളുമായി മുന്നോട്ടുപോകുമെന്ന് ഞങ്ങളുടെ പാർട്ടിയുടെ ചെയർമാനായ ശ്രീ. പി. ജെ. ജോസഫ് അസന്ദിഗ്ധമായി പ്രഖ്യാപിച്ചു കഴിഞ്ഞു. പിന്നെ പറഞ്ഞ കാര്യങ്ങളൊക്കെ പൊളിറ്റിക്സ് ആണ്.

ഈ അടുത്തകാലത്ത് ഇൻഡ്യൻ പ്രധാനമന്ത്രി കേരളത്തിലെ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും മനസിലാക്കുന്നതിന് ഇവിടെ വന്നു. പ്രതിപക്ഷനേതാക്കൻമാർ കേരളത്തിലെ ബുദ്ധിമുട്ടുകളെയും ക്ലേശങ്ങളെയുംപറ്റി നിവേദനം നടത്തുവാൻപോയി. ഇന്നു പ്രതിപക്ഷങ്ങളുടെ സമരങ്ങൾ ഇവിടെ നടക്കുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ തകരുന്നു, സാമ്പത്തികമായി കേരളത്തിൽ ബുദ്ധിമുട്ടുണ്ടായിരിക്കുന്നു. 8-ാം ധനകാര്യകമ്മീഷന്റെ നിഗമനംമൂലം ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ഒരുവശത്ത്, പരമ്പരാഗത വ്യവസായങ്ങളുടെതകർച്ച, തൊഴിലില്ലായ്മ, വിലക്കയറ്റം, റെയിൽവേയുടെ കാര്യത്തിലും വ്യവസായത്തിന്റെ കാര്യത്തിലുമുള്ള പിന്നോക്കാവസ്ഥ എന്നിവയെ കുറിച്ചൊക്കെ ഒരു നിവേദനം പ്രതിപക്ഷം പ്രധാനമന്ത്രിക്ക് സമർപ്പിക്കുമെന്നായിരുന്നു ഞങ്ങളുടെയൊക്കെ പ്രതീക്ഷ. പക്ഷേ നിങ്ങൾ സമർപ്പിച്ചതെന്താണ് ? നിങ്ങൾ സമർപ്പിച്ചത് രണ്ടുമന്ത്രിമാർക്കെതിരായ അഴിമതി ആരോപണങ്ങളെക്കുറിച്ചും ഒരു മുൻമന്ത്രിക്കെതിരെയുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ചും അന്വേഷണം നടത്താൻ വേണ്ടിയുള്ളതായിരുന്നു. ഇൻഡ്യയിലെ പ്രതിപക്ഷപാർട്ടികളുടെ നയമിതാണോ ? സംസ്ഥാനഗവൺമെൻറിന്റെ നയത്തിനെതിരായി അഴിമതിആരോപണമുന്നയിക്കുകയും അതിനെപ്പറ്റി അന്വേഷണം നടത്താൻ വേണ്ടി ഇൻഡ്യൻ പ്രധാനമന്ത്രിയോടു പറയുകയും ചെയ്യുന്നതാണോ നിങ്ങളുടെ നയം. തമിഴ്നാട്ടിലും, ആന്ധ്രയിലും, കർണ്ണാടകത്തിലും പശ്ചിമബംഗാളിലും ത്രിപുരയിലുമൊക്കെ അവിടത്തെ പ്രതിപക്ഷപാർട്ടികളും ഇതുപോലെ നിവേദനം നടത്തിയാൽ നിങ്ങൾ അംഗീകരിക്കാൻ തയ്യാറുണ്ടോ ? ഇൻഡ്യാമഹാരാജ്യത്തെ കേന്ദ്രസംസ്ഥാനബന്ധങ്ങളിൽ മാറ്റം വരുത്തണമെന്നുള്ള ഒരു ചർച്ച ഇപ്പോൾ നടക്കുകയാണ്. സർക്കാരിയാകമ്മീഷന്റെ മുമ്പിൽ നിവേദനം നടത്തികൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. അതിലൊക്കെ പ്രതിപക്ഷ രാഷ്ട്രീയപ്രസ്ഥാനങ്ങൾ എടുക്കുന്ന നിലപാടെന്താണ് ? ഞങ്ങൾ എടുത്തിട്ടുള്ള നിലപാട് എന്താണ് ? ആ നിലപാടുകളെയെല്ലാം കശാപ്പു ചെയ്യുന്ന ഒരുനയമാണ്, അതിനെയെല്ലാം തകർക്കുന്ന ഒരു നയമാണ് ഇവിടെ പ്രതിപക്ഷപാർട്ടികൾ സ്വീകരിച്ചിട്ടുള്ളത്. നിങ്ങൾക്ക് രാജ്യതാല്പര്യമുണ്ടോ ? കേരളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആഗ്രഹം നിങ്ങൾക്കുണ്ടോ ? ഉണ്ടെങ്കിൽ പ്രധാനമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിൽ നിങ്ങൾ അത് അവതരിപ്പിക്കുമായിരുന്നു. നിങ്ങൾക്കുള്ളത് വെറും അങ്ങാടിയിൽ തോറ്റതിന് അമ്മയെ തല്ലുന്ന നയമാണ്; സങ്കുചിതമായ നയമാണുള്ളത്. ഇവയല്ലേ നിങ്ങൾ സ്വീകരിച്ചിട്ടുള്ളത് ? ഭാരതത്തിൽ ഒരു പാർട്ടിയും സ്വീകരിക്കാത്ത നിലയിലല്ലേ നിങ്ങൾ പ്രധാനമന്ത്രിയുടെ അടുത്തുപോയി നിവേദനം നടത്തിയത് ? അത് നിങ്ങളുടെ നയമാണോ ? ഈ രാജ്യത്തെ ജനങ്ങൾക്കറിയാനുള്ള 'ആകാംക്ഷയുണ്ട്'; കൗതുകമുണ്ട്. അറിയണം. ഇതിനെക്കുറിച്ച് വ്യക്തമായ അഭിപ്രായം ഞങ്ങൾക്കറിയണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ബഹുമാനപ്പെട്ട ഇ. എം. എസ്. മുതൽ നമ്പ്യാടൻ മാസ്റ്റർ വരെ ഇപ്പോൾ പറയുന്നത് കേരളാകോൺഗ്രസ് പാർട്ടിക്ക് എതാണ്ട് കുഴപ്പം പറ്റിയെന്നാണ്. കോൺഗ്രസ് നേതൃത്വവുമായി, കോൺഗ്രസ് പ്രസിഡൻറായ ഇൻഡ്യൻ പ്രധാനമന്ത്രിയുമായി ചർച്ച ചെയ്ത് ഞങ്ങൾ തീരുമാനിക്കും. ഘടകകക്ഷികൾ തമ്മിൽ തർക്കമുണ്ടായാൽ ചർച്ചചെയ്ത് തീരുമാനിക്കും. ചർച്ചചെയ്ത് പരിഹാരം കണ്ടുപിടിക്കും, പരിഹരിക്കുന്നതിനു ശ്രമിക്കും. 1971-ലും '76-ലും '82ലും '84-ലും കേരളാകോൺഗ്രസ് പാർട്ടിക്ക് കേരളത്തിലെ കോൺഗ്രസ് നേതൃത്വവുമായി അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ കേന്ദ്രകോൺഗ്രസ് നേതൃത്വവുമായി ചർച്ചചെയ്ത് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ഇന്നും പ്രശ്നം ഉണ്ടായപ്പോൾ ഇവിടെ പരിഹരിക്കാൻ കഴിയാതെവന്നപ്പോൾ ഇൻഡ്യൻ പ്രധാനമന്ത്രി, കോൺഗ്രസ് പ്രസിഡൻറായ ശ്രീ. രാജീവ് ഗാന്ധിയുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് തീരുമാനിച്ചു. ചർച്ച ചെയ്ത് തീരുമാനിക്കും. അതിൽ യാതൊരു അപമാനവും ഇല്ല. അഭിമാനം മാത്രമേ ഉള്ളൂ.

ശ്രീമാൻ ഇസ്മയിൽ, ശ്രീ. ബാലകൃഷ്ണപിള്ളയെപ്പറ്റി ഇവിടെ പറഞ്ഞു. ബാലകൃഷ്ണപിള്ളയെപ്പറ്റി ദേശാഭിമാനിയിൽ എഴുതി കണ്ടു, ഇപ്പോൾ നിങ്ങൾക്കു അദ്ദേഹത്തോട് എന്തൊരു പ്രേമമാണ്. കേരളകോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം കേരള കോൺഗ്രസ് പാർട്ടിയുടെ അനിഷേധ്യ നേതാവാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള. അദ്ദേഹത്തെ തള്ളിപറയേണ്ട കാര്യം കേരള കോൺഗ്രസ് പാർട്ടിക്കില്ല. നിങ്ങൾക്ക് ഇപ്പോൾ ഉണ്ടായ സ്നേഹം എന്തിനുവേണ്ടിയാണ് ? കേരളാകോൺഗ്രസ് ശ്രീ. ആർ. കൃഷ്ണപിള്ളയുടെ കാര്യത്തിൽ എടുത്തിട്ടുള്ള നിലപാടിൽനിന്ന് ഒരിഞ്ചു പോലും പിന്നോട്ടു പോകുന്ന പ്രശ്നമില്ല. അങ്ങനെ കേരളത്തിലെ ജനോപകാരപ്രദമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെൻറിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ഉപധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ഉപധനാഭ്യർത്ഥനയിൽ 82 കോടിയോളം രൂപ നമ്മുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു വേണ്ടിയാണ്. തീർച്ചയായും സംസ്ഥാനഗവൺമെൻറിന്, ഇക്കാര്യത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായമെത്തിക്കാനുള്ള ബാദ്ധ്യതയുള്ള ഒരു ഗവൺമെൻറാണിത്. ഈ സംസ്ഥാനത്തിലെ ജനങ്ങൾ അതിൻറെയെല്ലാം അർത്ഥത്തിലുള്ള പിൻതുണയും കൊടുത്തിട്ടുണ്ട്. ഈ നിയമസഭയിൽനടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ 673 കോടി രൂപയുടെ നഷ്ടമാണ് നമുക്ക് ഇതിനാവശ്യമായി കേന്ദ്രത്തിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാകണമെന്നാഗ്രഹിച്ചതു്, അഭ്യർത്ഥിച്ചതു്. പക്ഷേ അതിന്റെ അഞ്ചിൽഒന്നു് ഓഹരിയെന്നുപോലുംപറയാൻവയ്യാത്ത രീതിയിൽവന്നു.

ഇവിടെ ഇപ്പോഠം കൊണ്ടുവന്നിരിക്കുന്നതു് 13 കോടിരൂപ സഹകരണവകുപ്പു് ചിലവഴിക്കാത്തതു് മുഖേനയാണു്. ബാക്കി തുക എങ്ങനെയാണു് എന്നൊന്നും വ്യക്തമല്ല. അതു് വ്യക്തമാക്കേണ്ട ബാദ്ധ്യതയുണ്ടു്. ആ ബാദ്ധ്യത നിറവേറുമെന്നു് കരുതുന്നു. ഇതോടൊപ്പംതന്നെ ഈ ഗവൺമെന്റു് വളരെ നിസ്സാരമായി മാറ്റു ചില ആവശ്യങ്ങൾക്കുവേണ്ടിയുള്ള അഭ്യർത്ഥനയും വച്ചിട്ടുണ്ടു്. ഈ സംസ്ഥാനഗവൺമെന്റിനു് ഈ കേന്ദ്രം നൽകിയിട്ടുള്ള പരിമിതമായ സാമ്പത്തികസഹായംപോലും അർഹതപ്പെട്ടവർക്കു് എത്തിക്കാൻ കഴിയത്തക്ക സ്ഥിതിവിശേഷത്തിലാണോ ഇന്നു് ഈ സംസ്ഥാനഗവൺമെന്റു്?

നമ്മുടെ പ്രധാനമന്ത്രി രാഷ്ട്രീയത്തിൽ വലിയ പരിചയമില്ലാത്ത ആളാണു്. അദ്ദേഹത്തിന്റെ പല നയപരിപാടികളോടും നമുക്കു് ഒരിക്കലും പൊരുത്തപ്പെടാൻ കഴിയുകയില്ല. ഇന്ത്യയെ അപകടത്തിലേക്കു് കൊണ്ടുപോകുന്നുയെന്നാണു് 100 ശതമാനവും അഭിപ്രായം. പക്ഷേ അദ്ദേഹം അദ്ദേഹത്തിന്റെ ഒരു കഴിവുകേടു് കണ്ടുകൊണ്ടാകണം ഇന്ത്യയിലെ സംസ്ഥാനങ്ങളിലിറങ്ങി ആ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിലിറങ്ങി ആ ഗ്രാമീണജനതയുടെ ജീവിതരീതി ആ അർത്ഥത്തിൽ, ആ രൂപത്തിൽ കണ്ടുപഠിക്കാനുള്ള ഒരു ശ്രമം നടത്തിയതു്. ആ ശ്രമം മദ്ധ്യപ്രദേശിൽനിന്നു് ആരംഭിച്ചു. മദ്ധ്യപ്രദേശിലെ ഗിരിവർഗ്ഗക്കാരോടൊപ്പം അദ്ദേഹം ചെലവഴിച്ചിട്ടുള്ള ദിവസങ്ങളും മണിക്കൂറുകളും അതിനുവേണ്ടി അവിടത്തെ ഗവൺമെന്റുകൾ ഒരുക്കിയിട്ടുള്ള സന്നാഹങ്ങളുടെയുമൊക്കെ വാർത്തകൾ പത്രങ്ങളിൽവന്നു. കഴിഞ്ഞ 5, 6, 7 തീയതികളിൽ നമ്മുടെ പ്രധാനമന്ത്രി ഇവിടേയും വന്നു. ഞങ്ങൾ സാന്ദർഭികമായി മുഖ്യമന്ത്രിയെ കണ്ടപ്പോൾ പറഞ്ഞു കേരളത്തിൽ ഏറ്റവും പിന്നോക്ക പ്രദേശങ്ങളിൽ നിങ്ങൾ പ്രധാനമന്ത്രിയെ കൊണ്ടുപോകണം. ഏറ്റവും പിന്നോക്ക ജനവിഭാഗത്തെ കാണാൻ അവസരം ഉണ്ടാക്കണം. ഇല്ലാത്ത പൊങ്ങച്ചമൊന്നും പ്രധാനമന്ത്രിയെ നിങ്ങൾ ധരിപ്പിക്കാൻ ശ്രമിക്കരുതു്. ഈ സന്ദർഭം അദ്ദേഹം ആത്മാർത്ഥമായിട്ടാണു് പരിപാടി ആവിഷ്കരിച്ചതെങ്കിൽ അതു് പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമമാണു് ഗവർമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതു്. പ്രധാനമന്ത്രിയുടെ പരിപാടിയുമായി ബന്ധപ്പെട്ടുള്ള സംവിധാനങ്ങളുടേയും സജ്ജീകരണങ്ങളുടേയുമൊക്കെ കഥകേട്ടാൽ അതു് ഉദ്ദേശിച്ച രീതിയിൽ നടന്നോ? പ്രധാനമന്ത്രിയാണെങ്കിലോ അദ്ദേഹം ഈവക കാര്യങ്ങളിലൊക്കെ താൽപ്പര്യമുള്ളവനാണു്. തന്റെ വ്യക്തിത്വം ഒന്നു് ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി പ്രചരണമാദ്ധ്യമങ്ങൾ ഇന്നു് പരമാവധി ഈ ഗവൺമെന്റിന്റെ കഴിവിനേക്കാൾ അപ്പുറം മുൻതൂക്കവും ചെലവും ഒക്കെ നടത്തിക്കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ നയം അനുസരിച്ചുതന്നെ പ്രധാനമന്ത്രി അദ്ദേഹത്തിന്റെ വ്യക്തിത്വം ഒന്നു പൊക്കിയെടുക്കാൻ ശ്രമിച്ചു. വീഴിഞ്ഞത്തു നടന്ന സംഭവം ടെലിവിഷനിലൂടെ കണ്ടവർ പറയുന്നു യഥാർത്ഥത്തിൽ ശ്രീ. കരുണാകരന്റെ ടെലിവിഷനിലെ രംഗം കണ്ടാൽ ആർക്കും സഹതാപം തോന്നുമെന്നു്. ഒരിക്കലും ശ്രീ. രാജീവ്ഗാന്ധി, ഞങ്ങൾക്കു് എന്തു് വിരോധവും പരാതിയും ഉണ്ടായാലും ഈ മുഖ്യമന്ത്രിയെ നമ്മുടെ സംസ്ഥാനത്തിലെ മുഖ്യമന്ത്രിയെ പത്രക്കാരുടേയും ജനങ്ങളുടേയും മുമ്പിൽ അപമാനിക്കാൻപാടില്ലായിരുന്നു. കോൺഗ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പാരമ്പര്യമുണ്ട്. സേലം ജയിലിലെ വെടിവെയ്പ്പ് സംബ, സ്വതന്ത്ര ഇന്ത്യയിലെ ഒരു കോൺഗ്രസ് മന്ത്രി ചെയ്ത പ്രവർത്തനം ചർച്ചാവിഷയമായിരുന്നു. ശ്രീ. മാധവമേനോന്റെ ഭരണകാലത്ത് സേലം ജയിലിൽ വെടിവച്ച നടപടിയെ സംബന്ധിച്ചിടത്തോളം അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ പാർലമെന്റിൽ ആക്ഷേപിച്ചു. അന്നത്തെ ആഭ്യന്തരമന്ത്രി സർദാർവല്ലഭായിപട്ടേൽ 100 ശതമാനവും മദിരാശിമന്ത്രിയായ ശ്രീ. മാധവമേനോനെ ന്യായീകരിച്ചു സംസാരിച്ചു. നാലഞ്ചുകൊല്ലംമുമ്പ് ശ്രീ. മാധവമേനോന്റെ പഴയ കത്തുകളും നെഹറു മ്യൂസിയത്തിൽ കൊടുക്കുന്നതിനുവേണ്ടി ഞങ്ങളിൽ ചില ആളുകളെവച്ച് ശ്രീമതി കുട്ടിമാളുഅമ്മ പരിശോധിപ്പിച്ചു. ഒരു കത്തുകാണാൻ കഴിഞ്ഞു. ശ്രീ. രാജീവ്ഗാന്ധി നമ്മുടെ മുഖ്യമന്ത്രിയോട് കാണിച്ച പെരുമാറ്റം കണ്ടപ്പോഴാണ് നെഹറു മ്യൂസിയത്തിൽ ഏൽപ്പിക്കുവാൻ ശ്രീ. മാധവമേനോൻ സൂക്ഷിച്ചിരുന്ന കത്തുകളിലൊന്ന് വായിച്ചുനോക്കിയതിനെപ്പറ്റി ഓർത്തത്. എനിക്ക് മനസ്സിൽവന്നത് അന്ന് ശ്രീ. സർദാർവല്ലഭായിപട്ടേൽ പാർലമെന്റിൽ ശ്രീ. മാധവമേനോനെ ന്യായീകരിച്ചു എങ്കിൽ തികച്ചും വ്യക്തിപരമായി ഗവൺമെന്റ് ഫയലിൽ പോകാത്ത ഒരു കത്ത് ശ്രീ. മാധവമേനോന് അയച്ചു. ആ കത്തിൽ പറഞ്ഞു ജയിലിലെ വെടിവെയ്പ്പ് ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുകയില്ല; തെറ്റായിപ്പോയി. നിങ്ങൾ ചെയ്തത് തെറ്റാണ്. ക്രൂരമാണ്. സ്വതന്ത്ര ഇന്ത്യയിലെ ഒരു ജനാധിപത്യരാഷ്ട്രീയ പ്രസ്ഥാനത്തിനും, കോൺഗ്രസ് പാർട്ടിക്കും ചെയ്യാൻ പാടില്ലാത്തതാണ്. പക്ഷേ ഞാൻ നിങ്ങളെ പാർലമെന്റിൽ ന്യായീകരിച്ചതിൽ വേറെ കാര്യം. ആ കോൺഗ്രസ്സിന്റെ പാരമ്പര്യമുള്ള പ്രധാനമന്ത്രി ഒരുപക്ഷേ ഇതൊന്നും പഠിക്കാത്തതുകൊണ്ടും അറിയാത്തതുകൊണ്ടും ആ രാഷ്ട്രീയ സംസ്ക്കാരം ഉൾക്കൊള്ളാത്തതുകൊണ്ടും നമ്മുടെ മുഖ്യമന്ത്രിയെ അപമാനിച്ചത് ശരിയായില്ല. മുഖ്യമന്ത്രിയോ, ഉദ്യോഗസ്ഥൻമാരോടോ തട്ടിക്കയറി. ഇതൊക്കെയല്ലേ ഇവിടെ നടക്കുന്നത്? അങ്ങോളമിങ്ങോളം നടന്നത് ഇതാണ്. പ്രധാനമന്ത്രി ഏതായാലും വയനാട്ടിൽ പോയില്ല. അവിടത്തെ ഗിരിവർഗ്ഗക്കാർക്ക് സന്തോഷവും സുഖവുമായിരുന്നു കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ. തിരിച്ചുപോയപ്പോഴുള്ള സ്ഥിതി എന്താണ്? ഏതായാലും ഈ ഗവൺമെന്റിനെ സംബന്ധിച്ച് ~~അങ്ങോ~~ ഈ വക ചെറിയ ചെറിയ കാര്യങ്ങൾക്ക് മാത്രമായി നീങ്ങുകയാണ്.

നികുതികളെ സംബന്ധിച്ചും,ഈ സംസ്ഥാനത്തെ വരുമാനത്തെ സംബന്ധിച്ചും ഒക്കെ പറയുന്നു. എന്റെ കൈയിൽ ഒരു കണക്കുണ്ട്. ഈ ഗവൺമെന്റിന്റെ നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ് ഐയും, പ്ലാനിങ്ങ് കമ്മീഷൻ മെമ്പർ ശ്രീ. ഗോപാലകൃഷ്ണനും, ധനകാര്യവകുപ്പും ധനകാര്യമന്ത്രിയുമൊക്കെയായി ഇവിടെ തർക്കങ്ങളൊക്കെ നടക്കാറുണ്ട്. വിൽപ്പന നികുതി 189 കോടി രൂപയായിരുന്നു ഈ ആഗസ്റ്റ് 31-ലെ ലക്ഷ്യം. അതിൽ 164 കോടി രൂപ പിരിച്ചു. പ്രതിമാസം ഇരുപതുകോടി പതിനാറുലക്ഷം രൂപയായിരുന്നു ലക്ഷ്യം. അതിൽ രണ്ടുകോടി എഴുപതുലക്ഷം രൂപ പിരിച്ചു. ആലപ്പുഴ ജില്ലയിൽ വിൽപ്പന നികുതി 843 ലക്ഷം രൂപ ടാർജറ് അയച്ചപ്പോൾ 949 ലക്ഷം രൂപ പിരിച്ചു. തിരുവനന്തപുരത്തും കോഴിക്കോട്ടും ലക്ഷ്യത്തിനുമപ്പുറം പോയി. തിരുവനന്തപുരത്ത് 1920 ലക്ഷം രൂപ പിരിക്കേണ്ട സമയത്ത് 1788 ലക്ഷമേ പിരിച്ചുള്ളൂ. ഒരു ചെറിയ വ്യത്യാസമേയുള്ളൂ. കോഴിക്കോട് 1364 ലക്ഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

1314 പിരിച്ചു. ഇടുക്കിയിലേക്ക് 157 ലക്ഷത്തിൽ കേവലം 63 ലക്ഷം പിരിച്ചു. കോട്ടയം 951 ലക്ഷത്തിൽ 697 പിരിച്ചു. ഈ ഗവൺമെൻറ് പ്രാദേശിക മനോഭാവമുള്ള ഗവൺമെൻറ് ആണ്. ഈ ഗവൺമെൻറ് രാഷ്ട്രീയമായി അതിൻെറ പാർട്ടി അംഗീകരിക്കുന്ന നയം പോലും ഉൾക്കൊള്ളാത്ത മന്ത്രിമാർ ഉൾക്കൊള്ളുന്ന ഒരു ഗവൺമെൻറാണ്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു കോഴിക്കോട് ടെലിഫോൺ സമരത്തെക്കുറിച്ച് എൻെറ സുഹൃത്ത് ശ്രീ. കെ. ഇ. ഇസ്മയിൽ ഇവിടെ ചൂണ്ടിക്കാണിച്ചു, അവിടെ ടെലിഫോൺ ജീവനക്കാർ സമരംചെയ്തു, മൂന്നുനാലുദിവസം നിശ്ചലമാക്കി, ആ ഭാഗം ഞാൻ വിടുന്നു. ഞാൻ മനോരമയുടെ പത്രപ്രതിനിധിയായ ശ്രീ. ദാമോദരൻ—ഈ സംഭവം നടക്കുന്ന ദിവസം ഞാൻ ഇവിടെയായിരുന്നു—രാവിലെ നാലുമണിക്ക് കോഴിക്കോട് വണ്ടിയിറങ്ങിയപ്പോൾ ഞാൻ എൻെറ സുഹൃത്തിനെ ആശുപത്രിയിൽ പോയി കണ്ടു. അദ്ദേഹത്തിൻെറ മുഖം തടിച്ചിരിക്കുന്നു. ഇതിന് കാരണമെന്താ ദാമോദരാ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ''പോലീസ് വാനിലിട്ട് മലയാള മനോരമയുടെ പ്രമുഖപ്രതിനിധിയായ എൻെറ മുടിക്കുപിടിച്ച് രണ്ട് തവണ പോലീസുകാർ നിലത്തിട്ട് കുത്തി. ഞാൻ പത്രപ്രതിനിധിയാണെന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്നു, യൂണിയൻ സെക്രട്ടറി ദാമോദരൻ ആണ് എന്ന് വിചാരിച്ചാണ് എന്നെ അടിച്ചത്. ചിലപ്പോഴൊക്കെ ഞാൻ വിചാരിക്കാറുണ്ട് ഹിപ്പികളെപ്പോലെ മുടി വളർത്തുന്നത് നല്ലതാണ് എന്ന്, എന്നാൽ പോലീസിൻെറ ഈ പെരുമാറ്റം കണ്ടപ്പോൾ എനിക്ക് ഇപ്പോൾ തോന്നുന്നു കേരളത്തിൽ മുടിക്ക് നീളം വെച്ചുകൂടാ''. പോലീസുകാരൻെറ കൈയിൽ കിട്ടിയാൽ അത് പത്രപ്രതിനിധിയാണെങ്കിലും യൂണിയൻ പ്രവർത്തകനാണെങ്കിലും രാഷ്ട്രീയപ്രവർത്തകനാണെങ്കിലും മുടിക്കുപിടിച്ച് കുത്തുന്ന പോലീസുകാരൻെറ സമീപനം! മലയാള മനോരമക്കാർക്ക് പരാതിയൊന്നുമില്ല. പരാതിയില്ലാത്തതെന്താണെന്നറിയാമോ? മലയാള മനോരമ പ്രതിനിധിയാണെന്നറിഞ്ഞാൽ തല്ലുകയില്ല. ഇരുട്ടടികൊണ്ടാൽ വേദനിക്കുകയില്ല അതാണ് മലയാള മനോരമയുടെ നയം. ആളെ അറിഞ്ഞ് അടിക്കാത്തതുകൊണ്ട് പരാതിയില്ല. കേരളത്തിൽ ഇതുപോലെ പത്രപ്രതിനിധികളെ വാനിൽ ഇട്ടടിച്ചിട്ട്, അല്ലായെങ്കിൽ മുടിക്കുപിടിച്ച് അടിച്ചിട്ട് ഈ സംസ്ഥാന ഗവൺമെൻറ് പറയുന്നു—അവിടത്തെ ടെലിഫോൺ ജീവനക്കാരുടെ പരാതിയാണ്—പ്രൊട്ടക്ടഡ് ഏരിയായാണ് ടെലിഫോൺ മാനേജരുടെ കത്ത് എൻെറ കൈവശമുണ്ട്, ഗവൺമെൻറിന് സമർപ്പിച്ചിട്ടുള്ളത്. ആ കത്തിൽ പറയുന്നു പ്രൊട്ടക്ടഡ് ഏരിയായിൽ പോലീസുകാർ കയറി. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ പറഞ്ഞു എസ്. പി. യുടെ ടെലിഫോൺ ഡിസ്കണക്ടഡ് ചെയ്തു. ഡി. ഐ. ജി. ക്ക് ടെലിഫോൺ കിട്ടിയില്ല, ഐ. ജി. ക്ക് ടെലിഫോൺ കിട്ടിയില്ല എന്ന്. അതിന് നടപടിയെടുക്കണം. പക്ഷേ എന്താണ് ചെയ്തത് എന്ന് അറിയാമോ? ഞങ്ങൾക്ക് കിട്ടാത്ത ടെലിഫോൺ കേരളത്തിൽ ഇനി ആർക്കും കിട്ടണ്ട എന്ന് പറഞ്ഞാണ് മൂന്നാം നിലയിലുള്ള ഏറ്റവും ആധുനികമായ സജ്ജീകരണങ്ങളെ പോലീസുകാർ പോയിലാത്തികൊണ്ടടിച്ചത്. കുട്ടികൾ പറയാറില്ലേ എനിക്കില്ലെങ്കിൽ നിനക്കു വേണ്ട. ഒരുപക്ഷേ രണ്ടോമൂന്നോ ടെലിഫോൺ ജീവനക്കാർ ചെയ്യുന്നത് തെറ്റായിരിക്കാം, ടെലിഫോൺ കട്ട് ചെയ്താൽ പോലീസുകാർ പോയി ക്രൂരമായി ടെലിഫോൺ എക്സ്ചേഞ്ചിൽ കയറി അവിടത്തെ ജീവനക്കാരോട് പ്രതികാരം ചെയ്യുകയും, മെഷിനറിയോട് പ്രതികാരം

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുകയും ചെയ്തു എങ്കിൽ ഈ സംസ്ഥാന ഗവൺമെന്റിനേറയും കേന്ദ്രഗവൺമെന്റിനേറയും രാജ്യരക്ഷയെക്കൂടി ബാധിക്കുന്ന പ്രശ്നമാണ്, എന്നിട്ടും ആഭ്യന്തരമന്ത്രി ഇവിടെ ന്യായീകരിക്കുന്നു.

കഴിഞ്ഞ ബന്ത് ദിവസം എന്നേയും കോഴിക്കോട് മേയറേയും അറസ്റ് ചെയ്തു. ഞങ്ങളുടെ പേരിലുള്ള കേസ് എന്താണെന്നറിയാമോ? കോഴിക്കോട് ബക്രീഡ് മാർക്കറ്റിൽ കയറി സാധനം കൊള്ളയടിച്ച് റോഡിൽ ഇട്ടു എന്നാണ്. എനിക്ക് പരാതിയില്ല. ഞങ്ങൾ കോടതിയിൽ കേസ് നടത്തിക്കൊള്ളാം. കോഴിക്കോട്ടെ പോലീസും, ഈ ഗവൺമെന്റിന്റെ പോലീസും കള്ളക്കേസുകളല്ലാതെ ഏതെങ്കിലും കേസുകൾ ആ അർത്ഥത്തിൽ പറയാറുണ്ടോ? ആ മന്ത്രിമാരാണ് ഇവിടെ വന്നിട്ട് ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തെറ്റിദ്ധരിപ്പിക്കുന്നതും.

കഴിഞ്ഞ നിയമസഭയിൽ ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. മാണിയും റാന്നി തെരഞ്ഞെടുപ്പിനെക്കുറിച്ച് ഞങ്ങളോട് വെല്ലുവിളിച്ചു. ശ്രീ. സണ്ണി മരിച്ചിട്ട് 22-ാം തീയതി ആറ് മാസം തികയുകയാണ്. എന്തേ നിങ്ങൾക്ക് ഈ ആറ് മാസത്തിനുള്ളിൽ റാന്നിയിൽ തെരഞ്ഞെടുപ്പ് നടത്താൻ കഴിയാതെപോയത്? കാരണം, ആ വക കാര്യങ്ങളിൽ നിങ്ങൾക്ക് ഒരു തീരുമാനമെടുക്കാൻ കഴിയുകയില്ല. പഞ്ചാബിൽ ഇന്ന് നമുക്കറിയാമല്ലോ- സ്വതന്ത്രസ്ഥാനാർത്ഥിയെ വെടിവെച്ചുകൊന്നാൽ തെരഞ്ഞെടുപ്പ് മാറ്റിവെക്കണമെന്ന് അമൻറ് മെൻറ് വരുത്തിയിരിക്കുന്നു. പ്രമുഖരാഷ്ട്രീയ കക്ഷിയുടെ സ്ഥാനാർത്ഥിയെ കൊന്നാലേ തെരഞ്ഞെടുപ്പ് മാറ്റിവെക്കൂ. അംഗീകൃത രാഷ്ട്രീയ പാർട്ടിയുടെ സ്ഥാനാർത്ഥിയെ കൊന്നാലേ തെരഞ്ഞെടുപ്പ് മാറ്റിവെക്കൂ. അതുപോലെ തെരഞ്ഞെടുപ്പുനടത്താൻ ഇത്ര നിർബന്ധം പിടിക്കുന്ന ഇന്ദിരാ കോൺഗ്രസ്സിന്റെ രാഷ്ട്രീയ നേതൃത്വം റാന്നിയെപ്പോലെ പിന്നോക്കം നിൽക്കുന്ന ഒരു, ജനപ്രതിനിധി ആവശ്യമുള്ള ഒരു മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ എന്തിനാ വൈമുഖ്യം കാണിക്കുന്നു? തെരഞ്ഞെടുപ്പ് നടത്താനുള്ള [illegible]ണത്തം കാണിക്കണം, തന്റേടം കാണിക്കണം.

11 A. M.] സർ, നാളികേര പ്രൊക്യുവർമെന്റിനുവേണ്ടി ഒരുകോടി രൂപ സപ്ലിമെന്ററി ഡിമാൻഡിൽ മാറ്റിവെച്ചിട്ടുണ്ട്. കോഴിക്കോട്ട് ഇന്ന് ഒരു സംസാരമുണ്ട്. താറാവിന്റെ മുട്ടയ്ക്കും ഒരു തേങ്ങയ്ക്കും ഒരേ വിലയാണ്, 90പൈസ. കേരളത്തിലെ നാളികേരകൃഷിക്കാർ താറാവ് കൃഷിയിലേക്ക് പോകുകയാണ്. നളികേര ഡവലപ്പ്മെന്റ് കോർപ്പറേഷൻ നാളികേരം എടുക്കുന്നില്ല. ഫെഡറേഷന്റെ 67ഉം 70ഉം കേന്ദ്രങ്ങളിൽ നാളികേരം എടുക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. കൊപ്ര സൂക്ഷിക്കാൻ യാതൊരു സംവിധാനവുമില്ല. സംസ്ഥാന ഗവൺമെന്റ് താങ്ങുവിലയും തറവിലയും നിശ്ചയിച്ചിട്ടില്ല, പ്രഖ്യാപിച്ചിട്ടുള്ള പ്രൊക്യൂവർമെന്റ് നടത്തിയില്ല. അങ്ങനെ നാളികേര കൃഷിക്കാരന്റെ ജീവിതം പന്താടാൻ ശ്രമിക്കുകയാണ്. ഇവിടെ ആരോ ചോദിച്ചു, നിങ്ങൾ കൂട്ടായചർച്ചക്ക് ഉണ്ടോ എന്ന്. പ്രധാനമന്ത്രി വരുമ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കൻമാരെ വച്ചുകൊണ്ട് നാളികേര കൃഷിക്കാരുടെ പ്രശ്നത്തിൻമേൽ നിവേദനം നടത്താൻ തയ്യാറുണ്ടോ എന്ന് ചോദിച്ചു. അതിന് മറുപടി ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

എൻ. ജി. ഒ. സമരത്തെപ്പറ്റി പറഞ്ഞു. അതിനുവേണ്ടി സപ്ലിമെൻറി ഡിമാൻറിൽ പറഞ്ഞിരിക്കുന്ന ഒരു ഭീഷണി ഞാൻ പുതിയ ഒരു സപ്ലിമെൻറി ഡിമാൻഡുമായി വരുമെന്നാണ്. എൻ. ജി. ഒ. മാരുമായി ഗവൺമെൻറ് ഉണ്ടാക്കിയ ഒത്തുതീർപ്പിൻറെയും പേകമ്മീഷൻറെയും അടിസ്ഥാനത്തിൽ ഉള്ള നടപടികളും പൂർത്തീകരിക്കാൻ സപ്ലിമെൻറി ഡിമാൻറ് കൊണ്ടുവരാൻ കഴിഞ്ഞില്ല. ആവശ്യമായതിന് സപ്ലിമെൻറി ഡിമാൻറ് കൊണ്ടുവരാതിരിക്കുക, കൊണ്ടുവരുന്ന കാര്യങ്ങൾ ധൂർത്തിനു വേണ്ടി ചെലവഴിക്കാൻ കഴിയുന്ന അവസ്ഥയുണ്ടാക്കുക, ഇതൊക്കെയാണ് ഇവിടെ നടത്തുന്നത്. ഈ സംസ്ഥാനത്തിലെ കേരളാ കോൺഗ്രസ്സിൻറെ രാഷ്ട്രീയനിലപാട് എന്താണ്? ശ്രീ ബാലകൃഷ്ണപിള്ളയുടെ കാര്യത്തിൽ വ്യക്തിപരമായിട്ട് നമുക്ക് ഒന്നും കാര്യമില്ല. നിങ്ങൾക്കും പ്രശ്നങ്ങൾ ഉണ്ട്. രാഷ്ട്രീയം തന്നെയാണ് നിങ്ങളുടെ പ്രശ്നം. നിങ്ങളും കോടതി വിധിക്ക് അപ്പുറത്ത് രാഷ്ട്രീയപ്രശ്നം ആക്കാൻ ശ്രമിച്ചു. നിങ്ങളുടെ രാഷ്ട്രീയത്തിൻറെ മതേതരസ്വഭാവവും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവും നിങ്ങളെ എവിടെ നിർത്തുന്നു. ശ്രീ. മാണിയോട് ഞാൻ പറയുകയാണ് നിങ്ങൾ എടുക്കുന്ന നിലപാടിനെപ്പറ്റി നിങ്ങൾ പരിശോധിക്കണം. നാളെ ഞങ്ങൾ അപ്പുറത്തുവന്നാൽ നിങ്ങൾക്ക് കിട്ടുമോ, ഇത്ര സീറ്റ് കിട്ടുമോ, എന്തൊക്കെ സ്ഥാനമാണ് കിട്ടുന്നത് എന്നൊക്കെ ആലോചിച്ചാൽ രാഷ്ട്രീയമായി നമുക്ക് എവിടേയും എത്താൻ കഴിയുകയില്ല. നിങ്ങൾ പറയുന്ന അഭിപ്രായത്തിൽ നിങ്ങൾ ഉറച്ചു നിൽക്കണം, ധൈര്യത്തോടുകൂടി ഉറച്ച് നിൽക്കണം.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) ഞങ്ങളെ കിട്ടുമോ ഇല്ലയോ എന്നുള്ളതു ഒരുപ്രശ്നമല്ല. നിങ്ങളെ കൂടാതെ നിൽക്കാനുള്ള കഴിവ് ഞങ്ങൾക്കുണ്ട്. അത് വച്ചല്ല ബാലകൃഷ്ണപിള്ളയുടെ പ്രശ്നം. പിള്ളയുടെ പ്രശ്നത്തിൽ എന്തെങ്കിലും നിലപാടുണ്ട് എന്നുള്ളതിൽ ആശങ്കയില്ല. അത് ഒരു ഇൻഡിപ്പൻഡൻറ് ആയ നിലപാടാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ ശ്രീ. എം. വി. രാഘവൻ പറഞ്ഞല്ലോ ഡൽഹിയിലെ ചില ഉദ്യോഗസ്ഥൻമാർ ഒരു വിരലൊന്ന് അനക്കിയാൽ അവിടെവച്ച് ഒതുങ്ങുന്നതാണ് നിങ്ങളുടെ രാഷ്ട്രീയം എന്ന്, ആ രാഷ്ട്രീയം വിട്ടുകൊണ്ട് നിങ്ങളോടൊപ്പം നിൽക്കുന്ന പരശ്ശതം കൃഷിക്കാരുണ്ട്. നിങ്ങളോടൊപ്പം നിൽക്കുന്ന ന്യൂനപക്ഷ ജനവിഭാഗമുണ്ട്. നിങ്ങളോടൊപ്പംനിൽക്കുന്ന ഈ സംസ്ഥാനത്തിലെ ജനവിഭാഗമുണ്ട് ആ ജനവിഭാഗത്തിൻറെ താല്പര്യത്തിനുവേണ്ടി അവരുടെ അനുവാദത്തോടുകൂടി ഒരു നിലപാട് നിങ്ങൾ എടുക്കുമോ? എൻറെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ആ രാഷ്ട്രീയ നിലപാട് എടുത്താൽ, സംശയമില്ല, ഈകാര്യത്തിൽ ആലോചിക്കാൻ വൈമനസ്യം ഉണ്ടാകുകയില്ല. ധൈര്യത്തോടുകൂടി പുറത്തുവരും. കേരളം ഇന്നൊരു ഭ്രാന്താലയം ആകാൻ, പോകുന്നു. കേരളത്തിൽ ഇന്ന് ഒരു ഭരണം ഇല്ലാതായിവരുന്നു. മുഖ്യമന്ത്രി സംസ്ഥാന ഗവൺമെൻറിനെ കേന്ദ്രഗവൺമെൻറിൽ അടിയറവെയ്ക്കാൻ ശ്രമിക്കുകയാണ്. സകല രാഷ്ട്രീയ മൂല്യങ്ങളേയും മാമൂലുകളേയും തകർക്കുകയാണ്. ഈ സപ്ലിമെൻറി ഡിമാൻറ് മുഖേന 92 കോടി രൂപ ചെലവഴിക്കാൻ കൊടുത്താൽ അത് നിങ്ങൾക്ക് കുറെയാളുകൾക്ക് കൊള്ളയടിക്കാൻ അവസരമുണ്ടാക്കും എന്നതുകൊണ്ട് ആ കൊള്ളയ്ക്ക് കൂട്ടുനിൽക്കാൻ ഞങ്ങൾക്ക് വയ്യാത്തതുകൊണ്ട്, ഇതിനെ അംഗീകരിക്കാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാൻഡിനെ അനുകൂലിക്കുകയാണ്. ശ്രീ. എ. സി. ഷൺമുഖദാസിനെ നോക്കി, പ്രതിപക്ഷത്തെനോക്കി, വീണിതല്ലോ കിടക്കുന്നു ധരണിയിൽ എന്നു പറയേണ്ടസമയമായി എന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കാസർകോഡ് നിന്ന് കാൽനട ജാഥ തുടങ്ങിയ അന്നുമുതൽ തുടങ്ങിയതാണ് ഈ ദീനരോദനം. അത് തിരുവനന്തപുരത്തെത്തുന്നതിനു മുമ്പ്തന്നെ ഈ ഗവൺമെന്റ് താഴെ വീഴുമെന്നു അന്നുമുതൽ ശ്രീ. ഷൺമുഖദാസും അദ്ദേഹത്തിന്റെ ആളുകളും പറഞ്ഞുതുടങ്ങിയതാണ്. ഇപ്പോഴും നമ്മുടെ ഇസ്മയിൽ സാഹബ് പറയുകയാണ്, ഈ സഭ തുടങ്ങുമ്പോഴും മുതൽ ആശങ്കയായിരുന്നു എന്ന്. ആർക്കായിരുന്നു ആശങ്ക? അദ്ദേഹത്തിന് ഇത്രയധികം ആശങ്ക ഉണ്ടാകേണ്ട കാര്യം എന്തായിരുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോഴും അദ്ദേഹം വിലപിക്കുകയാണ്. മല എലിയെ പ്രസവിച്ചു എന്ന് ഒരു സങ്കല്പമുണ്ട്. എന്തൊക്കെ പ്രതീക്ഷകളുമായിട്ടാണ് ഈ സഭ തുടങ്ങിയ കാലത്ത് ഇങ്ങോട്ടു വന്നത്. ഇപ്പോഴും എല്ലാം പോയി തുലഞ്ഞില്ലേ? മല എലിയെ പ്രസവിച്ചതുപോലെ അല്ലേ. ഇത് ഒരു ദീനരോദനമല്ലേ? അത് കുറവുള്ള കാര്യമല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. രണ്ടാമതും ആളെ വിഡ്ഢിയാക്കണമെന്നാണോ മുഖ്യർ ചോദിച്ചത്. അതിന്റെ അർത്ഥം ഞങ്ങളെല്ലാം വളരെയധികം പ്രതീക്ഷയോടുകൂടിയിരുന്നു, ഇപ്പോഴും എല്ലാം ഒത്തുതീർപ്പാക്കി ഞങ്ങളെ വിഡ്ഢിയാക്കി എന്നല്ലേ. ഈ രീതിയിൽ പരിഹാസ്യമാകണോ എന്നാണ് ചോദിക്കാനുള്ളത്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഇവിടെ ബില്ലിന്റെ ചർച്ചയുമൊന്നും നോക്കാതെ ഒന്നും പറയാൻ ഇല്ലാത്തതുകൊണ്ട്, ശ്രീ. എം. വി. രാഘവനെപോലെയുള്ള ആളുകൾ നേരെ ശരിഅത്തിലേക്ക് കയറും. ആർക്കാണ് ലാഭം ആർക്കാണ് നഷ്ടം?

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: മന്ത്രി സ്ഥാനം പാണക്കാട് എത്തിക്കുമെന്നല്ലേ പറഞ്ഞത്. അത് പാണക്കാട്ട് എത്തിച്ചോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ നിങ്ങളുടെ കാര്യം ഒന്നു പറയണമെന്നുണ്ട്. കാരണം മാർക്സിസ്റ്റ് പാർട്ടിക്ക് ഭരിക്കാനും, അറിയുകയില്ല, പൊളിക്കാനും അറിയുകയില്ല, ഞങ്ങൾ ഭരിക്കാനും ഇല്ല പൊളിക്കാനുമില്ലെന്നാണ് മാർക്സിസ്റ്റ് പാർട്ടി പറയുന്നത്. പൊളിക്കാൻ പോലും അറിയുകയില്ല എന്നുള്ളതിന്റെ രക്തസാക്ഷിയാണ് അങ്ങ് എന്ന് ഞാൻ പറയാൻ ഉദ്ദേശിച്ചതാണ്. ആ രക്തസാക്ഷികളുടെ കൂട്ടത്തിൽനിന്ന് ഒരാൾ പിടഞ്ഞ് രക്ഷപെട്ടു. പാണക്കാട്ട് മന്ത്രിസ്ഥാനം കൊടുക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഞങ്ങൾ ആലോചിച്ച് കൊള്ളാം. ബഹുമാനപ്പെട്ട അങ്ങ് ഈ കാര്യത്തെക്കുറിച്ച് പറയേണ്ട. നിങ്ങൾ വരികൾക്കിടയിൽ വായിക്കുന്നതുകൊണ്ടാണ് തകരാറ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് ഒരു കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. മന്ത്രിസ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. നിങ്ങൾ വിവാദം ഉണ്ടാക്കേണ്ട കാര്യമില്ല. ഞങ്ങൾ അന്നു പറഞ്ഞ മന്ത്രിസ്ഥാനം ഇപ്പോൾ ആവശ്യപ്പെടാൻ പോകുന്നില്ല. ആ അടിസ്ഥാനത്തിലാണ് ഞങ്ങൾ നിൽക്കുന്നത്, അല്ലാതെ മറ്റൊരു അടിസ്ഥാനത്തിൽ ആ കാര്യത്തെക്കുറിച്ച് ചർച്ച ഉണ്ടായിട്ടില്ല. ആരും ചോദിച്ചിട്ടുമില്ല. നിങ്ങൾ വെറുതെ പ്രശ്നം ഉണ്ടാക്കുകയാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: മന്ത്രിസ്ഥാനത്തിനുവേണ്ടി യുള്ള പ്രസ്താവന മുസ്ലീംലീഗിന്റെ അഭിപ്രായമല്ലേ? സുലൈമാൻസേട്ട് മഞ്ചേരിയിലും സീതിഹാജി കൽപറ്റയിലും പറഞ്ഞത് മുസ്ലീംലീഗിന്റെ അഭിപ്രായമല്ലേ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സീതിഹാജി പറഞ്ഞത്, ഞങ്ങൾ അനാവശ്യമായിട്ട് ചോദിക്കുന്നവരല്ല, ചോദിക്കുകയാണെങ്കിൽ അതിന് നിദാനമാകുമെന്നാണ് പറഞ്ഞത്. അദ്ദേഹം ആലങ്കാരികമായി പൊതുയോഗത്തിൽ പറഞ്ഞുവെന്നേയുള്ളൂ. നിങ്ങൾ പറഞ്ഞമാതിരി അതിൽ കൂടാൻ പറ്റുകയില്ല. അതുകൊണ്ട് ആ പ്രശ്നം അവിടെ വച്ചാൽമതി. ശരിഅത്തിനെക്കുറിച്ച് പറഞ്ഞു. ശ്രീ. രാഘവന് ഒക്കെ എന്താണ് ലാഭമുണ്ടായത്? ഉള്ള ഒരു ഘടകകക്ഷി പോയി. ഇപ്പോൾ ഇമ്പിച്ചിബാവയും, ഹംസയുമൊക്കെ നാട്ടിലൊക്കെ നടന്ന് ഖുറാൻ ഓതുകയാണ്. വേറെ യാളുകൾ നടത്തേണ്ട മതപ്രസംഗം ഇപ്പോൾ ഇമ്പിച്ചിബാവയും ഹംസയും നടത്തുകയാണ്. ഈ പണി വേറെ ആളുകളെ ഏൽപിച്ചുകൂടേ? ഖുറാനിലേക്കും സുന്നത്തിലേക്കും വിളിക്കാൻ വേറെ ആളുകൾ ഇവിടെയില്ലേ? നിങ്ങൾക്ക് മാർക്സിസത്തിലേക്കും ലെനിനിസത്തിലേക്കും ആളുകളെ വിളിച്ചാൽ പോരേ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് തുറന്നു പറഞ്ഞു, എനിക്ക് ശരിഅത്തിനെക്കുറിച്ച് ഒന്നും അറിയാൻ പാടില്ലായെന്ന്. ഇതുവരെ അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞുനടന്നത്. ഒരു കാര്യം ചോദിക്കാനുണ്ട്. നമ്പൂതിരിപ്പാടിനെപ്പോലെയുള്ള ഒരാൾ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നതനായ നേതാവ്, ലോകം മുഴുവൻ അറിയുന്ന ഒരാൾ ഇതിനെപ്പറ്റി അറിയുകയില്ല എന്നു പറയുന്നത് ശരിയാണോ? മാർക്സിസ്റ്റ് തത്വശാസ്ത്രപ്രകാരം ജനങ്ങളെ സംഘടിപ്പിക്കുന്ന ആളിന് പ്രത്യയശാസ്ത്രത്തെപ്പറ്റി സാമാന്യ വിജ്ഞാനം ഉണ്ടായിരിക്കണമെന്നാണ്. ആ സാമാന്യ വിജ്ഞാനംപോലും ഇപ്പോൾ ശ്രീ. നമ്പൂതിരിപ്പാടിന് ഇല്ലെന്നാണ് അറിയുന്നത്. ശരിഅത്ത് എന്നൊക്കെ പറയുന്നത് ലോകത്തിലെ നൂറ് കോടിയോളം വരുന്ന ജനങ്ങളെ ബാധിക്കുന്ന നിയമവ്യവസ്തുതയാണ്. അതിനെക്കുറിച്ച് ഒന്നും അറിയുകയില്ല എന്ന് പറഞ്ഞത് അദ്ദേഹത്തിന് ഭൂഷണമല്ല. ശരിഅത്തിനെക്കുറിച്ച് അറിയുകയില്ല എന്ന് പറഞ്ഞത് അദ്ദേഹത്തിന് അടികാമ്യമല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മാർക്സിസ്റ്റ് പാർട്ടിക്ക് ഭരിക്കാനും അറിയുകയില്ല, പൊളിക്കാനും അറിയുകയില്ല. എനിക്ക് തോന്നുന്നത് ജനാധിപത്യവ്യവസ്ഥിതി തന്നെ മാർക്സിസ്റ്റ് പാർട്ടിക്ക് പറ്റിയ ഏർപ്പാടല്ല എന്നാണ്. മീനിനെ പിടിച്ച് കരയ്ക്ക് ഇട്ടപോലെയാണ്. ഭരണത്തിൽ ഇരുന്നാൽ അവർക്ക് ശ്വാസംമുട്ടും. അതുകൊണ്ടാണ് മാറിയിരുന്ന് മുറുമുറുക്കുന്നത്. കുറെ മുറുമുറുക്കും പിന്നെ ഓരിയിടും പിന്നെ നിലവിളിക്കും, ഒന്നുമല്ലെങ്കിൽ പിന്നെ അക്രമം തുടങ്ങും, അതാണ് അവസാനത്തെ പരിപാടി. ഈ സംസ്ഥാനത്തിൽ ഇപ്പോൾ ബന്ത് നടത്താൻ പോകുകയാണ്. ഈ സംസ്ഥാനത്ത് ഇപ്പോൾ ഒരു ബന്തിന് പറ്റിയ സമയമാണോ? എന്തിനാണ് ജനമദ്ധ്യത്തിൽ നിന്ന് പരിഹാസ്യമാകുന്നത്? ഈ രാജ്യത്തിലെ ജനങ്ങൾ ഇപ്പോൾ വികസനപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ബന്ദ് തുടങ്ങുന്നതിനെ ശ്രീ. കുഞ്ഞാലിക്കുട്ടി വിമർശിച്ചു. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ വിവാദങ്ങൾ തുടങ്ങിയശേഷം ഈ സംസ്ഥാനത്തെ ഭരണത്തിൽ ഒരു ബന്ദിന്റെ പ്രതീതിയാണെന്ന് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ഭരണത്തിൽ ഒരു ബന്ദിന്റെ പ്രതീതിയൊന്നുമില്ല. ഇവിടെ ശ്രീ. ഷൺമുഖദാസ് പ്രസംഗിച്ചു. അദ്ദേഹം കേന്ദ്രസഹായത്തെക്കുറിച്ച് എന്താണ് പറഞ്ഞത്? 640 കോടി രൂപ നമ്മൾ ചോദിച്ചു. കിട്ടിയത് എത്രയാണ്? കിട്ടിയതിനെക്കുറിച്ച് നിങ്ങൾ അത്ര മൂർച്ചകൂട്ടി പറയേണ്ടായിരുന്നോ. അത് നിങ്ങൾ പറഞ്ഞില്ല. നിങ്ങൾ ഒന്ന് മയപ്പെടുത്തി പറയണം. അത് ഗ്രാന്റാണോ, അതോ ലോണാണോ എന്നൊക്കെ പറയേണ്ടതാണ്. ഈ സംസ്ഥാനത്തിന് ഇതിനുമുൻപ് ലഭിക്കാത്ത അത്ര കേന്ദ്രസാഹായം ലഭിച്ചു. സപ്ലിമെന്ററി ഡിമാന്റിന്റെ പാരായിൽ അതിനെക്കുറിച്ച് എഴുതിച്ചേർത്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി ഇവിടെവന്ന് പഠിച്ച് കാര്യങ്ങൾ മനസ്സിലാക്കി. അതിൽ ഇത്ര രൂപ കേന്ദ്രം അനുവദിച്ചുവെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ കേന്ദ്രസഹായത്തെക്കുറിച്ച് പ്രസംഗിച്ചപ്പോൾ ശ്രീ. ഷൺമുഖദാസിന്റെ സ്വരത്തിൽ വന്ന മാറ്റം ശ്രദ്ധിച്ചാൽമതി നിങ്ങൾക്ക് മനസ്സിലാകും, കേരളം നിശ്ചലമല്ല, സജീവമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: നിങ്ങളുടെ ഘടകകക്ഷിയായ കേരള കോൺഗ്രസ് പറയുന്നു, കേന്ദ്രസഹായം ഇപ്പോൾ കിട്ടിയത് പോരാ എന്ന്. ലീഗ് പറയുന്നു കിട്ടിയത് ശരിയാണ് എന്ന്. ഇതിൽ ഏതാണ് ശരി.

ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി: സർ, കിട്ടിയതുകൊണ്ട് ഈ സംസ്ഥാനത്തിലെ പ്രശ്നങ്ങൾ തീരുമെന്ന് പറയുന്നില്ല. ഈ സംസ്ഥാനത്തിന് പ്രശ്നങ്ങൾ വളരെയുണ്ട്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ല ഒരു സംഖ്യ കേന്ദ്രസഹായമായിട്ട് കിട്ടാനുണ്ട്. വെള്ളപ്പൊക്കത്തിന് സഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഉള്ള മുഴുവൻ വികസനപ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷ മെമ്പർമാർ വളരെ ബിസിയാണ്. എന്റെ സ്നേഹിതൻ ശ്രീമാൻ ഹംസ ഇക്കഴിഞ്ഞ രണ്ടുദിവസങ്ങളിൽ നാട്ടിൽ പോയശേഷം വെള്ളപ്പൊക്ക സാഹായത്തോടുകൂടി എറെറടുക്കേണ്ട റോഡുകളുടെ ലിസ്റ്റ് ഉണ്ടാക്കി അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കെടുക്കുകയും മറ്റ് കാർഷികകാര്യങ്ങളും നോക്കി. ഒരു എം. എൽ. എ. എന്ന നിലയിൽ അഭിമാനിക്കാവുന്ന കാര്യമാണ്. ഈ സംസ്ഥാനത്ത് കേന്ദ്രസഹായം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം സജീവമാണ്.

ശ്രീ. എം. വി. രാഘവൻ: പ്രതിപക്ഷ എം. എൽ. എ. മാർ അത് പോയി നോക്കുന്നുവെന്നു പറഞ്ഞാൽ നിങ്ങളുടെ തറവാട്ടു സ്വത്ത് വീതിച്ച്കൊടുത്തമാതിരി ഉണ്ടല്ലോ? അത് ജനങ്ങളുടെ പണമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ പറഞ്ഞത് പ്രതിപക്ഷ എം. എൽ. എ. മാർ പോയി നോക്കരുതെന്നല്ല. പോയിനോക്കുന്നത് നല്ലതുതന്നെ. ഈ സംസ്ഥാനത്തിന് കേന്ദ്രസഹായം ലഭിക്കാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് വികസനപ്രവർത്തനങ്ങളും നടക്കുന്നില്ല എന്നുപറഞ്ഞ് ഒരു ബന്ദ് നടത്തേണ്ട സാഹചര്യം ഇപ്പോഴും ഇവിടെയില്ല. വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങളും നടക്കുന്ന സമയമാണിത്. കാർഷിക വികസനപ്രവർത്തനം, ഭവനനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ സംസ്ഥാനം വ്യാപൃതമാണ്. അതുകൊണ്ട് കേന്ദ്രം സംസ്ഥാനത്തെ അവഗണിക്കുന്നു എന്നുപറഞ്ഞു ഒരു ബന്ദ് നടത്തേണ്ട സാഹചര്യം ഇപ്പോഴില്ല. ഇന്ത്യൻ പ്രധാനമന്ത്രി ഇവിടെ 3 ദിവസത്തെ പര്യടനം നടത്തി. അദ്ദേഹം എത്ര സൂക്ഷ്മതയോടുകൂടിയാണ് ഹരിജനഗിരിജനങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന സഹായത്തോടുകൂടി നടക്കുന്ന സ്കീമുകളും നോക്കിക്കാണുകയും പഠിക്കുകയും ചെയ്തത്. അതിന്റെ അർത്ഥം കേന്ദ്രഗവൺമെന്റിന് കേരളത്തെക്കുറിച്ച് ചിന്തയുണ്ടെന്നാണ്. സംസ്ഥാനത്തെക്കുറിച്ച് അനുഭാവപൂർവ്വം പരിഗണനയുണ്ടെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. (ബഹളം) പ്രധാനമന്ത്രി വന്നപ്പോൾ പോയി മെമ്മോറാണ്ടം കൊടുത്ത ആളുകളല്ലേ നിങ്ങൾ. ആവശ്യമില്ലാത്ത മെമ്മോറാണ്ടമാണ് കൊടുത്തതെന്നുള്ളത് വേറൊരു കാര്യം. ഇന്ത്യൻ പ്രധാനമന്ത്രി കേരളത്തിൽ വന്നപ്പോൾ അദ്ദേഹത്തെക്കാണാൻ കൂടി നിന്നവരുടെ കൂട്ടത്തിൽ പ്രതിപക്ഷവുമുണ്ടായിരുന്നു. പക്ഷേ ആവശ്യമില്ലാത്ത മെമ്മോറാണ്ടം കൊടുക്കാനായിരുന്നു. എന്തായാലും ശരി ഇന്ത്യൻ പ്രധാനമന്ത്രിക്ക് ഈ സംസ്ഥാനത്തെ പദ്ധതികളെക്കുറിച്ചും വികസനപ്രവർത്തനങ്ങളെക്കുറിച്ചും വളരെ താൽപ്പര്യമുണ്ടെന്നുള്ളത് സത്യമാണ്. അദ്ദേഹം ഹെലികോപ്റ്ററിൽ സഞ്ചരിച്ചല്ല രണ്ടുമൂന്നുദിവസം റോഡിൽക്കൂടി സഞ്ചരിച്ചാണ് എല്ലാം മനസ്സിലാക്കിയത്. ഒരു വെറും സന്ദർശനം ആയിരുന്നില്ല. ആ സന്ദർശനത്തിന്റെ ഫലമായി പല ഫാളോ അപ്പും നടക്കുന്നുണ്ട്.

ശ്രീ. എം. കെ. കേശവൻ: ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ദേഹത്തിന്റെ സന്ദർശനത്തോടനുബന്ധിച്ച് പാലക്കാട്ട് വെച്ചു നടന്ന സമാപനസമ്മേളനത്തിൽ പലതും പരാമർശിക്കപ്പെട്ട കൂട്ടത്തിൽ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു. ഇന്ത്യയിൽ ഒരിടത്തും ജാതിമത ശക്തികളെ പ്രോൽസാഹിപ്പിക്കരുതെന്ന് അദ്ദേഹം കർശനമായി താക്കീതു നൽകിയ വിവരം ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിക്ക് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അറിയാം. അതുകൊണ്ടെന്താണ്? ജാതിമതശക്തികളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയല്ല. ഇവിടെ രാഷ്ട്രീയ പാർട്ടികൾക്ക് പേര് പലതും ഉണ്ട്. അതുകൊണ്ട് അവർ വർഗ്ഗീയവാദികളാണെന്ന് നിങ്ങൾ പറയരുത്. വർഗ്ഗീയമായ പേരിടാതെത്തന്നെ ഈവക പ്രവർത്തനങ്ങളൊക്കെ വളരെ വിദഗ്ദ്ധമായി നടത്തിക്കൊണ്ടിരിക്കുന്ന പാർട്ടികൾ ഇവിടെയുണ്ട്. അങ്ങനെ ആടിനെ പട്ടിയാക്കുകയൊന്നും വേണ്ട. പ്രധാനമന്ത്രി ആസാമിലേയും പഞ്ചാബിലേയുമൊക്കെ കാര്യങ്ങൾ പറഞ്ഞതിനെ തോക്കു തിരിച്ചുവച്ചാൽ തരക്കേടില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? പക്ഷേ അതൊന്നുമല്ല അദ്ദേഹം പറഞ്ഞത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇപ്പോൾത്തന്നെ വർഗ്ഗീയത വിദഗ്ദ്ധമായി നടക്കുന്നുണ്ടെന്നു പറഞ്ഞത് കേരള കോൺഗ്രസ്സിനെ ഉദ്ദേശിച്ചാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അപ്പുറത്തിരിക്കുന്ന ചില പാർട്ടികളെ ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞത്. വലിയ പാർട്ടികളുണ്ട്. ചെറിയ പാർട്ടികളുമുണ്ട്; ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: നിങ്ങൾ മതേതര ജനാധിപത്യ കക്ഷിയാണല്ലോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞങ്ങൾ മതേതരജനാധിപത്യ കക്ഷിയാണെന്നുമാത്രമല്ല ഞങ്ങളുടെ നേതാവായ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ സാഹിബ്ബാണെങ്കിൽ മുഖ്യമന്ത്രിയാകുന്നതിൽ തങ്ങൾക്ക് വിരോധമില്ലെന്ന് ഇവിടെയുള്ള ജനാധിപത്യ രാഷ്ട്രീയ കക്ഷികൾ ഒരു സമയത്ത് പറഞ്ഞിട്ടുമുണ്ട്. ഞങ്ങൾ ഈ സംസ്ഥാനം കണ്ട ഏറ്റവും നല്ല മതേതരജനാധിപത്യ കക്ഷിയാണെന്ന് അവകാശപ്പെടും. ഒരു ന്യൂനപക്ഷത്തിന്റെ പ്രത്യേക കാര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടി സംഘടിച്ചതിനെ നിങ്ങൾ പല രീതിയിലും ചിത്രീകരിക്കുന്നു. അതല്ലാതെ ഞങ്ങൾ ഒരു രീതിയിലും വർഗ്ഗീയ പ്രവർത്തനങ്ങൾ നടത്തുന്നില്ല. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിലും ഇല്ലാത്ത വിധത്തിലുള്ള മതസൗഹാർദ്ദമാണ് കേരളത്തിലുള്ളത്. ഞങ്ങളുടെ നേതാവ് ശ്രീ. സി. എച്ച്. മുഹമ്മദ്കോയ കേരളത്തിലെ ആഭ്യന്തര മന്ത്രിയായിരുന്നകാലത്ത് അദ്ദേഹം നിഷ്പക്ഷമായി പെരുമാറുന്നു എന്ന് ആദ്യമായി സർട്ടിഫിക്കറ് കൊടുത്തത് അന്നത്തെ ജനസംഘം നേതാവ് ശ്രീ. മാരാരാണ് എന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? പേരിലല്ല പ്രവർത്തനത്തിലാണ് കാര്യം.

ശ്രീ. എം. വി. രാഘവൻ: മുസ്ലീം ലീഗ് മതേതര ജനാധിപത്യ കക്ഷിയാണെന്ന് പറയാനുള്ള തൊലിക്കട്ടി ഒരൊറ്റ എം. എൽ. എ.യും കാണിച്ചിട്ടില്ല. നിങ്ങൾക്ക് തൊലിക്കട്ടി നന്നായി ഉണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വാദത്തിൽ തോൽക്കുമ്പോൾ ശ്രീ. രാഘവൻ ഇങ്ങനെ പറയുന്നത് സാധാരണമാണ്.

ശ്രീ. പി. സീതിഹാജി: ബഹുമാനപ്പെട്ട ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, മുസ്ലീം ലീഗ് മതേതര ജനാധിപത്യകക്ഷിയാണെന്നും ഒരു ന്യൂനപക്ഷ സമുദായത്തെ പ്രതിനിധീകരിക്കുന്ന സംഘടനയാണെന്നും അതുകൊണ്ട് ഇടതുപക്ഷസഖ്യത്തിൽ തെരഞ്ഞെടുത്ത് അധികാരത്തിൽ വരുന്നത് നല്ലതാണെന്നും 1967-ൽ പറഞ്ഞത് മെമ്പർക്കറിയാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ശ്രീ. രാഘവൻ നിങ്ങൾ പറഞ്ഞതിന് ഞങ്ങൾക്ക് രേഖയുണ്ട്. ഇ. എം. എസ്. പറഞ്ഞത് രേഖയിൽ കാണും. നിങ്ങൾ രേഖകൾ പരിശോധിച്ചാൽമതി. ഇത് വർഗ്ഗീയതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിർവ്വചനം അല്ല. അദ്ദേഹം പറഞ്ഞതാണ്. ഈ ലിസ്റ്റിൽ ഒന്നും ഞങ്ങൾപ്പെടുകയില്ല. ഞങ്ങളുടെ തൊപ്പിയിൽ മറ്റ് ചില തൂവലുകളാണ് സഖാവ് ഇ. എം. എസ്. അർപ്പിച്ചിട്ടുള്ളത്. കേരള കോൺഗ്രസ്, ലീഗ് എന്നൊക്കെ നിങ്ങൾക്ക് പറഞ്ഞുകൊണ്ട് നടക്കാം. ആവശ്യത്തിനു വേണ്ടി എങ്ങിനെ വേണമെങ്കിലും നിങ്ങൾ പ്രവർത്തിക്കും. അത്തരത്തിലുള്ള ഒരു പ്രവർത്തനത്തിൽ എവിടെയെങ്കിലും ഞങ്ങളാരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് നിങ്ങൾ ആലോചിച്ചുനോക്കുക. ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളെക്കാളും ഇവിടെ മതസൗഹാർദ്ദം നിലനിൽക്കുന്നുണ്ട്. ഇവിടെ ഞങ്ങൾ സംഘടിതരായതുകൊണ്ട് എന്ത് അപകടമാണുണ്ടായത്? ഒരു അപകടവും ഉണ്ടായിട്ടില്ല. ഈ രീതിയിൽ ആടിനെ പട്ടിയാക്കുകയൊന്നും വേണ്ട. കേരളത്തോട് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

വിവേചനം കാണിക്കുന്നു എന്നതിന്റെ പേരിൽ ഒരു ബന്ദ് നടത്തേണ്ട തിന്റെ യാതൊരാവശ്യവുമില്ല.

ഇറക്കുമതി എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. ഇറക്കുമതി സംസ്ഥാനത്തിന് ദോഷമാണ്. ഇപ്പോഴും ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസനപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമയമാണിത്. എല്ലാ എം. എൽ. എ. മാരും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മുഴുകേണ്ട സമയമാണ്. ഈ സമയത്ത് മറ്റ് അടവുകളെല്ലാം പരാജയപ്പെട്ടതുകൊണ്ട് അക്രമത്തിന്റെ മാർഗ്ഗമല്ലേ ഇതെന്ന് നിങ്ങളും ചിന്തിക്കേണ്ടതാണ്. ഈ സംസ്ഥാനത്ത് ഒരു ബന്ദ് നടത്താൻ പ്രേരിപ്പിക്കുന്ന വിലയില്ലാത്ത നയത്തിലേക്ക് പോകരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ സപ്ലിമെന്ററി ഡിമാന്റുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി പറഞ്ഞത് വികസനപ്രവർത്തനങ്ങളും ഒന്നും ഇവിടെയില്ല എന്നുള്ളതിനു തെളിവാണ്, കാരണം അദ്ദേഹം പ്രധാനമായിട്ടും പറഞ്ഞത് ദുരിതാശ്വാസപ്രവർത്തനത്തിനു സംസ്ഥാനം ചോദിച്ചതായ സംഖ്യയും കേന്ദ്ര ഗവൺമെന്റ് തന്നതായിട്ടുള്ള സംഖ്യയുടെ കാര്യവുമാണ്. 134 കോടി 79 ലക്ഷം ഉറുപ്പിക കിട്ടിയതിൽ 40 കോടി ഉറുപ്പികക്ക് നേരത്തെ ഡിമാന്റ് വന്നതാണ്. ബാക്കി 94 കോടി 79 ലക്ഷം ഉറുപ്പികയുണ്ട്. അതിൽ 81 കോടി 79 ലക്ഷം ഉറുപ്പിക 27-ാം ഡിമാന്റിലും 13 കോടി ഉറുപ്പിക 28-ാം ഡിമാന്റിലും കൊണ്ടുവന്നതാണ്. അങ്ങനെ 94 കോടി 79 ലക്ഷം ഉറുപ്പിക പ്രത്യേകമായി വീതിച്ചത് സഹകരണമേഖലയിൽ ഷോർട്ട്ടേം ലോൺ മീഡിയം ടേൺ ലോണാക്കി മാറ്റം ചെയ്യാൻവേണ്ടിയാണ്. ബാക്കി മുഴുവൻ സംഖ്യ ഒരു ഡിമാന്റായി കൊണ്ടുവന്നത് തെറ്റാണ്. ഇത് പല ഡിപ്പാർട്ടുമെന്റുകളിൽ ചെലവ് ചെയ്യേണ്ടതായ സംഖ്യയാണ്. പല ഡിപ്പാർട്ടുമെന്റുകളും കണ്ടിജൻസി ഫണ്ടിൽനിന്നു പണം എടുത്ത് ചെലവുചെയ്തുകഴിഞ്ഞ സംഖ്യയാണ്. സർ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായിട്ടുള്ള സംഖ്യ എത്രയാണെന്നും, ഏതെല്ലാം ഡിപ്പാർട്ടുമെന്റുകൾക്കാണെന്നും, ഓരോ ഡിപ്പാർട്ടുമെന്റിനും എത്രയാണ് ചെലവാക്കാൻ അലോട്ട് ചെയ്തിട്ടുള്ളതെന്നും ഉള്ള വിവരങ്ങൾ ഈ സഭയിൽനിന്നും മറച്ചുവച്ചുകൊണ്ട്, 81 കോടി 79 ലക്ഷം രൂപയുടെ ഡിമാന്റുമായി വന്നിട്ടുള്ളത് ശരിയല്ല. ഗവൺമെന്റിനു ഇഷ്ടംപോലെ ചെലവാക്കാൻവേണ്ടിയുള്ള ഒരു ബ്ലാങ്ക് ചെക്കാണ് മേടിക്കുന്നത്. ബഡ്ജറ്റ് ഡിമാന്റുകൾ കൊണ്ടുവരുന്നതിന്റെ അടിസ്ഥാനത്തിൽ പണം ചെലവുചെയ്യാനായി വാങ്ങുമ്പോൾ ഏത് ഡിപ്പാർട്ടുമെന്റിനുവേണ്ടിയാണ് ചെലവുചെയ്യാൻ പോകുന്നത് എന്നറിയേണ്ടതുണ്ട്. അത് മനസ്സിലാക്കുവാൻ സാധിക്കുന്നില്ലായെന്നുള്ള ബുദ്ധിമുട്ട് ഈ സപ്ലിമെന്ററി ഡിമാന്റിൽ കാണുവാൻ കഴിയും. വിദ്യാഭ്യാസഡിമാന്റിൽ പണം ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ പണം ആവശ്യപ്പെട്ടതിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതായ, ഒരു നിയോജക മണ്ഡലത്തിൽ രണ്ട് എം. എൽ. എ. സ്ക്കൂൾ കെട്ടിടമൊന്നും ചേർത്തതായി കാണുന്നില്ല. എന്നാൽ എം. എൽ. എ. റോഡുകൾക്ക് പ്രത്യേകം പണം വകവച്ചിട്ടുണ്ട്. രണ്ട് എം. എൽ. എ. റോഡുകൾക്ക് യാതൊരു മുൻഗണനാ പരിഗണനയും കൂടാതെ എഴുതികൊടുക്കാനുള്ള അധികാരം ഉണ്ടായിരുന്നു. ഏതു റോഡാണ്. റൈഡി

LIBRARY ARCHIVES Kerala Legislative Assembly

യാവാതെ കിടക്കുന്നത്. ആ റോഡ് ആദ്യം എടുക്കുകയും രണ്ടാമത്തേത് പിന്നീടെടുക്കുകയും ചെയ്യുന്നു. ഇതിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം പറഞ്ഞിട്ടുള്ളത് മുൻഗണന കൊടുത്തുകൊണ്ടുള്ള പരിഗണനയുണ്ട് എന്നാണ്. അതിന്റെ അർത്ഥം ഒരു സ്ക്കൂൾ കെട്ടിടം മാത്രമേയുണ്ടാക്കാൻ പോകുന്നുള്ളൂ മറ്റേ കെട്ടിടം ഉണ്ടാക്കുന്ന കാര്യം സംശയമാണെന്നാണ്. ഇതിനുവേണ്ടി പ്രത്യേകമായി തുകയൊന്നും ചോദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത് എത്രത്തോളം പ്രായോഗികമാണ്, ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ സാധിക്കുമോയെന്നുള്ള കാര്യങ്ങളും സംശയമാണ്.

ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥ വളരെയധികം താറുമാറാകുന്ന രീതിയിൽ ആണ് ദേശീയ ടെക്സ്റ്റൈൽ നയമെന്ന് ഫൈനാൻസ് എക്സ്പ്രസ്സിന്റെ ജൂൺ 7, 1985-ൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് ടെക്സ്റ്റൈൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗത വ്യവസായമാണ് കൈത്തറി. ലക്ഷക്കണക്കിന് കൈത്തറിത്തൊഴിലാളികൾ ഈ സംസ്ഥാനത്തിലുണ്ട്. കൈത്തറി വ്യവസായത്തിന് കൊടുത്തിരിക്കുന്ന സംരക്ഷണം ഈ പുതിയ ടെക്സ്റ്റൈൽ നയം എടുത്തുകളഞ്ഞിരിക്കുന്നു. സിന്തറ്റിക്, കോട്ടൻ ഇഷ്ടംപോലെ ഉപയോഗിച്ച് മില്ലുകൾ വർദ്ധിപ്പിക്കാനും ഉള്ള മില്ലുകൾ വികസിപ്പിക്കാനും ഇപ്പോൾ അധികാരം കൊടുത്തിരിക്കുകയാണ്. ഇന്ന് ഹാൻഡ്ലൂം സെക്ടറിന് പ്രത്യേകമായി റിസർവേഷൻ ചെയ്തിട്ടുള്ള പല ഇനങ്ങളും ആ റിസർവേഷനിൽനിന്നും എടുത്തുകളഞ്ഞതുകൊണ്ട് മിൽ വ്യവസായമായും മൽസരമുണ്ടാകും. ഹാൻഡ്ലൂം സെക്ടറിൽ അതൊന്നു തന്നെ ഉൾപ്പെടുത്തുവാൻ നിവർത്തിയില്ല. പുതിയ ടെക്സ്റ്റൈൽ നിയമപ്രകാരം ഹാൻഡ്ലൂം സെക്ടറിന് ആകെ നീക്കിവെച്ചിട്ടുള്ളത് 'കൺട്രോൾഡ് ക്ലോത്ത്'ണ്. ജനതാമുണ്ടും ജനതാസാരിയും. മില്ലുകൾ ധാരാളം വർദ്ധിക്കുന്നതുകൊണ്ടും മിൽക്ലോത്തിനോട് മൽസരിക്കാൻ സാധിക്കാത്തതുകൊണ്ടും ഈ ജനതാ സാരിയും ജനതാ മുണ്ടും ജനങ്ങൾ മേടിക്കുമോയെന്ന് അറിയില്ല. ഏതായാലും ഇപ്പോഴത്തന്നെ ജനതാ മുണ്ടും ജനതാ സാരിയും കെട്ടിക്കിടക്കുന്നുവെന്നുള്ള പരാതിയുണ്ട്. കൂടുതൽ കെട്ടിക്കിടക്കുമെന്നു വന്നേക്കാം. അതിനുപരിയായി ഇത് ഏറ്റവും താഴ്ന്നതരം എന്നുള്ള കാരണത്താൽ ഏറ്റവും ചെറിയ കൂലി മാത്രമേ കൈത്തറിത്തൊഴിലാളികൾക്ക് ഇതിൽനിന്ന് ലഭ്യമാകൂ. ആ ഒരു സ്ഥിതി വരുന്നത് തീർച്ചയായും കൈത്തറിത്തൊഴിലാളികൾക്ക് വളരെയധികം വിഷമമുണ്ടാക്കുന്ന കാര്യമാണ്. സംസ്ഥാന ഗവൺമെന്റിന് ഈ കാര്യത്തിൽ ശ്രദ്ധയില്ല. കേന്ദ്രഗവൺമെന്റ് ഈ കാര്യത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റുകളോട് ചോദിച്ചിട്ടില്ല. ഹാൻഡ്ലൂം, എംപ്ലോയ്മെന്റ് എന്നീ കാര്യങ്ങൾ രേണഘടനയുടെ ഷെഡ്യൂളിൽ രണ്ടാം ലിസ്റ്റിൽപ്പെടുന്നതാണ്. ഈ കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് പരിപൂർണ്ണമായിട്ടുള്ള അവകാശമാണുള്ളത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് ആലോചിക്കാതെ ഈ ടെക്സ്റ്റൈൽ നയം രൂപീകരിച്ചത് വളരെ തെറ്റായിപ്പോയിയെന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും പറഞ്ഞിട്ടുണ്ടെങ്കിലും അതിനെ സംബന്ധിച്ച് ഒരു ചെറുവിരൽപോലും ഈ സംസ്ഥാന ഗവൺമെന്റ് അനക്കിയിട്ടില്ലയെന്നുള്ളത് ഖേദകരമായ കാര്യമാണ്.

ഈ സംസ്ഥാനത്തിലെ ജയിലുകളിൽ നിരവധിപേർ ജീവപര്യന്തം തടവുകാരായി, പത്തും പതിനഞ്ചും കൊല്ലങ്ങളായിട്ടുള്ള ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. 8 കൊല്ലം റെമിഷനോടുകൂടി കഴിഞ്ഞിട്ടുള്ള ആംക്കാരെ ഈ ഗവൺമെൻറ് വന്നതിനുശേഷം വിമോചിപ്പിക്കപ്പെടുന്നുണ്ട്. അങ്ങനെയുള്ള ആംക്കാരെ മോചിപ്പിക്കുമ്പോഴും യാതൊരു റെമിഷനും കൂടാതെ 15 കൊല്ലത്തോളമായിട്ടുള്ള ജീവപര്യന്തം തടവുകാരുടെ കാര്യം പ്രത്യേകം ഗവൺമെൻറ് പരിഗണിക്കേണ്ടതുണ്ട്. അത് പരിശോധിച്ച് വേണ്ടത് ചെയ്യണമെന്ന് ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്.

ഇന്ന് നമുക്കിവിടെ കാണാൻ സാധിക്കുന്നത് കോൺഗ്രസ് (ഐ) യുടെ മേധാവിത്വമാണ്. മുന്നണിയെന്നൊക്കെപ്പറയുന്നത് വെറുതെയാണ്. ഇത് മുന്നണിയുടെ ഗവൺമെൻറൊന്നുമല്ല. ഇത് ഇന്ന് പരിപൂർണ്ണമായും കോൺഗ്രസ് (ഐ) യുടെ മന്ത്രിസഭയാണ്. അങ്ങനെ മാറുവാൻ അവർക്ക് സാധിച്ചു. അത് തെറ്റോ ശരിയോയെന്നുള്ള കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ അതിൻറെ ബുദ്ധിമുട്ടുകൾ ഈ രാജ്യത്തെ ഗവൺമെൻറിനുണ്ട്. ഈ രാജ്യത്തിലെ ജനങ്ങൾക്ക് അനുഭവിക്കാൻ സാധിക്കുന്നുണ്ട്. ഇവിടെ എസ്. ആർ. പി. യുണ്ടോ, എൻ. ഡി. പി. യുണ്ടോ? ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. സി. എം. സുന്ദരവും കെ. ശിവദാസനുമൊക്കെ ഇന്ന് കളിപ്പാവകളായി മാറിയിരിക്കുന്നു.

കേരളാകോൺഗ്രസിനെ പൂർണ്ണമായും നിയന്ത്രിച്ചിരിക്കുകയാണ്. കേരളാകോൺഗ്രസിനെ വെട്ടിക്കുറച്ച് മാണിക്കുപോലും മനസ്സിലാകാത്ത സ്ഥിതിയിലാക്കിയിരിക്കുന്നു. അതായത് Strip to Size ആണ്. ആ സൈസ് ഓവർ നൈറ്റ് അല്ല, വളരെയധികം അണ്ടർ സൈസ് ആയിപ്പോയിയെന്നാണ് എനിക്ക് പറയാനുള്ളത്. ആ കുപ്പായം ബഹുമാനപ്പെട്ട മാണിക്കുപോലും ഇടുവാൻ സാധിക്കാത്തവിധത്തിൽ വെട്ടിച്ചുരുക്കിയിരിക്കുന്നു. ഈ വിധത്തിലാക്കിയതിൽ ഞാൻ ആ തരത്തിലെങ്കിലും കോൺഗ്രസ് (ഐ) യെ അഭിനന്ദിക്കുന്നു. ഈ രാജ്യത്തെ വർഗ്ഗീയ കക്ഷികളെ, പ്രാദേശികകക്ഷികളെ അവസാനിപ്പിക്കുവാനായി ഭരണത്തിൽനിന്നുകൊണ്ട്, ഭരണത്തെ ഉപയോഗിച്ച്കൊണ്ടായാലും വേണ്ടുകയില്ല, ആ രീതി തെറ്റാണെങ്കിലും ഫലം നല്ലതാണ്, അതിലെനിക്ക് ഭിന്നാഭിപ്രായമില്ല.

ധനകാര്യവും നിയമവും വകുപ്പ്മന്ത്രി (ശ്രീ. കെ. എം. മാണി): സർ, 'വല്ലവരും വല്ല സൈസ്' എന്നു പറഞ്ഞു റിപ്പോർട്ട് ചെയ്യുന്നതിൽ അർത്ഥമില്ല, കേരളാകോൺഗ്രസിനെ ഇവിടെ സൈസാക്കി കട്ട് ചെയ്യാൻ കോൺഗ്രസ്(ഐ) ക്കെന്നല്ല ആർക്കും സാദ്ധ്യമല്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, രണ്ടു ദിവസം മുമ്പ് ഇവിടെ നടന്നിട്ടുള്ളതായ ശ്രീ. കെ. എം. മാണിയുടേയും ശ്രീ. ബാലകൃഷ്ണപിള്ളയുടേയും പ്രസംഗം വായിച്ച് ആ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ഞങ്ങൾ വായിച്ചു.

(ഡെപ്യൂട്ടി സ്പീക്കർ : ഒരു മുന്നണിയിൽ യോജിച്ച് നില്ക്കുന്നത് നല്ലതല്ലേ?

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, യോജിച്ച് നില്ക്കണം. വേറെയൊരാളെ ഒട്ടിപ്പിടിച്ച് നിൽക്കാൻ പാടില്ല. അങ്ങനെ ഒട്ടിപ്പിടിച്ച് നില്ക്കുമ്പോൾ ഒരു നിസ്സഹായതവരും. മറ്റൊരാളുടെ കൈയിലായിരിക്കും എല്ലാ കൺട്രോളും. ആ തരത്തിൽ വരുന്നത് ബഹുമാനപ്പെട്ട മാണിക്കും ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കും ബുദ്ധിമുട്ടില്ലായെന്നുണ്ടെങ്കിൽ എനിക്കും ബുദ്ധിമുട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട മാണിയോട് ഞാനൊന്നു ചോദിക്കട്ടെ. ബഹുമാനപ്പെട്ട മാണി പറഞ്ഞു ഇത് പൊളിറ്റിക്കൽ പ്രശ്നമാണെന്ന്, അതേസമയം ബഹുമാനപ്പെട്ട കരുണാകരൻ പറയുന്നു ഇത് ലീഗൽ പ്രശ്നമാണെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിക്കുന്ന ചോദ്യം തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. ഇത് എവിടെ എത്തി? ബഹുമാനപ്പെട്ട രാജീവ്ഗാന്ധി നിയമജ്ഞനാണോ? കോടതിയാണോ? അദ്ദേഹം ഒരു രാഷ്ട്രീയനേതാവല്ലേ? ഇൻഡ്യയുടെ പ്രധാനമന്ത്രിയല്ലേ? ഇൻഡ്യയുടെ പ്രധാനമന്ത്രിയെന്നുള്ള നിലയിൽ, കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനെന്നുള്ള നിലയിൽ തീർച്ചയായും അദ്ദേഹത്തിന് രാഷ്ട്രീയമായി ഇത് കൈകാര്യം ചെയ്യാനുള്ള അധികാരമുണ്ട്. അങ്ങനെ രാഷ്ട്രീയമായി കൈകാര്യം ചെയ്യാനായി ഇന്ന് ബഹുമാനപ്പെട്ട കരുണാകരനും ബഹുമാനപ്പെട്ട മാണിയും കൂട്ടായി അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കെ ബഹുമാനപ്പെട്ട മാണി സാഷ്ടാംഗം നമസ്കരിച്ചുകൊണ്ട് പറയുകയാണ്, ഞാൻ പൊളിറ്റിക്കൽ പ്രശ്നമാണെന്ന് പറഞ്ഞത് തെറ്റായിപ്പോയെന്ന്, ബഹുമാനപ്പെട്ട കരുണാകരാ; ഞങ്ങൾ പറഞ്ഞിട്ടുള്ളതായ പൊളിറ്റിക്കൽ പ്രശ്നം തന്നെയാണ് ഡിസൈഡ് ചെയ്യാനുള്ളത്. അത് ഡിസൈഡ് ചെയ്യാനായി നിങ്ങളും ആരാണെന്ന് ഞാൻ ചോദിച്ചതാണ്. ബഹുമാനപ്പെട്ട മാണിയ്ക്കും കേരളാകോൺഗ്രസ്സിനും നാണമുണ്ടോ? നാണമെന്നുള്ളത് കേരളാകോൺഗ്രസ്സിന്റെ നിഘണ്ടുവിൽനിന്നും എടുത്തുകളഞ്ഞിരിക്കുന്നുവെന്നുള്ള പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട മാണി ഇവിടെ നടത്തിയിട്ടുള്ളത്. അവസാനമായി ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളു. ഇനിയിവിടെ ബാക്കിനിൽക്കുന്ന കക്ഷി മുസ്ലീംലീഗാണ്. ബഹുമാനപ്പെട്ട സിതിഹാപ്പി കരിപ്പൂരായിൽ ചെയ്ത പ്രസംഗം എല്ലാ പത്രങ്ങളിലും വന്നു വായിച്ചപ്പോൾ പേടിയായി. അവയെല്ലാം അത്തരത്തിലാണ് നടക്കുന്നതെങ്കിൽ എന്ത് സംഭവിക്കുമെന്ന് എനിയ്ക്ക് തന്നെ അറിഞ്ഞുകൂടാ. കേരളാ കോൺഗ്രസ്സിന്റെ കാര്യം ഒന്നു തീർക്കാമെന്ന് പറഞ്ഞുകൊണ്ട് മുസ്ലീംലീഗ് കോൺഗ്രസ്സിനെ സമീപിച്ചു. അവർക്ക് തക്കതായിട്ടുള്ള മറുപടി കിട്ടി. ഇന്ന് മുസ്ലീംലീഗുകാർക്കും യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഇന്ന് കേരളത്തിൽ ഉന്നയിക്കപ്പെട്ട ഈ 'പിള്ള പ്രശ്ന' ത്തിന് കേരളത്തിലെ ജനങ്ങൾക്ക് യാതൊരു തരത്തിലുള്ള ബന്ധവുമില്ല. കേരളത്തിലെ ജനങ്ങളുടെ പ്രശ്നമല്ല, പിള്ള പ്രശ്നം. കേരളത്തിലെ ഘോരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടു നിൽക്കുന്ന ഗവൺമെന്റ് പിള്ള പ്രശ്നത്തിന്റെ മറയിൽ നിന്നുകൊണ്ട് ജീവിക്കാൻ സാധിക്കുമോയെന്നുള്ള പരിശ്രമമാണ് നടത്തുന്നത്. ഈ മന്ത്രിസഭയുമായിട്ടുള്ള സർക്കസ്സാണ് നടക്കുന്നത്. ഈ സർക്കസ്സിലെ റിംഗ് മാസ്റ്ററാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുണാകരൻ. ആ സർക്കസ് റിംഗും എത്രകാലം നിലനിൽക്കുമോ അത്രയുംകാലം നിലനിൽക്കട്ടെ. പക്ഷേ ഈ രാജ്യത്തെ ജനങ്ങൾക്ക് ഇതിനെതിരായി ശബ്ദിക്കാനുള്ള അവസരം കിട്ടുമ്പോൾ ഇന്ത്യാരാജ്യത്തിന് നാണംകെട്ട രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ചുട്ടമറുപടി കൊടുക്കാൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. വി. ദിനകരൻ : സർ, ഞാനീ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ ഹിതകരനായ പ്രധാനമന്ത്രി കേരളം സന്ദർശിച്ചത് പല നിലയിലും നമുക്ക് സന്തോഷകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും' എന്നൊരു ചൊല്ലുണ്ട്. അതുതന്നെയാണ് പ്രധാനമന്ത്രിയുടെ വരവു കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് അനുഭവയോഗ്യമായിട്ടുള്ളത്. ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പോലുള്ള എം. എൽ. എ. മാരും മന്ത്രിമാരും ചെല്ലുമ്പോൾ, പറയുന്നത്, എം. എൽ. എ. മാരുടേയും മന്ത്രിമാരുടേയും വരവുകൊണ്ട് പ്രയോജനമില്ല, പ്രധാനമന്ത്രിതന്നെ വരണം, ഇനിയും വരണമെന്നാണ് അദ്ദേഹത്തിന്റെ പാദസ്പർശം ഏറെ സ്ഥലങ്ങളൊക്കെ ഇന്ന് വികസനത്തിന്റെ പാതയിൽകൂടി മുന്നോട്ടു പോകുന്നു എന്ന അർത്ഥവത്തായ കാര്യം ജനങ്ങളുടെ ഉള്ളിൽ നിന്നുവന്നിട്ടുള്ളതാണ്. ഇതിന്റെ പിന്നിൽ ഒരു യഥാർത്ഥ്യമുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടത്തെ ഉദ്യോഗസ്ഥൻമാർ താൽപര്യം കാണിക്കുകയാണെങ്കിൽ സാമ്പത്തികമായ പരിമിതികളുണ്ടെങ്കിൽപോലും പല കാര്യങ്ങളിലും വികസനപ്രവർത്തനങ്ങളിലും മുന്നിട്ട് നിൽക്കാൻ കഴിയുമെന്നുള്ള യാഥാർത്ഥ്യമാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ വരവോടുകൂടി തെളിയിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്രത്തിൽനിന്ന് 135 കോടി രൂപ ലഭിച്ചിരുന്നു. ഈ ആനുകൂല്യം വളരെ ഫലപ്രദമായി വിനിയോഗിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികളുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. 'തെങ്ങിനും കവുങ്ങിനും ഒരുപോലെ തളാപ്പ് ഇടുന്ന' രീതിയിലാകരുത് അത് നഷ്ടത്തിനനുസരണമായി നഷ്ടപരിഹാരം കൊടുക്കണം. ഏത് ജില്ലയ്ക്ക് ആണ് കൂടുതൽ നഷ്ടമുണ്ടായിട്ടുള്ളതെന്ന് നോക്കി ആ ജില്ലയ്ക്ക് കൂടുതൽ നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, വിദ്യാഭ്യാസമേഖലയെ സംബന്ധിച്ച് അടുത്തദിവസം റേഡിയോയിൽ കൂടി ഒരു പ്രഭാഷണംകേട്ടു. പ്രൊഫഷണൽ ഹയർസെക്കണ്ടറി കോഴ്സിന്റെ ഡയറക്ടറായിരിക്കുന്ന രാഘവൻനായരായിരുന്നു പ്രഭാഷകൻ അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ പറയുന്നത്, പ്രൊഫഷണൽ കോളേജുകളുടെ പ്രവേശനം മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആകാവൂ, സംവരണം പാടില്ലായെന്നാണ്. മാൽക്കം ആദിശേഷയ്യാ കമ്മീഷന്റെ റിപ്പോർട്ട് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിരിക്കുന്നു. അതിലും പറഞ്ഞിരിക്കുന്നത്, 50ശതമാനത്തിൽ കൂടുതൽ മാർക്കുള്ളവർക്ക് മാത്രമേ പ്രവേശനം പാടുള്ളൂവെന്നാണ്. ആട്ടോണോമസ് കോളേജുകളും വേണമെന്നാണ്. പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യങ്ങളും ഇതിലൊക്കെ വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങളും ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിക്കണം. കാരണം വർഷങ്ങളായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുണ്ട്. അവർ മുന്നോട്ടു വരാൻ നിഷേധിക്കുന്ന രീതിയിൻ നയപരമായ തീരുമാനങ്ങൾ കൊണ്ടു വരാതിരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് ഇവിടെ സ്വകാര്യ മേഖലയിൽ പോളിടെക്നിക്കുകൾ അനുവദിക്കുന്നതിനെക്കുറിച്ചാണ്. സാമ്പത്തികമായിമുന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കു മാത്രമേ ഇതിന്റെ ഗുണം ലഭിക്കുകയുള്ളൂ. പലർക്കും ആഗ്രഹമുണ്ട്. സാമ്പത്തിക പരാധീനതമൂലം സ്വകാര്യമേഖലയിലേക്ക് ഇത്രയൊ സാമ്പത്തിക ആവശ്യങ്ങൾ ഉള്ളതുകൊണ്ട് കടന്നുചെല്ലാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ തുടങ്ങാനുള്ള തീരുമാനം റദ്ദുചെയ്തുകൊണ്ട് പൊതുമേഖലയിൽ സ്ഥാപിച്ചുകൊണ്ട് ഈ രാജ്യത്തെ സംവരണംപോലുള്ള ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ കിട്ടേണ്ടവർക്ക് കിട്ടാനുള്ള ഒരു അവസരം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാനീ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

GPM. 2/487/2009.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഞാനീ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന മന്ത്രിമാരാണ് ഇവിടെയുള്ളത്. ഒരു ഉദാഹരണം 1983-ലെ അബ്കാരി ലേലത്തിൽ ലക്ഷങ്ങളുടെ ആനുകൂല്യം ചെയ്തു കൊടുത്തതിന് പാരിതോഷികമായി, പ്രതിഫലമായി, ആലപ്പുഴയിലെ പ്രമുഖ എക്സൈസ് കോൺട്രാക്ടറായ പറമ്പിൽ സ്വാമി എന്നു വിളിച്ചുവരുന്ന പറമ്പിൽസ്വാമീനാഥൻ ആലപ്പുഴ സബ് രജിസ്ട്രാർകച്ചേരിയിൽ 2358/84-ാം നമ്പർ ആയി പതിനഞ്ച് സെന്റ് ഭൂമി എൻ. എച്ച്. നു സമീപം ആലപ്പുഴ വില്ലേജിൽ 'ശിമാട്ടിയുടെ' തൊട്ടുവടക്കായി 35,000 രൂപ വില രേഖപ്പെടുത്തി 1-9-1984-ൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എൻ. ശ്രീനിവാസനു തീറെഴുതികൊടുത്തിട്ടുണ്ട്. തീറാധാരത്തിന്റെ ശരിപ്പകർപ്പ് ആണിത്. അത് ഞാൻ മേശപ്പുറത്ത് വെച്ചിരിക്കുന്നു. ആധാരം രജിസ്റ്റർചെയ്യുന്നതിനു ആവശ്യമായ മുദ്രപ്പത്രങ്ങളും വാങ്ങിയത് മന്ത്രി ശ്രീനിവാസന്റെ പേരിലാണ്. 6-2-1984-ൽ നാലായിരം രൂപയുടെയും 21-8-1984-ൽ 25 രൂപയുടെയും മുദ്രപ്പത്രങ്ങളും മന്ത്രി ശ്രീനിവാസനു വിറ്റതായി ആലപ്പുഴ വെണ്ടർ ശ്രീ. എം. കെ. അയ്യപ്പൻനായർ രേഖപ്പെടുത്തിയിട്ടുണ്ട്. മുദ്രപ്പത്രം വാങ്ങി ആറു മാസവും 23 ദിവസവും കഴിഞ്ഞാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. എട്ടു ലക്ഷം രൂപയോളം വില വരുന്നതാണീ സ്ഥലം. ആധാരത്തിന്റെ ശരിപ്പകർപ്പ് ഞാൻ മേശപ്പുറത്ത്വച്ചിട്ടുണ്ട്. എല്ലാവർക്കും നോക്കാവുന്നതാണ്. ഈ ആരോപണങ്ങളും കഴിഞ്ഞ സമ്മേളനത്തിൽ 22-7-1985-ൽ സപ്പിക്കർക്ക് എഴുതികൊടുത്ത് ഉന്നയിച്ചപ്പോഴും മന്ത്രി ഒറായടിക്ക് നിഷേധിക്കുകയാണ് ഉണ്ടായത്. സഭയെ തെറ്റിദ്ധരിപ്പിച്ച് മുൻജഡ്ജി കൂടിയായ മന്ത്രി അസത്യം പറഞ്ഞ് സഭയെ അവഹേളിച്ചിരിക്കുന്നു. ഇതേ രജിസ്റ്റർ കച്ചേരിയിൽ ഇതേ വില്ലേജിൽ ഇതേമുറിയിൽ തൊട്ടടുത്തുള്ള മാറു രണ്ടു സ്ഥലങ്ങളുടെ തീരും നടന്നിട്ടുണ്ട്. 26-10-1984-ൽ 3146-ാം നമ്പർ തീറാധാരത്തിൽ പത്ത് സെന്റ് സ്ഥലത്തിനു ഏഴു ലക്ഷം രൂപയാണ് വില കാണിച്ചിരിക്കുന്നത്. ആ ആധാരത്തിന്റെ കോപ്പിയും ഞാൻ മേശപ്പുറത്ത് വെക്കുകയാണ്. 3-3-1984-ൽ 569-ാം നമ്പർ തീറാധാരത്തിൽ നാലുസെന്റ് 485 ചതുരശ്ര ലിങ്ക്സ് സ്ഥലത്തിനു 40,000 രൂപയുമാണ് വില കാണിച്ചിരിക്കുന്നത് ആ ആധാരത്തിന്റെയും കോപ്പി മേശപ്പുറത്ത് വയ്ക്കുന്നു. ഈ ആധാരത്തിന്റെ ശരിപ്പകർപ്പുകളും മൂന്നും മേശപ്പുറത്ത് വച്ചിട്ടുണ്ട്. അതേസമയം മന്ത്രിയുടെ പതിനഞ്ച് സെന്റ് സ്ഥലത്തിനു വെറും 35,000 രൂപ മാത്രമാണ് വില കാണിച്ചിരിക്കുന്നത്. അഴിമതികൊണ്ടു പുറമെ മന്ത്രി നികുതി വെട്ടിപ്പുകൂടി നടത്തി ഈ സർക്കാരിന്റെ ഖജനാവ് ചോർത്തിയിരിക്കുകയാണ്. ഈ അഴിമതി മന്ത്രി രാജിവെയ്ക്കണം, എം. എൽ. എ. സ്ഥാനവും രാജിവെയ്ക്കണം. ഇതിനു ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. ഓരോ മിനിറ്ററിലും ഓരോ മന്ത്രിയുടേയും ഓരോ ലക്ഷം രൂപയുടെ അഴിമതി രേഖാമൂലം ഉന്നയിക്കാൻ ഞാൻ തയ്യാറാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ നിറുത്തുകയാണ്. ''കഥ ഇനിയും തുടരും''.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. പേ റിവിഷൻമൂലം ഉണ്ടായിട്ടുള്ള വിടവ് നികത്തുവാനും അതുപോലെതന്നെ പ്രകൃതിക്ഷോഭംകൊണ്ടുണ്ടായിട്ടുള്ള ദുരിതങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം പകരാനും പോപ്പുലേഷൻ പ്രോജക്ട് — ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾ സുഗമ

LIBRARY ARCHIVES Kerala Legislative Assembly

മാക്കുന്നതിനും മറ്റിതര പരിപാടികളും സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ച പല പ്രാസംഗികൻമാരുടെയും പരിപാടികളും ഉൾപ്പെടെ ആണ് ഇന്ന് ഈ ഉപധനാഭ്യർത്ഥന ഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ളത്. അത് വിനീതമായി പാസാക്കിക്കൊടുക്കേണ്ടത് അത്യാവശ്യ കാര്യമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പല പ്രതിപക്ഷ സുഹൃത്തുക്കളും ഈ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറ് വന്നതിനു ശേഷം കഴിഞ്ഞ മൂന്നിൽപ്പരം വർഷങ്ങളായി ഈ ഗവൺമെൻറിനെ പരിഹസിക്കുന്നതിനും പുച്ഛിക്കുന്നതിനും വേണ്ടി ശ്രീ. ലോനപ്പൻനമ്പാടൻ ഇവിടെ പറഞ്ഞതുപോലെയുള്ളപല ദുഃസൂചനകളും ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്ന് ജനങ്ങളെ പ്രക്ഷുബ്ധരാക്കാൻ, ജനങ്ങളെ ജനാധിപത്യ മാർഗ്ഗങ്ങളിൽ നിന്നും വഴിതെറ്റിക്കുന്നതിനുള്ള ഗൂഢാലോചനയുടെ ഫലമായിട്ട് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നടന്നിട്ടുള്ള വികസനപരിപാടികളും നാം ഒന്നൊന്നായി വിശകലനം ചെയ്താൽ വാസ്തവത്തിൽ ഇതിനു മുമ്പുള്ള ഏതു സർക്കാർ വന്നതിനേക്കാൾകൂടുതൽ ക്രിയാത്മകമായ പരിശ്രമങ്ങളും പരിപാടികളും നടപ്പാക്കീട്ടുള്ളത് ശ്രീ. കരുണാകരൻ ഗവൺമെൻറിൻെറ കാലഘട്ടത്തിലാണ് എന്നു മനസ്സിലാകും. അതുകൊണ്ടുതന്നെയാണ്, എല്ലാ തവണയും ശ്രീ. നാറാണത്തുഭ്രാന്തനെപ്പോലെ പ്രതിപക്ഷത്തുള്ള എല്ലാ നേതാക്കൻമാരും ഒരു ദിവസം ഒരു ഭീമാകായ കല്ലെടുത്ത് ഉരുട്ടി വലിയ മലയുടെ മുകളിൽ കൊണ്ടുപോയി താഴോട്ടു തള്ളിയിട്ട് പരിഹസിച്ച് പൊട്ടിച്ചിരിക്കുന്നതുപോലെയാണ് പ്രതിപക്ഷനേതാക്കൻമാർ ചെയ്യുന്നത്. ശ്രീ. നാറാണത്തുഭ്രാന്തൻെറ പരിപാടി മാത്രമല്ലാതെ ക്രിയാത്മകമായ ഈ സംസ്ഥാനത്തെയും ഈ സംസ്ഥാനത്തിലെ ജനങ്ങളേയും സംരക്ഷിക്കാൻ ആവശ്യമായ യാതൊരു പദ്ധതികളും നടപ്പാക്കുന്നതിന് സഹകരിക്കാൻ പ്രതിപക്ഷം തയ്യാറില്ല. ശ്രീ. ഇ. കെ. നായനാർ ഇവിടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഞങ്ങൾ നിയമസഭയിൽ വരുന്നത്, ഈ ഗവൺമെൻറിനെ അല്ലെങ്കിൽ ജനാധിപത്യത്തിനെ സംരക്ഷിക്കാൻ അല്ല, നാടിനെ സംരക്ഷിക്കാനല്ല ജനാധിപത്യ വേദിക്കെതിരായി ഈ നിയമസഭയെ ഉപയോഗിച്ച് ഞങ്ങളുടെ പാർട്ടി പ്രവർത്തനത്തിനും മറ്റു ജനാധിപത്യ വിരുദ്ധ നടപടികൾക്കും ആവശ്യമായ പ്രചരണം അകത്തും പുറത്തും നടത്തുന്നതിനുവേണ്ടിയാണ് എന്ന്. അതാണ് അദ്ദേഹത്തിൻെറ മാർഗ്ഗം. അതൊരു സത്യമായി അവശേഷിക്കുകയാണ്. അത് സ്വാഭാവികമല്ലേ! ഇവിടെ നടന്നു കൊണ്ടിരിക്കുന്നവസ്തുതകളാണ്. ശ്രീ.ലോനപ്പൻനമ്പാടൻ ഇവിടെ പറഞ്ഞ വസ്തുതകളിൽ എന്താണ് വാസ്തവം ? ബഹുമാനപ്പെട്ട എൻ. ശ്രീനിവാസൻ ഒരു പാർട്ടിയുടെ നേതാവെന്ന നിലയിൽ പാർട്ടിക്കുവേണ്ടി ചിലപ്പോൾ സ്ഥലങ്ങൾ വാങ്ങിച്ചെന്നും കെട്ടിടങ്ങൾ പണിതെന്നും വരും. അതൊക്കെ അഴിമതി ആണെങ്കിൽ ഇവിടെ ശ്രീ. ലോനപ്പൻനമ്പാടൻ ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയായിരുന്ന കാലത്ത് നടത്തീയിട്ടുള്ള അഴിമതികൾ അക്കമിട്ടക്കമിട്ട് ഈ സഭയുടെ മുമ്പാകെ ഞാൻ വെച്ചിട്ടുണ്ട്. അങ്ങ് ഒരുപാട് അഴിമതികൾ നടത്തിയ ആളാണ്. അഴിമതിക്കാരനായ ശ്രീ. ലോനപ്പൻനമ്പാടൻ ഇവിടെ വന്ന് ഇതുപോലുള്ള തെറ്റായ ധാരണകൾ എക്സൈസ് വകുപ്പുമന്ത്രിയെക്കുറിച്ച് പറയുന്നത് ശരിയല്ല. ഇനിയും കഥ തുടരുമെന്നാണ് പറയുന്നത്. അങ്ങനെ തുടരുന്ന കൂട്ടത്തിൽ ശ്രീ. ലോനപ്പൻനമ്പാടൻെറ കഥയും കൂടി അതിൽ ഉൾപ്പെടുത്തിയാൽ കൊള്ളാം. ആ കഥയിൽ നമുക്കു വേണമെങ്കിൽ ഒരു സിനിമകൂടി എടുക്കാം. എല്ലാ ദിവസവും ശ്രീ. ലോനപ്പൻനമ്പാടൻ എന്തെങ്കിലും കുത്തിക്കുറിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരും. അത് സഭയിൽ വായിക്കും. ഈ സഭയിലെ അംഗങ്ങളാരുംതന്നെ നമ്പാടന്റെ പ്രഭാഷണങ്ങളെ അംഗീകരിക്കാറില്ല, പുറത്തുള്ളവരും അംഗീകരിക്കുന്നില്ല. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ ചെന്നാൽതന്നെ അദ്ദേഹത്തെ അരും അംഗീകരിക്കുകയില്ല. അതൊരു വസ്തുതയാണ്.

നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി മൂന്നു ദിവസത്തെ കേരളസന്ദർശനത്തിനു വന്നു. അതിനെക്കുറിച്ച് പ്രതിപക്ഷത്തെ വിമർശനങ്ങളും നമ്മളും കേട്ടല്ലോ ? വാസ്തവത്തിൽ ലോകത്തിലെ ഏറ്റവും പ്രഗൽഭനായ, ചെറുപ്പക്കാരനായ പ്രധാനമന്ത്രി എന്ന നിലയിൽ കേരളം സന്ദർശിച്ചപ്പോൾ കേരളത്തിൽ അദ്ദേഹം പറഞ്ഞത്, എനിക്ക് അവശരും ആർത്തരും ആലംബഹീനരുമായ ആളുകളെ കാണണമെന്നാണ്. തീരദേശപ്രദേശങ്ങളിലെ അവശരായിട്ടുള്ള മത്സ്യത്തൊഴിലാളികളെ കാണണം. അവരുടെ വീടുകളിൽ പോകണം. അവരുടെ ബുദ്ധിമുട്ടുകളെന്താണെന്ന് അറിയണം. അതുപോലെതന്നെ ഗിരി വർഗങ്ങളും ഹരിജനങ്ങളും പാർക്കുന്ന പ്രദേശങ്ങളിൽ പോയി ഓരോ കുടിലിലും കയറി അദ്ദേഹം അവരോട് വളരെ സൗഹാർദ്ദമായി, നിങ്ങളുടെ ബുദ്ധിമുട്ടെന്താണ്, നിങ്ങളുടെ കഷ്ടപ്പാടുകൾ എന്താണ്, അതിന് എന്താണ് ചെയ്യേണ്ടത് എന്ന സാന്ത്വനവാക്ക് ഉപയോഗിക്കാൻ ഇതിനു മുമ്പ് ലോകചരിത്രത്തിലെ ഏതെങ്കിലും പ്രധാനമന്ത്രിക്ക് സാധിച്ചിട്ടുണ്ടോ ? ഉണ്ടാവുകയില്ല. ചെറുപ്പക്കാരനായതുകൊണ്ട് അദ്ദേഹത്തിന് താല്പര്യം തോന്നി. കഴിഞ്ഞ 38 വർഷക്കാലംകൊണ്ട് ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിൽ അവഗണയും കഷ്ടപ്പാടും അനുഭവിക്കുന്ന ജനവിഭാഗങ്ങളെ മോചിതരാക്കുന്നതിന് ക്രിയാത്മകമായ പരിപാടികൾ നടപ്പാക്കീട്ടുള്ളത് എനിക്ക് നേരിട്ട് കാണണം. ആ പദ്ധതികൾ യഥാസമയം എത്തിച്ചിട്ടുണ്ടോ ? അത് യഥാവിധി പാവപ്പെട്ടവരുടെ മേഖലയിൽ എത്തിക്കാനുള്ള മാർഗ്ഗമെന്താണ് ? അദ്ദേഹം കയർ മേഖലയിൽ പോയി അവിടത്തെ സ്ത്രീ തൊഴിലാളികളുടെയും അവിടത്തെ ഫാക്ടറി തൊഴിലാളികളുടെയും ബുദ്ധിമുട്ടുകൾ അന്വേഷിച്ചു. മത്സ്യതൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ അന്വേഷിച്ചു. ഹരിജനങ്ങളുടെ ബുദ്ധിമുട്ടുകൾ അന്വേഷിച്ചു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി തുടങ്ങിയ പ്രദേശങ്ങളിലെ ഗിരിവർഗക്കാർ ലോകമുണ്ടായ കാലം മുതൽ അനുഭവിച്ചു കൊണ്ടിരിക്കുന്ന ദുരിതങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അദ്ദേഹത്തിന്റെ ശ്രമംകൊണ്ട് സാധിച്ചു. അദ്ദേഹം വന്നതിന്റെ ഫലമായി എത്രയെത്ര മാറ്റങ്ങളാണ് ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത് ? ഉണ്ടായികൊണ്ടിരിക്കുന്നു. വലിയമാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. ആ മാറ്റങ്ങളൊക്കെ നമ്മുടെ സംസ്ഥാനത്തിന്റെ വിജയകരമായ മുന്നേറ്റത്തിനും ദരിദ്ര വിഭാഗങ്ങളുടെ മോചനത്തിനുംവേണ്ടി അദ്ദേഹം കാഴ്ച വെക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇവിടെ നമ്മുടെ സമൂഹത്തിൽ ഏതാണ്ട് 24 കോടിയിലേറെ ജനങ്ങൾ ദാരിദ്രരേഖക്കു താഴെയാണ്. ആ 24 കോടി ജനങ്ങളെ ദാരിദ്രരേഖക്കു മുകളിൽ കൊണ്ടുവന്ന് സാമ്പത്തിക ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അവസാനിപ്പിക്കുന്നതിനു വേണ്ടി ക്രിയാത്മകമായ പരിപാടി ആസൂത്രണം ചെയ്യാൻ പോവുകയാണ്. ഇത് നമുക്കൊരു നല്ല കാര്യമല്ലേ ? പ്രധാനമന്ത്രി വന്നപ്പോൾ ഇവിടെ നമ്മുടെ പ്രതിപക്ഷത്തെ എം. എൽ. എ. മാരെ കണ്ടില്ല. അവരൊക്കെ പുറമേനിന്ന് വിമർശിക്കാനാണ് ശ്രമിച്ചത്. പുറമേനിന്ന് വിമർശിക്കുകയെന്ന

LIBRARY ARCHIVES Kerala Legislative Assembly

ളളതാണ് അവരുടെ ലക്ഷ്യം. പ്രധാനമന്ത്രി ഇവിടെ ഇനിയും വന്ന് ഗ്രാമങ്ങളും കൂടുതൽ കാണുകയും ഇവിടെ വികസന കാര്യത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതൽ ആകർഷിക്കുകയും ചെയ്യണം. ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ളയെക്കുറിച്ച് വളരെ നിശിതമായ വിമർശനങ്ങളും ഉണ്ടായി. കഴിഞ്ഞ ഒരു മാസക്കാലമായി സംസ്ഥാനത്തുടനീളം കണ്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ സംഭവമായി മാറ്റാൻ വേണ്ടി പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറച്ചു ദിവസങ്ങളായി നമ്മുടെ രാജ്യത്ത് വരൾച്ചയും ദുരിതങ്ങളുമൊക്കെ ഉണ്ടായപ്പോഴും ഉണ്ടായ സംഭവങ്ങളും കുടിവെള്ളം എത്താൻ വിഷമിക്കുന്ന പ്രദേശങ്ങളിൽ അതുപോലെ ജലസേചന സൗകര്യങ്ങളും ഇല്ലാത്ത പ്രദേശങ്ങളിലൊക്കെ ഓടിയെത്തി മാതൃകാപരമായി ഈ രാജ്യത്തെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനും മറ്റും പ്രവർത്തനം നടത്തിയ ശ്രീ. എം പി. ഗംഗാധരനെതിരായിട്ടുള്ളതാണ് പ്രതിപക്ഷത്തിന്റെ ഇനിയത്തെ ഗുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള ഓരോ മന്ത്രിയെയും മുഖ്യമന്ത്രിയെയും കരിതേച്ച് കാണിക്കാൻ ഒരു പരിപാടിയെന്നുള്ളതല്ലാതെ ഈ രാജ്യത്തിന്റെ സാമ്പത്തികമായ ഭദ്രതക്കോ സാമ്പത്തികമായ അതിന്റെ ഉന്നമനത്തിനോ വേണ്ടി യാതൊരു സഹകരണവും തരാൻ പ്രത്യക്ഷത്തിൽപോലും കഴിയാത്ത ഒരു പ്രതിപക്ഷം ഈ സഭയിൽ ഇരിക്കുകയാണ്. അതുകൊണ്ട് ഈ സംസ്ഥാനത്ത് നല്ല കാര്യങ്ങളും ചെയ്യുന്ന ഭരണപക്ഷത്തെ ഒരു പ്രതിപക്ഷം എന്നുള്ള നിലയിൽ നല്ലകാര്യങ്ങളും ചെയ്യുന്നതിനെ അനുകൂലിക്കുകയും, തെറ്റായ കാര്യങ്ങളാണെങ്കിൽ വിമർശിക്കുകയും എന്നതായിരിക്കണം. ഇവിടെ വരുന്ന എല്ലാവർക്കും അറിയാമല്ലോ ? എല്ലാദിവസവും പ്രതിപക്ഷത്തിന്റെ നിലപാട് ഗവൺമെൻറിനെ നിശിതമായി വിമർശിക്കുക എന്നതാണ്. ഈ ഗവൺമെൻറിന്റെ നല്ല പരിപാടികളെ വിമർശിക്കുക, അതിൽ കവിഞ്ഞ് ഒന്നും പ്രതിപക്ഷം ചെയ്യുന്നില്ല. ആ ഒരു സമീപനം മാറണം. നല്ലതിനെ നല്ലതായി കാണാനും തെറ്റാണെങ്കിൽ തെറ്റാണെന്നു പറയാനുമുള്ള ഒരു സമീപനമാണ് വാസ്തവത്തിൽ ഒരു ജനാധിപത്യ സമ്പ്രദായത്തിൽ പ്രതിപക്ഷ പാർട്ടികൾക്കുള്ളതെന്നത് വിസ്മരിച്ചുകൊണ്ട് ദയവായി നിങ്ങൾ ഇത്തരത്തിൽ ഉള്ള ഒരു ശ്രമവും തുടരരുതെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. നല്ല കാര്യങ്ങളെ അനുകൂലിക്കുകയും അതിന് പിൻതുണ നൽകുകയും ചെയ്യുക. അങ്ങനെ ഒരു സമീപനം നിങ്ങൾ ഏറ്റെടുത്തുകൊണ്ട് കഴിഞ്ഞ മൂന്നര വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് ചെയ്തിട്ടുള്ള നല്ല കാര്യങ്ങളാണെങ്കിൽ അതിന് ഒരു നല്ല വാക്കുപറയാൻ ഒരു മിനിട്ടെങ്കിലും നിങ്ങൾ ഉപയോഗിച്ചാൽ തീർച്ചയായും യഥാർത്ഥ പ്രതിപക്ഷമാണെന്ന് പറയാൻ ഞങ്ങൾക്കുകഴിയും. ദുരിതപൂർണ്ണമായ ഈ സന്ദർഭത്തിൽ വെള്ളപ്പൊക്കകെടുതികൾകൊണ്ടും ദുരിതങ്ങൾ കൊണ്ടുമുണ്ടായിട്ടുള്ള ഈ രാജ്യത്തിന്റെനാശ നഷ്ടങ്ങൾക്ക് സംരക്ഷണം നൽകാനും, അതിനാവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കാനും ശ്രമിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ഒരിക്കൽകൂടി വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഇന്ന് സംസ്ഥാനത്തിലെ 24 കോടി ആളുകൾ ദാരിദ്ര രേഖക്ക് താഴെ ആണെന്നു പറഞ്ഞു. ഇപ്പോൾ പ്രധാനമന്ത്രിയായ, യുവാവായ ശ്രീ. രാജീവ് ഗാന്ധി, ശ്രീ. രാജീവ് ഗാന്ധിയുടെ ബഹുമാന്യയായ അമ്മ ശ്രീമതി. ഗാന്ധിയും ശ്രീമതി. ഗാന്ധിയുടെ പുന്നാര അച്ഛൻ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും — കോൺഗസ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി— ഈ രാജ്യം ഭരിച്ചതുകൊണ്ടല്ലേ 24 കോടി ജനങ്ങൾ ഇപ്പോഴും ദാരിദ്രരേഖക്കു താഴെ കഴിയുന്നത് ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: അതാണ് പ്രതിപക്ഷത്തിന്റെ പണി യെന്ന് ഞാൻ പറഞ്ഞത്. 38 വർഷം മുൻപ് ഇൻഡ്യക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യത്തിനുശേഷം ഇൻഡ്യയെ ഒരു ക്ഷേമരാഷ്ട്രമാക്കാൻ നാം ആരംഭിച്ച ഭഗീരഥ പ്രയത്നം ഇവിടെ വിവരിക്കുക പ്രയാസമാണ്. സ്വാതന്ത്ര്യത്തിന് മുൻപത്തെ രാജ്യത്തെ സ്ഥിതി എന്താണ് ? ഇന്നത്തെ സ്ഥിതി എന്താണ് ? ഇൻഡ്യയിലെ ജനങ്ങളുടെ പട്ടിണിയും കഷ്ടപ്പാടുകൾക്കും കാരണം 600 ഓളം നാട്ടു രാജാക്കൻമാരും ബ്രിട്ടീഷ് അധികാരികളും ഭരിച്ച് മുടിച്ചതു കൊണ്ടാണ്. നമുക്ക് സ്വാതന്ത്ര്യം കിട്ടുന്ന കാലത്ത് ഒരുമണി അരി പോലും ഈ കൃഷിക്കാരന്റെ രാജ്യത്തുണ്ടായിരുന്നില്ല. ഒരു പദ്ധതി പോലും ഉണ്ടാക്കാൻ സ്വാതന്ത്ര്യമില്ലാത്ത രാജ്യമായിരുന്നു ഭാരതം. ആ ഭാരതത്തെയാണ് നാം ഇത്ര വിശാലമായ കർമ്മ ഭൂമിയായി വളർത്തി യെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യത്തിനു ശേഷം കഴിഞ്ഞ 38 വർഷംകൊണ്ട് നമ്മുടെ രാജ്യത്ത് കോടാനുകോടി ജനങ്ങൾക്ക് മാറ്റങ്ങൾ, സമസ്തമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. പത്തു പതിനഞ്ചുകൊല്ലംകൂടി കഴിയുമ്പോൾ ദാരിദ്രരേഖക്ക് താഴെ കഴിയുന്ന എല്ലാവരേയും ഉയർത്തുവാൻ കഴിയും. അവരുടെ സാമ്പത്തിക സംവിധാനങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. നിങ്ങൾക്കു സംശയമാണ്. കാരണം നിങ്ങളുടെ വീക്ഷണമതാണ്.....

ശ്രീ. മണിമംഗലത്തു കുട്ട്യാലി: കമ്മ്യൂണിസ്റ്റുപാർട്ടി ഭരിക്കുന്ന ജനകീയ ചൈനയിൽ 24 കോടി ജോലിയില്ലാത്തവർ ഇപ്പോഴും വിദേശത്തും അകത്തുമായി കഴിഞ്ഞു കൂടുന്നു എന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. രാഘവൻ പൊഴക്കടവിൽ: ജനകീയ ചൈനയിൽ 22 കോടി ജനങ്ങൾ ഗവൺമെൻറിനെതിരായി ഇപ്പോൾ സംഘടിച്ചിരിക്കുകയാണ്. ജനാധിപത്യം അവർക്കാവശ്യമാണെന്ന് പറയാൻ അവർ സംഘടിച്ചിരിക്കുകയാണ്. കമ്മ്യൂണിസ്റ്റു രാജ്യമായ പോളണ്ടിലെ തൊഴിലാളികൾപോലും കമ്മ്യൂണിസ്റ്റു പാർട്ടിക്കെതിരായി സംഘടിച്ചിരിക്കുകയാണ്— അവരുടെ അവകാശത്തിനുവേണ്ടി, ബോണസിനു വേണ്ടി. അവരുടെ ഭക്ഷണത്തിനുവേണ്ടി. ചൈനയിലെ ജനങ്ങൾ ഇപ്പോൾ ഇൻഡ്യയെ കണ്ടുപഠിച്ചിരിക്കുകയാണ്. ഇൻഡ്യയിലെ ജനാധിപത്യം അവർക്ക് ഇഷ്ടമായികൊണ്ടിരിക്കുകയാണ്; അവിടെ സംഘടിക്കുവാനും സമരം ചെയ്യാനും 22 കോടിജനങ്ങൾ മുന്നോട്ടു വന്നുകൊണ്ടിരിക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഒരു പ്രത്യേക കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനുശേഷം മറ്റു ചില കാര്യങ്ങളിലേക്ക് കടക്കാനാഗ്രഹിക്കുകയാണ്. ഇവിടത്തെ ഭരണകൂടത്തിലെ പ്രധാന രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. അതിന്റെ പ്രസിഡൻറ് ശ്രീ. പത്മരാജനാണ്. ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. വയലാർ രവി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. പണ്ഡിതൻമാരായ മൂന്നുനാലുപേർ പിൻനിരയിൽ മന്ത്രിമാരായിട്ട് ഇരിക്കുന്നു. പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി കേരളത്തിൽനിന്ന് പോകുമ്പോൾ പാലക്കാട്ടുവച്ച് പ്രസംഗിച്ചു. ആ പ്രസംഗത്തിന് ഉറവിടം കൊടുത്തത് ലോകത്തിലെ ശ്രദ്ധ പിടിച്ചു. പറഞ്ഞ ശ്രീനാരായണ ഗുരുദേവനാണ്. ആ ഗുരുദേവന്റെ സിദ്ധാന്തം പ്രചരിപ്പിക്കുന്ന ഞങ്ങളെ വിദ്വേശശക്തികളുടെ സ്വാധീനം കയ്യിലെടുത്തുകൊണ്ട് പുൽപ്പള്ളിയിലെ ഗുരുമന്ദിരത്തെ അടിച്ചുടക്കുന്ന ശക്തികളെ ഇവിടെ ഇല്ലാതാക്കുന്നതിനെക്കുറിച്ച്, ശ്രീ. രാജീവ്ഗാന്ധി പാലക്കാട്ടുനിന്ന് എന്ത് പറഞ്ഞുവെന്ന് ഞാൻ ചോദിക്കുന്നു. പ്രതിപക്ഷത്തിന് ഒരക്ഷരം പറയാനില്ല. ലോകം മുഴുവൻ ഇന്ത്യയിലേക്ക് ശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മാറിക്കൊണ്ടിരിക്കുന്ന ഭരണം, ശ്രീ. രാജീവ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഭരണം, ഈ രാജ്യത്തുണ്ടാക്കുന്ന മാറ്റത്തിന്റെ ഉറവിടമാണ് കേരളത്തിൽ അദ്ദേഹം വന്നപ്പോൾ കണ്ടത്. അതിന്റെ ഭാഗമായി നിങ്ങൾ എന്തിന് മാറുന്നു, ഇവിടേക്ക് മാറിയില്ലേയെന്ന് ചോദിക്കുമ്പോൾ, നിരവധി ആളുകളെ നിരവധികാലം വിഡ്ഢികളാക്കി വിഡ്ഢിത്തത്തിന്റെകൂടെ നിറുത്താൻ സാധിക്കുകയില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. രാജീവ്ഗാന്ധിയുടെ പ്രസംഗത്തിന് വ്യാഖ്യാനം കൊടുക്കുമ്പോൾ അവശതയനുഭവിക്കുന്ന ജനവിഭാഗത്തിന്റെ അവശത ശാശ്വതമായി അവസാനിപ്പിക്കുന്നതിന്റെ തുടക്കമാണ് അത്. അതുകൊണ്ടാണ് അവിടെയിരിക്കുന്നവർ ഓരോരുത്തരായി ഇപ്പുറത്തുപോരുന്നത്. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ആഗ്രഹിക്കുന്ന രീതിയിൽ പ്രതിപക്ഷം ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ആ ശ്രമത്തിൽ നായർ പോകട്ടെ, മുസ്ലീം പോകട്ടെ, ജാതിയുടെ പേര് പറഞ്ഞ ഞങ്ങളെ എടുക്കൂ എന്ന് പറഞ്ഞപ്പോൾ എടുക്കാൻ മനസ്സില്ലെന്ന് പറഞ്ഞവർ ശ്രീ. രാജീവ്ഗാന്ധിയോടും ശ്രീ. കരുണാകരനോടും പരിഭവിച്ചിട്ട് വലിയ കാര്യമില്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞകാലത്ത് മുഴുവൻ വിമർശിച്ചിരുന്ന അഴിമതി നിരോധന ബില്ലിനെക്കുറിച്ച് ആരോപണം ഉന്നയിച്ച നിങ്ങൾ, ഇന്ന് ലോക്പാൽ ബിൽ അവതരിപ്പിച്ച ശ്രീ. രാജീവ്ഗാന്ധിയുടെ മുമ്പിൽ 45 മിനിറ്റുനേരം സംസാരിച്ചിട്ട് അതിന് എന്താണ് പരിഹാരം ഉണ്ടാക്കുന്നതെന്ന് കാത്തിരിക്കാൻ സാധിക്കാത്ത നിങ്ങൾ ഞങ്ങളെനോക്കി കുറ്റം പറയുന്നതുകൊണ്ട് പ്രയോജനമില്ല. ശ്രീ. രാജീവ്ഗാന്ധി ഈ രാജ്യത്ത് കൂടിയേതീരൂ എന്ന് നിങ്ങൾക്ക് പറയേണ്ടിവരും. പറയേണ്ട സ്ഥിതിയിലേക്ക് ഈ രാജ്യത്തെ നയിക്കും. കേരളത്തിൽ ശ്രീ. കരുണാകരൻ തുടരും. ഇതിൽ എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ ആ തെറ്റുകൾ തിരുത്തും. ഞങ്ങളെ കുറ്റം പറയാൻ ശ്രമിക്കരുത്. കഴിഞ്ഞകാലത്ത് ഒരിക്കലും ചെയ്യാത്ത കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. 145 കോടി രൂപ ശ്രീ. രാജീവ്ഗാന്ധിയുടെ കയ്യിൽനിന്ന് വാങ്ങിച്ചിട്ട് ഇവിടത്തെ ജനങ്ങൾക്കുവേണ്ടി ചെലവാക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ എതിർക്കുന്നു. ഈ എതിർപ്പ് അവസാനിപ്പിച്ചിട്ട് ശ്രീ. ഇ. എം. എസ്. വിഭാവനം ചെയ്യുന്നതുപോലെ എല്ലാവർക്കും ഒന്നിച്ച് ഇരിക്കാം. ഒന്നിച്ച് ഇരിക്കുന്നതിൽ ദുർവ്യാഖ്യാനം നടത്തി ആളുകളെ പററിക്കുന്ന കാലം മാറിയിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. 98.84 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് ഈ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

81.79 കോടിരൂപയും വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനത്തിനു വേണ്ടിയല്ലേ, എന്തിനാണ് എതിർക്കുന്നതെന്ന് ചോദിക്കുന്നവരുണ്ട്. ഈ തുകപോലും ന്യായമായ നിലയിൽ ചെലവഴിക്കുമെന്ന വിശ്വാസമില്ലാത്തതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. ഈ ഉപധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട് ഭരണകക്ഷിയിൽനിന്ന് പല പ്രമുഖൻമാരായ നേതാക്കൻമാരും സംസാരിച്ചു. കഴിഞ്ഞ മൂന്നേകാൽ കൊല്ലമായി ഈ സംസ്ഥാനം ഭരിക്കുന്ന ഗവൺമെൻറിൻെറ ഭരണപരമായ നേട്ടങ്ങൾ എടുത്തുകാട്ടാൻ ആർക്കും കഴിഞ്ഞില്ല. ശ്രീ. രാജീവ്ഗാന്ധി ഹരിജനങ്ങളുടേയും കർഷകത്തൊഴിലാളികളുടേയും മൽസ്യത്തൊഴിലാളികളുടേയും മേഖലകളിൽ സഞ്ചരിച്ച് അവിടെ മാറ്റം ഉണ്ടാക്കാൻ പോകുന്നുവെന്ന നിലയിൽ തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രസംഗമാണ് നടത്തിയത്. ശ്രീ. രാജീവ്ഗാന്ധി വന്നതറിഞ്ഞ് സ്വാഗതം ചെയ്യുകയാണ്. ശ്രീ. രാജീവ്ഗാന്ധി വന്നുവെന്നുള്ളതുകൊണ്ട് മാറ്റമുണ്ടാകുമെന്ന ധാരണ എനിക്കില്ല. ശ്രീ. രാജീവ്ഗാന്ധിയുടെ ഗവൺമെൻറ് വന്നപ്പോഴും എന്തെങ്കിലും കാതലായ മാറ്റമുണ്ടാകുമെന്ന് കരുതിയിരുന്നു. ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ആ ഗവൺമെൻറിൻെറ കണ്ണാടിയാണ് ബഡ്ജറ്റ്. ബഡ്ജറ്റിൽ കൂടി 800 കോടി രൂപയുടെ ആനുകൂല്യം വൻകിട മുതലാളിമാർക്ക് കൊടുത്തപ്പോഴാ 800 കോടിരൂപ നികത്താൻവേണ്ടി 1400 കോടിരൂപയുടെ അധികനികുതിയാണ് ഇന്ത്യയിലെ ദരിദ്രജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചത്. അതിൻെറ ഫലമായി 35 ശതമാനം മുതൽ 110 ശതമാനംവരെ വിലക്കയറ്റം ഗ്രാമങ്ങളിൽപോലും ഉണ്ടായിയെന്ന് സമ്മതിക്കേണ്ടിവന്നില്ലേ? ഹരിജനങ്ങൾക്കു വേണ്ടി, കർഷകത്തൊഴിലാളികൾക്കുവേണ്ടി എന്തെങ്കിലും കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല കേരളത്തിൽ വെള്ളപ്പൊക്കത്തിന് അനുവദിച്ചതുകപോലും ശ്രീ. രാജീവ്ഗാന്ധിയെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മാറ്റി ചെലവാക്കുകയാണുണ്ടായത്. ആ കാര്യങ്ങളിലേക്ക് പോകുന്നില്ല. മൂന്നേകാൽ കൊല്ലമായി ഈ സംസ്ഥാനം ഭരിക്കുന്ന കരുണാകരൻെറ ഗവൺമെൻറ് ഈ സംസ്ഥാനത്തെ ആകെ സാമ്പത്തികമായി തകർത്തില്ലേ? വെള്ളപ്പൊക്കമുണ്ടായില്ലെങ്കിൽ എന്തായിരുന്നു കേരളത്തിൻെറ സ്ഥിതി? ഗവൺമെൻറ് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻപോലും കഴിയാത്ത രീതിയിൽ പാപ്പരായ ഗവൺമെൻറ് 134.79 കോടിരൂപ കേന്ദ്രം നൽകിയതിൻെറപേരിൽ മാത്രമാണ് പിടിച്ചുനിൽക്കാൻപോകുന്നത്. അടുത്തവർഷം എന്തായിരിക്കും സ്ഥിതി. സാമ്പത്തികമായി ആകെ തകർത്ത മുന്നണി ഗവൺമെൻറല്ലേ ഇവിടെ ഭരിക്കുന്നത്? ജനങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്തുവെന്ന് നിങ്ങൾക്ക് പറയാൻകഴിയുമോ? സമ്മർദ്ദങ്ങൾക്ക് വിധേയമായി അധികാരത്തിനുവേണ്ടി രൂപീകരിച്ച ഗവൺമെൻറല്ലേ? മൂന്നേകാൽ കൊല്ലത്തെ പ്രവർത്തനം എടുത്തുനോക്കിയാൽ ഒരു ഉദാഹരണം ഞാൻ പറയാം. ഉൽസവ പറമ്പിൽ ആനവിരണ്ടേ എന്നുപറഞ്ഞുകൊണ്ട് ഒരുപറ്റം തീർത്ഥാടകർ ആഭരണങ്ങൾ കവർച്ചചെയ്യുകയും മറ്റും ചെയ്യുന്നതുപോലെ എൻ. ഡി. പി. പ്രശ്നവും എസ്. ആർ. പി. പ്രശ്നവും പിള്ളപ്രശ്നവും എല്ലാം ഉയർത്തിക്കൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്ന മന്ത്രിസഭയല്ലേ ഇവിടെയുള്ളത്. ജനങ്ങൾക്കുവേണ്ടി ഭരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ശ്രീ. ടി. എസ്. ജോൺ പറയുന്നതു കേട്ടു പിള്ള പ്രശ്നത്തിൽ ഒരിഞ്ചുപോലും കേരളാ കോൺഗ്രസ് പുറകോട്ട് പോവുകയില്ലെന്ന്. ശ്രീ. രാജീവ്ഗാന്ധി പിള്ളയെ മന്ത്രിസഭയിൽ എടുക്കുന്നില്ലെങ്കിൽ കേരളാ കോൺഗ്രസ്സിൻെറ തീരുമാനത്തിൽനിന്നും അണുവിടപോലും ചലിക്കുകയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്ന് ആവർത്തിച്ച് പറഞ്ഞിരിക്കുകയാണ്. ശ്രീ. ജോസഫിനോടും ശ്രീ. മാണിയോടും ചോദിക്കുകയാണ് ശ്രീ. രാജീവ്ഗാന്ധി പിള്ളയെ മന്ത്രിസഭയിൽ എടുക്കുമോ? അകാലിദളംപോലും പഞ്ചാബ് മോഡൽ സമരത്തിന് എതിരാണെന്ന് ആവർത്തിക്കുമ്പോഴാ ഈ പ്രശ്നത്തിന്റെപേരിൽ തിരുവനന്തപുരത്ത് കേരളാ കോൺഗ്രസ്സുകാർ പഞ്ചാബെങ്കിൽ പഞ്ചാബ്, ആസാമെങ്കിൽ ആസാം എന്ന മുദ്രാവാക്യം ഉയർത്തിയവരെ ഉപദ്രവിക്കാൻ ശ്രീ. രാജീവ്ഗാന്ധി തയ്യാറായില്ലെങ്കിൽ നിങ്ങളാ മുന്നണിവിട്ട് പോകുമോ? ഇതിനെല്ലാം ശ്രീ. മാണി മറുപടി പറയണം. ശ്രീ. ടി. എസ്. ജോൺ സംസാരിച്ചപ്പോഴാ കേരളാ കോൺഗ്രസ് അണുവിടപോലും പുറകോട്ട് പോവുകയില്ലെന്ന് പറഞ്ഞു. ജനങ്ങളെ മറന്നുകൊണ്ട് ജനങ്ങളുടെവേണ്ടിയല്ലാതെ സമ്മർദ്ദതന്ത്രത്തിനുവേണ്ടി കരുണാകരന്റെ നെഞ്ചിനുനേരെ തോക്ക് ചൂണ്ടിക്കൊണ്ടുള്ള ഭരണമാണ് ഇവിടെ നടത്തുന്നത്. ഈ ഭരണം ആപത്താണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. കോലിയക്കോട് കൃഷ്ണൻനായർക്ക് ഉണ്ടായ മാനസികാവസ്ഥയല്ല ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ ഇവിടെ നിൽക്കുമ്പോഴാ എനിക്ക് ഉണ്ടാകുന്നത്. മനഃസാക്ഷിയെ മറച്ചുപിടിച്ച്, ഇതിനെ എതിർക്കുന്നുവെന്ന് പറയാനുള്ള മനഃസാക്ഷിക്കുത്ത് ഉണ്ടായതുമൂലം അദ്ദേഹത്തിന്റെ പേര് വിളിച്ചപ്പോഴാ അദ്ദേഹം ഇവിടെ നിൽക്കാൻപോലും തയ്യാറായില്ല. പിന്നെ ശ്രീ. എം. വി. രാഘവന്റെ ഭീഷണിക്ക് വഴങ്ങി, എഴുതിക്കൊടുത്ത എന്തോ ഈ ഗവൺമെന്റിനെ എതിരായി ഇവിടെ വായിക്കേണ്ട ഗതികേട് ശ്രീ. കൃഷ്ണൻനായർക്ക് ഉണ്ടായി. അദ്ദേഹത്തിന്റെ ആ ബുദ്ധിമുട്ടോടുകൂടിയല്ല അങ്ങാ ഇതിനെ അനുകൂലിക്കുന്നത്. ഓരോ പ്രാവശ്യവും ഈ സഭ ചേരുന്നതിനു മുമ്പ് ഈ സംസ്ഥാനത്തുണ്ടാകുന്ന രാഷ്ട്രീയ വിവാദങ്ങളിൽപ്പെട്ട് കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് തകർന്നുപോകുമെന്ന പ്രതീക്ഷയോടുകൂടിയാണ് പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളും ഈ സഭയിലേക്ക് കടന്നുവരാറുള്ളത്. അങ്ങനെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന പ്രതിപക്ഷത്തിന് എല്ലാ പ്രാവശ്യവും അവരുടെ പ്രതീക്ഷ തെറ്റിപ്പോകുന്നു. ഇപ്രാവശ്യവും അസംബ്ലി തുടങ്ങാൻ നോട്ടീസ് കിട്ടിയതുമുതൽ അസംബ്ലി ആരംഭിച്ച ദിവസംവരെ പ്രതിപക്ഷകക്ഷികളും നടത്തിക്കൊണ്ടിരുന്ന പ്രചരണം, ലോബിയിൽവച്ചും, സഭക്കുള്ളിൽ അകത്തുവച്ചും പറുത്തുവച്ചും ചോദിച്ചിരുന്നത് ഇത് നേരത്തെ പിരിയുകയില്ലേ, ചില രാഷ്ട്രീയ വിവാദങ്ങളിൽപ്പെട്ട് ഈ ഗവൺമെന്റ് രാജിവയ്ക്കാൻ പോവുകയല്ലേ എന്നാണ്. പക്ഷേ എന്താണ് ഉണ്ടായത്? നേരത്തെ പിരിയുമെന്ന് പറഞ്ഞ സഭ, ഐക്യജനാധിപത്യമുന്നണി കൂടുതൽ കരുത്താർജ്ജിച്ചുകൊണ്ട് നടപടിക്രമങ്ങളം നീട്ടിവച്ച്, 26-ാം തീയതിയാണ് പിരിയാൻ പോകുന്നത്. അങ്ങേ വശത്തിരിക്കുന്നത് ഇന്ന് പ്രതിപക്ഷ കക്ഷിയല്ല, പിന്നെയോ പ്രതീക്ഷ അറ്റവരാണ്. ആ നൈരാശ്യബോധത്തിൽനിന്ന് പ്രതിപക്ഷ പാർട്ടികൾക്ക് ഉണ്ടാകാൻപോകുന്ന ആത്മഹത്യാശ്രമത്തിൽനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ നിയമപരമായിയെങ്കിലും രക്ഷിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇവിടെ വരുമ്പോഴാ എന്താണ്? അങ്ങോട്ട് നോക്കിയാൽ നമുക്കുകാണാൻ സാധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് കാലിയാകുന്ന പ്രതിപക്ഷബഞ്ചുകളാണ്. ഇങ്ങോട്ട് നോക്കിയാലോ നിറഞ്ഞുകവിഞ്ഞ ഭരണകക്ഷി ബഞ്ചുകളാണ്. എനിക്ക് തോന്നുന്നത് അടുത്ത പ്രാവശ്യം സഭ ചേരുമ്പോൾ ഇവിടെനിന്നു പോലും അങ്ങേവശത്തേക്ക് മാറിയിരിക്കേണ്ടിവരുമെന്നാണ്. അങ്ങേവശത്തിരുന്ന ശ്രീ. സി. ജി. ജനാർദ്ദനൻ, ശ്രീ. ശക്തൻ നാടാർ, അങ്ങേവശത്തിരുന്ന ശ്രീ. അബൂബക്കർ സാഹിബ് ഉൾപ്പെടെയുള്ള ആളുകൾ ഇങ്ങേ വശത്താണ് ഇന്ന് ഇരിക്കുന്നത്.

ഇവിടെ എന്തോ തീരാധാരത്തിന്റെ കാര്യം ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടൻ പറഞ്ഞു. ആർക്കാണ് ആ ഗതികേട് വരാൻ പോകുന്നത്? ഈ പോക്ക് പോയാൽ കാലിയാകുന്ന പ്രതിപക്ഷ ബഞ്ചുകൾ വീറ് അതിന്റെ തീരാധാരം ശ്രീ. ലോനപ്പൻ നമ്പാടന് ഈ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട ഗതികേട് വരുമെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ?

ഈ വർഷം ദുരന്തങ്ങളുടെ കാലഘട്ടമാണ്. എന്തൊക്കെ ദുരന്തങ്ങളാണെന്നു നമുക്കറിയാം. വെള്ളപ്പൊക്ക ദുരന്തം, അതിനുമുമ്പ് വരൾച്ച ദുരന്തം, കഴിഞ്ഞ ദിവസം ഏലൂരിൽ ഉണ്ടായ വിഷവാതക ചോർച്ച ദുരന്തം, അടിമാലിയിൽ ഉണ്ടായ ബസ്സപകടദുരന്തം, തൃശ്ശൂരിലുണ്ടായ ബസ്സപകട ദുരന്തം, കല്ലടയിലും ഇടമലയാറിലും ഉണ്ടായ ചോർച്ച ദുരന്തം, ശ്രീ. എം. വി. രാഘവൻ ഭരണഘടനയെക്കുറിച്ച് പറഞ്ഞ പ്രസംഗ ദുരന്തം. അങ്ങനെ ദുരന്തങ്ങളുടെ ഒരു പരമ്പര. ഇതിൽ അവസാനം പറഞ്ഞ ദുരന്തം ഒഴിച്ച് പ്രകൃതി ക്ഷോഭം മൂലവും, ബസ്സപകടങ്ങൾ മൂലവും വിഷവാതകചോർച്ച മൂലവും ഉണ്ടായ എല്ലാ ദുരന്തങ്ങളേയും അതിജീവിക്കാനും സഹായമെത്തിക്കാനും ഐക്യജനാധിപത്യ മുന്നണിക്ക് സാധിക്കും. പക്ഷേ ക്ഷമിക്കണം, എം. വി. രാഘവന്റെ ഭരണഘടനാ പ്രശ്നത്തെക്കുറിച്ചുള്ള പ്രസംഗദുരന്തത്തിൽനിന്ന് കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ ഐക്യജനാധിപത്യ മുന്നണിക്കല്ല, സാക്ഷാൽ ദൈവം തമ്പുരാൻ വിചാരിച്ചാൽപോലും സാധിക്കുമോ എന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ട്.

ഇവിടെ ശ്രീ. തോപ്പിൽ രവി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. കഴിഞ്ഞപ്രാവശ്യം അവിശ്വാസപ്രമേയം അവതരിപ്പിച്ച ശ്രീ. ബേബിജോൺ പറഞ്ഞു, ഞങ്ങൾ ഈ പ്രമേയം അവതരിപ്പിക്കുന്നത് ഈ ഗവൺമെന്റിനെ താഴെയിറക്കാനല്ല, നേരെമറിച്ച് ഈ ഗവൺമെന്റിനെ എക്സ്പോസ് ചെയ്യാനാണെന്ന്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. Man proposes, God disposes ഇപ്പോൾ അല്പം മാറിയിരിക്കുന്നു. Baby John exposes Shri Karunakaran disposes എന്ന നിലയിലേക്ക്.

ഇവിടെ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നാണ് പറയുന്നത്. ഇവിടെ വെള്ളപ്പൊക്കമുണ്ടായി. വെള്ളപ്പൊക്കകെടുതികളിൽ ഈ രാജ്യത്തെ ജനങ്ങൾ അവശത അനുഭവിക്കുമ്പോൾ, ഈ സപ്ലിമെന്ററി ഡിമാന്റിൽ 81 കോടി രൂപയിലധികം വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുണ്ട്. വെള്ളപ്പൊക്കമുണ്ടായത് നമ്മുടെ ആരുടെയെങ്കിലും കുറ്റം കൊണ്ടല്ല. മഴ പെയ്താൽ കുറ്റം കരുണാകരന്, മഴ പെയ്തില്ലെങ്കിൽ കുറ്റം കരുണാകരന്. ഇങ്ങനെ പ്രതിപക്ഷം കുറ്റം പറഞ്ഞാലും അല്പം

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിലും ശാസ്ത്രീയബോധമുള്ള കേരളത്തിന്റെ ജനങ്ങൾക്ക് അറിയാം കരുണാകരൻ കേരളം ഭരിക്കുന്നതുകൊണ്ടല്ലേ ഇവിടെ വെള്ളപ്പൊക്കമുണ്ടായത്, വരൾച്ച ഉണ്ടായതെന്ന്. ഇവിടെ വെള്ളപ്പൊക്കമുണ്ടായി. വെള്ളപ്പൊക്കത്തിന്റെ കെടുതിയിൽ കേരളത്തിലെ ജനങ്ങൾ ശ്വാസം മുട്ടിയപ്പോൾ സഭാനടപടികൾ നിറുത്തിവെച്ചുകൊണ്ട്, നിയമസഭാ സാമാജികൻമാർ ഉൾപ്പെടെയുള്ള ആളുകൾക്ക് തങ്ങളുടെ നിയോജക മണ്ഡലങ്ങളിലുള്ള അവരുടെ പ്രദേശങ്ങളിലും പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ, ഗവൺമെന്റിന്റെ ശ്രദ്ധ അങ്ങോട്ട് തിരിച്ചുവിടാൻ സാധിച്ചു. ഈ രാജ്യത്തിന് ഇതിന് എത്ര കോടി രൂപയാണ് കിട്ടിയത്? 135 കോടി രൂപ കേന്ദ്രത്തിൽനിന്ന് കിട്ടി. എന്നിട്ട് ഇവിടെ എന്താണ് പറയുന്നത്? കേന്ദ്രസംസ്ഥാന ബന്ധങ്ങളെക്കുറിച്ചാണ് പ്രതിപക്ഷത്തിന് ആവലാതിപ്പെടാനുള്ളത്. എന്തെങ്കിലുമൊക്കെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ദുരിതാശ്വാസ പ്രവർത്തനത്തിന് 135 കോടി രൂപ കിട്ടിയ ചരിത്രം ഉണ്ടായിട്ടുണ്ടോ? കേന്ദ്രം കേരളത്തെ അവഗണിക്കുന്നു എന്ന പരാതിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ ഇവിടെ ഉയർത്തുന്നതെങ്കിൽ വസ്തുതകൾ വച്ച് പരിശോധിക്കുമ്പോൾ നമുക്കറിയാം കോടിക്കണക്കിനു ജനങ്ങൾ വെള്ളപ്പൊക്ക കെടുതികൾ മൂലം ദുരിതമനുഭവിക്കുമ്പോൾ, അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 135 കോടി രൂപ കേന്ദ്രം സംസ്ഥാന ഗവൺമെന്റിനു നൽകി. പിന്നെ എവിടെയാണ് കേന്ദ്ര ഗവൺമെന്റ് അവഗണിക്കുന്നുവെന്ന് പറയുന്നത്? ഈ ഗവൺമെന്റിന്റെ മുഴുവൻ മെഷീനറിയും മന്ത്രിമാരും നിയമസഭാസാമാജികൻമാരും ഗവൺമെന്റിന്റെ മെഷീനറിയും പരിപൂർണ്ണമായി വെള്ളപ്പൊക്കബാധിച്ച പ്രദേശങ്ങളിൽ കടന്നുചെന്ന് അവിടെയുള്ള ജനങ്ങളുടെ കണ്ണുനീർ ഒപ്പുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോയി. എവിടെയാണ് പാളിച്ച ഉണ്ടായിരിക്കുന്നത്. കുറ്റങ്ങൾ പറയുന്നവർ ആലോചിക്കണം. ഇവിടെ പ്രതിപക്ഷ കക്ഷികളുടെ സ്ഥിതി എന്താണെന്ന് നമുക്കറിയാം. വെളിച്ചപ്പാടിന്റെ സ്ഥിതിയാണ്. പുസ്തകങ്ങളിൽ നിന്ന് വെളിച്ചപ്പാടിനെപ്പറ്റി നാം മനസ്സിലാക്കിയിട്ടുണ്ട്. പണ്ടുകാലത്ത് വെളിച്ചപ്പാടിന് മാന്യതയുണ്ടായിരുന്നു. ഇന്ന് മാന്യതയില്ല. പണ്ടുകാലത്ത് മസൂരി ഉണ്ടാകുമ്പോൾ, കോളറ ഉണ്ടാകുമ്പോൾ വൈദ്യശാസ്ത്രം പുരോഗമിക്കാത്ത കാലഘട്ടത്തിൽ വെളിച്ചപ്പാടിനെ വിളിച്ചുവരുത്തി, വെളിച്ചപ്പാട് ചുവന്ന ഒരു തുണി അരയിൽകെട്ടി, കൈയിലിരിക്കുന്ന നീണ്ട അരിവാൾ ഉയർത്തിപിടിച്ച് അറഞ്ഞു തുള്ളി മസൂരിബാധിത പ്രദേശത്തുകൂടിയും മറ്റും കടന്നുപോകുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എം. ടി. വാസുദേവൻ നായരുടെ 'നിർമ്മാല്യം' എന്ന സിനിമയിൽകൂടി നമുക്ക് വെളിച്ചപ്പാടിനെ കാണാൻ സാധിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് ആധുനിക വൈദ്യശാസ്ത്രം പുരോഗമിച്ചു. ഇന്ന് കോളറ ഉണ്ടാകുമ്പോൾ മസൂരി ഉണ്ടാകുമ്പോൾ വെളിച്ചപ്പാടിനെ വിളിക്കേണ്ട ഗതികേട് കേരളത്തിലെ ജനങ്ങൾക്കില്ല. ഇന്ന് വെളിച്ചപ്പാട് മറ്റൊരു രൂപത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ, വരൾച്ച ഉണ്ടാകുമ്പോൾ അടിമാലിയിൽ ബസ്സപകടമുണ്ടാകുമ്പോൾ വാതക ചോർച്ച ഉണ്ടാകുമ്പോൾ ഈ കാലഘട്ടത്തിലെ ആധുനിക വെളിച്ചപ്പാടുകളായ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും പ്രതിപക്ഷ കക്ഷികളും അവരുടെ കൊടിയായ ചുവന്ന അരപ്പട്ടയും തലയിൽ കെട്ടി, കൈയിൽ അത്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം വരാത്ത, അവരുടെ കൊടിയിൽ വെച്ചിരിക്കുന്ന അരിവാളും ഉയർത്തിപ്പിടിച്ച് അറഞ്ഞുതുള്ളി നടക്കുന്നു.

ഇതാ ബന്ത് വരുന്നു; എന്തിനാണ് ബന്ത് ?

" ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിനു കേ്ഷണം " എന്നു പറഞ്ഞതുപോലെ മാർക്സിസ്റ്റു പാർട്ടിക്കും പ്രതിപക്ഷ കക്ഷികൾക്കും ഈ സംസ്ഥാനത്ത് സമാധാനമില്ല. ഈ സംസ്ഥാനത്തിന്റെ സമാധാന തകർച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട ഇസ്മയിൽ സൂചിപ്പിക്കുന്നതു കേട്ടു. കഴിഞ്ഞകാല സംഭവങ്ങളെ അയവിറക്കികൊണ്ടു നടത്തിയ പ്രഭാഷണമാണെന്നാണ് എനിക്കു പറയാനുള്ളത്. ക്രമസമാധാനം തകർന്നില്ലെങ്കിൽ ഇവർക്ക് ബുദ്ധിമുട്ടാണ്. എന്തെങ്കിലും കുഴപ്പമുണ്ടാക്കി, ആ കുഴപ്പത്തിൽകൂടി ഇവിടത്തെ ജനങ്ങളെ ബുദ്ധിമുട്ട് അനുഭവിപ്പിക്കുന്ന ഒരു സമീപനവുമായിട്ടാണ് ഇന്ന് നിങ്ങൾ മുന്നോട്ട് പോകുന്നത്.

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ വരവിനെപ്പറ്റി ശ്രീ. ഷൺമുഖദാസ് സൂചിപ്പിച്ചു. പ്രധാനമന്ത്രി എന്തിനാണ് കേരളത്തിൽ വന്നത് ? പ്രിയങ്കരനായ പ്രധാനമന്ത്രി അദ്ദേഹത്തിന്റെ പര്യടനപരിപാടിയിൽ അവശത അനുഭവിക്കുന്ന ജനങ്ങളെ തിങ്ങി പാർക്കുന്ന, വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികളെ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം പേരൂർക്കടയിലെ ഹരിജൻ കോളനിയിൽ, അട്ടപ്പാടിയിൽ ആദിവാസി കോളനികളിൽ, കുട്ടനാട്ടിലെ കായൽ പ്രദേശത്തെ കർഷകത്തൊഴിലാളികളുടെ കുടിലുകളിൽകൂടി കടന്നുപോയി. അങ്ങനെ കടന്നുപോയപ്പോൾ അവിടെ എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാണിച്ചു. അതു കുറ്റമാണോ ? കുറ്റമാണെന്നു പറയാനുള്ള മനഃസാക്ഷി പ്രതിപക്ഷ നേതാക്കൻമാർക്കുണ്ടോ ? കുറ്റങ്ങൾ ചൂണ്ടിക്കാണിച്ചാൽ അത് തെറ്റാണെന്നു പറയാനുള്ള, അത് കുറ്റകരമാണെന്നു പറയാനുള്ള രാഷ്ട്രീയ നിലപാടു ശ്രീ. ഷൺമുഖദാസ് കൈമുതലാക്കിയിരിക്കുകയാണ്, ഇങ്ങേവശത്തിരിക്കുന്ന മന്ത്രിമാരും, അങ്ങേവശത്തിരുന്നവർ മന്ത്രിയായിരുന്നപ്പോഴും കടന്നു ചെല്ലാൻ മടിച്ചിട്ടുള്ള കൂരകളിൽ ഇൻഡ്യയിലെ പ്രധാനമന്ത്രി കടന്നുചെന്നു. അങ്ങനെ കടന്നുചെന്ന്, അവരുടെ പ്രശ്നങ്ങൾ കണ്ടുമനസിലാക്കി, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ചെയ്യേണ്ട സ്ഥലത്ത്, ആശ്വാസം എത്തിക്കേണ്ട സ്ഥലത്ത് അത് എത്തിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഇൻഡ്യൻ പ്രധാനമന്ത്രി സമ്മതിച്ചത് കുറ്റമാണെന്നാണോ പറയുന്നത്.

ഇവിടെ ബഹുമാനപ്പെട്ട ഷൺമുഖദാസ് റാന്നിയെന്നോ മറ്റോ സൂചിപ്പിക്കുന്നതു കേട്ടു. ഇൻഡ്യയിൽ ഇന്ന് പല സംസ്ഥാനങ്ങളിലും തിരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണ്. അതിന്റെ ഫലപ്രഖ്യാപനത്തെക്കുറിച്ച് ഒന്നും ഞാൻ സൂചിപ്പിക്കുന്നില്ല. ദേശീയബോധവും ദേശീയൈക്യവും വിളംബരം ചെയ്യുന്നു എന്നു പായുന്ന പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുപോലും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ അന്ധമായ കോൺഗ്രസ് വിരോധത്തിന്റെയും നൈമിഷികമായ രാഷ്ട്രീയ വിരോധത്തിന്റെയും അടിസ്ഥാനത്തിൽ കൈകൊണ്ട സമീപനരീതി നമ്മുടെ രാജ്യത്തെ എങ്ങോട്ടുനയിക്കുന്നു എന്നുള്ളതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ദൃഷ്ടാന്തമാണ്. സമയക്കുറവുകൊണ്ട് ഞാൻ ആ കാര്യങ്ങൾ അപ്പാടെ വിടുന്നു.

കേരളത്തിൽ ഈ അടുത്ത കാലത്ത് തിരഞ്ഞെടുപ്പു നടന്നു. അസംബ്ലി തിരഞ്ഞെടുപ്പല്ല; കേരളത്തിലെ ചിന്തിക്കുന്ന വിദ്യാർത്ഥി വർഗത്തിന്റെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പു നടന്നു. ഞങ്ങൾ അഭിമാനബോധത്തോടുകൂടി പറയുന്നു ഇന്നലെവരെ കലാലയങ്ങളിൽ കൊടികുത്തിയുരുന്നത് എസ്. എഫ്. ഐ. വിദ്യാർത്ഥി പ്രസ്ഥാനമായിരുന്നുവെങ്കിൽ അവർ നടത്തിയ എല്ലാ കൂട്ടുകെട്ടുകളെയും തള്ളിപറഞ്ഞുകൊണ്ട് വീണ്ടും കേരള വിദ്യാർത്ഥി യൂണിയൻ (കെ.എസ്.യു) ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ വിദ്യാർത്ഥി യൂണിയൻ ജയിച്ചിരിക്കുന്നു. .....ബഹളം..... ഞാൻ നുണയല്ല പറയുന്നത് കലാലയങ്ങളിൽ പോകാത്ത ആളുകൾക്ക് ഇതിനെക്കുറിച്ച് അറിയില്ല. കലാലയങ്ങളിൽ പോയിട്ടുള്ള ആളുകൾക്ക് ഇതിനെക്കുറിച്ച് അറിയാം. അവിടെ കെ. എസ്. യു. വിജയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ഷൺമുഖദാസിനോടും അപ്പുറത്തിരിക്കുന്ന ആളുകളോടും എനിക്കു സൂചിപ്പിക്കാനുള്ളത് ഈ കാലഘട്ടത്തിന്റെ ചുവരെഴുത്ത് കാണാൻ നിങ്ങൾ തയ്യാറാകണം. ഇന്ന് ഇങ്ങോട്ടുനോക്കി നിങ്ങൾ വിലപിക്കുമ്പോൾ ഞാൻ ഒരു കാര്യം പറയാം. ഞങ്ങൾ ഒത്തു പിടിച്ചാൽ അപ്പുറത്തുള്ള പലആളുകളും ഇങ്ങോട്ടുപോകും. ഞങ്ങൾ അത് ആഗ്രഹിക്കുന്നില്ല. സ്വന്തം അണികൾ ചോർന്നു പോകാതിരിക്കാൻ ബഹുമാനപ്പെട്ട നായനാർ ശ്രദ്ധിക്കണം. ഈ മുന്നണിയെ തകർക്കാൻ മുന്നോട്ടുവരുന്ന അല്ലയോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാരെ പാറമേൽ കഴുത്തടിച്ച് നിങ്ങളുടെ പല്ലു കളയരുതേ എന്നു വിനയപുരസ്സരം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥന ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഏതിർക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കാൻ ആലോചിക്കുമ്പോൾ ഈ ഗവൺമെന്റിന്റെ മൂന്നുമൂന്നേകാൽ വർഷത്തെ കൊള്ളരുതായ്മകളും ജനദ്രോഹവുമാണ് എന്റെ മുമ്പിൽവരുന്നത്. ഭരണപക്ഷത്തെ കോൺഗ്രസ് (ഐ) യിൽനിന്നും മാറും പ്രസംഗിച്ചവർ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെപ്പറ്റി വല്ലതും പറയുമെന്ന് ഞാൻ വിചാരിച്ചു. ഒരാളും പറഞ്ഞില്ല. ചൈനയിലെ പട്ടിണി, ബെന്നി ബഹനാൻ അവസാനം നടത്തിയ സാഹിത്യപ്രഭാഷണം, ഇതല്ലാതെ ഒന്നും കേട്ടില്ല. എന്നാലും കരുണാകരനോട് ചോദിച്ച് ഈ ഗവൺമെന്റിന്റെ എന്തെങ്കിലും നല്ല പത്തു വാചകങ്ങൾ പറയേണ്ടതായിരുന്നു. ഭരണകക്ഷിക്കാർ അത് പറയാത്തതിൽ മനോവിഷമമാണ് തോന്നുന്നത് കുട്ട്യാലിയുടെ വിഡ്ഢിത്തം രാഘവൻ പൊഴക്കടവിനെകൊണ്ട് പറയിക്കേണ്ട വല്ല ആവശ്യവും ഉണ്ടോ? ചൈനയിൽ 24 കോടി ജനങ്ങൾ പട്ടിണിയിലാണെന്നാണ് ഇവർ പറയുന്നത്. വിഡ്ഢികളെ! നിങ്ങളുടെ നേതാക്കൻമാർ അവിടെപോയിട്ട് വന്ന് എഴുതിയ പുസ്തകങ്ങളും പ്രചരിപ്പിച്ചിട്ടുള്ള ലഘുലേഖനങ്ങളും അതിന്റെതായിട്ടുള്ള പ്രസ്താവനകളും ധാരാളം ഉണ്ട്. അതെടുത്ത് വായിക്കാനെങ്കിലും സമയം കാണണം. രാവിലെ ഇവിടെ വന്ന് വായിൽ വന്നത് കോതക്ക് പാട്ടെന്നു പറയുന്നതുപോലെ എന്തെങ്കിലും പറഞ്ഞാൽ പോര. ഒരു വിദേശരാജ്യത്തെക്കുറിച്ച് പറയേണ്ട ആവശ്യം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്തെ ജനങ്ങളം വിലക്കയറ്റത്തിന്റെ കെടുതികൊണ്ട് പൊറുതിമുട്ടുകയാണ്, രാജീവ്ഗാന്ധി എന്നു പറയുന്ന യുത്ത് നേതാവ് ഈ രാജ്യത്ത് അധികാരത്തിൽ വന്നതിനുശേഷം കൊണ്ടു വന്ന ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും അതിന്റെ ഫലമായിട്ട് ജനങ്ങളം അനുഭവിക്കുന്ന ദുരിതവും ചില്ലറയല്ല. രാജീവ്ഗാന്ധിക്ക് രാഷ്ട്രീയത്തെപ്പറ്റിയൊന്നും വലിയ വിവരും പാരമ്പര്യവും ഒന്നുമില്ലെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. അത് എല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ ഏക പാരമ്പര്യം ശ്രീമതി ഇന്ദിരാഗാന്ധിയുടെ വയറ്റിൽ ജനിച്ചു എന്നുള്ളതാണ്. ശ്രീമതി ഇന്ദിരാഗാന്ധി വധിക്കപ്പെട്ടപ്പോളം തിരഞ്ഞെടുപ്പിൽ നിൽക്കാൻ കഴിഞ്ഞു. അതുകൊണ്ട് അഞ്ചിൽ നാല് ഭൂരിപക്ഷം കിട്ടി. അല്ലാതെ വലിയ പാരമ്പര്യമൊന്നും ഇല്ലെന്ന് എല്ലാവർക്കും അറിയാം. ആ രാജീവ് ഗാന്ധി അധികാരത്തിൽ വന്നതിനുശേഷം ഈ രാജ്യത്ത് ജവഹർലാൽ നെഹ്രുവും ശ്രീമതി ഇന്ദിരാഗാന്ധിയും കെട്ടിപ്പൊക്കിയിട്ടുള്ള കുത്തുക മുതാലളിത്ത സമ്പദ്ഘടനക്ക് കൂടുതൽ സൗജ്യനങ്ങളം കൊടുക്കുകയാണ്. ജനങ്ങളെ കൂടുതൽ കൊള്ളയടിക്കുകയാണ് രാജീവ് ഗാന്ധിയുടെ കേന്ദ്രഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് പോളിസിയെക്കുറിച്ചൊന്നും ഞാൻ പറയേണ്ട ആവശ്യമില്ല. കുത്തകക്കാരെ മുഴുവൻ കുത്തകകളാണെന്ന് പായുകയും അവർക്ക് നിയന്ത്രണം എർപ്പെടുത്തുകയും ചെയ്തത് ഇപ്പോം എടുത്തുകളയുകയാണ്. നാലുമാസംകൊണ്ട് 40 ശതമാനം വിലകൂടി. മനുഷ്യന് ജീവിക്കാൻ സാധിക്കുന്നില്ല. രാഘവ. പൊഴക്കടവിൽ പാഞ്ഞത് നമ്മുടെ രാജ്യത്ത് 24 കോടി ജനങ്ങം പട്ടിണിക്കാരാണെന്നാണ്. എന്നാൽ 38 കോടി ജനങ്ങളാണ് ദരിദ്രാരേഖക്ക് താഴെ. 39–ാം കൊല്ലം കോൺഗ്രസ് ഭരിക്കുന്നകാലത്ത് 38 കോടി ജനങ്ങം ദാരിദ്രരേഖക്ക് താഴെ ജീവിക്കുന്ന രാജ്യമാണ് ഇൻഡ്യ. ഈയിടെ പത്രത്തിൽ ഒരു സ്റ്റേറ്റുമെന്റ് വന്നു. എന്താണ് ആ സ്റ്റേറ്റുമെന്റ്? പ്രൈസ് റിസർച്ച് സെന്ററിന്റെ മനിലയിലുള്ള ഒരു ഡയറക്ടർ ജനറൽ പാഞ്ഞിട്ടുണ്ട് ലോകത്ത് 30 കോടി ടൺ ധാന്യങ്ങം കെട്ടികിടക്കുകയാണ്, പക്ഷേ 50 കോടി ജനങ്ങം പട്ടിണികിടക്കുകയാണെന്ന്. അതിൽ ഒന്നാംസ്ഥാനം നമ്മുടെ രാജ്യത്തിനാണ്. സ്വാതന്ത്ര്യംനേടി 38കൊല്ലമായപ്പോം 50കോടി ജനങ്ങം പട്ടിണികിടക്കുന്നതിൽ 38കോടി ജനങ്ങം നമ്മുടെ രാജ്യത്താണ്. ആ പട്ടിണിക്കാരെ രക്ഷിക്കാനല്ല ആ പട്ടിണിക്കാരെ കശാപ്പ് ചെയ്യാനും വിലക്കയറ്റം സൃഷ്ടിക്കുന്ന നികുതികളും സാമ്പത്തിക ബാദ്ധ്യതകളും ഉണ്ടാക്കുകയാണ് രാജീവ്ഗാന്ധിയുടെ ഗവൺമെന്റ് ചെയ്യുന്നത്. എന്നിട്ട് ഇപ്പോം ബെന്നിബഹനാൻ ചോദിക്കുന്നതുകേട്ടു രാജീവ് ഗാന്ധി വന്നില്ലേ, പുലയന്റെ കുടിലിൽ പോയില്ലേ എന്ന്. പുലയനെ ഹരിജനെന്നു മഹാത്മാഗാന്ധി വിളിച്ചിട്ട് നിങ്ങം ഇപ്പോം രക്ഷിക്കുകയല്ലേ? ഒറീസ്സയിൽ രാജീവ്ഗാന്ധി പോയ കഥ നമ്മം പത്രത്തിൽ വായിച്ചതാണ്. ഒറീസ്സയിൽ രാജീവ് ഗാന്ധി പോയി ആദിവാസികളുമായി ഭക്ഷണം കഴിച്ചു. ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോം അടുത്തിരുന്ന ആദിവാസികളോട് ചോദിച്ചു. ചിക്കൺ ഫ്രൈ തന്നെയാണോ കഴിക്കുന്നത് എന്ന്. അപ്പോം ആദിവാസി പറഞ്ഞു അതേ എന്ന്. എല്ലാദിവസവും ചിക്കൺ ഫ്രൈ തന്നെയാണോ കഴിക്കുന്നത്? അതേ എന്നു പറഞ്ഞു. ചിക്കൺ ഫ്രൈ അല്ലേ ആദിവാസികം കഴിക്കുന്നത്? ഇവിടെയും ചിക്കൺ ഫ്രൈതന്നെയാണല്ലോ ആദിവാസികം കഴിക്കുന്നത്. രാജീവ് ഗാന്ധി വന്നിട്ടും കഴിച്ചത് അതുതന്നെയാണല്ലോ; ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്തെ പത്തുനൂറിനിയിരുപത്തിയഞ്ച് കുത്തുക മുതലാളിമാർക്ക് ആയിരവും 150 കോടി രൂപയും സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം സമ്പത്ത് കുന്നുകൂടാൻ അനുവദിക്കുന്ന രാജീവ്ഗാന്ധിമാർ. എന്നിട്ട് പാവപ്പെട്ട ആദിവാസികളും പട്ടിണികിടക്കുമ്പോഴും അവരുടെ ഏതെങ്കിലും കൂരയിൽ പോയി ദയ പറഞ്ഞ് ആളുകളെ അധികം പാറിക്കാൻ കഴിയുകയില്ല. രാജീവ്ഗാന്ധി ഇൻഡ്യക്കാരെ മുഴുവൻ പാറിക്കാൻ നടക്കുകയാണ്. മുഖ്യമന്ത്രി ആ രാജീവ്ഗാന്ധിയേയും പാറിച്ചു എന്നുപറഞ്ഞാൽ പിന്നെ എന്താണ് പറയാനുള്ളത്? ഇന്ത്യയിലെ 73 കോടി ജനങ്ങളെ പാറിക്കാനാണ് രാജീവ്ഗാന്ധി നടക്കുന്നത്. ആ രാജീവ്ഗാന്ധി വിഴിഞ്ഞത്തുപോയപ്പോഴും മുഖ്യമന്ത്രി പാറിച്ചു. അതിനെക്കുറിച്ചൊന്നും ഞാൻ അധികം പറയുന്നില്ല. ഇമ്മാതിരി ജനവഞ്ചനയൊന്നും ഈ രാജ്യത്ത് അധികകാലം നടക്കാൻ പോകുന്നില്ല. ബെന്നിബഹനാൻ പറഞ്ഞതുകൊണ്ട് ഞാൻ ഇത് പറഞ്ഞതാണ്, ഈ രാജ്യത്ത് വിലക്കയറ്റവും ദുരിതവും കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങളെ അടിച്ചമർത്തുമെന്ന പ്രഖ്യാപനമാണ് 40 വയസ്സുകാരൻ, യുവജന നേതാവ്, ഇന്ത്യയുടെ പ്രധാനമന്ത്രി അടിയന്തരാവസ്ഥയെപ്പറ്റി ഓർമിപ്പിച്ചത്. അതല്ലാത വേറൊന്നുമില്ല. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ അന്ന് ചെയ്തത് ഇന്ത്യയിലെ മുസ്ലീങ്ങളേയും ഹിന്ദുക്കളേയും തമ്മിലടിപ്പിക്കുകയാണ്. അതു പോലെ ഇന്ത്യയിലെ ഹിന്ദുക്കളേയും സിക്കുകാരേയും തമ്മിലടിപ്പിക്കുകയാണ് ഇന്ന് ചെയ്തത്. അത് ഇന്ന് ബ്രിട്ടീഷുകാരൻ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിനു എതിരായി ചെയ്തു. ഇന്നോ? ഇന്ന് ബ്രിട്ടീഷുകാരൻ അന്ന് ചെയ്ത തന്ത്രമാണ് കോൺഗ്രസ് ഉപയോഗിക്കുന്നത്. അതായത് മനുഷ്യനെ തമ്മിലടിപ്പിക്കുന്ന തന്ത്രം. ദേശീയത്വത്തിനെറയും മതേതരത്വത്തിനെറയും പതാകയാണ് മഹാത്മാഗാന്ധി ഓർത്തതെങ്കിൽ അത് വലിച്ചൊറിഞ്ഞിരിക്കുന്നു കോൺഗ്രസുകാർ നിങ്ങളും. അന്നും വർഗ്ഗീയതയുടെ പതാകയാണ് നിങ്ങൾ ഉയർത്തിപിടിച്ചിട്ടുള്ളത്. അതിനെ ചെറുക്കാൻ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ്പാർട്ടിയെപോലുള്ള ഒരു മതേതര രാഷ്ട്രീയപാർട്ടിക്ക്, ഇടതുപക്ഷപ്രസ്ഥാനത്തിന് തീർച്ചയായും പങ്കുവഹിക്കേണ്ടതുണ്ട്. അതുപോലെതന്നെയാണ് മതവർഗ്ഗീയവാദികളെയും മറ്റും മാർക്സിസ്റ്റ്കമ്മ്യൂണിസ്റ്റ്പാർട്ടി എതിർക്കുന്നതെന്ന് കുഞ്ഞാലിക്കുട്ടിയെപോലുള്ള മതേതരപാർട്ടികളും എന്നുപറയുന്ന വിവരംകെട്ടവർ മനസ്സിലാക്കുകയും ചെയ്യണം. യൂണിയൻലീഗാണല്ലോ ഈ രാജ്യത്തെ ഏറ്റവുംവലിയ രാഷ്ട്രീയപാർട്ടി. ഇത് ലോകത്തെ ലോകാതിശയങ്ങളിൽ ഒന്നല്ലാതെ എന്ത് പറയാനാണ്?

പഞ്ചാബിൽ നിങ്ങൾ എന്തു ചെയ്തു? പഞ്ചാബ് പ്രശ്നം ഒത്തുതീർപ്പിലെത്തി എന്നാണ് പറയുന്നത്. പഞ്ചാബ് പ്രശ്നം ഒത്തുതീർപ്പിൽ എത്തിക്കാൽ 1982-ൽ മാർക്സിസ്റ്റ്കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞില്ലേ? 1983-ൽ ലോംഗോവാളും അകാലിദളും ഉംപ്പെടെ പറഞ്ഞില്ലേ? ചണ്ഡിഗർ പഞ്ചാബിനു വിട്ടുകൊടുക്കാനല്ലേ ഞങ്ങൾ അന്ന്പറഞ്ഞത്. മറ്റ് പ്രശ്നങ്ങൾ ട്രൈബ്യൂണലിൽ വയ്ക്കാനല്ലേ ഞങ്ങൾ അന്ന് പറഞ്ഞത്. ഇപ്പോൾ നിങ്ങൾ ഒത്തുതീർപ്പുണ്ടാക്കി. ഒത്തുതീർപ്പുണ്ടാക്കിയത് അന്ന് ഞങ്ങൾ പറഞ്ഞതല്ലേ? അന്ന് ഒത്തുതീർപ്പ് ഉണ്ടാക്കിയിരുന്നുവെങ്കിൽ സുവർണ്ണക്ഷേത്രത്തിൽ രണ്ടായിരത്തോളം സിക്കുകാരെ കശാപ്പ് ചെയ്യണമായിരുന്നോ? അന്ന് ഒത്തുതീർപ്പുണ്ടാക്കിയിരുന്നുവെങ്കിൽ നമ്മുടെ രാഷ്ട്രത്തിനെറ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ശ്രീമതി ഗാന്ധി വധിക്കപ്പെടുമായിരുന്നോ? അന്ന് ഒത്തുതീർപ്പുണ്ടാക്കിയിരുന്നെങ്കിൽ ഇന്ദിരാഗാന്ധിയുടെ വധത്തെതുടർന്ന് എണ്ണായിരത്തിൽപ്പരം സിക്കുകാരെ ഡൽഹി നഗരത്തിൽ കശാപ്പ് ചെയ്യണമായിരുന്നോ? ഇപ്പോഴും ഒത്തുതീർപ്പുണ്ടാക്കി. ഒത്തുതീർപ്പുണ്ടാക്കിയിട്ട് രാജീവ്ഗാന്ധി തന്റെ വെടികൊണ്ടാൽ ഏൽക്കാത്ത കുപ്പായം അഴിച്ച് ലോംഗോവാളിന് കൊടുത്തു. അതുകൊണ്ടുപോയിട്ട് ഒരു ആഴ്ചകഴിഞ്ഞ് അദ്ദേഹത്തേയും വെടിവെച്ചുകൊന്നു. സെക്യൂരിറ്റി ഗാർഡിനെ കണ്ടില്ല വെടിവെച്ചുകൊല്ലാൻ എന്നാണ് പറഞ്ഞത്. കൊല നടന്നുകൊണ്ടിരിക്കുന്നു. എന്നിട്ട് ഈ എഗ്രിമെന്റിന്റെ ഉള്ളുകള്ളി പുറത്തുവന്നില്ലേ? കോൺഗ്രസ്സിന്റെ മതേതരത്തിന്റെ ഉള്ളുകള്ളി പുറത്തുവന്നില്ലേ? ആരുമായിട്ട്, ഏതുവർഗ്ഗീയതയുമായിട്ടാണ് നിങ്ങൾ ഇളക്കി വിട്ടത്. ആ വർഗ്ഗീയതയുടെ ഉള്ളുകള്ളി പുറത്തുവന്നില്ലേ? രാജീവ്ഗാന്ധിയുടെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എല്ലാ പത്രങ്ങളിലും വന്നില്ലേ? എന്താണ് ഒത്തുതീർപ്പ്? പഞ്ചാബ് സിക്കുകാർ ഭരിച്ചുകൊള്ളട്ടെ, അതാണ് ഒത്തുതീർപ്പ്. പഞ്ചാബ് അകാലിദൾ ഭരിച്ചുകൊള്ളട്ടെ പാർലമെന്റിൽ ഞങ്ങളെ സഹായിച്ചാൽ മതി. അതാണ് ആ എഗ്രിമെന്റിന്റെ അടിയിൽ കിടക്കുന്നത്. അതായത് ഫ്രൂട്ടപ്പെടാത്ത എഗ്രിമെന്റ്. അതിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികളെ നിർത്തിയത്. ഇന്ത്യയിലെ എല്ലാ പത്രങ്ങളും ഇത് എഴുതികഴിഞ്ഞില്ലേ? അതല്ലേ കോൺഗ്രസ്സിന്റെ രാഷ്ട്രീയം? പഞ്ചാബ് അകാലിദൾ ഭരിക്കട്ടെ, എന്ന് പറഞ്ഞിട്ട് ഇപ്പോൾ 4/5 ഭൂരിപക്ഷം കിട്ടി വലിയ പാർട്ടി എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. എന്തുകൊണ്ട് ഭൂരിപക്ഷം കിട്ടിയതെന്ന് രാജീവ്ഗാന്ധിക്ക് അറിയാം. സഹതാപം കൊണ്ടാണ് കിട്ടിയത്. കോൺഗ്രസ് എന്നുപറയുന്ന വൃക്ഷത്തിന്റെ വേരുകൾ മുഴുവൻ നശിച്ചിരിക്കുകയാണ്. ഒരു ചെറിയ കാറ്റ് വന്നാൽ ഒടിഞ്ഞുവീഴുമെന്ന നിലയിലാണ്. പഞ്ചാബ് ഭരിച്ചുകൊള്ളാൻ അകാലിദളിനോട് പറഞ്ഞു. ആന്ധ്രായിൽ എൻ. ടി. ആർ. നെ പിരിച്ചുവിട്ടു, ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തികൊണ്ട് അദ്ദേഹം തിരിച്ചുവന്നു. ഇപ്പോൾ എൻ. ടി.ആർ. നോട് പറയുന്നു നിങ്ങൾ ആന്ധ്രാ ഭരിച്ചുകൊള്ളൂ ഞാൻ കേന്ദ്രം നോക്കിക്കൊള്ളാമെന്ന്. ഫറൂക്ക് അബ്ദുള്ളയെ പിരിച്ചുവിട്ടു. ഇപ്പോൾ ഫറൂക്ക് അബ്ദുള്ളയോടു പറയുന്നത് എന്താണ്? ഷായെ മാറ്റി തരാം, നിങ്ങൾ കാശ്മീർ ഭരിച്ചോ, കേന്ദ്രം ഞാൻ നോക്കിക്കൊള്ളാം എന്നാണ്. എം. ജി. ആർ. നോട് പറഞ്ഞു നിങ്ങൾ തമിഴ്നാട് ഭരിച്ചോ കേന്ദ്രം എനിക്കുമതി എന്ന്. അതല്ലേ പറഞ്ഞു നടക്കുന്നത്. എന്നിട്ട് പ്രാദേശികപാർട്ടികളെപ്പറ്റി പ്രസംഗിക്കുന്നു.

ശ്രീ. എ. സി. ജോസ്: കാശ്മീരും തമിഴ്നാടും ഓരോരുത്തർക്കും കൊടുത്തതുപോലെ ഇവിടം എം. വി. രാഘവന് വിട്ടുതന്നാൽ പോരെ?

ശ്രീ. എം. വി. രാഘവൻ: ഇവിടം എം. വി. രാഘവനും വേണ്ട കമ്മ്യൂണിസ്റ്റ് പാർട്ടിക്കും വേണ്ട. പിന്നേയും ഞങ്ങളുടെ ഒത്താശയോടുകൂടി എം. എൽ. എ. ആയിട്ട് വന്നത് ശ്രീ. എ. സി. ജോസാണ്. ഞങ്ങളാരും നിങ്ങളുടെ ഒത്താശയോടുകൂടി വന്നിട്ടില്ല. ശ്രീ. എ. സി. ജോസ് അസംബ്ലിയുടെ പടി കണ്ടത് ഞങ്ങൾ വോട്ട് ചെയ്തിട്ടാണ്, പൊറുതെ എന്നെക്കൊണ്ട് ഒന്നും പറയിക്കേണ്ട. ഈയിടെ 'മലയാള മനോരമ'യിൽ ഒരു കാർട്ടൂൺ കണ്ടു. 'എന്താണ് പ്രശ്നം,

LIBRARY ARCHIVES Kerala Legislative Assembly

എൻ. ഡി. പി. പ്രശ്നം. എന്താണ് പ്രശ്നം? എസ്. ആർ. പി. പ്രശ്നം. എന്താണ് പ്രശ്നം? കോൺഗ്രസ്സിൽ (എ) യും (ഐ) യും തമ്മിലുള്ള പ്രശ്നം. എന്താണ് പ്രശ്നം? കേരളാ കോൺഗ്രസ്സിന്റെ പ്രശ്നം. നിങ്ങൾ തമ്മിലുള്ള അടി ഇതുവരെയായിട്ടും തീർന്നോ യെന്ന് ഞാൻ ശ്രീ. ജോസിനോട് ചോദിക്കുകയാണ്. നിങ്ങൾ 38 പ്രാവശ്യം കാസ്റ്റിംഗ് വോട്ട് ചെയ്തിട്ടും നിങ്ങളെ എവിടെ യെങ്കിലും കയറിയിരുത്തിയോ? പിന്നെ എന്തിനാണ് എന്നോട് പരാതിപറയുന്നത്. അതിന്റെ വല്ല ആവശ്യവും ഉണ്ടോ? അതു കൊണ്ട് എന്നോട് പരാതി പറഞ്ഞിട്ട് കാര്യമില്ല. 'കരുണാകരൻ സിന്ദാബാദ്', 'വയലാർ രവി മൂർദ്ദാബാദ്' എന്ന് പറഞ്ഞ് കായംകുളം പോലീസ് സ്റ്റേഷനിലെ എസ്. ഐ. യുടെ കഴുത്തിനുപിടിച്ചു. എം. എൽ. എ. കാർട്ടേഴ്സിൽ കുപ്പിയേറായിരുന്നു കോൺഗ്രസ് (എ) യും (ഐ) യും തമ്മിൽ. എന്നിട്ട് ഇവിടെവന്ന് പാർട്ടിയെപ്പറ്റി പറയുന്നു. നിങ്ങൾക്ക് ഒരു പാർട്ടി ഉണ്ടോ? നിങ്ങൾക്ക് ഒരു പാർട്ടി യായിട്ട് നിൽക്കാൻ കഴിയുമോ? അതുകൊണ്ട് അതേപ്പറ്റി ഒന്നും പറയേണ്ട കാര്യമില്ല. കേരളാ കോൺഗ്രസ് ഇവിടെ വലിയ പ്രശ്നം ഉണ്ടാക്കിയിരിക്കുകയാണ്. ബന്നി ഇവിടെ പറയുകയുണ്ടായി, മാർക്സിസ്റ്റ് പാർട്ടിയും പ്രതിപക്ഷങ്ങളും വായിൽ വെള്ളവും ഊറി നിൽക്കുകയാണ് എന്ന്. കമ്മ്യൂണിസ്റ്റ് പാർട്ടി 'ഇങ്ങു പോര്' എന്നു പറയേണ്ട 'പോ' എന്നു പറഞ്ഞാൽ ഇവിടെ വരാൻ അപ്പുറത്ത് ആളിരിക്കുന്നുണ്ട്. ഞങ്ങൾ പറയാത്തതുകൊണ്ടാണ്. അവിടെ ശ്രീ. മാണി ഇരിക്കുന്നുണ്ടല്ലോ? സീതി ഹാജി ഇരിക്കുന്നുണ്ട്.

ശ്രീ. പി. സീതി ഹാജി: ഇല്ല.

ശ്രീ. എം. വി. രാഘവൻ: ഇതെല്ലാം വെറും വാക്കല്ല, നമുക്ക് അതറിയില്ലേ.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോൾ നിഷേധിക്കുന്നു. പക്ഷേ ഞങ്ങൾ വരുന്നു എന്നു പറഞ്ഞാൽ നിങ്ങൾ മുത്തിക്കൊണ്ട് വരാൻ പറയും.

ശ്രീ. എം. വി. രാഘവൻ: ആരോ ഇവിടെ പറഞ്ഞു. നമ്മുടെ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ രാവിലെ എഴുന്നേറ്റപ്പോൾ എന്തോ പ്രേതബാധ കൂടിയിട്ടുണ്ടാകും. ശ്രീ. നമ്പൂതിരിപ്പാടിന്റെ എന്തോ ഒരു പ്രസ്താവന ഉണ്ടായിരുന്നു എന്ന്. ഞാൻ കേട്ടില്ല. രാവിലെ റേഡിയോ വച്ച് ശ്രീ. നമ്പൂതിരിപ്പാട് എന്തെങ്കിലും പറയുന്നുണ്ടോ എന്ന് കാതോർത്ത് ആണ് കരുണാകരനും കോൺഗ്രസും നടക്കുന്നത്. ഇപ്പോൾ ശ്രീ. നമ്പൂതിരിപ്പാട് രാവിലെ റേഡിയോവിലൂടെ എന്തോ പറഞ്ഞു, നിങ്ങളെ എല്ലാം ക്ഷണിച്ചു എന്ന്. എന്നിട്ട് അത് വാസ്തവമാണോ എന്ന് ഞങ്ങളോട് ചോദിക്കുകയാണ്. ശ്രീ. നമ്പൂതിരിപ്പാട് അങ്ങനെ പറയാൻ വഴിയില്ല. ഞങ്ങളുടെ പാർട്ടിയുടെ നയമതല്ല.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): പണ്ട് ആലുവാ പ്രമേയം ഉണ്ടായിരുന്നല്ലോ, കേരളാ കോൺഗ്രസ്സിന്റെ വിപ്ലവ പ്രമേയം. ഇനി അവർ പ്രമേയം പാസ്സാക്കുന്നുണ്ടോ എന്ന് അന്വേഷിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: നിങ്ങളും അവരെ വിലയ്ക്ക് എടുത്തിരിക്കുകയല്ലേ? എന്നിട്ട് എന്തിനാണ് ഇതെല്ലാം ഇവിടെ പറയുന്നത്. കമ്മ്യൂണിസ്റ്റുകാരുടെ പിന്നാലെ നടന്ന് ശ്രീ. കരുണാകരനും ശ്രീമതി ഇന്ദിരാഗാന്ധിയും സോഷ്യലിസ്റ്റ് രാഷ്ട്രമാക്കിപതിയാണ്, സോഷ്യലിസ്റ്റ് രാഷ്ട്രമാക്കി പത്യം നടക്കുന്നു എന്നൊക്കെ പ്രസംഗിച്ചു നടന്നിട്ട്, ഇപ്പോൾ എന്തിനാണ് ഈ കാര്യങ്ങളൊക്കെ പറയുന്നത്? അതൊക്കെ നമുക്ക് അറിയാവുന്ന കാര്യങ്ങളല്ലേ? ശ്രീ. സീതി ഹാജി ഇപ്പോൾ നിഷേധിക്കുന്നില്ലേ? നമ്പൂതിരിപ്പാടിനെ മൂന്നുവട്ടം മൊഴിചൊല്ലിയിട്ടില്ല, ശ്രീ. കരുണാകരൻ മനസ്സിലാക്കണം എന്ന് പ്രസംഗിച്ച നിങ്ങൾ അല്ലേ ഇത് പറയുന്നത്. അതുകൊണ്ട് അധികം ബഡായി ആരും പറയേണ്ട. ഞങ്ങളുടെ നയത്തെപ്പറ്റി ഞങ്ങൾ പറയുകയാണ്. അപ്പുറത്തുനിന്ന് അഴിമതി നടത്തിയിട്ട് അത് പൊളിയാൻ പോകുമ്പോൾ ഇപ്പുറത്തുവന്നു ചേരാം എന്ന് ശ്രീ. മാണിയും, യൂണിയൻ ലീഗും വിചാരിക്കേണ്ട. ആ കട്ടിൽ കണ്ട് പനിക്കേണ്ട. മാർക്സിസ്റ്റ് പാർട്ടി അതിനിനി ഇല്ല. അത് വളരെ വ്യക്തമായി ഉറപ്പിച്ച് പറയുകയാണ്. ഇവിടെനിന്നും ഇപ്പോൾ ആളുകൾ മലവെള്ളംപോലെ വന്നു കയറിക്കോട്ടെ. കയറുമ്പോൾ അതിന്റെകൂടെ കയറാൻ പല പരലും ഉണ്ടാകും, നിങ്ങൾ അത് എടുത്തോളൂ, പക്ഷേ ഞങ്ങൾക്ക് അതിന്റെ ഒന്നും ആവശ്യമില്ല. ഞങ്ങൾ നിങ്ങൾ ഈ രാജ്യത്ത് നടത്തുന്ന അഴിമതിയെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും ഈ രാജ്യത്തെ ജനങ്ങളോടാണ് പറയുന്നത്. നിങ്ങൾക്ക് വിലയ്ക്ക് എടുക്കാൻ കഴിയുമോ? പാവം, കമലം ഇപ്പോൾ ഏകാംഗ മന്ത്രിയാണ്. ആ പാർട്ടിയിൽ നിന്നും ആളുകളെ എടുക്കുന്ന ചരക്കുകൾ അല്ല നിങ്ങൾ, എന്നിട്ടുവേണ്ടേ മറ്റു പാർട്ടികളെപ്പറ്റി പറയുവാൻ. ശ്രീമതി കമലത്തിന്റെ ഭർത്താവ് സുകുമാരൻ കോൺഗ്രസ് (ഐ) യുടെ പാർലമെന്ററി ബോർഡിൽ നിന്നും ഇറങ്ങിവരുന്നത് കാണാം. ബഹുമാനപ്പെട്ട സ്പീക്കറോട് ഞങ്ങൾ ശ്രീ. ശങ്കരൻ നാടാരെപ്പറ്റി പറഞ്ഞിട്ട് അതിന് മറുപടി ഇതുവരെ പറഞ്ഞിട്ടില്ല. ലോക്കുകളിൽനിന്നും രാജിവച്ച് അപ്പുറത്തു കയറിയിരിക്കുകയാണ്. കൂറുമാറ്റവും കാലുമാറ്റവും നിങ്ങൾതന്നെ പരസ്പരം നടത്തുകയാണ്. അതേക്കുറിച്ച് ഒന്നും ഞാൻ ഇനി പറയുന്നില്ല.

ഞാൻ ശ്രീ. മാണിയോട് ചോദിക്കുകയാണ്, അന്ന് ശ്രീ. മാണിയോട് ഞാൻ പറഞ്ഞതാണ്, എഴുപതുലക്ഷം രൂപയുടെ സ്വത്തിന്റെ കാര്യമാണ്. അതേക്കുറിച്ച് അന്വേഷിക്കാൻ സി. ബി. ഐ. യിലെ അഡീഷണൽ ഡയറക്ടർ വന്നില്ലേ, വന്നില്ലെന്ന് പറയാൻ കഴിയുമോ? നിങ്ങളെ വന്നുകണ്ടില്ലേ? സെൻട്രൽ ഗവൺമെന്റ് സി. ബി. ഐ. യേയും, പോലീസിനേയും, സംസ്ഥാന ഗവൺമെന്റിലെ ഘടകകക്ഷികളെ ഭീക്ഷണിപ്പെടുത്താൻ ഉപയോഗിക്കുന്നത് ഈ രാജ്യത്തെ പാർലമെന്ററി വ്യവസ്ഥക്ക് നല്ലതാണോ? ഇതിന് മറുപടി ശ്രീ. മാണി പറയേണ്ടതാണ്. ശ്രീ. കരുണാകരൻ പറയേണ്ടതാണ്. എന്താണ് പറയാത്തത്? കോൺഗ്രസ് (ഐ) പ്രസിഡന്റാണ് ശ്രീ. രാജീവ് ഗാന്ധി. 'പഞ്ചാബ് എങ്കിൽ പഞ്ചാബ്' എന്നു പ്രസംഗിച്ച നിങ്ങൾ ഇപ്പോൾ ബാലകൃഷ്ണപ്പിള്ള പ്രശ്നം ശ്രീ. രാജീവ് ഗാന്ധി തീരുമാനിക്കട്ടെ എന്നാണ് പറയുന്നത്. കോൺഗ്രസ് (ഐ) യുടെ പ്രസിഡന്റ് തീരുമാനിക്കണമെന്നും പറഞ്ഞു. നിങ്ങളെ താങ്ങുന്ന 'മലയാള മനോരമ' പത്രം എഴുതി. 'പണ്ട് മൂപ്പനാർ വന്നപ്പോൾ 22 സീറ്റുകളും 20 ലക്ഷം രൂപയും

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തപ്പോൾ അലക്സാണ്ടറും അതിനേറെയുടെ വേറെ ഒരാളും ഉണ്ടായിരുന്നു. ആരാണ് അത്? ആ മറേറയാളാണ് ഇത്. ശ്രീ. മാണി ഉടനെപ്പെടെയുള്ളവർ സമ്പാദിച്ച എഴുപതു ലക്ഷം രൂപയുടെ സ്വത്തിനേറ റിക്കോർഡ് എനേറ കയ്യിലുണ്ട്, പിടിക്കും, നിനേറ കയ്ക്ക് വിലങ്ങുവയ്ക്കും എന്നാണ് ശ്രീ. നാരായണൻ പറഞ്ഞത്. അപ്പോഴാണ് ഒരു തീരുമാനമെടുത്തത്. വെളുപ്പിന് അഞ്ചുമണിക്കാണ് പത്ര സമ്മേളനം നടത്തിയത്. ഇവിടെ പട്ടാളഭരണം ഉണ്ടോ? ഇവിടെ മിലിട്ടറി അധികാരമുണ്ടോ? മിലിട്ടറി കൂപ്പ് നടത്തുന്നിടത്തല്ലേ രാവിലെ അഞ്ചുമണിക്ക് പത്രസമ്മേളനം നടത്തുന്നത്. ഇവിടെ മിലിട്ടറി കൂപ്പ് ഉണ്ടായോ? എന്നിട്ട് ഭീഷണിക്ക് കീഴടങ്ങി. പാർട്ടി എന്നു പറഞ്ഞ് നടക്കുകയാണ്. കോൺഗ്രസ് (ഐ) ക്കാരുടെ, ശ്രീ. രാജീവ് ഗാന്ധിയുടെ, മൂപ്പനാരുടെ, നിങ്ങളുടെ ശക്തിയാണ് എന്നാണ് നിങ്ങളുടെ വിചാരം. അതു ശരിയല്ല. ശ്രീ. നാരായണനേറ ശക്തിയാണ്. കേരളാ കോൺഗ്രസ്സിനേറ അഴിമതിയുടെ ശക്തിയാണ് കീഴടക്കിയത്. ഇപ്പോൾ ശ്രീ. ബാലകൃഷ്ണപ്പിള്ള ആരുടേയോ കാലുപിടിക്കാൻ പോയിരിക്കുകയാണ്. ഇവർ വിട്ടാൽ പിന്നെ ആരെങ്കിലും വേണ്ടേ, അതുകൊണ്ട് നടക്കുകയാണ്. 'കാട്ടുകള്ളാ, കരുണാകരാ' എന്നു വിളിച്ച കാട്ടുകള്ളൻമാരേ നിങ്ങളും ഒന്നിച്ച് ഭരിക്കുകയല്ലേ? കഴിഞ്ഞമാസം 24-ാം തീയതി തിരുവനന്തപുരത്ത് തന്നെ വിളിച്ചില്ലേ, 'കാട്ടുകള്ളാ, കരുണാകരാ' 'കരുണാകരാ കാട്ടുകള്ളാ', 'പഞ്ചാബ് എങ്കിൽ പഞ്ചാബ്', 'ആസാം എങ്കിൽ ആസാം' എന്ന് വിളിച്ചില്ലേ? ആ ഇരിക്കുന്ന ശ്രീ. കരുണാകരന് നാണമുണ്ടോ എന്നിട്ടും. അപ്പുറത്തിരിക്കുന്ന മാണിയുടെ പാർട്ടിക്കാർ പറഞ്ഞത് 'മാളയിൽ അമ്പലത്തിൽ പെണ്ണുകൊട്ടാൻ പോകുകയാണ്'. ആരെന്തുവിളിച്ചാലും നമുക്കെന്തോ എന്ന മട്ടിലാണ് അപ്പുറത്തിരിക്കുന്നത്. 'മീപസ്തംഭ മഹാശ്ചര്യം എനിക്കും കിട്ടണം പണം'.

കേരളത്തെ സംബന്ധിച്ചിടത്തോളം റോമാനഗരം കത്തിയെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുന്നു എന്നു പറഞ്ഞതു പോലെയാണ്. ഇവിടെ കേരളത്തിലെ ഒരു പ്രശ്നവും പരിഹരിക്കാത്ത ഗവൺമെൻറാണ്. കേരളത്തെ ഒരു കശാപ്പുശാലയാക്കിമാറ്റുന്ന ഗവൺമെൻറാണ് ഇത്.

ഇവിടെ കേന്ദ്ര ഗവൺമെൻറിനെപ്പറ്റി പറഞ്ഞു. കേന്ദ്ര ഗവൺമെൻറ് നമുക്ക് ഒരു കോച്ചു ഫാക്ടറി തരാം എന്നു പറഞ്ഞു. അത് ഇപ്പോൾ എവിടെപ്പോയി. തീരദേശ റയിൽവേയ്ക്കുവേണ്ടി എനേറ ഒപ്പു ശേഖരിക്കുന്നതിന് ശ്രീ. തച്ചടിയാണ് വന്നത്. എന്നിട്ട് അതിനേറ സ്ഥിതി എന്തായി? ഗുരുവായൂർ-കുറ്റിപ്പുറം റയിൽവേ എവിടെപ്പോയി? ശ്രീ. കരുണാകരൻ ആഴ്ചതോറും ഗുരുവായൂർക്ക് പോകുന്നതാണല്ലോ? പോയിപ്പോയി അവിടുത്തെ സ്വർണ്ണമാലകവും മുഴുവൻ മോഷണം പോകുകയും ചെയ്തു. എവിടെ പോയി അത്? കേരളത്തിന് കിട്ടേണ്ട തീരദേശ റയിൽവേയും തലശ്ശേരി-മൈസൂർ റയിൽവേയും കിട്ടിയോ? ഇൻവെസ്റ്റിഗേഷൻ പോലും ഉണ്ടായോ? കേന്ദ്രം കേരളത്തെ സഹായിക്കുന്നു എന്നാണ് പറയുന്നത്. കേന്ദ്രത്തിനേറ ഇറക്കുമതിനയത്തിനേറ ഫലമായി നാനൂറ് കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ കർഷകർക്ക്, നാല് രൂപാവീതം വിലകൂട്ടിയാൽ, ഇപ്പോൾ ലഭിക്കുന്നതിൽ ഒരു രൂപ വിലയാണ്—അപ്പോൾ മൂന്നു രൂപയാണ് ഒരു നാളികേരത്തിൽത്തന്നെ നഷ്ടം. അങ്ങനെ 1300 കോടി രൂപ ഒരു വർഷം കേരളത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുകയാണ്. ലോകത്തിൽ എല്ലാ സാധനങ്ങൾക്കും വില കയറുകയാണ്. നാളികേരത്തിന് വിലയില്ല. ശ്രീ. കരുണാകരൻ അതിന് എന്തുചെയ്തു? കൊപ്രാ സംഭരണം നടത്തി. സർവ്വീസ് സംഘങ്ങൾ എടുത്ത കൊപ്രായുണ്ട്. അവർ പറയുന്നത്, ഞങ്ങൾ എന്തുചെയ്യണം, ഞങ്ങളുടെ ഗോഡൗണുകളിൽ കിടന്ന് അത് നഷ്ടപ്പെട്ടാൽ ഞങ്ങൾക്ക് അതിന്റെ വില നൽകണമെന്നാണ് അവർ പറയുന്നത്. കൊപ്രാ എടുക്കാൻ ആളില്ലാതെ കിടക്കുകയാണ്. ഇവിടെ താങ്ങുവില നിശ്ചയിക്കുമെന്നു പറയുന്നു. ശ്രീ. കരുണാകരന് തെങ്ങിൻമേൽ കയറാൻ അറിയാമോ? എങ്കിൽ താങ്ങുവില വേണ്ട. നാളികേരം തെങ്ങിയാൽ മതി. അതല്ലാതെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഈ കേരളം ഒരു ചുടുകാടായി മാറിയിരിക്കുകയാണ്. ഈ രാജ്യത്ത് കേന്ദ്രത്തിന്റെ വ്യവസായങ്ങൾ ഒന്നും ഇല്ല. കേന്ദ്രം പദ്ധതി വിഹിതം തരുന്നില്ല. കേന്ദ്രം കേരളത്തിന് തരേണ്ട കോച്ചു ഫാക്ടറി തരുന്നില്ല. ഇവിടെ നേവൽ അക്കാദമിയുടെ ഉൽഘാടനം നടത്തും എന്ന് പറഞ്ഞിരുന്നു. ശ്രീ. രാജീവ്ഗാന്ധി ഇതിന് സമയം കണ്ടില്ല. ശ്രീമതി ഇന്ദിരാഗാന്ധി അതിന്റെ തറക്കല്ലിടുന്നതിന് തീർച്ചപ്പെടുത്തിയിരുന്നതാണ്. ശ്രീ. രാജീവ്ഗാന്ധിക്ക് അതിന് സമയം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ രാജ്യത്ത് പരമ്പരാഗത വ്യവസായം പൂർണ്ണമായും നാശത്തിലാണ്. അതുപോലെത്തന്നെ ഈ രാജ്യത്ത് തെങ്ങു കർഷകരും റബർ കർഷകനും നഷ്ടത്തിലാണ്. ഈ രാജ്യത്തെ പ്രശ്നത്തിന് പരിഹാരം കാണുന്നതിനെപ്പറ്റിയല്ല ഇവർ ചിന്തിക്കുന്നത്.

ബന്തിനെപ്പറ്റി ഇവിടെ പലരും പറഞ്ഞു. ഞാൻ അവരോട് പറയാൻ ആഗ്രഹിക്കുന്നത്, ഒക്ടോബർ ഏഴാം തീയതി നടത്തും എന്ന് പ്രഖ്യാപിച്ച ബന്ത് നടത്തും. ഇവിടെ ബന്തിനെപ്പറ്റി ശ്രീ. രവി പറഞ്ഞത്, അത് ജനങ്ങളോടുള്ള യുദ്ധ പ്രഖ്യാപനമാണെന്നാണ്. ഇത് ജനങ്ങളോടുള്ള യുദ്ധ പ്രഖ്യാപനമല്ല. ജനദ്രോഹികളോടുള്ള താക്കീതാണ്. അതാണ് ഒക്ടോബർ ഏഴാം തീയതി നടക്കാൻ പോകുന്നത്. കേരളം മുഴുവൻ അത് സ്തംഭിപ്പിക്കും. കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെയും നാളികേര കർഷകന്റേയും, പരമ്പരാഗത വ്യവസായത്തൊഴിലാളികളുടേയും ശ്രീ. മാണി പറയുന്ന അദ്ധ്വാനവർഗ്ഗത്തിന്റേയും അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമത്തിനാണ്, അതിനുവേണ്ടിയാണ് ഒക്ടോബർ ഏഴാം തീയതി ബന്ത് നടത്താൻ പോകുന്നത്. ഞാൻ ശ്രീ. വയലാർ രവിയെ വെല്ലുവിളിക്കുന്നു, ശ്രീ. കരുണാകരനെ വെല്ലുവിളിക്കുന്നു, കേരളം മൊത്തം സ്തംഭിക്കും. നിങ്ങൾ നോക്കിക്കോ. അതാണ് കാണാൻ പോകുന്നത്. ജനങ്ങളോടുള്ള യുദ്ധപ്രഖ്യാപനമല്ല. ശ്രീ. രാമചന്ദ്രനെ പറ്റി പറഞ്ഞാൽ അദ്ദേഹം ശ്രീ. കരുണാകരനെ താങ്ങി നടക്കുകയാണ്. എന്നിട്ടാണ് രാഷ്ട്രീയത്തെപ്പറ്റി പറയുന്നത്. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഈ രാജ്യത്തെ ഭരണകക്ഷിയുടെ അഴിമതിയും, ധൂർത്തും നടത്തിയ മൂന്ന് മന്ത്രിമാരെപ്പറ്റി ശ്രീ. രാജീവ്ഗാന്ധിക്ക് എഴുതിക്കൊടുത്താൽ അത് കേന്ദ്ര സംസ്ഥാന ബന്ധത്തിന് നല്ലതാണോ? ശ്രീ. കരുണാനിധിയെപ്പറ്റി അന്വേഷിച്ചത് കേന്ദ്രമല്ലേ? ശ്രീ. എം. കെ. കൃഷ്ണന്റെ സ്പിരിട്ട് കുംഭകോണത്തെപ്പറ്റി അന്വേഷണം നടത്തുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടവർ ഇവിടെയില്ലെ? എവിടെപ്പോയി ആ അന്വേഷണങ്ങൾ? അഞ്ചുകോടി രൂപയുടെ സ്പിരിട്ടിന്റെ കാര്യം ഞങ്ങൾ ഇവിടെ പറഞ്ഞല്ലോ? ബിവറേജസ്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ കാര്യവും പറഞ്ഞതാണ്. അതുപോലെയുള്ള എത്രയോ കാര്യങ്ങളും പറഞ്ഞു. എന്നിട്ട് ഇപ്പോഴും ലീഗുകാർ തളികയിൽവച്ച് തരും മന്ത്രിസ്ഥാനം എന്നാണ് പറഞ്ഞത്. ഞാൻ ശ്രീ. എ. വി. യോട് ചോദിക്കട്ടെ? എന്താണ്, ശ്രീ. അബൂബേക്കറിനെ ഞങ്ങളും പുറത്താക്കിയതുകൊണ്ട് അപ്പുറത്തു കയറി. ഒരു മന്ത്രി സ്ഥാനം തരാം എന്നു പറഞ്ഞു എന്നാണ് പറയുന്നത്. ശ്രീ. സേട്ടു സാഹിബ് മഞ്ചേരിയിൽ പ്രസംഗിച്ചപ്പോഴും പറഞ്ഞത് രണ്ട് ലീഗും കൂടി ഒന്നായാൽ ഒരു മന്ത്രിസ്ഥാനം തരാം എന്ന് ശ്രീ. കരുണാകരൻ മുൻപ് പറഞ്ഞിരുന്നു എന്നാണ്. ഇപ്പോഴും ശ്രീ. കരുണാകരൻ പറഞ്ഞു മന്ത്രി സ്ഥാനം കൊടുക്കില്ല എന്ന്. ശ്രീ. സീതി ഹാജി പറഞ്ഞു, വെള്ളിത്തളികയിൽ കൊടുക്കും എന്നു പറഞ്ഞു. ശ്രീ. കരുണാകരൻ അതിനൊന്നും മറുപടി പറയുകയില്ല.

കരുണാകരനു സുകുമാർ അഴീക്കോടിനെ അറിയില്ലേ? കോൺഗ്രസിലെ സാഹിത്യകാരനായ സുകുമാർ അഴീക്കോടിനെ അറിയില്ലേ? പാർലമെന്റു തിരഞ്ഞെടുപ്പിൽ പണ്ട് സ്ഥാനാർത്ഥി ആയിരുന്നു. ആ സുകുമാർ അഴീക്കോട് കരുണാകരനെക്കുറിച്ച് പറഞ്ഞത് എന്താണെന്നറിയാമോ? സീതിഹാജി പറഞ്ഞതിന് മറുപടി പറയാത്തതിനെപ്പറ്റി പറഞ്ഞത് എന്താണെന്നറിയാമോ? ഒരാൾ മുഖത്ത് കാർക്കിച്ചു തുപ്പിയാൽ അത് തുടയ്ക്കാൻ പോക്കറ്റിൽ നിന്നും ടൗവൽ എടുക്കാനുള്ള ധൈര്യം പോലും കാണിക്കുന്നില്ല എന്നാണ് പറഞ്ഞത്. ഞാൻ അതിനെപ്പറ്റി കൂടുതൽ ഒന്നും പറയുന്നില്ല. നിങ്ങൾക്ക് ഒരു കാര്യത്തിലേ യോജിപ്പുള്ളൂ. അഴിമതി നടത്തുക, ധൂർത്ത് നടത്തുക, ബജനാവ് കൊള്ളയടിക്കുക എന്നീ കാര്യങ്ങളിൽ മാത്രമേ നിങ്ങൾക്ക് യോജിപ്പുള്ളൂ. അതിനുവേണ്ടി മാത്രം നിലനിൽക്കുന്നതാണ് ഈ ഗവൺമെന്റ്. ജനങ്ങളുടെ ഒരു പ്രശ്നത്തിനും ഇവർ പരിഹാരം കാണുന്നില്ല. അങ്ങനെയുള്ള ഒരു ഗവൺമെന്റ് കൊണ്ടുവരുന്ന ഉപധനാഭ്യർത്ഥനകളെ മാനിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇതിനെ ഞാൻ എതിർക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻപൊഴക്കടവിൽ]

ശ്രീ. പി. സീതിഹാജി : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഈ സംസ്ഥാനത്തിന് ഈ ഭരണത്തിന്റെ പോരായ്മകളും ഒന്നുമില്ല. ഇങ്ങനെ കൊള്ളരുതാത്ത ഒരു പ്രതിപക്ഷം ഈ സംസ്ഥാനം ഉണ്ടായതിനുശേഷം ഉണ്ടായിട്ടില്ല. മൂന്നു മന്ത്രിമാരുടെ പേരിൽ അഴിമതി ആരോപണം ഉന്നയിച്ചു എന്നു പായുന്നു. നാളികേരത്തിന്റെ വിലയിൽ രോഷം കൊള്ളുന്ന എം. വി. ആർ. ആരോപണങ്ങൾക്ക് വിധേയരായവർ ആരായാലും അവരെക്കുറിച്ച് അന്വേഷിക്കാൻവേണ്ടി നിയമിച്ചിരിക്കുന്ന മൂന്നു ജഡ്ജിമാരുടെ കൈയിൽ എഴുതികൊടുത്തിട്ടില്ല. പ്രധാനമന്ത്രി ഈ രാജ്യത്തെ ദുർബ്ബല ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി വന്നപ്പോൾ അദ്ദേഹം വിശ്രമിക്കുന്ന സ്ഥലത്ത് പ്രതിപക്ഷങ്ങൾ പോയി. അദ്ദേഹം ഇവർക്കുവേണ്ടി 45 മിനിറ്റ് മാറിക്കൊടുത്തു. എന്നിട്ട് അവർ എന്താണ് പറഞ്ഞത്. ഗംഗാധരൻ, കട്ടിരിക്കുന്നു, ബാലകൃഷ്ണപിള്ള കട്ടിരിക്കുന്നു, ശ്രീനിവാസൻ കട്ടിരിക്കുന്നു എന്നൊക്കെയാണ്. കേരളത്തിലെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളെപ്പറ്റി ഒരു പ്രതിപക്ഷം എന്നുള്ള നിലക്ക് എന്താണ് നിങ്ങൾ എഴുതികൊടുത്തത്? ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പോയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രശേഖരൻ എന്തിനു് ഈ വലയിൽ കുടുങ്ങാൻപോയി ? അങ്ങയോടു് എനിക്കു് വലിയ ബഹുമാനം ഉണ്ടു്. മാർക്സിസ്റ്റുകാരോടു് ചേർന്നു് അങ്ങു് എന്തിനിതു ചെയ്യാൻ പോയി ? നിങ്ങൾക്കു ധൈര്യമുണ്ടെങ്കിൽ ജഡ്ജിമാർക്കു് എഴുതികൊടുക്കണം. മുസ്ലീംലീഗുകാരൻ കട്ടിട്ടുണ്ടെങ്കിൽ തെളിയിച്ചാൽ അതിനു നടപടിയെടുക്കാൻ മുസ്ലീം ലീഗ് ബാദ്ധ്യസ്ഥമാണു്. നാളികേരത്തിന്റെ താങ്ങുവിലയെക്കുറിച്ചു് നിങ്ങൾ അവിടെ പറഞ്ഞോ ? തൊഴിലില്ലായ്മയെക്കുറിച്ചു് പറഞ്ഞോ ? പറഞ്ഞില്ല. പത്രക്കാർ എഴുതി. നിങ്ങൾ പുകഴ്ത്തുന്ന മാതൃഭൂമി, നിങ്ങൾ ആരാധിക്കുന്ന കേരളകൗമുദി ഇതെല്ലാം വാർത്ത കൊടുത്തു. വേറെ നിങ്ങൾ ഒന്നും പറഞ്ഞില്ല. ഈ മൂന്നു മന്ത്രിമാരെപ്പറ്റി മാത്രമേ പറഞ്ഞുള്ളു. എം. വി. ആർ. പറഞ്ഞു ഞാൻ മന്ത്രിസ്ഥാനം ചോദിച്ചു എന്നു്. എം. വി. ആർ. കേൾക്കാൻ ഞാൻ പറയുകയാണു്. ഞങ്ങൾ മന്ത്രിസ്ഥാനം ചോദിച്ചിട്ടില്ല. ചോദിച്ചാൽ കരുണാകരനല്ല ഇത്ര വായാടിത്തം ഉള്ള എം. വി. ആർ. പോലും തരുമായിരുന്നല്ലോ ? ഞങ്ങളുടെ ഐക്യം മന്ത്രിസ്ഥാനത്തിനു വേണ്ടിയാണെന്നു് നിങ്ങൾ പറഞ്ഞു. മന്ത്രിസ്ഥാനം ഞങ്ങൾ ചോദിച്ചിട്ടില്ല. അങ്ങിനെയാണെങ്കിൽ ഇതിനു മുമ്പു് തന്നുകൂടായിരുന്നോ ? ഐക്യം ഉണ്ടാക്കിത്തന്നതിനു് ഞങ്ങൾക്കു് നിങ്ങളോടു് നന്ദിയുണ്ടു്.

ശ്രീ. എം. വി. രാഘവൻ: നിങ്ങൾ മഞ്ചേരിയിൽ വച്ചു് നമ്പൂതിരിപ്പാടിനെ ഒരു പ്രാവശ്യമേ മൊഴി ചൊല്ലിയിട്ടുള്ളു; മന്ത്രിസ്ഥാനം തന്നില്ലെങ്കിൽ കരുണാകരനെ മൂന്നു പ്രാവശ്യം മൊഴി ചൊല്ലും എന്നു പറഞ്ഞതു് നേരുതന്നെയാണോ ?

ശ്രീ. പി. സീതിഹാജി: ഞങ്ങൾ അങ്ങിനെ ആരെയും പറഞ്ഞിട്ടില്ല. മുസ്ലീംലീഗിനു് സ്ഥിരമായ ശത്രുക്കളോ മിത്രങ്ങളോ ഇല്ല. നിങ്ങൾ ഉണ്ടാക്കിതന്ന ഐക്യത്തിനാണു് നിങ്ങളോടു് ഞാൻ നന്ദി പറഞ്ഞതു്. ഞങ്ങൾ പതിനൊന്നു കൊല്ലക്കാലം ശ്രമിച്ചിട്ടും ഐക്യം ഉണ്ടാക്കാൻ കഴിയാത്തതു് നിങ്ങൾ വിചാരിച്ചപ്പോൾ നടന്നു. കഥ അറിയാത്തവർ കഥകളി കാണാൻ പോയതുപോലെയാണു് നിങ്ങൾ ശരി അത്തിനെക്കുറിച്ചു് പറയുന്നതു്. കഥ അറിയാതെ പോയാൽ വല്ലതും തിരിയുമോ ? ഇവിടെ നൂറു നൂറു പ്രശ്നങ്ങൾ ഉണ്ടു്. നിങ്ങൾക്കു് സ്ത്രീകളോടു് വലിയ സ്നേഹമാണല്ലോ. ഒരു കാര്യം നമുക്കു് ചെയ്യാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും വിചാരിച്ചാൽ മതി. നമ്മൾ വിധവാ പെൻഷൻ കൊടുക്കുന്നുണ്ടു്. ഭർത്താവു് ഉപേക്ഷിച്ചുപോയ സ്ത്രീകൾക്കുകൂടി കൊടുക്കാൻ നമുക്കു് തീരുമാനിക്കാം. അങ്ങനെ നമുക്കു് ഈ രാജ്യത്തിന്റെ പ്രശ്നം വല്ലതും നോക്കാമല്ലോ. പോരെ ?

ശ്രീ. എം. വി. രാഘവൻ: സീതിഹാജി ഒരു സ്ത്രീയെ ഉപേക്ഷിച്ചാൽ സീതിഹാജിയാണു് ചിലവിനുകൊടുക്കേണ്ടതു്. അല്ലാതെ ഗവൺമെന്റല്ല.

ശ്രീ. പി. സീതിഹാജി : ഞാൻ കൊടുക്കേണ്ട കാര്യമില്ല. നിങ്ങളുടെ നാട്ടിൽ അങ്ങിനെ കൊടുക്കുന്നുണ്ടോ ? എത്രയെണ്ണത്തിനെ മൊഴി ചൊല്ലിയിട്ടുണ്ടു്. എത്രയെണ്ണം തൂങ്ങിമരിച്ചിട്ടുണ്ടു്. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഞാൻ ചോദിക്കട്ടെ. ഇവിടെ അംഗീകൃത വേശ്യാലയങ്ങൾ നടക്കുന്നുണ്ടു്. എം. വി. ആറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മൂക്കിന്റെ മുമ്പിൽ നടക്കുന്നുണ്ട്. എം. വി. ആറിന്റെ മുഖ്യമന്ത്രി ഭരിക്കുന്ന സംസ്ഥാനത്ത് നടക്കുന്നുണ്ട്. പച്ചമാംസം വിറ്റ് ഉപജീവനം കഴിക്കുന്ന സ്ത്രീകൾ ധാരാളം നമ്മുടെ സംസ്ഥാനത്തുണ്ട്. അതിൽ നിങ്ങൾ ദോഷം കാണാത്തതെന്താണ് ? ഒരു സ്ത്രീയെ ഉപേക്ഷിച്ചാൽ അത് ഒരു വലിയ ആപത്താണ്. കൽക്കത്തയിൽ എത്ര വേശ്യാലയങ്ങൾ ഉണ്ട് ? 112 വേശ്യാലയങ്ങൾക്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ലൈസൻസ് കൊടുത്തിരിക്കുകയാണ്. അതിൽ നിന്നും മനസ്സിലാക്കേണ്ടത് വ്യഭിചാരത്തിന് ലൈസൻസ് കൊടുത്തിരിക്കുന്നു എന്നാണ്. ഒരു കമ്മിറ്റിയുടെ കൂടെ ബംഗാളിൽ പോയപ്പോൾ ഞാനും എം. വി. ആറും പി. കെ. വി. യും കണ്ടതാണ്. മധുരപ്പതിനേഴിലുള്ള നഗ്നരായ പെൺകുട്ടികൾ കണ്ണാടിചില്ലിൽ കൂടി വഴിയേ പോകുന്ന പുരുഷന്മാരെ കൈമാടി വിളിക്കുകയാണ്. ഇതൊന്നും കാണാൻ കഴിയാത്ത നിങ്ങളാണോ ശരിഅത്തിനെക്കുറിച്ച് പറയുന്നത്. മുസ്ലീംലീഗ് മതേതരത്വ ജനാധിപത്യ കക്ഷിയാണ്. അങ്ങനെ പറഞ്ഞപ്പോൾ എം. വി. ആറിന് തുള്ളൽ വരുന്നു. അങ്ങിനെ അല്ലെങ്കിൽ എന്തിന് 1967–ൽ ഇ. എം. എസ്. അവരെ കൂട്ടുപിടിച്ചു. എന്തിനു നായനാർ കൂട്ടുപിടിച്ചു. നേരത്തെ ഇ. എം. എസ്. പറഞ്ഞിട്ടുണ്ട്, നായനാർ പറഞ്ഞിട്ടുണ്ട്, എം. വി. ആർ. പറഞ്ഞിട്ടുണ്ട്, മുസ്ലീംലീഗ് ഈ രാജ്യത്തെ ഒരു പിന്നോക്ക സമുദായത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടി സംഘടിപ്പിച്ച ഒരു സംഘടനയാണെന്ന്. കഴിഞ്ഞ അസംബ്ലിയിൽ നിങ്ങളുടെ മുഖത്തു നോക്കിയല്ലേ കരുണാകരൻ പറഞ്ഞത്, ധൈര്യമുണ്ടെങ്കിൽ ഒന്നു പൊളിക്കാൻ. നിങ്ങൾ കൊട്ടക്കണക്കിനു വിളിക്കുകയാണ്. അങ്ങിനെ വിളിച്ചാലും എല്ലാവരും ഇങ്ങോട്ടാണ് പോരുന്നത്. ഇപ്പുറത്തുനിന്ന് മൂന്നു എം. എൽ. എ. മാരെ കൊണ്ട് പോയി തച്ചു നിറുത്തിയില്ലേ ? ഗുണ്ടകളെ കൊണ്ടുപോയി കാവൽ നിറുത്തിയില്ലേ ഈ മന്ത്രിസഭ പൊളിക്കാൻ. നിങ്ങൾക്ക് ഇതു പറയുവാൻ എന്തധികാരം ഉണ്ട്. രാജീവ് ഇടപെട്ടു. പിന്നെ ആരാണ് ഇടപെടേണ്ടത് ? നായനാരാണോ ? നിങ്ങളുടെ കാലത്ത് ആ കുഴപ്പം ഇല്ലായിരുന്നോ ? ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറയട്ടെ. 1967 ൽ ആരാണ് ആദ്യം കുഴിതോണ്ടിയത് ? അന്നിവിടെ മുന്നണിയിൽ കുഴപ്പം ഇല്ലായിരുന്നോ ? അതുകഴിഞ്ഞ് സി. പി. ഐ. യിൽ കുഴപ്പം ഇല്ലായിരുന്നോ ? പിന്നെയാണ് ഒരു കോൺഗ്രസ്സുകാരനും കോൺഗ്രസ്സുകാരനും തമ്മിലുള്ള കുഴപ്പത്തെപ്പറ്റി പറയുന്നത്. പാവപ്പെട്ട സി. പി. ഐ. ക്കാരെ കൊല്ലുകയാണ് എം. വി. ആറിന്റെ പാർട്ടി. കൊല ചെയ്യുകയാണ്. എന്തിന് ? ഞാനല്ല ഇതുപറയുന്നത്. ദേശാഭിമാനി പറയുകയാണ്. ആഴ്ചതോറും ഇ. എം. എസ്. അതിൽ ലേഖനം എഴുതാറുണ്ടല്ലോ ? ദേശാഭിമാനി വായിക്കണം. 148 ലേഖനമോ മറ്റോ എഴുതിയിട്ടുണ്ട്. അതു ഞാൻ വായിച്ചു. ഇ. എം. എസ്. എന്താണ് പറയുന്നതെന്നോ ? 69–ൽ എന്തിനു നിങ്ങൾ പിരിഞ്ഞു എന്ന കാര്യം വ്യക്തമാക്കണം. ഇപ്പോഴും വ്യക്തമായിട്ടില്ല. ഇതാണ് സ്ഥിതി. നമ്പൂതിരിപ്പാടെ രേണുവും സമരവും ഒന്നിച്ചു കൊണ്ടുപോകാൻ ഒക്കുകയില്ലെന്ന് എം.എ പറഞ്ഞു. ഞങ്ങൾ ഭരിക്കാനാണ് കയറിയത്, രേണുവും സമരവും ഞങ്ങൾ ഒന്നിച്ചു കൊണ്ടുപോകും'' എന്നു നമ്പൂതിരിപ്പാടു പറഞ്ഞു. അങ്ങിനെയാണ് പിരിഞ്ഞത്. 69–ലെ ആ നയം തന്നെയാണോ സി. പി. ഐ. ക്ക് ഇപ്പോഴും ഉള്ളത്'' എന്നാണ് ഞാൻ ചോദിക്കുന്നത്. എന്നിട്ടാണ് നിങ്ങൾ ഞങ്ങളെ വിളിച്ച് ഉപദേശിക്കുന്നത്. നിങ്ങളുടെ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ? ആരാണ് അവിടെ നിൽക്കുന്നത്. ഒപ്പം നില്ക്കുന്ന വരെയൊക്കെ കാട്ടി പ്രസവിച്ചാൽ കുട്ടികളെ നക്കിക്കൊല്ലുന്നതു പോലെ നക്കികൊല്ലും. ഹംസയുടെ സ്ഥിതി എന്താണ് ? അടിയേഹം ഒന്നാം നമ്പർ കോൺഗ്രസ്സുകാരനായിരുന്നു. ഏതെല്ലാം വേഷമാണ് കെട്ടുന്നത് ? "കളിയെടാ കാമാക്ഷി, കുട്ടിപെണ്ണേ" എന്ന് എം. വി. ആർ. പറഞ്ഞാൽ അതിനൊപ്പിച്ച് തുള്ളേണ്ട ഗതികേടാണ് തറവാട്ടിൽ പിറന്ന എന്റെ സുഹൃത്ത് (എന്റെ ബന്ധുവും കൂടിയാണ്) ടി. കെ. ഹംസക്കുണ്ടായത്. എന്തെല്ലാം ആണ് സർ, പ്രസംഗിക്കുന്നത്; നാലുവോട്ടിനുവേണ്ടി. കോൺഗ്രസ്സിന്റെ ഡി.സി.സി. പ്രസിഡന്റ് ആയിരിക്കുമ്പോഴാ മലപ്പുറം ജില്ലയിൽ ടിക്കറ്റുകിട്ടുകയില്ലെന്നു കണ്ടപ്പോഴാ സ്വതന്ത്രനായി നിന്നപ്പോഴാണ് എം.വി.ആർ. പിൻതുണ കൊടുത്തത്. ഇവരാണ് ഇതൊക്കെ പറയുന്നത്. എന്തു പോളിസിയാണ് നിങ്ങൾക്കുള്ളത്. നിങ്ങൾ ഏതു ചെകുത്താനെ കൂട്ടുപിടിച്ചു. അധികാരത്തിൽ കയറാൻ നോക്കും എന്നുഞങ്ങൾക്കറിയാം. നിങ്ങൾ ആരെയാണ് പടിക്കാത്തത്. കായൽ രാജാക്കൻമാരുടെ പാർട്ടി എന്ന് അധിക്ഷേപിച്ച മാണിയെ നിങ്ങൾ മുഖ്യമന്ത്രിയാക്കാൻ പറഞ്ഞില്ലേ ? അതു നിങ്ങൾ മറന്നു. ഇഷ്ടദാനത്തെതൊട്ട്.....

ശ്രീ. പി. പി. തങ്കച്ചൻ : ഹംസയെ കൺഫോം ചെയ്തിട്ടില്ലെന്നറിയാമോ ?

ശ്രീ. പി. സീതിഹാജി : അത് എനിക്കറിയില്ല. ഹംസ നന്നാകാൻ വേണ്ടിയാണ് ഞാൻ ഇതു പറയുന്നത്. ഹംസയ്ക്കു വേണമെങ്കിൽ ഞങ്ങൾ ഇങ്ങോട്ടുകൊണ്ടുവരാം. വേണ്ടെങ്കിൽ ഞാൻ സി. എം. നോട് പറഞ്ഞുകൊള്ളാം ഗതികേടു കണ്ടിട്ടാണ് പറയുന്നത്. നമ്മൾ ബന്ധുക്കളാണല്ലോ.

ശ്രീ. ടി. കെ. ഹംസ : വേണ്ടി വരുമ്പോൾ ഞാൻ തന്നെ പറഞ്ഞുകൊള്ളാം. കരുണാകരനെ എനിക്ക് അറിയാമല്ലോ.

ശ്രീ. എം. വി. രാഘവൻ : നിങ്ങളുടെ ചീട്ടു വേണ്ടെന്നാണ് പറയുന്നത്.

ശ്രീ. പി. സീതിഹാജി: ഇപ്പോൾ നമ്പാടൻ മാസ്റ്റർ എന്നോട് പറഞ്ഞു നിങ്ങൾ എങ്ങനെയെങ്കിലും ശ്രീമാൻ മാണിയോട് പറഞ്ഞ് എന്നെ അങ്ങ് എടുപ്പിക്കണമെന്ന്. അതുകൊണ്ടാണ് ശ്രീ. ബെന്നി ബഹനാൻ പറഞ്ഞത് ഭരണകക്ഷികൾക്ക് അപ്പുറത്തും സീറുകൊടുക്കേണ്ടിവരുമെന്ന്.

ശ്രീ. ചെയർമാൻ: പറഞ്ഞിട്ടുള്ള എല്ലാപേരുടേയും പേര് ഇപ്പോൾ പറയണ്ട.

ശ്രീ. എം. വി. രാഘവൻ: ശരി അത്തിനെപ്പറ്റി വിവരമില്ല എന്നെല്ലാം ഇപ്പോൾ പറഞ്ഞല്ലോ. നമ്മുടെ കേന്ദ്ര ആഭ്യന്തര സഹമന്ത്രി ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞതിനെപ്പറ്റിയും ആര്യാടൻ മുഹമ്മദ് പറഞ്ഞതിനെപ്പറ്റിയും—നിങ്ങൾ വർഗ്ഗീയവാദികളാണ്, ഈ രാജ്യത്തെ ഭിന്നിപ്പിച്ചവരാണ്—എന്ന് പറഞ്ഞതിനെപ്പറ്റി എന്താണ് പറയാനുള്ളത് ?

ശ്രീ. പി. സീതിഹാജി: ഈ കൊമ്പും ചുള്ളിയും പറഞ്ഞതിനെപ്പറ്റി ഇവിടെ പറയേണ്ട കാര്യമുണ്ടോ ? തടിമരംതന്നെ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ പ്രിയങ്കരനായ പ്രധാനമന്ത്രി രാജീവ്ഗാന്ധി തന്നെ പറഞ്ഞിട്ടുണ്ട്. തടിമരത്തിന് കേട് വരത്തില്ല. തടിമരം ആരാണ്? രാജീവ്ഗാന്ധി. പിന്നെ അതെല്ലാം പറഞ്ഞ് നടക്കണോ? നിങ്ങൾക്ക് വേറെ പണിയില്ലേ? ആര്യാടൻ മുഹമ്മദ് പറഞ്ഞതിന് ഞങ്ങൾ മറുപടി പറഞ്ഞിട്ടുണ്ട്. ഈ നിയമസഭയിൽ മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി പറയുന്നത് അംഗീകരിക്കുന്നതിന് പകരം നായനാർ പറയുന്നത് അംഗീകരിക്കാൻ ഞങ്ങൾക്ക് പറ്റുമോ? നിങ്ങൾക്ക് വേറെ പ്രശ്നം പറയാനില്ലേ? നാളികേരം റബർ തുടങ്ങിയവയെപ്പറ്റി പറയാൻ പാടില്ലേ? പിന്നെ ബന്തിനെപ്പറ്റി പറഞ്ഞു. ഞാൻ ഒറ്റയ്ക്ക് ബന്ത് നടത്തി പരിപൂർണ്ണവിജയമാക്കിത്തരാം. അത് ഇവരെ പേടിച്ചിട്ടൊന്നുമല്ല. ആളുകൾക്ക് നാശനഷ്ടം വരുന്നത് പേടിച്ചാണ്. മാർക്സിസ്റ്റുകാരുടെ ശക്തികൊണ്ടാണോ ബന്ത്?

ശ്രീ. എം. വി. രാഘവൻ: പേടിച്ചിട്ടൊന്നുമല്ല.

ശ്രീ. പി. സീതിഹാജി: പേടിച്ചിട്ടുതന്നെയാണ്. ഞാൻ ബന്ത് നടത്തിയാൽ നിങ്ങളുടെ ദേശാഭിമാനിപത്രം പുറത്തിറക്കാൻ കഴിയുകയില്ല. എ. കെ. ജി. സെന്റർ പൂട്ടിയിടേണ്ടിവരും. ആ വിധത്തിൽ ഞാൻ ബന്ത് നടത്തിത്തരാം. എന്തിനാണ് ബന്ത്? ഗവൺമെന്റിന്റെ പോരായ്മകൊണ്ടാണോ? ഇവിടെ തൊഴിലില്ലാതെ വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന 28,000 ചെറുപ്പക്കാർക്ക് 25,000 രൂപ വീതം കൊടുത്തു, തൊഴിൽ കണ്ടെത്താൻ. ഇതൊന്നും നിങ്ങൾ കാണുന്നില്ലേ? നിങ്ങളിപ്പോൾ ഗവൺമെന്റ് ഇന്നുപോകും, ഇന്നുപോകുമെന്ന് പറഞ്ഞ് നോക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ മൂന്നരക്കൊല്ലം കഴിഞ്ഞു. ഞങ്ങൾ ആറു കൊല്ലം ഭരിക്കാനാണ് പോകുന്നത്, അഞ്ചുമല്ല. അതിനുവേണ്ടി ഭരണഘടന ഭേദഗതിചെയ്യാൻപോകുന്നു എന്നു പറയുന്നതു കേട്ടു. അതുകൊണ്ട് നിങ്ങൾക്ക് കുറച്ചുകാലം ഇങ്ങനെത്തന്നെ നടക്കേണ്ടിവരും. നിങ്ങൾ ശരി അത്ത് ഒക്കെവിട്ട് ജനങ്ങളുടെ പ്രശ്നത്തിലേക്ക് വരണം. അതാണ് ഇപ്പോൾ നല്ലത്.

ശ്രീ. വി. കെ. രാജൻ: സർ, ഒരു ചോദ്യം....

ശ്രീ. പി. സീതിഹാജി: എന്തിനാണ് രാജാ; നിങ്ങളൊക്കെ നാളെ ഇങ്ങോട്ട് വരേണ്ടവരല്ലേ? അത് വലിയ പ്രശ്നമൊന്നുമല്ല. നിങ്ങളൊക്കെ ഇങ്ങോട്ടുവരും. അല്ലെങ്കിൽത്തന്നെയും നിങ്ങളുടെ നേതാവ് പറഞ്ഞിട്ടുള്ളത് സി. പി. ഐ. എന്നുപറഞ്ഞാൽ Compromise Party of India എന്നാണ്. അതുകൊണ്ട് അവർ വരും. അല്ലാതെ അവർക്ക് രക്ഷയില്ല. ഞാൻ പറയുന്നത് പ്രതിപക്ഷം ഗവൺമെന്റിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കണം. നിങ്ങളുടെ ആരുടേയും പ്രസംഗത്തിൽ അതൊന്നും പറഞ്ഞിട്ടില്ല. എന്താണ് നിങ്ങൾ പറയാത്തത്?

ശ്രീ. റ്റി. കെ. ഹംസ: ഗവൺമെന്റിന്റെ നേട്ടമൊന്ന് പറയാമോ?

ശ്രീ. പി. സീതി ഹാജി: നേട്ടമോ? 137 കോടി രൂപ എന്ന് പറയുന്നത് ചില്ലറ കാര്യമാണോ? ശ്രീ. ഹംസതന്നെ സ്വന്തം നിയോജകമണ്ഡലത്തിൽ പോയി റോഡിന്റെ കാര്യം ശ്രദ്ധിച്ചില്ലേ? സ്പെഷ്യൽ ഓർഡർ വാങ്ങിക്കാൻ സ്വാമിയുടെ അടുത്തുപോയി രണ്ട് വില്ലേജ് റോഡുവേണമെന്ന് പറഞ്ഞില്ലേ? സ്പെഷ്യൽ കണക്ഷൻ മാണിസാർ എത്രയെണ്ണം നൽകി? ഇതൊക്കെ മാണിസാർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത സേവനമാണ്. അതിനെങ്കിലും നന്ദി പറയേണ്ടേ? ഞങ്ങളുടേത് പല കക്ഷികളും ചേർന്ന ഗവൺമെൻറാണ്. ഞങ്ങളുടെയിടയിൽ അഭിപ്രായവ്യത്യാസം കാണും. അത് ഞങ്ങൾ പറയും. ശ്രീ. ചന്ദ്രശേഖരൻ സീതിഹാജി പ്രസംഗിച്ചതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ഞാൻ എന്താണ് പ്രസംഗിച്ചത്? പത്രക്കാർ എഴുതി എന്നാണ് പറയുന്നത്. ഈ രാജ്യത്തെ കലാകാരൻമാരെപ്പറ്റിയും സാഹിത്യകാരൻമാരെപ്പറ്റിയും പത്രക്കാരെപ്പറ്റിയും എനിക്ക് വലിയ അഭിപ്രായമൊന്നുമില്ല. അവർ ഈ രാജ്യത്തെ എം. എൽ. എ. മാരെപ്പറ്റിയും മന്ത്രിമാരെപ്പറ്റിയും മോശമായ രീതിയിൽ കഥകളെഴുതുകയും സിനിമക്കഥകളെഴുതുകയുമൊക്കെ ചെയ്യുന്നവരാണ്. ഗഞ്ചാവ് അടിക്കുന്നവനായി ചിത്രീകരിക്കണമോ, മദ്യപാനിയായി ചിത്രീകരിക്കണോ ഉടനെ എം. എൽ. എ.യേയും മന്ത്രിയേയുമെടുക്കും. അതൊന്നും ഇവിടെ ആരും വിമർശിക്കുന്നത് കേട്ടില്ല. എല്ലാറ്റിനേയും ന്യായീകരിക്കുകയാണ്. ഇങ്ങനെ ചിത്രീകരിക്കുന്ന കഥാകൃത്ത് ആരാണെന്നൊന്നും ആരും നോക്കുന്നില്ല. അതുപോലെ പത്രങ്ങളും എം. എൽ. എ. മാരേയും മന്ത്രിമാരേയും താറടിച്ചുകാണിക്കുന്നുണ്ട്. അതിനെ ആരും വിമർശിച്ചുകാണുന്നില്ല. അതെല്ലാം ഇവിടെ ന്യായീകരിക്കുകയാണ്. ഒരു സിനിമ കണ്ടാൽ എം. എൽ. എ.—മന്ത്രി, ഒരു നാടകം കണ്ടാൽ എം. എൽ. എ.—മന്ത്രി. ഇതെല്ലാം കണ്ടിട്ടും ആരാണ് ഇതിന്റെ കഥാകൃത്ത് എന്ന് ആരും നോക്കുന്നില്ല. അതുകൊണ്ട് ഓനേ പേടിച്ച് നടക്കാനൊന്നും എനിക്ക് ഒക്കുകയില്ല. എനിക്ക് ഒരു പുല്ലുമില്ല ആ കാര്യത്തിൽ. ഈ രാജ്യത്തെ ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികളെ താറടിച്ചുകാണിക്കാൻ ഈ രാജ്യത്ത് ഗഞ്ചാവും മദ്യപാനവും ദുശ്ശീലമാക്കിയ കലാകാരൻമാർ അവതരിപ്പിക്കുന്ന കഥാപ്രസംഗങ്ങളും സിനിമകളുമൊക്കെ വലിയ പങ്കുവഹിക്കുന്നുണ്ട്. ഇത് എം. എൽ. എ. മാരുടെ മുഖത്ത് ചെളിവാരിതേയ്ക്കാൻ സഹായിക്കുന്നുണ്ട്. ഇത് ആരും പറയുന്നില്ലല്ലോ? എന്താണ് എം. വി. ആർ. അതിന് തയ്യാറാകാത്തത്? എം. വി. ആറും കൂടും ഇതിൽ. നായനാരെപ്പറ്റി എന്തൊക്കെ അഭിനയമാണ്? എം. വി. ആറിനെക്കുറിച്ച് എന്തൊക്കെ അഭിനയമാണ്?

ശ്രീ. എം. വി. രാഘവൻ: ഈ കലാകാരൻമാരും സാഹിത്യകാരൻമാരും കൊള്ളരുതാത്തവരും ഗഞ്ചാവ് കുടിയൻമാരും കള്ളുകുടിയൻമാരും ആണെന്നാണോ? അങ്ങനെ എല്ലാപേരേയും അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. എല്ലാവരിലും നല്ലവരും ചീത്ത ആൾക്കാരുമുണ്ട്. ഇങ്ങനെ അടച്ചാക്ഷേപിക്കരുത്.

ശ്രീ. പി. സീതിഹാജി: ഞാനും അതുതന്നെയാണ് പറഞ്ഞത്. നല്ലയാളുകൾ ഇങ്ങനെയൊന്നും ചെയ്യുകയില്ല. ചിലയാളുകൾ ഇങ്ങനെയുണ്ട്. അവരാണ് ഇതൊക്കെ ചെയ്യുന്നത്. എല്ലാവരെപ്പറ്റിയും എനിക്ക് ഈ അഭിപ്രായമല്ല. എനിക്ക് മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും ചില കാര്യങ്ങൾ പറയാനുണ്ട്. കുറെ കോളേജുകൾ കൊടുത്തിട്ടുണ്ട്. അതിനാവശ്യമായ കോഴ്സുകളൊക്കെ കൊടുക്കണം. പിന്നോക്കം നിൽക്കുന്ന കോഴിക്കോട്, മലപ്പുറം, കാസർകോട്, ഇടുക്കി, വയനാട് തുടങ്ങിയ പ്രദേശങ്ങൾ വികസിപ്പിച്ചെടുക്കാനാണ് നമ്മൾ ജില്ലകളുണ്ടാക്കിയത്. അതിന് പണമില്ല എന്ന് പറഞ്ഞാൽ പറ്റുകയില്ല, എങ്ങനെയെങ്കിലും പണം കണ്ടേ തീരൂ. പ്രതിപക്ഷം ഇങ്ങനെയൊക്കെ പറയും. അതവർ പറഞ്ഞോട്ടെ. എം. വി. ആറിന്റെ പ്രസംഗം ഞാൻ കേട്ടു. ആവേശഭരിതനായി പ്രസംഗിക്കാറുള്ള

LIBRARY ARCHIVES Kerala Legislative Assembly

എം. വി. ആർ. എന്താണ് പറഞ്ഞത്? നിങ്ങളും അവിടെ പോയില്ലേ? നാരായണൻ വന്നില്ലേ എന്നൊക്കെയാണ്. ഇവിടെ ശ്രീ. ടി. കെ. രാമകൃഷ്ണൻ പോലീസ് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സിൻെറ യോഗം കൂടിയപ്പോഴും അറബിമുൻഷിയാണ് എന്നൊക്കെ പറഞ്ഞ് പോലീസുകാരെ കയറിനിറുത്തിയത്. ഇത്ര ഉളുപ്പില്ലാത്ത പണി ഈ രാജ്യത്ത് ആരെങ്കിലും ചെയ്തിട്ടുണ്ടോ? ഒരു പാർട്ടിയുടെ യോഗം നടക്കുമ്പോഴും അറബിമുൻഷിയുടെ വേഷത്തിലും മുസലിയാരുടെ വേഷത്തിലും മൗലവിയുടെ വേഷത്തിലുമൊക്കെ പോലീസുകാരെ കൊണ്ടുപോയി നിറുത്തി രഹസ്യങ്ങളും ചോർത്തിയ നിങ്ങളാണോ ഇത് പറയുന്നത്? ഇതൊക്കെ നിങ്ങളാണ് കാണിച്ചത്.

ശ്രീ. എം. വി. രാഘവൻ: സുകുമാരക്കുറുപ്പ് നിങ്ങളുടെ കസ്റ്റഡിയിലാണോ?

ശ്രീ. പി. സീതി ഹാജി: ഗോവിന്ദക്കുറുപ്പിനേയും സുകുമാരക്കുറുപ്പിനേയുമൊക്കെ എം. വി. ആറിനെ പിടിച്ചാൽ കിട്ടുമെന്നാണ് എൻെറ അഭിപ്രായം. അത് ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി നോക്കിയാൽ മതി. ഇവിടെയിപ്പോഴും നാരായണൻ, ഇന്ത്യയിലെ ഇൻറലിജൻസ് ഡയറക്ടർ വന്ന് സംസ്ഥാനത്തിലെ പല പ്രശ്നങ്ങളും നോക്കിയിട്ടുണ്ടാവും. ഈ ഭീഷണിക്കൊന്നും ശ്രീമാൻ മാണി വഴങ്ങുമെന്ന് എനിക്കഭിപ്രായമില്ല. ഇവിടന്ന് പോയിട്ടുണ്ട് ഒരിക്കൽ. ഈ ഭരണത്തിൽനിന്ന് നിങ്ങളുടെകൂടെ ഇറങ്ങിവന്നിട്ടുണ്ട്. നിങ്ങളുടെ ഭീഷണിക്ക് നിൽക്കുമോ? നിങ്ങളുടെ ശിരസ്സിലുള്ള രക്തം പോലെ തന്നെയാണ് ഞങ്ങളുടെ ശിരസ്സിലുമുള്ളത്. ഞങ്ങളെ ആരേയും പേടിപ്പിക്കുകയൊന്നും വേണ്ട. ആ കാലമൊക്കെ മാറിപ്പോയി. പിന്നെ ഇന്ത്യാരാജ്യം വികസിച്ചു. എന്തിനാണ് മറച്ചുവയ്ക്കുന്നത്? 38 കൊല്ലം കൊണ്ട് എന്തെല്ലാം മാറ്റങ്ങളുണ്ടായി. ശ്രീമാൻ നായനാരുടെ നാട്ടിലും എൻെറ നാട്ടിലുമൊക്കെ ടെലിഫോൺ കണ്ടില്ലേ? ടാറിട്ട റോഡ് കണ്ടില്ലേ? ഇതൊക്കെ വികസനമാണ്. ഇതിൽ ഏതിലാണ് വികസനമില്ലാത്തത്? നിങ്ങൾക്ക് ഇതൊന്നും കാണാൻ പാടില്ലേ? നിങ്ങൾക്ക് ഇങ്കിലാബ് വിളിച്ച് കുറെ ആളുകളെ കിട്ടണം. അതിന് ഞങ്ങളെ കിട്ടുകയില്ല. അതുകൊണ്ട് ഈ നിഷേധാത്മകമായ രാഷ്ട്രീയം ഉപേക്ഷിക്കണമെന്നു പറഞ്ഞുകൊണ്ട് ഇതിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. സി. വാസുദേവമേനോൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ പിള്ളപ്രശ്നത്തിനേറെയും നായർ പ്രശ്നത്തിനേറെയുമെല്ലാം ഇടയിൽ സ്വൽപ്പം നാട്ടിലെ ജനങ്ങളുടെ കാര്യംകൂടി നോക്കണമെന്നാണ് എനിക്ക് മന്ത്രിമാരോട് പറയാനുള്ളത്. പാലക്കാട് ജില്ലയിൽ ആപൽക്കരമായിട്ടുള്ള ഒരു സ്ഥിതിവിശേഷം നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളമുണ്ട്. ഈ കൃഷിയോടുകൂടി ഒരു രോഗബാധ മനുഷ്യശരീരത്തിൽ ക്യാൻസർ ബാധിക്കുന്നതുപോലെ വളരെവേഗത്തിൽ പടർന്നുപിടിക്കുന്നുണ്ട്. ചില ആളുകൾ പറയുന്നു മുഞ്ഞയാണെന്ന്. എനിക്ക് മുഞ്ഞയാണോ എന്നറിയില്ല. കാരണം ഞാൻ അതിൽ വിദഗ്ദ്ധനല്ല. അത് വളരെവേഗം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. നെൽകൃഷിയെ ആകെ നശിപ്പിക്കുന്ന രീതിയിലാണ് ആ രോഗം ബാധിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ദിവസവും കതിരായ നെല്ല് വെറും ചണ്ടായി മാറുന്ന രീതിയിൽ രോഗം ബാധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നു. അതിവേഗം അത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ പാലക്കാട് ജില്ലയിലെ നെൽകൃഷിയാകെ തകരും. നെൽകൃഷിക്കാരാകെ തകരും. അത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെത്തന്നെ ബാധിക്കും. ഇവിടെ ബഡ്ജറ്റ് പാസായി, ഉപധനാഭ്യർത്ഥനകളും പാസാകുന്നു. എന്നാൽ നിസ്സാരമായിട്ടുള്ള കാര്യങ്ങൾക്കുപോലും ഫണ്ടില്ലെന്നാണ് പറയുന്നത്. മീൻകര ഡാമിനേയും ചുള്ളിയാർ ഡാമിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കനാലിന് സ്വൽപ്പം വീതികൂട്ടുന്നതിന് നാലു ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചിട്ട് ഇപ്പോഴും ഫണ്ട് ഇല്ല എന്നതിന്റെ പേരിൽ നിറുത്തിയിരിക്കുന്നു. വൃഥാവിൽ പുഴയിലേക്ക് ഒഴുക്കിവിടുന്ന വെള്ളം മീൻകരയിൽകൊണ്ടുപോയി ചുള്ളിയാറിൽകൂടി നിറയ്ക്കാൻ ഉപകരിക്കും. കുരീയാർകുറ്റി-കാരപ്പാറയോ വേണ്ടെന്നുവച്ചു. ആ പ്രദേശത്തുള്ള ജനങ്ങളോടും കൃഷിക്കാരോടും ഒരു വൈരാഗ്യ ബുദ്ധിയോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു. നാലുലക്ഷം രൂപയുടെ ഫണ്ട് ഇല്ലെന്നാണ് പറയുന്നത്. ഇപ്പോഴും കുറെ ദിവസമായി മഴയില്ലാത്തതുകൊണ്ട് ഒന്നാം വിളയ്ക്കുപോലും വെള്ളം കിട്ടാത്തതുകൊണ്ട് വെള്ളം വിടണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയറോടും കളക്ടറോടും പറഞ്ഞപ്പോഴും shift remove ചെയ്യാൻ ഫണ്ട് ഇല്ല എന്ന് പറയുന്നു. ശ്രീമാൻ മാണിതന്നെ പറയണം. സാധാരണ കനാൽ നന്നാക്കാനുള്ള ഫണ്ട് ഈ ഗവൺമെന്റിന്റെ കയ്യി ? ഇല്ലെന്നാണ് പറയുന്നത്. എന്തു ധനവും എന്തു ധനകാര്യമന്ത്രിയുമാണിവിടെ? ഒരു രാജ്യത്തെ കൃഷിയാകെ നശിച്ചു. മൂന്നുതവണയായി ആ പ്രദേശത്തെ കൃഷി നശിക്കുന്നു. ഒന്ന് വരൾച്ചകൊണ്ട്, ഒന്ന് അതിവർഷംകൊണ്ട്, ഇപ്പോഴും വെള്ളം വേണ്ടസമയത്ത് വിടാത്തതുകൊണ്ട്. വെള്ളം വിടാൻ കനാൽ നന്നാക്കുവാനുള്ള ഫണ്ട് അവരുടെ കയ്യിൽ ഇല്ല എന്നാണ് പറയുന്നത്. വാൽവ് മന്ത്രിയേയും പൈപ്പ് മന്ത്രിയേയും അവിടെ കാണാം. അദ്ദേഹമാണ് ഇറിഗേഷന്റെ കാര്യം കൈകാര്യം ചെയ്യുന്നത്. രാജ്യം മുഴുവൻ നശിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പിള്ള പ്രശ്നവുമായി ഡൽഹിയിലും ഇവിടെയുമായി നടക്കുകയാണ്. ഈ രാജ്യത്തിലെ കർഷകരുടെ പ്രശ്നങ്ങൾ വല്ലതും അറിയുന്നുണ്ടോ? പ്രതിനിധി പുറമേയാണ് അവരുടെ നേരെയുള്ള ജപ്തി. കുട്ടനാട്ടിലെ കൃഷിക്കാർക്ക് ഡബ്സിഡി കൊടുക്കാം, പാലക്കാട് ജില്ലയിലെ കൃഷിക്കാർക്ക് കൊടുത്തുകൂടാ എന്നുപറയുന്നതെന്തുകൊണ്ടാണെന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. പാലക്കാട് ജില്ലയോട് എന്തിനാണ് ഈ അവഗണന? അതുപോലെത്തന്നെ മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നു, പാലക്കാട്ടുള്ള കൃഷിക്കാർക്ക് കൊടുത്തുകൂടായെന്നു പറയുന്നത് എന്തുകൊണ്ടാണ്? ഇത്തരത്തിൽ വൈരാഗ്യബുദ്ധിയോടുകൂടി പാലക്കാട് ജില്ലയിലെ കർഷകരോട് പെരുമാറുന്ന രീതി ഈ ഗവൺമെന്റ് അവസാനിപ്പിക്കണം. ഡാമിൽ വെള്ളം ധാരാളം ഉണ്ടായിരുന്നാലും കൃഷിയെ ഉണക്കിക്കളയുന്ന രീതിയിൽ അവിടെ വെള്ളം വിടാതെ, ആ കനാൽ നന്നാക്കുന്നതിന് ഫണ്ടില്ലെന്ന് പറഞ്ഞുകൊണ്ട് വെള്ളം വിടാതെ, കൃഷി നശിപ്പിക്കുന്ന രീതിക്ക് ഈ ഗവൺമെന്റ് ഉടനെ പരിഹാരം കാണണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

അതുപോലെത്തന്നെ മറ്റൊരുകാര്യം എനിക്ക് ബഹുമാനപ്പെട്ട പോലീസ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. കുറ്റക്കാരെ പിടിച്ചുകൊണ്ടുപോയി ശിക്ഷിക്കുന്നതിലോ ആ രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് പെരുമാറുന്നതിലോ ഒന്നും ഞങ്ങൾ കുറ്റം പറയുന്നില്ല. ഞങ്ങൾ ഒരു രാഷ്ട്രീയപാർട്ടിയാണ്. രാഷ്ട്രീയപാർട്ടി പ്രവർത്തകൻമാരെ അനാവശ്യമായിട്ട് പോലീസ് സ്റ്റേഷനിൽ വരുത്തി മർദ്ദിക്കുന്ന സമ്പ്രദായം നിറുത്തണം. എന്തെങ്കിലും കുറ്റമവരുടെ പേരിലുണ്ടെങ്കിൽ, കേസുണ്ടെങ്കിൽ അവരെവിളിച്ച് ചോദ്യം ചെയ്യുന്നതിൽ ഞങ്ങൾക്കാക്ഷേപമില്ല. പക്ഷേ എവിടെയെങ്കിലും എന്തെങ്കിലും സംഭവം നടന്നാൽ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രവർത്തകൻമാരെ പോലീസ് സ്റ്റേഷനിൽ വിളിച്ചുകൊണ്ടുവരുക, അവരെ അവിടെ വച്ച് മർദ്ദിക്കുക തുടങ്ങിയവ അവസാനിപ്പിക്കണം. കുഴൽക്കുളം പോലീസ് സ്റ്റേഷനിൽ ഉണ്ടായ സംഭവം ബഹുമാനപ്പെട്ട ആറുമുഖൻ എം. എൽ. എ. എഴുതിത്തന്നതാണ്. ഇതുപോലെ ചില സംഭവങ്ങളുണ്ടാകുന്നുണ്ട്. അക്കാര്യങ്ങൾ വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് ഈ രീതി അവസാനിപ്പിക്കണം. ഇത്തരം കാര്യങ്ങൾ എന്തിന്റെ പേരിൽ ആയാലും ശരി രാഷ്ട്രീയ പാർട്ടികളുടെ നേരെ നടത്തുന്നത് ശരിയല്ല. ഇക്കാര്യത്തിൽ പോലീസിനെ കയറൂരിവിട്ടുകൂടാ.

മറ്റൊരു കാര്യംകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. ശ്രീമാൻ വയലാർ രവി വളരെയേറെ താലോലിച്ചുവളർത്തിയ ആർ. എസ്. എസുകാർ ഇപ്പോൾ തിരിഞ്ഞുകുത്താൻ തുടങ്ങി. മറ്റു പല സംഭവങ്ങളും നടന്ന സമയത്ത്, നിങ്ങൾ വളരെയേറെ സന്തോഷിച്ചു. ഇക്കാര്യത്തിൽ നിങ്ങൾ മുമ്പ് എടുത്തിട്ടുള്ള നടപടി ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. ഡി. സി. സി. വൈസ് പ്രസിഡൻറിനെ വെട്ടിക്കൊന്ന സമയത്ത് വളരെ ജാഗ്രതയായി. രാജ്യവ്യാപകമായ രീതിയിൽ അക്രമം വളർത്തുന്നതിന് സഹായിച്ചിട്ടുള്ളതാണോ നിങ്ങളുടെ നയം? പല സ്ഥലത്തും ഇങ്ങനെ സംഘട്ടനങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ആർ. എസ്. എസുകാർ പ്ലാൻ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിപ്പോൾ നിങ്ങളെത്തന്നെ തിരിഞ്ഞുകുത്തുന്ന ഈയവസരത്തിലെങ്കിലും ഇത് തടയുന്നതിന് ഇത്തരത്തിലുള്ള അക്രമപ്രവർത്തനങ്ങൾ നടത്തുന്ന ആർ. എസ്. എസുകാരെ നിയന്ത്രിക്കുന്നതിനുള്ള നടപടി പോലീസ് വകുപ്പുമന്ത്രിയെടുക്കാതെ ഇനിയും അവരുടെ സഹായവും കൂട്ടുകെട്ടും കൊണ്ടുനടക്കുകയാണ്. അത് അവസാനിപ്പിക്കണം. ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. വി. മാണി: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ പ്രതിപക്ഷം രാജ്യത്തിന്റെ പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടിക്കൊണ്ട് ജനകീയമായ പ്രശ്നങ്ങളിൽ യാതൊരു ശ്രദ്ധയും പതിക്കാതെ ജനങ്ങളോട് വെല്ലുവിളിനടത്തിക്കൊണ്ടാണ് ഇന്ന് ഇവിടെ നിൽക്കുന്നത്. അതിന്റെ ഒരു ഉദാഹരണമാണ് ഈ അടുത്ത 7-ാം തീയതി നടത്താൻപോകുന്ന ബന്ത്. ബന്ത് നടത്തിയാൽ അത് പരിപൂർണ്ണ വിജയമായിരിക്കുമെന്ന് ബഹുമാനപ്പെട്ട രാഘവൻ ഇവിടെ വെല്ലുവിളിച്ചു. അദ്ദേഹം ഇവിടെ വളരെ വാചാലമായി അത് പറയുകയുണ്ടായി. നമുക്കറിയാം നമ്മുടെ രാജ്യത്ത് ഒരു രാഷ്ട്രീയ പ്രസ്ഥാനവും വേണ്ട, ഏതെങ്കിലും ഒരു ജില്ലയിൽ ഏതെങ്കിലും ഒരു പ്രദേശത്ത് രണ്ടുമൂന്ന് വ്യക്തികൾ മാത്രം വിചാരിച്ചാലും ഒരു ബന്ത് നടത്താം. കച്ചവടക്കാർക്ക് അവരുടെ കടയിൽ എന്തെങ്കിലും നഷ്ടമുണ്ടാകാമെന്നുപേടിച്ചുകൊണ്ട് കടകമ്പോളങ്ങൾ തുറക്കാതെ വരുകയും ബസ്സുകൾ ഓടാതെ വരുകയും ചെയ്യുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് ബന്ത് വിജയമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യാം. കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയും പ്രതിപക്ഷവും അതാണ് ഇവിടെ ആഹ്വാനം ചെയ്തിട്ടുള്ളത്. നിങ്ങൾ ബന്ത് നടത്തിയതുകൊണ്ട് കടകൾ തുറക്കാതിരിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് ചിലപ്പോൾ അസൗകര്യങ്ങൾ ഉണ്ടാകും. ഇത് ജനങ്ങളോട് നിങ്ങൾ ചെയ്യുന്ന ഒരു ദ്രോഹമാണ്, ഒരു വെല്ലുവിളിയാണ് ഈ ബന്ത് എന്നുമാത്രമേ എനിക്ക് ഇതിനെപ്പറ്റി പറയുവാനുള്ളൂ.

ഇവിടെ ശ്രീമാൻ രാഘവൻ ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുറ്റമെന്ന രീതിയിൽ കേരളാകോൺഗ്രസ് പാർട്ടിയെ മനസ്സിൽ കണ്ടുകൊണ്ട് ചിലതെല്ലാം പറയുകയുണ്ടായി. അത് ഞങ്ങൾക്കൊക്കെ യറിയാം. ഞങ്ങളുടെ മന്ത്രിമാരെല്ലാം അഴിമതിക്കാരാണെന്ന പുകമറ സൃഷ്ടിച്ചുകൊണ്ട് അവരെ കരിതേയ്ക്കുവാനുള്ള ശ്രമം, ആ ഒരു പാഴ്വേല മാർക്സിസ്റ്റുപാർട്ടിയും ശ്രീമാൻ രാഘവനും നടത്തേണ്ട, അത് മനസ്സിൽ വച്ചിരുന്നാൽമതിയെന്നാണെനിക്കു പറയുവാനുള്ളത്. ഞങ്ങളുടെ മന്ത്രിമാർ ഈ രാജ്യത്ത് അന്തസ്സായി ജനങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ അന്തസായി ഐക്യജനാധിപത്യ മുന്നണിയിൽ നിന്നുകൊണ്ട് ഇന്ന് അഴിമതിയുടെ കറപുരളാതെതന്നെ ഭരിക്കുകയാണ്. ഞാൻ വെല്ലുവിളിക്കുകയാണ്. രാഘവനും മാർക്സിസ്റ്റ്പാർട്ടിയും തയ്യാറുണ്ടെങ്കിൽ അവർ അഴിമതിക്കാരാണെന്ന് തെളിയിക്കുക അന്ന് കേരളാകോൺഗ്രസ് അതിന് സമാധാനം പറയാം. അതല്ലാതെ അസംബ്ലിയിൽവന്ന് എന്തെങ്കിലും പേയ്ക്കൂത്ത് പറഞ്ഞതുകൊണ്ട്, ഇങ്ങനെ സമയം കളഞ്ഞതുകൊണ്ട് യാതൊരു കാര്യവുമില്ല. അങ്ങനെ ഞങ്ങളുടെ മന്ത്രിമാരേയും ഞങ്ങളുടെ പാർട്ടിയേയും അഴിമതിക്കാരായി നിങ്ങൾ ചിത്രീകരിച്ചതുകൊണ്ട് ഞങ്ങൾ ഈ രാജ്യത്തെ ജനങ്ങളിൽനിന്ന് ഒറ്റപ്പെടാൻ പോകുന്നില്ലയെന്ന് ഈയവസരത്തിൽ ഞാൻ പറയുകയാണ്. സർ, നമ്മുടെ രാജ്യത്ത് അഭൂതപൂർവ്വമായ വെള്ളപ്പൊക്കമുണ്ടായി. വെള്ളപ്പൊക്കമുണ്ടായപ്പോൾ നമ്മുടെ ഗവൺമെന്റ് ആ വെള്ളപ്പൊക്കം മൂലമുണ്ടായകെടുതികൾ പരിഹരിക്കുന്നതിനുവേണ്ടി എത്ര ജാഗ്രതയോടുകൂടിയും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവെന്നത് നമുക്കെല്ലാവർക്കുമറിയാം. ഈ അസംബ്ലിയിൽതന്നെ 500 കോടി രൂപയും സഹായംവേണമെന്നരീതിയിൽ പ്രമേയം പാസാക്കി. അതിന് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയെ ഞാൻ പ്രശംസിക്കുന്നു. അദ്ദേഹം ഈ സമയത്ത് എല്ലാ വകുപ്പുകളിലേയ്ക്കുമുള്ള നഷ്ടങ്ങൾ വിലയിരുത്തി 674 കോടിരൂപയുടെ ഒരു മെമ്മോറാണ്ടം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. അതിന്റെ ഫോളോ അപ്പ് ശരിക്ക് നടത്തി. അതിന്റെ ഫലമായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രിയോടുള്ള സ്വാധീനംകൊണ്ട് ഇന്ത്യയുടെ ചരിത്രത്തിൽ മറ്റൊരുസംസ്ഥാനത്തിനും ലഭിച്ചിട്ടില്ലാത്തവിധം ദുരിതാശ്വാസപ്രവർത്തനത്തിന് വമ്പിച്ച ഒരുതുക നമുക്ക് കിട്ടിയിട്ടുണ്ട്. അതിൽ തീർച്ചയായും നമുക്ക് അഭിമാനിക്കുവാൻസാധിക്കും. നിങ്ങൾ അതിന്റെ വിലകുറച്ചുകാണിക്കേണ്ടകാര്യമില്ല. ഇതിനുമുമ്പ് ഇന്ത്യയിൻ ദുരിതാശ്വാസത്തുകയിൽ എത്ര ശതമാനമാണ് ഗ്രാന്റായികൊടുത്തിരുന്നത്. കേരളത്തിനാണ് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ദുരിതാശ്വാസപ്രവർത്തനത്തിന് 88ശതമാനം ഗ്രാന്റ് കൊടുത്തിട്ടുള്ളത്. 134കോടിരൂപയുടെ 88ശതമാനം ഗ്രാന്റ് തന്നു. നമ്മുടെ പ്രധാനമന്ത്രി കേരളത്തോടുകാണിച്ച കാരുണ്യമാണത്. മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് നടത്തിയ സമർദ്ദത്തിന്റെയും സ്വാധീനത്തിന്റെയും ഫലമായും ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ കാണിച്ച അങ്ങേയറ്റത്തെ പ്രയത്നവുമാണിതെന്ന് പറയാതിരിക്കുവാൻ തരമില്ല. അതൊന്നും നിങ്ങൾ കാണാതെ ഇവിടെ വന്നുനിന്നുകൊണ്ട് ഈ ദുരിതാശ്വാസപ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ നടത്തുന്നില്ല എന്നു പറയുന്നു. ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിന് പകരം ഇതെല്ലാം നടക്കാതിരിക്കുവാൻവേണ്ടി ബന്ധുകളും കലാപങ്ങളും അക്രമങ്ങളും സൃഷ്ടിച്ചുകൊണ്ട് ഈ രാജ്യത്ത് ജനങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താനാണ് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റ്പാർട്ടിയും പ്രതിപക്ഷവും ശ്രമിക്കുന്നത്. അതിന് ജനങ്ങളിൽനിന്നും നിങ്ങൾക്ക് കനത്ത തിരിച്ചടി കിട്ടുമെന്നകാര്യത്തിൽ സംശയമില്ല.

സർ, അതുപോലെതന്നെ നാണ്യവിളകളുടെ കാര്യം. നമ്മുടെ കേരളത്തിലെ കൃഷിരീതിതന്നെ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമാണ്. ഒരുതെങ്ങുവച്ചാൽ അത് അഞ്ചുംപത്തുംകൊല്ലംകഴിഞ്ഞിട്ടേ അതിൽ കായ് വരുന്നുള്ളു. വെള്ളപ്പൊക്കംകൊണ്ട് അല്ലെങ്കിൽ വരുതികൊണ്ട് ആ തെങ്ങുനശിച്ചുപോയാൽ കേന്ദ്രഗവൺമെൻറിൽനിന്ന് അല്ലെങ്കിൽ കൃഷിഡിപ്പാർട്ടുമെൻറിൽനിന്ന് അതിനുകിട്ടുന്ന നഷ്ടപരിഹാരം വളരെവളരെ തുച്ഛമാണ്. ഒരു തെങ്ങിന് 250 രൂപ അല്ലെങ്കിൽ 500 രൂപ നഷ്ടപരിഹാരം നൽകിയതുകൊണ്ട് കാര്യമില്ല. കാരണം ഒരുതെങ്ങുവച്ചാൽ ആ തെങ്ങിൻതൈ വളർന്നുവരുന്നതിന് ഏറ്റവും ചുരുങ്ങിയത് ആറേഴുകൊല്ലംവേണം. അതിനുവരുന്ന ചെലവുകളും കാലതാമസവും കണക്കിലെടുക്കുമ്പോൾ തീർച്ചയായും ആ നഷ്ടപരിഹാരം ആ നോംസ് വളരെ അപര്യാപ്തമാണ്. നാണ്യവിളകളായ കുരുമുളക്, റബ്ബർ, ജാതിക്ക എന്നിവക്കെല്ലാം ഈ നോംസ് പാറുകയില്ല. ഇവിടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെയുള്ള കൃഷിരീതിയല്ലാത്തതുകൊണ്ട് നമ്മുടെ നാണ്യവിളകൾക്കു സംഭവിക്കുന്ന നഷ്ടങ്ങളെസംബന്ധിച്ചിടത്തോളം അതിന്റെ നഷ്ടപരിഹാരത്തോതിലും മറ്റും സംസ്ഥാനഗവൺമെൻറ് ഒരു പുതിയ നോംസ് ഉണ്ടാക്കി, അത് കേന്ദ്രഗവൺമെൻറിനെകൊണ്ട് അംഗീകരിപ്പിക്കേണ്ട ഒരു ബാദ്ധ്യതകൂടിയുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വിലയിടിവുണ്ട്, അതൊരു സത്യമാണ്. 400കോടി തേങ്ങ ഉല്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. തേങ്ങയ്ക്ക് കഴിഞ്ഞ കൊല്ലം രണ്ടരയും മൂന്നുംരൂപ വിലയുണ്ടായിരുന്നു. ആ വില ഉണ്ടായിരുന്നുഎങ്കിൽ ഏതാണ്ട് 600 കോടിരൂപയോളം കേരളത്തിലെ ജനങ്ങളുടെ പോക്കറ്റിൽ വരുമായിരുന്നു, കേന്ദ്രഗവൺമെൻറിന്റെ ഇറക്കുമതിനയത്തിൽ കേരളഗവൺമെൻറുമായി ആലോചിക്കണം. കേരളത്തിൽ നാണ്യവിളകൾക്ക് ദുഷ്യംവരുന്നനിലയിൽ ഇറക്കുമതിനയം ഉണ്ടാക്കുമ്പോൾ കേരളഗവൺമെൻറിനോടുകൂടി ആലോചിക്കുകയെന്ന ഒരു നയപരിപാടി കേന്ദ്രഗവൺമെൻറ് നടത്തിയാൽ ഈ ദുഷ്യങ്ങൾ പരിഹരിക്കുവാൻകഴിയും. കേരളാകോൺഗ്രസ്പാർട്ടിയുടെ നയം ഇതുതന്നെയാണ്. കേരളാകോൺഗ്രസ്പാർട്ടി എക്കാലവും പറഞ്ഞിട്ടുള്ളതാണിത്. റബ്ബർ ഇറക്കുമതി ചെയ്യുമ്പോൾ കേരളഗവൺമെൻറുമായി ആലോചിച്ച് ഇറക്കുമതിയെ സംബന്ധിച്ച് ഒരു തീരുമാനമെടുത്താൽ ആ ഇറക്കുമതിയിൽ കേരള റബ്ബർകർഷകർക്കും കേരള സമ്പദ്വ്യവസ്ഥയ്ക്കും അത് ഉപയോഗപ്രദമായിരിക്കും. അതുകൊണ്ട് കൊപ്രയായാലും വെളിച്ചെണ്ണയായാലും റബ്ബറായാലും കേരളത്തിലുൽപാദിപ്പിക്കുന്ന നാണ്യവിളകൾ ഇറക്കുമതിചെയ്യുമ്പോൾ കേരളഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറുമായി ആലോചിച്ച് ഒരു തീരുമാനമെടുത്താൽ ഇത്രമാത്രം ദുഷ്യമുണ്ടാകില്ല. നാളികേരത്തിന് പ്രൊക്യൂവർമെൻറ് ഇനിയും കൂട്ടണം. പണമില്ലയെന്നതുകൊണ്ട് മാറിനിരുത്താൻകഴിയില്ല. ഉള്ളസ്വത്ത് വച്ചുകൊണ്ട് കൊപ്രസംഭരണം ഇന്നത്തെരീതിയിൽ തുച്ഛമാക്കാതെ ചുരുങ്ങിയത് കേരളത്തിലെ കമ്പോളത്തിലുള്ള കൊപ്രയുടെ ഒരു 50ശതമാനമെങ്കിലും ഇന്ന് ഈ സൊസൈറ്റികൾവഴി വാങ്ങാനുള്ള സംരംഭം ഉണ്ടായാൽ മാത്രമേ നാളികേരത്തിൻെറ വിലയിടിവിൽനിന്നും ഇവിടത്തെ കൃഷിക്കാരെ രക്ഷിക്കാൻകഴിയുകയുള്ളു. അതിനുള്ള സത്വരനടപടികൾ ഈയവസരത്തിൽ സ്വീകരിക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുന്നു.

സർ, ഹൗസിംഗിനെ സംബന്ധിച്ചിടത്തോളം നമുക്ക് വളരെയധികം അഭിമാനിക്കുവാൻ സാധിക്കും. കഴിഞ്ഞവർഷം 25,000
1 p. m.] വീടുകൾ വോളൻറിറി ഓർഗനൈസേഷൻെറ സഹായത്തോടുകൂടി ഇവിടെ ഫലപ്രദമായി, വിജയകരമായി പണിപൂർത്തിയാക്കാൻ സാധിച്ചു. ഈ അടുത്തവർഷം ഒരു ലക്ഷംവീടുകൾ വീക്കർ സെക്ഷനുവേണ്ടി നിർമ്മിക്കാനുള്ള എല്ലാ ഏർപ്പാടുകളും പൂർത്തിയായിരിക്കുകയാണ്. ഈ രാജ്യത്ത് തലചായ്ക്കാനിടമില്ലാത്തവരെ സംബന്ധിച്ചിടത്തോളം അവർക്ക് വരാവുന്ന ഏറ്റവും വലിയ ഒരു ഭാഗ്യമാണിത്. അത് ഉപയോഗപ്പെടുത്താൻ എല്ലാ ഭാഗത്തുനിന്നും ഉള്ള പിൻതുണയും സഹായവും ആവശ്യമാണ്. അതേസമയത്ത് പ്രതിപക്ഷം ഈ വക കാര്യങ്ങളിൽ ഒന്നും യാതൊരു ശ്രദ്ധയും പതിക്കാതെ ശ്രീ. സീതിഹാജി പറഞ്ഞതുപോലെ ഇവിടെ അരാജകത്വവും പട്ടിണിയും തൊഴിലില്ലായ്മയും ഉണ്ടാക്കി, അതിൽ നിന്ന് മുതലെടുത്തുകൊണ്ട് ഇങ്കിലാബ് സിന്ദാബാദ് വിളിച്ചുകൊണ്ട് ജാഥയ്ക്ക് ആളെ കിട്ടുവാൻവേണ്ടി മാർക്സിസ്റ്റ്പാർട്ടി ഇന്ന് ശ്രമിക്കുകയാണ്. അതുകൊണ്ട് മാർക്സിസ്റ്റ്പാർട്ടി ഒരുകാലത്തും കൊല്ലവും അവർ ജനങ്ങളിൽനിന്ന് അകന്നകന്ന് പൊയ്കൊണ്ടിരിക്കുകയാണ്. അതാണ് നമ്മുടെ രാജ്യത്ത് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. മാർക്സിസ്റ്റ്പാർട്ടിയുടെ കേന്ദ്രങ്ങളായിരുന്ന പലതും ഇങ്ങനെ മാർക്സിസ്റ്റ്പാർട്ടിയുടെ നിഷേധാത്മകമായ നിലപാടുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവർ ഒളിച്ചോട്ടം നടത്തികൊണ്ട്, ജനകീയവിരുദ്ധ സമരങ്ങൾ നടത്തികൊണ്ട്, ഇന്ന് മാർക്സിസ്റ്റ്പാർട്ടി ഒരുകാലത്ത് അവരുടെ കോട്ടകളായിരുന്ന പലതും ഇന്ന് അവരിൽനിന്നകന്നു വിട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മാർക്സിസ്റ്റ്പാർട്ടി ഈ നിസ്സഹകരണ നിലപാട് തിരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു, അല്ലെങ്കിൽ തീർച്ചയായും ജനങ്ങളിൽനിന്ന് ഒറ്റപ്പെടുവാൻ പോകുകയാണ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, എന്നെ സംബന്ധിച്ചിടത്തോളം എൻെറ നിയോജകമണ്ഡലത്തിലെ ഏറ്റവും ഗൗരവകരമായിട്ടുള്ള ഒരു പ്രശ്നമാണ്, മുഖ്യമന്ത്രി ഇവിടെയുണ്ട്, ട്രാൻസ്പോർട്ട്വകുപ്പ്മന്ത്രി ഇവിടെയുണ്ട്. അങ്കമാലി ആലുവാ മേഖലയിൽ ഇന്ന് ബസ്സ് സർവ്വീസ് ഇല്ലാത്തതുകൊണ്ടുള്ളദുരിതം പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല. അവിടെ ട്രാൻസ്പോർട്ട് ബസ്സുകൾ ഇന്ന് ഓടുന്നില്ല. അതിനു പകരമായി ഏതാണ്ട് നൂറോളം ജീപ്പുകളാണ് ഇന്ന് ആ പ്രദേശത്തുകൂടി ഓടി യാത്രാക്ലേശം അല്പമെങ്കിലും പരിഹരിക്കുന്നത്. അതുകൊണ്ട് അവിടെ ജീപ്പുകൾ ഓവർലോഡ് കയറ്റി പോകുന്നതുകൊണ്ടും ഓവർസ്പീഡ് കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം അപകടങ്ങളും മരണങ്ങളും ഉണ്ടാകുന്നു. അങ്കമാലി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിറ്റിയുടെ പരിധിയിൽ വരുന്നതാണ്. ഇപ്പോഴും ആലുവാവരെ സിറ്റി സർവ്വീസുകളും വന്നുനില്ക്കുന്നുണ്ട്. ആ സിറ്റിസർവ്വീസുകളും അങ്കമാലിവരെ എക്സ്റ്റെൻഡ് ചെയ്തുകൊണ്ട് അവിടത്തെ യാത്രാക്ലേശം പരിഹരിക്കാൻ വേണ്ട നടപടികളും ട്രാൻസ്പോർട്ട്വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 98.84 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളിൽ പ്രധാനമായും ഇവിടെ കഴിഞ്ഞ വെള്ളപ്പൊക്കത്തിലുണ്ടായ കെടുതികളുടെ പരിഹാരത്തിനുവേണ്ടിയാണ് സിംഹഭാഗവും ഉൾക്കൊള്ളിച്ചിരിക്കുന്നത്. മറ്റൊന്ന് ഫാമിലി വെൽഫെയർ, അതിന് മൂന്നുകോടി രൂപ കേന്ദ്രത്തിന്റെ പദ്ധതി നടപ്പിലാക്കുവാനുണ്ട്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ കേരകൃഷിക്കാർ ഇന്ന് നേരിടുന്ന പ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ അടിയന്തിരനടപടികൾ സ്വീകരിക്കാൻവേണ്ടിയാണ് ഒരുകോടി രൂപ. മറ്റ് വകുപ്പുകളെക്കുറിച്ച് ഒന്നും ഇതിൽ പറഞ്ഞിട്ടില്ല, പറഞ്ഞിട്ടില്ലെങ്കിലും ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന തുക വിശേഷിച്ചും ഈ നാഷണൽ കലാമിറ്റിസിന് വിവിധ വകുപ്പുകളിലൂടെയാണ് ഈ തുക ചെലവഴിക്കാൻ പോകുന്നത്. എത്ര തുക ഏത് വകുപ്പിലൂടെ എങ്ങനെ ചെലവഴിക്കാൻ പോകുന്നു എന്ന് ഈ സഭയിൽനിന്നും ഈ സപ്ലിമെന്ററി ഡിമാൻറിലും മറച്ചുവയ്ക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ചോദ്യോത്തരവേളയിൽ നമ്മുടെ നിയമസഭയിൽ ഇതിന്റെ വിശദാംശങ്ങൾ അറിയാൻവേണ്ടി കുത്തിക്കുത്തിയുള്ള പരിശ്രമങ്ങൾ നടന്നിട്ടും ഇത് എങ്ങനെ നടക്കും, ഏത് രൂപത്തിൽ നടക്കും, എങ്ങനെയാണ് ഇതിന് ഗവൺമെൻറ് ആലോചിക്കുന്നത് എന്നത് ജനങ്ങൾക്കോ നിയമസഭാംഗങ്ങൾക്കോ മനസ്സിലാക്കാൻ കഴിയാത്ത രൂപത്തിൽ ജനങ്ങളിൽനിന്ന് ഒളിച്ചുവെക്കാനുള്ള ഒരു പരിശ്രമം നടക്കുന്നു. ഇത് ചൂണ്ടിക്കാണിക്കുന്നത് ഈ സംസ്ഥാനത്തുണ്ടായ വലിയ ദുരന്തത്തിനു നേടിയെടുത്ത വളരെ പരിമിതമാണെങ്കിൽപോലും ഉള്ള തുക സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമായി ചെലവഴിക്കാനല്ല, മറിച്ച് കഴിഞ്ഞ മൂന്നേകാൽ വർഷവും ഈ ഗവൺമെൻറ് നമ്മുടെ സംസ്ഥാനത്തിലെ സമ്പത്ത് ഓരോ വകുപ്പുകളിലൂടെ എങ്ങനെ ദുർവ്യയം ചെയ്തു, ഏത് രൂപത്തിൽ ഓരോ വകുപ്പും ഭരിക്കുന്ന മന്ത്രിമാർ അവരവരുടെ കൈയിൽ കിട്ടുന്ന സമ്പത്ത് സ്വകാര്യസ്വത്ത് സമ്പാദിക്കാൻവേണ്ടി അഴിമതിയിലൂടെയും അതുപോലെതനിക്ക് പ്രീണിപ്പിക്കാവുന്ന വിഭാഗത്തെ പ്രീണിപ്പിച്ചുമൊക്കെ കഴിഞ്ഞ മൂന്നേകാൽ വർഷവും എങ്ങനെ കൊള്ള ചെയ്തോ ആ രൂപത്തിൽ ഇപ്പോഴും ഈ ദുരന്തത്തിന്റെ പേരിൽ കിട്ടിയിരിക്കുന്ന തുകയും കൊള്ള ചെയ്യാനുള്ള ഒരു പരിശ്രമമാണ് ഈ ഒളിച്ചുവയ്പിന്റെ പിന്നിലുള്ളത്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലൂടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ ഈ മൂന്നേകാൽ വർഷത്തെ പ്രവർത്തനംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടിയിരിക്കുന്നു എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം. ഇനി ഒരൽപ്പംപോലും ഇവരുടെ പ്രചരണങ്ങളോ അല്ലെങ്കിൽ ജനങ്ങളെ കബളിപ്പിച്ച് മുന്നോട്ട് പോകാനുള്ള പരിശ്രമങ്ങളോ ജനങ്ങളം അംഗീകരിക്കാൻ പോകുന്നില്ല. ഈ ഗവൺമെൻറിന്റെ പ്രവർത്തനങ്ങൾമൂലം ജനങ്ങളിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള വികാരം മുസ്ലീം ലീഗിലെ ശ്രീ. കുഞ്ഞാലിക്കുട്ടി സംസാരിക്കുമ്പോഴം ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളം ഈ സ്ഥിതിവിശേഷത്തിൽ പൊറുതിമുട്ടി കഴിയുകയാണ്. ഈ ഗവൺമെൻറിന്റെ പ്രവർത്തനങ്ങളം നമ്മുടെ സംസ്ഥാനത്തിനും ജനങ്ങൾക്കും ചെയ്യുന്ന ദ്രോഹങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ജനങ്ങളം അവരുടേതായ മാർഗ്ഗങ്ങളിൽ മുന്നോട്ടുപോകാനുള്ള പരിശ്രമങ്ങളം നടത്തുകയാണ്. അതിന്റെ ഒരു ഭാഗമായി സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന സ്ഥിതിഗതികളിൽ മാറ്റം ഉണ്ടാക്കാൻ, ജനങ്ങൾക്കെതിരായ പ്രവർത്തനങ്ങളിൽ നിന്ന് ഗവൺമെൻറിന്റെ രീതികളെ മാറ്റാൻവേണ്ടിയുള്ള പ്രക്ഷോഭണത്തിനാണ് നമ്മുടെ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ആഹ്വാനം ചെയ്തിട്ടുള്ളത്. ഇവിടെ ബന്തിന്റെ ആവശ്യമുണ്ടോ, ജനങ്ങൾക്ക് ബന്ത് ബുദ്ധിമുട്ടാക്കുമെന്നാണ് ചിലർ പറഞ്ഞത്. ഈ സർക്കാർ ഭരണത്തിലിരിക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് കഴിഞ്ഞ കാലഘട്ടത്തിലും ഇപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിനേക്കാം കൂടിയ ഒരു ബുദ്ധിമുട്ട് ഈ രാജ്യത്ത് ഒരു ബന്ത് കൊണ്ടോ പുറ് ജനങ്ങളുടെ സമരങ്ങം കൊണ്ടോ ഉണ്ടാകാൻ പോകുന്നില്ല. ഞാൻ ചോദിക്കുന്നു, ഭരണകക്ഷിയിൽനിന്നും നമ്മുടെ സംസ്ഥാനത്തെ ജനങ്ങം നിലവിലുള്ള ജനാധിപത്യ സമ്പ്രദായമനുസരിച്ച് ജനാധിപത്യപരമായ അവകാശം ഉപയോഗിച്ച് സമരം നടത്തുന്നില്ലേ? നമ്മുടെ രാജ്യത്തെ തൊഴിലാളികം കഴിഞ്ഞ മൂന്നേകാൽ വർഷമായി ഈ ഗവൺമെൻറിൽ നിന്ന് അനുഭവിക്കുന്ന തൊഴിലാളി ദ്രോഹനയങ്ങം, പ്രവർത്തനങ്ങം, തൊഴിലാളികളുടെ ഇതുവരെയുള്ള എല്ലാ ട്രേഡ് യൂണിയൻ അവകാശങ്ങം, അവരുടെ തൊഴിലിന്റെ സുരക്ഷിതത്വം, അവരുടെ അവകാശങ്ങളെല്ലാം കവർന്നെടുത്ത് അവരെ അടിച്ചമർത്താനുള്ള എല്ലാ ശ്രമങ്ങൾക്കുമെതിരായി ഐ. എൻ. ടി. യു. സി. യുടെ നേതൃത്വത്തിൽ നമ്മുടെ നിയമസഭാ കവാടത്തിൽ, സെക്രട്ടേറിയറ്റിനു മുന്നിൽ പതിനായിരക്കണക്കിനു തൊഴിലാളികം ഇന്ന് മാർച്ച് നടത്തിയിരിക്കുകയാണ്. അതുപോലെ പരമ്പരാഗതവ്യവസായങ്ങളിലെ തൊഴിലാളികം ഇന്ന് സമരങ്ങം നടത്തുന്നു. അതുപോലെ നമ്മുടെ രാജ്യത്തെ തൊഴിലാളികം മാത്രമല്ല കൃഷിക്കാർ വിവിധ മേഖലകളിൽ സമരങ്ങം നടത്തുന്നു. ചെറുപ്പക്കാർ സമരം നടത്തുന്നു, കാരണം തൊഴിലില്ലായ്മ പെരുകുന്നു, തൊഴിൽ സാദ്ധ്യതകം അടയുന്നു. അതിൽ ഒന്നും ശ്രദ്ധിക്കാത്ത ഒരു ഗവൺമെൻറിന്റെ പ്രവർത്തനത്തിൽ ഓരോ വിഭാഗം ജനങ്ങളും അവരുടെ സ്വന്തം മാർഗ്ഗങ്ങം സ്വീകരിച്ച് അവരുടെ സമര മാർഗ്ഗങ്ങളുമായി മുന്നോട്ടുവരുമ്പോം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും എന്ന് പറയുന്നു. ജനം സമരം ചെയ്താൽ ജനങ്ങൾക്കല്ല ബുദ്ധിമുട്ട്, മറിച്ച് ഇവിടെ ഭരണത്തിനുവേണ്ടി എന്ത് നെറികെട്ട പ്രവർത്തനവും നടത്തുന്ന നിങ്ങൾക്കാണ് ബുദ്ധിമുട്ട്. അതുകൊണ്ട് നിങ്ങളുടെ സൗകര്യത്തിനുവേണ്ടി ഭരണക്കാരുടെ സൗകര്യത്തിനുവേണ്ടി എല്ലാം ക്ഷമിച്ച്, എല്ലാം സഹിച്ച് ഭൂമിയെപ്പോലെ ക്ഷമയുള്ളവരായി കേരളത്തിലെ ജനങ്ങം ഇനി കഴിയാൻ തയ്യാറില്ല എന്നാണ് ഈ സമരങ്ങം സൂചിപ്പിക്കുന്നത്. ഈ സമരങ്ങളില്ലാതെ മറ്റ് മാർഗ്ഗങ്ങളാണോ ഭരണകക്ഷിക്കാർക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ കൈയിൽ മാർഗ്ഗങ്ങളുണ്ട്. അവരുടെ മാർഗ്ഗങ്ങളെക്കുറിച്ച് അവർ പറയുന്നുണ്ട്. ജനങ്ങളുടെ ബന്ത് തെറ്റ്. തൊഴിലാളികളുടെ സമരങ്ങളും തെറ്റ്. പിന്നെ എന്തുവേണമെന്നാണ് പറയുന്നത്? പഞ്ചാബ് മോഡൽ സമരം നടത്തണം കേരളത്തിൽ എന്നാണോ? ശ്രീ. ബാലകൃഷ്ണ പിള്ളയും ശ്രീ. മാണിയുമൊക്കെ ആഹ്വാനം ചെയ്യുന്ന പഞ്ചാബ് മോഡൽ സമരമാണ് കേരളത്തിൽ ആവശ്യമെന്നാണോ? അല്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിലെ ജനങ്ങൾക്കും അവരുടെ താൽപ്പര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ന്യായമായ സമരങ്ങൾ നടത്തുമ്പോൾ, കേരളത്തിലെ ഗവൺമെൻറിനെറ സമീപനങ്ങളും അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ട് കേന്ദ്രത്തിൻെറ സമീപനങ്ങളും തിരുത്താൻ ജനങ്ങളുടെ ന്യായമായ മാർഗ്ഗങ്ങളിൽകൂടി മുന്നോട്ട് പോകാൻ ശ്രമിക്കുമ്പോൾ നിങ്ങൾ അതിനെ അപഹസിച്ചുതള്ളുന്നത് പഞ്ചാബ് മോഡൽ സമരം നടത്തണമെന്നാണോ? അതോ എൻ. ഡി. പി. പറയുന്നതുപോലെ ഗുജറാത്ത് മോഡൽ സമരം നടത്തണമെന്നാണോ? അതോ ആസാം മോഡൽ സമരം നടത്തണമോ? അതല്ല, ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങളുടെ ആവശ്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയുള്ള സമരമാണ് ഈ ബന്ത്.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ മന്ത്രിമാർ ഇപ്പോൾ സപ്ലിമെൻററി ഡിമാൻറിൽ കിട്ടുന്ന. വിശേഷിച്ചും നാഷണൽ കലാമിറ്റിയുടെ അടിസ്ഥാനത്തിൽ കിട്ടുന്ന ഫണ്ട് ഉപയോഗിക്കാൻ പരിശ്രമിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ, ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾ നിറവേറാൻ ഈ ഗവൺമെൻറിൻെറ ഏതെങ്കിലും വകുപ്പിൻെറ പ്രവർത്തനങ്ങൾ ഈ മൂന്നേകാൽ വർഷവും പര്യാപ്തമായിട്ടുണ്ടോ? ഇവിടെ ഭരണകക്ഷിയിൽനിന്ന് ശ്രീ. എം. വി. മാണി പ്രസംഗിക്കുമ്പോൾ തൻെറ മണ്ഡലത്തിൽ വാഹനസൗകര്യമില്ലാത്തതിനെക്കുറിച്ച് പറഞ്ഞു. ശ്രീ. എം. വി. മാണിയുടെ മണ്ഡലത്തിൽ മാത്രമല്ല ഇന്ന് കേരളത്തിലെ ജനങ്ങൾക്ക് യാത്രചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. പ്രത്യേകിച്ച് ട്രാൻസ്പോർട്ട് വകുപ്പിൻെറ പ്രവർത്തനങ്ങൾ കുത്തഴിഞ്ഞ് കിടക്കുകയാണ്. അവിടെ പണിചെയ്യുന്ന തൊഴിലാളിക്കോ, അദ്ധ്വാനിച്ച് തളരുന്ന രീതിയിൽ ഓവർലോഡ്. ഇന്ന് നമ്മുടെ സംസ്ഥാനത്തിലെ ട്രാൻസ്പോർട്ടിലെ തൊഴിലാളികളും ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് ഇന്ന് രംഗത്ത് വരുന്നുവെങ്കിൽ, ശ്രീ. എം. വി. മാണിയുടേയും ശ്രീ. ടി. എസ്. ജോണിനേറയും യൂണിയനും കോൺഗ്രസ്സിൻെറ യൂണിയനും ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽപ്പെടുന്ന പാർട്ടികളുടെ യൂണിയനും എല്ലാപേരും ഒരുമിച്ചുവരുന്നുവെങ്കിൽ ആ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളിക്ക് നിൽക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നത് തടയാൻവേണ്ടിയാണ്. നമ്മുടെ രാജ്യത്തെ തൊഴിലാളികളും യാത്രാക്ലേശം അനുഭവിക്കുന്ന ആളുകളും ഒരുമിച്ചു നിന്ന് ഗവൺമെൻറിൻെറ ഈ സമീപനത്തെ തിരുത്താൻവേണ്ടി മുന്നോട്ട് വരുന്നതാണ് നമ്മുടെ സംസ്ഥാനത്ത് നടക്കാൻ പോകുന്ന ബന്ത്.

സർ, ഒരു കോടിരൂപ അനുവദിച്ചുവെന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തെ കേരകൃഷിക്കാരുടെ സ്ഥിതി വളരെ ദയനീയമാണ്. ഇത് കേരകൃഷിക്കാരുടെ കാര്യം മാത്രമല്ല. നമ്മുടെ സംസ്ഥാനത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

സമ്പദ്ഘടനയിൽ ഏറ്റവും വലിയ പ്രത്യാഘാതം ഉണ്ടാക്കുന്ന പ്രശ്നമാണ്. ഒരു കോടിരൂപ നിങ്ങളുടെ നേതൃത്വത്തിലുള്ള ഏതെങ്കിലും ഫെഡറേഷനെ ഏല്പിച്ചാൽ അത് സൗകര്യം പോലെ കൈകാര്യം ചെയ്യുകയല്ലാതെ ഈ രാജ്യത്തെ കേരകൃഷിക്കാർക്ക് യാതൊരു ഗുണവും ഉണ്ടാവുകയില്ല. അഴിമതിയുടെ കാര്യത്തിൽ മത്സരിച്ച് പോകുന്ന മന്ത്രിമാർ ഇതെല്ലാം ഒറ്റവാക്കിൽ നിഷേധിക്കും. എല്ലാം നിഷേധിച്ച് ഒരുമിച്ചുകൂടി ഇരുന്നിട്ട് ഇതുവരെയെടുത്ത സമീപനം മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയാത്ത പ്രതിസന്ധിയിലാണ്. ഈ പ്രശ്നം നമ്മുടെ സംസ്ഥാനത്തെ ഭരണാധികാരികളും, ഗവൺമെന്റുതന്നെ പരിഹരിക്കണം. എന്താണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്? ഇവിടെ ഓരോ പ്രതിസന്ധിയുണ്ടാകുന്നു. ഇവിടെ എസ്. ആർ. പി. പ്രശ്നം, എൻ. ഡി. പി. പ്രശ്നം, കേരള കോൺഗ്രസ് പ്രശ്നം അതുപോലെ പിള്ളപ്രശ്നം ഇവ നിലനിൽക്കുന്നു. ഓരോ പ്രശ്നങ്ങളും ഉണ്ടാകുമ്പോഴും ഒരു ദിവസത്തെ ബന്ദ് ഈ സംസ്ഥാനത്ത് നടത്തുന്നു. ഭരണസ്തംഭനവും ആഴ്ചകളും മാസങ്ങളും നീണ്ടുനിൽക്കുന്ന സർക്കാർ ഉടമയിലുള്ള ബന്ദുമാണ് ഇവിടെ നടക്കുന്നത്. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെമേൽ എന്നും ബന്ദ് അടിച്ചേൽപ്പിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. ചെറുപ്പക്കാരായ കൃഷിക്കാർ അവരുടെ പ്രശ്നങ്ങളുമായി, സമരവുമായി മുന്നോട്ടുവന്നാൽ, നിങ്ങൾ അങ്ങോട്ടു പോകേണ്ട, ഞങ്ങളുടെ ബന്ദിനെ അനുകൂലിക്കൂ. പഞ്ചാബ് മോഡലിനെ നോക്കൂ എന്നുപറഞ്ഞാൽ ഞങ്ങൾ അതിനെ അംഗീകരിക്കാൻ തയ്യാറില്ല.

ഇപ്പോൾ ഇവിടെ മന്ത്രിമാർ പറയുന്നു, അവർക്ക് ഒരുഅന്വേഷണം ആവശ്യമാണ് എന്ന്. ഈ സംസ്ഥാനത്തിലെ ഇടതുജനാധിപത്യ മുന്നണി പ്രധാനമന്ത്രിയോട് കേരളത്തിന്റെ പ്രശ്നങ്ങൾ പറഞ്ഞില്ല എന്നുപറഞ്ഞു. കേരളത്തിലെ മുഖ്യപ്രശ്നം ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന കൊള്ളരുതായ്മതന്നെയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അവതരിപ്പിച്ചത് ആ മുഖ്യപ്രശ്നമാണ്. ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ള പറയുന്നു, എനിക്കുള്ള സ്വത്തിനെക്കുറിച്ച് ആരെങ്കിലും ഒന്നന്വേഷിച്ച് എന്നെ രക്ഷപ്പെടുത്തണമെന്ന്. ബാലകൃഷ്ണപിള്ള പത്രസമ്മേളനത്തിൽ പറയുമ്പോൾ, നാണംകെട്ട മുഖ്യമന്ത്രിയോട് ബാലകൃഷ്ണപിള്ളയുടെ സ്വത്ത് അന്വേഷിക്കാൻ തയ്യാറുണ്ടോ എന്ന് ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുന്നു. ആ സ്വത്ത് അന്വേഷിക്കാൻ തയ്യാറുണ്ടോ? അവർ തമ്മിൽ ഭരണത്തിനു വേണ്ടിയും അധികാരത്തിനുവേണ്ടിയും ഒരുമിച്ച് ഇരിക്കുന്നു. ഈ സംസ്ഥാനത്ത് നിലനിന്നിരുന്ന ചില പ്രത്യേകതകളും നശിപ്പിച്ചുകൊണ്ട് മനുഷ്യരുടെ സൗഹാർദ്ദം നശിപ്പിച്ചുകൊണ്ട് അപകടകരമായിട്ടുള്ള ഒരു സ്ഥിതിയിലേക്ക് കൊണ്ടുചെന്നെത്തിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്ത് ഭരണസ്തംഭനം മാത്രം കാഴ്ചവെച്ചിട്ടുള്ള, കിട്ടുന്ന പൈസപോലും അത്തരത്തിൽ വിനിയോഗിക്കുന്ന ഈ ഗവൺമെന്റിന്റെ സപ്ലിമെന്ററി ഡിമാൻഡിനെ ഒന്നുകൂടി എതിർക്കുന്നു.

ശ്രീ. തച്ചടി പ്രഭാകരൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാൻഡ്സിനെ പ്രതിപക്ഷം യാതൊരു കാരണവശാലും എതിർക്കുകയില്ല എന്നാണ് ഞാൻ പ്രതീക്ഷിച്ചത്. വെള്ളപ്പൊക്കദുരിതാശ്വാസത്തിന് കേന്ദ്രഗവൺമെന്റ് സഹായിച്ച 95 കോടി രൂപ നീ-ഇമ്പേഴ്സു ചെയ്തു വാങ്ങുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

നാളികേരകൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി കൊപ്രസംഭരണം നടത്തുന്നതിന് മാർക്കറ്റിങ്ങ് ഫെഡറേഷനെ ഏൽപിച്ച് ഒരുകോടി രൂപയും ചേർത്ത് 98.84 കോടി രൂപയ്ക്കാണ് സപ്ലിമെന്ററി ഡിമാൻഡുമായിട്ട് വന്നത്. എക്സ്പെഡിച്ചർ ഓൺ കാപ്പിറ്റൽ അക്കൌണ്ടിൽ ആകെ രണ്ടുകോടി രൂപ മാത്രമേ അഡീഷണൽ എക്സ്പെൻഡിച്ചറായിട്ട് ഈ സഭയോട് ആവശ്യപ്പെട്ടുള്ളൂ. ജനങ്ങളെ സംബന്ധിച്ചിത്തോളം ദുരിതപൂർണ്ണമായ ഈ സാഹചര്യത്തിൽ നിന്ന് മോചനം നേടണം. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായാണ് വെള്ളപ്പൊക്കദുരിതാശ്വാസത്തിനുവേണ്ടി കേരള ഗവൺമെൻറിന് 135 കോടി രൂപ കേന്ദ്രം നീക്കിവെച്ചത്. ഇതിനേക്കാൾ വലിയ വെള്ളപ്പൊക്കമുണ്ടായ യു.പി. യിലോ ബീഹാറിലോ ഈ രീതിയിലുള്ള ധനസഹായം ചെയ്തില്ല. ശ്രീ. കരുണാകരൻ മുഖ്യമന്ത്രി എന്ന നിലയിലും ശ്രീ. കെ. എം. മാണി ധനകാര്യമന്ത്രി എന്ന നിലയിലും ശ്രീ. പി. ജെ. ജോസഫ് റവന്യൂമന്ത്രി എന്ന നിലയിലും കേന്ദ്രഗവൺമെൻറിൻെറ മുൻപിൽ നിരവധി തവണ സമ്മർദ്ദം ചെലുത്തുകയും സ്വാധീനം ചെലുത്തുകയും ചെയ്തു. കേരളത്തിലെ ജനങ്ങളെ ദുരിതപൂർണ്ണമായ ഈസാഹചര്യത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സപ്ലിമെൻററിഡിമാൻഡ് ഇവിടെ അവതരിപ്പിച്ചത്. ഈ ഡിമാൻഡ് ഇവിടെ അവതരിപ്പിച്ച് കഴിഞ്ഞപ്പോൾ എന്നും ആവർത്തിച്ചു പറയുന്ന ആക്ഷേപങ്ങൾ മാത്രമാണ് പ്രതിപക്ഷത്തുനിന്ന് ഈ ചർച്ചയിൽ കേട്ടത്. ഒരു നല്ലവാക്കു പറയാൻ നിങ്ങൾക്കുകഴിഞ്ഞിട്ടുണ്ടോ ? 135 കോടി രൂപ കേരളത്തിലെ വെള്ളപ്പൊക്ക ദുരിതുശ്വാസത്തിനു വേണ്ടി നീക്കിവെച്ചപ്പോൾ അതിനെക്കുറിച്ച് ഒരു വാക്കുപോലും പറയാൻ തയ്യാറാകാത്ത സാമാന്യ മര്യാദയില്ലാത്ത പ്രതിപക്ഷമാണ് ഇവിടെയുള്ളത്. അതുകൊണ്ടാണ് ജനങ്ങളിൽനിന്ന് ദിവസമെന്നോണം അവർ ഒറ്റപ്പെട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീ. രാജീവ് ഗാന്ധിയെക്കുറിച്ച് ശ്രീ. എം. വി. രാഘവൻ പറഞ്ഞു. 'വായിൽ വരുന്നത് കോതക്കുപാട്ട്' എന്നു പറയുന്നതുപോലെയാണ് എം.വി. രാഘവൻ പറയുന്നത്.

കഴിഞ്ഞ 8 മാസക്കാലമായി ലോക രാഷ്ട്രങ്ങളുടെ സ്ഥിതി എന്താണ് ? ലോകരാഷ്ട്രങ്ങളും മുഴുവൻ ശ്രീ. രാജീവ്ഗാന്ധിയുടെ പെർഫോർമൻസിനെക്കുറിച്ച് പറഞ്ഞു. പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിനും ഇന്ദിരാഗാന്ധിക്കും ശേഷം ഇൻഡ്യൻ ജനാധിപത്യം തകരുമെന്ന് പ്രതീക്ഷിച്ചിരുന്ന ലോക സാമ്രാജ്യ ശക്തികളെ ഞെട്ടിപ്പിച്ചുകൊണ്ട് 8 മാസക്കാലമായി ഉണ്ടായ പെർഫോർമൻസിനെക്കുറിച്ച് ഞാൻ ഒരിക്കൽ ഈ സഭയിൻ പറഞ്ഞതാണ്. അമേരിക്കൻ സാമ്രാജ്യശക്തികൾക്കെതിരായി ലോകത്തെ ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തലവൻ പോലും പറയാത്ത രീതിയിൽ അമേരിക്കൻ കോൺഗ്രസ്സിൽ പോയി നട്ടെല്ലോടുകൂടി പറയാൻ കഴിഞ്ഞത്. ശ്രീ. രാജീവ് ഗാന്ധിക്കു മാത്രമാണ്, ഇൻഡ്യൻ നാഷണൽകോൺഗ്രസ്സിൻെറ നേതാവിനാണ്.

ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു, കോൺഗ്രസ്സ് വൻപാർട്ടി മേധാവിത്വം പുലർത്തുന്നുവെന്ന്. 1977-ൽ ശ്രീ. ചന്ദ്രശേഖരൻെറ നേതാവ് മൊറാർജി ദേശായി ഇൻഡ്യയിൽ ഭരിച്ചപ്പോൾ മൂന്നിൽ രണ്ടു ഭൂരിപക്ഷമാണ് അവർക്കുണ്ടായിരുന്നത്. ഇന്ന് ശ്രീ. ചന്ദ്രശേഖരൻെറ പാർട്ടിയിലെ ശ്രീ. മധുദണ്ഡവതെയും വേറെ

LIBRARY ARCHIVES Kerala Legislative Assembly

യൊരാളുമേയുള്ളു. ഇന്ന് രണ്ടുപേരാണ്. മൂലയിൽപോയി ഇരിക്കുന്നത്. അന്നേസമയം 520-ൽ 401 ആളുകളെ തിരഞ്ഞെടുത്ത്, ബഹുഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്ന ശ്രീ. രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് ജനകോടികളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് മുന്നോട്ടു പോയി. ജനകോടികളുടെ വിശ്വാസം ആർജിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ആ ജനകീയ നേതാവ് കഴിഞ്ഞ എട്ടു മാസത്തിനകം ഇൻഡ്യയിലെ ദേശീയ പ്രതിപക്ഷനേതാക്കളെ മൂന്നുപ്രാവശ്യം വിളിച്ച് ചർച്ച ചെയ്തു. ഇൻഡ്യയിലെ ബഹുഭൂരിപക്ഷമുള്ള രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് വിരലിൽ എണ്ണാവുന്ന ദേശീയ പ്രതിപക്ഷപാർട്ടികളെ എട്ട് മാസത്തിനുള്ളിൽ മൂന്നുപ്രാവശ്യം വിളിച്ച് ദേശീയ പ്രശ്നങ്ങളിൽ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ച് ചർച്ച ചെയ്തു. ഞാൻ ചോദിക്കട്ടെ ശ്രീ. എം. വി. രാഘവന്റെ നേതാവായ ശ്രീ. ഇ. എം. എസ്സിനു പോലും വിമർശനമായി ഒരു പ്രസ്താവന അതിനെക്കുറിച്ച് ഇറക്കാൻ കഴിഞ്ഞില്ല. ശ്രീ. ചന്ദ്രശേഖരന്റെ നേതാവായ ശ്രീ. മധുദണ്ഡവതെക്ക് ശ്രീ. രാജീവ് ഗാന്ധിയുടെ പ്രസ്താവനയെക്കുറിച്ചോ, ഗവൺമെന്റിന്റെ നയങ്ങളെക്കുറിച്ചോ ഒരക്ഷരംപോലും ഇതുവരെ പരസ്യമായി പറയാൻ കഴിഞ്ഞിട്ടില്ല. ശ്രീ. രാജീവ്ഗാന്ധി കഴിഞ്ഞ എട്ട് മാസക്കാലത്തിനുള്ളിൽ സാമ്രാജ്യശക്തികളുടെ നേരെയെടുത്തിട്ടുള്ള സമീപനത്തിൽ ഞങ്ങൾ അഭിമാനിക്കുന്നു എന്ന് ശ്രീ. കെ.പി. പ്രഭാകരന്റെ പാർട്ടിയുടെ നാഷണൽ എക്സിക്യൂട്ടീവ് പ്രമേയം പാസ്സാക്കി. എന്നിട്ടാണ് ഇവിടെ വന്ന് പറയുന്നത്; അമേരിക്കൻ സാമ്രാജ്യ ശക്തികളുടെയും വൻകിട മുതലാളിമാരുടെയും ഏജന്റുമാരാണ് കോൺഗ്രസ്സ് എന്ന്.

ശ്രീ. എം. വി. രാഘവൻ : സർ, എന്റെ പാർട്ടിയുടെ ജനറൽ സെക്രട്ടറി ശ്രീ. ഇ. എം. എസ്. കഴിഞ്ഞ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് കഴിഞ്ഞ് നടത്തിയ പത്രസമ്മേളനത്തിൽ ജവഹർലാൽ നെഹ്റുവിനേയും ശ്രീമതി ഇന്ദിരാഗാന്ധിയേയുംകാൾ വലതുപക്ഷ പിൻതിരിപ്പൻ നയമാണ് ശ്രീ. രാജീവ് ഗാന്ധി അംഗീകരിക്കുന്നത് എന്നു പറഞ്ഞു. പത്രം വായിക്കണം.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ദേശാഭിമാനി പത്രത്തിൽപോലും അങ്ങിനെ വന്നില്ല. ശ്രീ. എം. വി. രാഘവന്റെ പാർട്ടിയുടെ മുഖപത്രമാണല്ലോ ദേശാഭിമാനി. അതിൽപോലും ശ്രീ. ഇ.എം.എസ് നാഷണൽ എക്സിക്യൂട്ടീവിൽ പറഞ്ഞത് വന്നില്ല. അങ്ങനെ പറയാൻ സാധിക്കുകയില്ലായെന്നുള്ളത് വളരെ വ്യക്തമാണ്. ഈ ഗവൺമെന്റിനു് എതിരായിട്ട് ഒന്നും പറയാൻ സാധിക്കാത്തതുകൊണ്ട് ശ്രീ. രാജീവ് ഗാന്ധി കുത്തകമുതലാളിമാരെ താലോലിക്കുന്ന ആളാണെന്നും കഴിഞ്ഞ 35 വർഷം കൊണ്ട് പറഞ്ഞുപഴകിയ ആയുധമാണ് എടുക്കുന്നത്.

നമ്മുടെ പ്രധാനമന്ത്രി ഈ അടുത്ത ദിവസം കേരളത്തിൽ വന്നു. കഴിഞ്ഞ 35 കൊല്ലമായിട്ടുള്ള പോരായ്മകളും വൈകല്യങ്ങളും നോക്കി. കേരളത്തിൽ മാത്രമല്ല കഴിഞ്ഞ 35 വർഷക്കാലം കൊണ്ട് ഇൻഡ്യയിലുള്ള ദാരിദ്ര്യത്തിൽനിന്ന് മുഴുവൻ അവരെ മോചിപ്പിച്ചു എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. പത്തെഴുപത്തിയാറു കോടി ജനങ്ങളുള്ള ഈ രാജ്യത്ത് കഴിഞ്ഞ 35 വർഷക്കാലമായി ഉണ്ടായ പുരോഗതിക്ക് നേരെ പ്രതിപക്ഷത്തിന് കണ്ണടച്ചുനിൽക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ ? അരിയുടെ ഉല്പാദന രംഗം എടുത്തു പരിശോധിച്ചു നോക്കിയാലും വ്യവസായ രംഗം എടുത്തുനോക്കിയാലും വികസിത രാജ്യങ്ങളുടെ നാലാമത്തെ സ്ഥാനത്തേക്ക് ദരിദ്രരാജ്യമായ ഇൻഡ്യയെ കൊണ്ടുവരാൻ കഴിഞ്ഞത് ഇൻഡ്യൻനാഷണൽ കോൺഗ്രസ്സ് ഭരിച്ചതുകൊണ്ടാണ് എന്നു കാണാൻ കഴിയും. ലോകരാഷ്ട്രങ്ങളുടെ മുൻപിൽ തലയുയർത്തി നിൽക്കാൻ ഉള്ള സാഹചര്യം ഉണ്ടായത് അതുകൊണ്ടാണ്. അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി ദയവു ചെയ്തു കുത്തകമുതലാളിമാർ എന്ന വാക്ക് പറയരുത്. അതു പറഞ്ഞുപറഞ്ഞ് നിങ്ങളുടെ നാക്ക് തുരുമ്പിച്ചതാണ്. പുതിയ ഏതെങ്കിലും വ്യക്തമായ സമീപനം സ്വീകരിക്കാൻ നിങ്ങൾക്കു കഴിയുമോ ?

ശ്രീ. എം. വി. താമരാക്ഷൻ : സർ, കേരളത്തിലെ ഗവൺമെന്റിനെ സംബന്ധിച്ച് ഒന്നും പറയാൻ ഇല്ലാത്തതുകൊണ്ടാണോ കേന്ദ്രഗവൺമെന്റിനെക്കുറിച്ച് പറയുന്നത്. ഇത് പാർലമെന്റിലല്ല, അസംബ്ലിയിലാണ് പറയുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ : കേരളത്തിൽ കഴിഞ്ഞ മൂന്നര കൊല്ലമായി ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുപോകുന്ന ഐക്യ ജനാധിപത്യ മുന്നണിയാണ് ഈ ഗവൺമെന്റ്. ശ്രീ. താമരാക്ഷന്റെ കക്ഷിക്കോ ശ്രീ. നായനാരുടെ കക്ഷിയെകൊണ്ടോ ഈ ഗവൺമെന്റിനെതിരായി ഒരു പ്രക്ഷോഭണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ ? ശ്രീ. എം.വി. രാഘവൻ വീമ്പിളക്കുന്നതുകേട്ടു. ഒക്ടോബർ 7-ാം തീയതി ഈ രാജ്യത്ത് എന്തായിരിക്കും സംഭവിക്കാൻപോകുന്നത് എന്ന്. 1969-ൽ ശ്രീ. അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടി ലക്ഷക്കണക്കിന് ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ഇഞ്ച് മുന്നോട്ടു പോകാൻ സാദ്ധ്യമല്ലെന്നു പറഞ്ഞു. എട്ടര വർഷക്കാലം ശ്രീ. അച്ചുതമേനോനും കോൺഗ്രസ്സും ഐക്യകക്ഷിയും ചേർന്ന് ഈ രാജ്യം ഭരിച്ചു. ഇപ്പോൾ മൂന്നരവർഷക്കാലംകൊണ്ട് ഒന്നും ചെയ്യാൻ കഴിയാത്തതുകൊണ്ട് ഒക്ടോബർ 7-ാം തീയതി ഈ രാജ്യത്ത് ബന്ദ് നടത്തുമെന്നു പറഞ്ഞ് പേടിപ്പിക്കുകയാണ് ബന്ദ് നടത്തുക എന്നുള്ളത് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു പഴി പാടിയാണ്.

സർ, ശ്രീ. ജ്യോതിബാസു ഭരിക്കുന്ന പശ്ചിമബംഗാളിൽ കഴിഞ്ഞ വ്യാഴാഴ്ച ഒരു ബന്ദ് നടന്നു. ആരാണ് അവിടെ സമരം നടത്തിയത് ? പശ്ചിമബംഗാളിലെ സംഘടിത തൊഴിലാളി വർഗ്ഗം ഒന്നടങ്കം കഴിഞ്ഞ വ്യാഴാഴ്ച അവിടെ പണിമുടക്ക് നടത്തി. തൊഴിലാളി വർഗ്ഗത്തിന്റെ അഭൂതപൂർവ്വമായ ഐക്യവും അവകാശവും പ്രകടിപ്പിച്ചതായ ഒരു പണിമുടക്കായിരുന്നു അത്. ജ്യോതിബാസു ഗവൺമെന്റിന്റെ ലോക്കൗട്ടും ലേ ഓഫും പിരിച്ചുവിടലും അവസാനിപ്പിക്കാൻ വേണ്ടിയായിരുന്നു ആ പണിമുടക്ക്. സർ, 6 വർഷക്കാലം ശ്രീ. ജ്യോതിബാസു ബംഗാൾ ഭരിച്ചതിനുശേഷം ബംഗാളിലെ ഇടതുപക്ഷമുന്നണി ജ്യോതിബാസുവിനെതിരായി നടത്തിയ ബന്ദായിരുന്നു അത്. ഇപ്പോൾ ഈ 3 വർഷക്കാലമായി കേരളത്തിൽ ഒരു ബന്ദാചരണമോ പണിമുടക്കോ നടത്താൻ കഴിയാത്തതുകൊണ്ട് ബംഗാൾമോഡലിൽ ഒരു സമരം നടത്താൻവേണ്ടി മാർക്സിസ്റ്റ് പാർട്ടി കരുണാകരൻ ഗവൺമെന്റിനെതിരായി ഒരു ബന്ദുമായി വന്നിരിക്കുകയാണ്. ബംഗാളിൽ ഇടതുപക്ഷമുന്നണി ജ്യോതിബാസുവിന്റെ ഗവൺമെന്റി

LIBRARY ARCHIVES Kerala Legislative Assembly

തിരായി ബന്ദാചരിച്ചതിനെതിരായുള്ള ഒരു പ്രതികാരമാണിതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ മാർക്സിസ്റ്റ് പാർട്ടിയേയും ശ്രീ. നായനാരേയും ഒരുകാര്യം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ പഴയ മാർക്സിസ്റ്റ് പാർട്ടിയല്ല. നിങ്ങൾ വീര്യം നഷ്ടപ്പെട്ടവരാണ്. 1952-ലോ 53-ലോ നടത്തിയതുപോലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ചുക്കും നടത്താൻ തൊഴിലാളിവർഗ്ഗത്തെ നിങ്ങൾക്ക് കിട്ടുകയില്ല, എന്നു വ്യക്തമാക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ഈ പരിപാടിയിൽ നിന്നു പിൻമാറണം. പക്ഷേ മാർക്സിസ്റ്റ് പാർട്ടി ഒരു തീരുമാനം എടുത്താൽ ശ്രീ. ബേബിജോണിനും ശ്രീ. കെ. പി. പ്രഭാകരനും അതിനെറകൂടെ നിൽക്കാതിരിക്കാൻ നിർവാഹമില്ല. അല്ലെങ്കിൽ മുസ്ലീം ലീഗിനെ തള്ളിയതുപോലെ പോടാ പുറത്തെന്നു പറഞ്ഞ് അടിച്ചോടിക്കും എന്നു പേടിയുള്ളതുകൊണ്ടാണ് അവർ കൂടെ നിൽക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഗവൺമെൻറിനെതിരായുള്ള മറ്റ് സമരമാർഗ്ഗങ്ങളെല്ലാം പരാജയപ്പെട്ടതുകൊണ്ട് ബന്തിൻെറ മറയിൽ ജനങ്ങളെ ഭയപ്പെടുത്തി നിത്യജീവിതം മുടക്കാം എന്നുള്ളതുകൊണ്ട് ഒരു കുറുക്കുവഴിയായിട്ടാണ് പ്രതിപക്ഷം ബന്ദാചരിക്കുന്നതെന്ന് അങ്ങയ്ക്ക് അറിയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: അതിൽ യാതൊരു സംശയവുമില്ല. കടകളുടെ കണ്ണാടിച്ചില്ലുകൾ എറിഞ്ഞുപൊട്ടിച്ചാൽ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകും. അതുകൊണ്ട് എല്ലാപേരും കടകൾ അടയ്ക്കും. അപ്പോൾ അവർ പറയും ബന്ത് പരിപൂർണ്ണവിജയമായിരുന്നെന്ന്. ഇവിടത്തെ ഒരു ഏകകക്ഷി ബന്ദാചരിക്കുമെന്നു പറഞ്ഞാലും ഇവിടെ കടകളെല്ലാം അടച്ചുപൂട്ടുമെന്നുള്ളത് സത്യമാണ്. അല്ലാതെ ബന്തിനോട് രാജ്യത്തെ ജനങ്ങൾക്ക് പിൻതുണ ഉണ്ടായിട്ടല്ല. നിങ്ങൾ എടുത്തിട്ടുള്ള തെറ്റായ സമീപനം തിരുത്തി മുന്നോട്ടുപോയാൽ മാത്രമേ തൊഴിലാളിവർഗ്ഗത്തിൻെറ പിൻതുണ ഉണ്ടാകുകയുള്ളൂ. ഇവിടെ എം. വി. രാഘവൻ പറഞ്ഞു ഞങ്ങൾ സിക്കുകാരെ ഭരിക്കാൻ ഏൽപ്പിച്ചിരിക്കുകയാണെന്ന്. നാഷണൽ കോൺഗ്രസ്സിനു സിക്ക് ന്യൂന പക്ഷത്തോടു എതിരില്ല. പക്ഷേ സിക്ക് തീവ്രവാദികളോട് ഞങ്ങൾ എതിരാണ്. പോലീസ്സ്റ്റാൻ പോലെയുള്ള പ്രശ്നം പറയുന്നതുകൊണ്ട് 35 വർഷമായി ഈ രാജ്യത്തു നിലനിൽക്കുന്ന ഒരു രാഷ്ട്രീയകക്ഷിയെന്ന നിലയിൽ, ഒരു ദേശീയകക്ഷിയെന്ന നിലയിൽ, ഈ രാജ്യത്തെ മതേതരത്വം നിലനിർത്താൻവേണ്ടി ഞങ്ങൾ സിക്ക് തീവ്രവാദികൾക്കെതിരാണ്. അതേസമയം സിക്ക് ന്യൂനപക്ഷത്തിനെതിരല്ല ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. നേരെമറിച്ച് സിക്ക് തീവ്രവാദികളെ അടിച്ചമർത്താൻവേണ്ടി ഇന്നലെ അമൃതസാറിലെ അവരുടെ മുഴുവൻ കേന്ദ്രങ്ങളും പിടിച്ചെടുത്ത് അവരെ അറസ്റ്റ്ചെയ്തു ജയിലിലടച്ചു. മനുഷ്യജീവിതത്തിന് വിലയില്ലാത്ത രീതിയിൽ പെരുമാറുന്നവരാണ് സിക്ക് തീവ്രവാദികൾ. സിക്ക് ന്യൂനപക്ഷത്തോടു ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എതിരല്ലെന്നു മനസ്സിലാക്കാനുള്ള സാമാന്യബുദ്ധിയെങ്കിലും ശ്രീ. എം. വി. രാഘവൻ പ്രകടിപ്പിക്കേണ്ടതായിരുന്നു.

ശ്രീ. എം. വി. രാഘവൻ: സിക്ക് ന്യൂനപക്ഷത്തോട് എതിരാണെന്നു ഞാൻ പറഞ്ഞില്ല. സിക്കുകാർക്ക് അധികാരം അടിയറവച്ചു

LIBRARY ARCHIVES Kerala Legislative Assembly

ഉത്പാദിപ്പിക്കാൻ പോകുന്നു എന്നാണ് ഞാൻ പറഞ്ഞത്. ഞങ്ങൾ സിക്ക് ന്യൂനപക്ഷത്തോടു എതിരല്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ഞങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുള്ള ആശയങ്ങൾ അതാണ്. ശ്രീ. എം. വി. രാഘവനു് അതു് അറിയാൻ വയ്യാഞ്ഞിട്ടല്ല. പക്ഷേ നിങ്ങൾക്കു് അതു് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ബാലകൃഷ്ണപിള്ള പ്രശ്നത്തിൽ കേരളാകോൺഗ്രസ്സെടുത്ത മുൻനിലപാടിൽനിന്നു് ഒരിഞ്ചുപോലും പുറകോട്ടു പോകുന്ന പ്രശ്നമില്ലെന്നു ഈ അസംബ്ലിയിൽ അസന്ദിഗ്ദ്ധമായി പറഞ്ഞു. കെ. പി. സി. സി. വൈസ്പ്രസിഡന്റെന്ന നിലയിൽ ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണു്?

ശ്രീ. തച്ചടി പ്രഭാകരൻ: ഞങ്ങളുടെ ഐക്യമുന്നണി ശ്രീ. സീതഹാജി പറഞ്ഞതുപോലെയാണു്. ഇൻഡ്യാരാജ്യം ഭരിക്കുന്ന ദേശീയകക്ഷിയെന്നുള്ള നിലയിൽ ഞങ്ങൾക്കു് ചില ചുമതലകളുണ്ടു്. ഐക്യമുന്നണിയിലെ ഓരോ കക്ഷിക്കും അവരുടേതായ നയമുണ്ടു്. പക്ഷേ ആ നയങ്ങളെല്ലാംകൂടി ചർച്ചചെയ്തു് യോജിച്ചു ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഭരിക്കുക എന്നുള്ളതാണു് ഞങ്ങളുടെ നയം.

നമ്മുടെ സംസ്ഥാനത്തെ ബാധിച്ചിരിക്കുന്ന വലിയ ഒരു പ്രശ്നമാണു് നാളികേരത്തിന്റെ പ്രശ്നം. നാളികേരത്തെ സംബന്ധിച്ചു് വളരെ പരിതാപകരമായ ഒരു സാഹചര്യമാണു് ഉണ്ടായിട്ടുള്ളതു് (ബഹളം). ഇതു ഭരണകക്ഷിയുടേയോ പ്രതിപക്ഷത്തിന്റേയോ പ്രശ്നമല്ല. നാളികേരകർഷകരെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റു് ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ടെന്നു് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. കൊപ്ര എത്ര സർപ്ലസായിട്ടുണ്ടെങ്കിലും അതെല്ലാം വാങ്ങാൻ ഗവൺമെന്റു് നടപടി സ്വീകരിച്ചിരിക്കുകയാണു്. ഗവൺമെന്റു് അതിനുവേണ്ടി ഒരുകോടി രൂപ കൊടുക്കുകയും ഏകദേശം 20 കോടി രൂപ റിസർവ്ബാങ്കിൽനിന്നു ക്രെഡിറ്റ് ഓതറൈസേഷനോടുകൂടി മറ്റു് സ്ഥാപനങ്ങൾ വഴി വാങ്ങുന്നതിനു് തീരുമാനിക്കുകയും ചെയ്തു. ഈ 20 കോടി രൂപ കിട്ടുന്നതിനു് നാലഞ്ചാഴ്ച ദിവസത്തെ കാലതാമസം നേരിട്ടു. വരുന്ന തിങ്കളാഴ്ച മുതൽ കേരളത്തിലെ 800-ളം പ്രാഥമിക സഹകരണസംഘങ്ങൾ വഴി ഗവൺമെന്റു് പ്രഖ്യാപിച്ചിരിക്കുന്ന മിനിമം 1200 രൂപ നിരക്കു് കൊപ്ര വാങ്ങുന്നതാണു്. കൊപ്ര ആക്കുന്നതിൽ എന്തെങ്കിലും അസൗകര്യം ഉണ്ടെങ്കിൽ കേരളത്തിലെ സർവ്വീസു് സഹകരണബാങ്കുകൾ വഴി നാളികേരകർഷകരിൽനിന്നു് നാളികേരം വാങ്ങാൻ തീരുമാനിച്ചിരിക്കുകയാണു്.

ശ്രീ. ബേബിജോൺ: നിയമസഭയിൽ മുഖ്യമന്ത്രി പറഞ്ഞതിനു ശേഷം ഇതുവരെ കൊപ്ര വാങ്ങിയിട്ടില്ല എന്നുള്ള വിവരം മെമ്പർക്കറിയാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. ബേബിജോൺ സഹകരണവകുപ്പു മന്ത്രിയായിരുന്ന ആളാണു്. ഒരു സുപ്രഭാതത്തിൽ അങ്ങോട്ടുപോയി കച്ചവടം ആരംഭിക്കാൻ കഴിയുകയില്ല. അതിനു് ഗോഡൗൺ സൗകര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഫിനാൻഷ്യൽ അറേഞ്ച്മെൻറ് തുടങ്ങിയവയെല്ലാം പൂർത്തിയാക്കണം. മാർക്കറ്റിംഗ് ഫെഡറേഷൻ 17 കോടി രൂപയുടെ കൊപ്ര വാങ്ങിച്ചിട്ടുണ്ട്. ഇനി 15 കോടി രൂപയ്ക്കുകൂടി പ്രാഥമികസഹകരണ സംഘങ്ങളെക്കൊണ്ട് വാങ്ങിപ്പിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: റിസർവ്വ് ബാങ്കിൽനിന്നും കൊപ്ര വാങ്ങുന്നതിന് ലോൺ എടുത്തിട്ടുണ്ടെന്നു ശ്രീ. തച്ചടി പറഞ്ഞു. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് അതിൽവരുന്ന നഷ്ടം നികത്തിക്കൊടുക്കാൻ ഗവൺമെൻറിന് എന്തെങ്കിലും പരിപാടി ഉണ്ടോ; അതിന് തുക നീക്കിവച്ചിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ആദ്യം മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽതന്നെ മാർക്കറ്റിംഗ് ഫെഡറേഷൻ ഈ കൊപ്ര വാങ്ങുന്നതിൽ നഷ്ടം വരികയാണെങ്കിൽ ഗവൺമെൻറ് അത് വഹിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ഫസ്റ്റ് ഇൻസ്റ്റാൾമെൻറായി ഒരുകോടി രൂപ മാർക്കറ്റിംഗ് ഫെഡറേഷന് അനുവദിച്ചിട്ടുണ്ട്. ഒരുകോടി രൂപയുടെ സപ്ലിമെൻററി ഡിമാൻഡ് വന്നിട്ടുണ്ട്. ഇനിയും വേണ്ട പൈസ ഗവൺമെൻറ് പാസ്സാക്കിക്കൊടുക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷത്തോടും വിശേഷിച്ച് മാർക്സിസ്റ്റ് പാർട്ടിയോടും എനിക്ക് അപേക്ഷിക്കാനുള്ളത്.....

ശ്രീ. എം. വി. രാഘവൻ: സർ, എടുത്ത കൊപ്ര കേടുവരാൻ പോകുകയാണ്. ഞാൻ ഇന്നലെ അങ്കമാലിയിൽ ചെന്നപ്പോൾ അവർ 20 ലക്ഷത്തിൻറെ കൊപ്ര എടുത്തത് പൊടിഞ്ഞുപോകുകയാണെന്ന് പറഞ്ഞു. അതുകൊണ്ട് ഇനിയും കൊപ്ര എടുക്കാതെ എടുത്ത കൊപ്ര ഉപയോഗപ്പെടുത്തുന്നതിന് വല്ല നടപടിയും ഉണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: 2 കോടിരൂപയുടെ കൊപ്ര ഈ വരുന്ന ഒരാഴ്ചകൊണ്ട് പ്രോസസ് ചെയ്യാൻ ഏർപ്പാടായിട്ടുണ്ട്. കേടാവും എന്നു പറയുന്നതിന് മുൻഗണന കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞകോൺഫറൻസിൽ ഇതു തീരുമാനിച്ചതാണ്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് ബുദ്ധിമുട്ടില്ല. മാർക്സിസ്റ്റ് പാർട്ടിയോട് എനിക്ക് വിനയപൂർവ്വം പറയാനുള്ളത് നിങ്ങളുടെ കേന്ദ്രഗവൺമെൻറിനെതിരായുള്ള രാഷ്ട്രീയനിലപാടുമൂലം കുത്തക മുതലാളിമാരുടെ പേരു പറഞ്ഞുകൊണ്ടുള്ള നിങ്ങളുടെ നിലപാടും കാരണം തൊഴിലാളിവർഗ്ഗം നിങ്ങളുടെ കാലിൻറെ കീഴിൽനിന്നും ചോർന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ രാഷ്ട്രീയപരിഗണന നോക്കാതെ എല്ലാ നല്ല കാര്യങ്ങൾക്കും പിൻതുണ കൊടുക്കുന്ന ഒരു ക്രിയാത്മകപ്രതിപക്ഷമായി മാറണം. ഞാൻ ഈ സപ്ലിമെൻററി ഡിമാൻഡിനെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, സപ്ലിമെൻററി ഡിമാൻറിനെ ഞാൻ എതിർക്കുകയാണ്. ശ്രീ. എം. എം. ഹസ്സനും, തച്ചടി പ്രഭാകരനും അപ്പുറത്തുനിന്നും ഞങ്ങൾക്ക് പിന്തുണ നൽകുന്നുവെന്ന് പറയുമ്പോൾ നമ്മൾ സൂക്ഷിക്കണം. കാരണം നമ്മൾ പൊളിഞ്ഞുപോകും. അതുകൊണ്ട് ഞങ്ങളുടെ നയം കൂടുതൽ ശരിയാണെന്ന് ഹസ്സൻ തെളിയിച്ചിരിക്കുന്നു; അവസരവാദികളാണ് രണ്ടുപേരും.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഞാൻ ഇതിനെ എതിർക്കാൻ കാരണം, കോൺഗ്രസ് വളരെ പിന്തിരിപ്പനായിട്ടുതന്നെയാണ്, കുത്തക മുതലാളിമാരുടെ താൽപ്പര്യ സംരക്ഷണമായിട്ടുതന്നെയാണ് പോകുന്നത്. ഇപ്പോഴത്തെ അതിനു ബഹുരാഷ്ട്ര കുത്തക സ്വഭാവം കൂടിയുണ്ട്. ഇപ്പോൾ ഇന്ത്യയിൽ 5 സ്റ്റേറ്റുകളും കോൺഗ്രസ്സിന്റെ കൈയിലില്ല. ഇനി പഞ്ചാബിൽ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഒരു സ്റ്റേറ്റുകൂടി പോകും. അതുംകൂടി കോൺഗ്രസ്സിന്റെ കൈയിൽനിന്നും നഷ്ടപ്പെടാൻ പോവുകയാണ്. ഇപ്പോൾ കാശ്മീരിൽ മന്ത്രിസഭ പിരിച്ചുവിട്ട് ഏലക്ഷൻ നടത്താൻ പോവുകയാണ്. അപ്പോൾ 7 സ്റ്റേറ്റുകളും കോൺഗ്രസ്സിന്റെ കൈയിൽനിന്നും പോകാൻ പോവുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി തന്നെയാണ് കോൺഗ്രസ്സിനെ എതിർക്കുന്നത്.

ഇപ്പോൾ കോൺഗ്രസ്സിന്റെ അഖിലേന്ത്യാനയം കൂടുതൽ കൂടുതൽ പൊളിഞ്ഞു, കൂടുതൽ കൂടുതൽ അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നഷ്ടപ്പെടുന്ന നിലയിലേക്കാണ് നീങ്ങുന്നത്. ബഹുരാഷ്ട്ര കോർപ്പറേഷനുകളുമായിട്ട് കൂട്ടുകൂടുകയാണ് നേതൃത്വം.

ഈ സംസ്ഥാനഭരണത്തിൽ നടക്കുന്നത് മുഴുവൻ തമ്മിൽപ്പോരും, കുതികാൽവെട്ടും, അഴിമതിയും ആണ്. ഇവിടെ സംസാരിച്ച ഭരണകക്ഷി നേതാക്കളും മുന്നണി ഭരണത്തിന്റെ നേട്ടങ്ങളുടെ ഒരു പട്ടികയും വയ്ക്കുന്നില്ല. എന്താണ് 'നിങ്ങൾ ചെയ്തത്', ഒരു നേട്ടം പറയണം. വസ്തുതകൾ മറച്ചുവെക്കരുത്.

ബഹുമാനപ്പെട്ട രാജീവ്ഗാന്ധിക്ക് പറഞ്ഞുകൊടുത്ത തർജ്ജമ സത്യമായിരുന്നോ? തർജ്ജമയുടെ ഒരു സാമ്പിൾ ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. ശ്രീ. രാജീവ്ഗാന്ധി ആലപ്പുഴയിലുള്ള ഒരു കർഷകത്തൊഴിലാളിയായ ശിശുപാലന്റെ വീട് സന്ദർശിച്ചു. ശ്രീ. കെ. കരുണാകരൻ കൂടെയുണ്ടായിരിക്കുമെന്നത് തീർച്ചയാണല്ലോ. ദേശാഭിമാനിയിൽ വന്ന വാർത്തയല്ലയിത്. പ്രധാനമന്ത്രി കർഷകത്തൊഴിലാളിയോട് ചോദിച്ചു. നിങ്ങൾക്ക് ഭൂമിയുണ്ടോയെന്ന്. ഇല്ല എന്ന് കർഷകത്തൊഴിലാളി മറുപടി പറഞ്ഞു. ചോദ്യം ഇംഗ്ലീഷിലായിരുന്നതുകൊണ്ട് പരിഭാഷകൻ പറഞ്ഞു അവർക്കെല്ലാം ഭൂമിയുണ്ട് എന്ന്. ഇതുകേട്ടപ്പോൾ പ്രധാനമന്ത്രിക്ക് സന്തോഷം, മുഖ്യമന്ത്രിക്ക് പുഞ്ചിരി, കോൺഗ്രസ് നേതാക്കൻമാർക്ക് ബഹുസന്തോഷം. പാവം കർഷകത്തൊഴിലാളി, പ്രധാനമന്ത്രിയോടു പറഞ്ഞാൽ എന്തെങ്കിലും സൗജന്യം കിട്ടും എന്നുള്ള പ്രതീക്ഷയിൽ തുടർന്നു. ''ഞങ്ങൾക്ക് ജോലിയില്ല, കൂലിയില്ല, വെള്ളപ്പൊക്കത്തിനുശേഷം പട്ടിണിയാണ്'' എന്താണയാൾ പറഞ്ഞതെന്ന് പ്രധാനമന്ത്രി ചോദിച്ചു. അപ്പോൾ മറുപടി എന്താണെന്നറിയാമോ? തർജ്ജമ ഇങ്ങനെയായിരുന്നു: ''അവർക്ക് കുറച്ച് ഭൂമിയുണ്ട്. കൃഷിചെയ്ത് സുഖമായി ജീവിക്കുന്നു''. ആ പരിഭാഷ കേട്ട് കോൺഗ്രസ് നേതാക്കൻമാർക്ക് വളരെയധികം സന്തോഷം. ഇത് ജനയുഗം പത്രത്തിൽ വന്നതാണ്. ഇതുപോലെയായിരുന്നു ആസാമിൽ നടന്നതും. പാഞ്ചി എന്നു പറയുന്ന ഒരു കർഷകത്തൊഴിലാളി സ്ത്രീ സ്വന്തം കുട്ടിയെ 40 രൂപയ്ക്ക് വിറ്റപ്പോൾ അവിടത്തെ കെ. പി. സി. സി. പ്രസിഡന്റും മന്ത്രിയും തർജ്ജമ ചെയ്തു കൊടുത്തത് ''അവർക്ക് ഭൂമിയുണ്ട്, അവർ കുട്ടികളെ കല്യാണം കഴിച്ചുകൊടുത്തു''

LIBRARY ARCHIVES Kerala Legislative Assembly

എന്നൊക്കെയാണ്. ഇത് 'സൺഡേ' എന്നു പറയുന്ന ഇംഗ്ലീഷ് വാരികയിൽ വിശദമായി വന്നതാണ്. അതിന്റെ ഒരു സാമ്പിൾ ആലപ്പുഴയിലും നടന്നുവെന്നേയുള്ളു. മറ്റു വ്യത്യാസമൊന്നുമില്ല. ഈ തരത്തിലാണ് ഇവിടത്തെ ആദിവാസികളോടുള്ള സ്നേഹം. ഇതുതന്നെയാണ് വിഴിഞ്ഞത്തെ തൊഴിലാളികളോട് പ്രദർശിപ്പിച്ച സ്നേഹവും. ഞാൻ ഉദാഹരണം പറഞ്ഞുവെന്നേയുള്ളു. എല്ലായിടത്തും ഇതായിരിക്കണമെന്നില്ല.

വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി 98.94 കോടി രൂപ സപ്ലിമെന്ററി ഡിമാൻറിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്ലാനിൽ 14.17 കോടി രൂപയാണ്. നോൺപ്ലാനിൽ 80.62 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറിനോട് നമ്മൾ ചോദിച്ചത് 763 കോടി രൂപയാണ്. നമുക്ക് കിട്ടിയത് 134.79 കോടി രൂപ. 14.17 കോടി രൂപയാണ് പ്ലാൻ സ്കീമിൽ വകയിരുത്തിയത്. അനുവദിച്ച തുച്ഛമായ ഒരു പങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയതുനിമിത്തം 7-ാം പദ്ധതിക്ക്, അങ്ങനെയൊരു പദ്ധതിയുണ്ടെങ്കിൽ, കുറവുണ്ടായാലും ന്യായം കാണും. വൻതോതിലുള്ള പ്രളയക്കെടുതി കാരണം പൂർണ്ണമായും തരേണ്ടിയിരുന്നിട്ടും, 8-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടും, 763 കോടി രൂപ നമ്മൾ സമർപ്പിച്ചപ്പോൾ നമുക്ക് അനുവദിച്ചത് സംഖ്യ ആയി 118 കോടി രൂപയാണ്. അപ്പോൾ സമീപനം നമുക്ക് അനുകൂലമല്ല.

ദുരിതാശ്വാസത്തിനുവേണ്ടി പീപ്പിൾസ് കമ്മിറ്റി ഉണ്ടാക്കുമോ? കിട്ടിയ പണം ഈ രാജ്യത്തെ കർഷകർക്ക് കൊടുക്കുമോ? വീട് നഷ്ടപ്പെട്ടവർക്കും വെള്ളപ്പൊക്കത്തിനിരയായവർക്കും കൊടുക്കുമോ? കമ്മിറ്റിയുണ്ടാക്കുകയില്ല, ഉദ്യോഗസ്ഥൻമാർ വഴിക്ക് വിതരണം ചെയ്യും എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. അതുകൊണ്ട് ഈ പണം ഈ രാജ്യത്തെ ഉദ്യോഗസ്ഥ മേധാവിത്വം കൈകാര്യം ചെയ്യാൻ പോവുകയാണ്. പീപ്പിൾസ് കമ്മിറ്റി വഴിക്ക് ചർച്ച ചെയ്തിട്ടും അർഹതപ്പെട്ടവർക്ക് കൊടുക്കാനുള്ള ഒരു സ്ഥിതിയല്ല വരാൻ പോവുന്നത്. ഈ പണം ദുർവിനിയോഗം ചെയ്യാൻ പോവുകയാണ്. ദുരിതം അനുഭവിക്കുന്നവർക്ക് സഹായം കിട്ടാൻ പോവുന്നില്ല.

ഇവിടെ കോടിക്കണക്കിന് രൂപയുടെ അഴിമതിയെപ്പറ്റി പരാമർശിച്ചു. ഞാൻ അതിന്റെ ഡീറ്റെയിൽസിലേക്ക് കടക്കുന്നില്ല. സ്ളൂയിസ് വാൽവ്സിനെ സംബന്ധിച്ച് ഞങ്ങൾ ഇവിടെ ഉന്നയിച്ചതാണ്. പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തതാണ്. ഇന്ത്യയിൽ ഒരു ക്ലീൻ ഭരണത്തിനുവേണ്ടിയാണല്ലോ അദ്ദേഹം നിൽക്കുന്നത്. മൂന്നു 'ക്ലീൻ' ഞങ്ങൾ കൊടുത്തിട്ടുണ്ട്. ശ്രീ. എം. പി. ഗംഗാധരനേറയും, ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ളയുടേയും, ശ്രീ. എൻ. ശ്രീനിവാസനേറയും 'ക്ലീനി'നെ സംബന്ധിച്ച്, ഞങ്ങൾ ക്ലീനിനുവേണ്ടി കൊടുത്തിരിക്കുകയാണ്. ബാക്കി ഇല്ലാത്തതുകൊണ്ടല്ല. ബാക്കിയുള്ളവരെല്ലാം പരിശുദ്ധൻമാരും സത്യസന്ധൻമാരും ആയിട്ടല്ല. ഇപ്പോൾ തൽക്കാലം മൂന്നെണ്ണമേ കൊടുത്തിട്ടുള്ളു.

ശ്രീ. കെ. കരുണാകരനെ സംബന്ധിച്ച് മുമ്പ് 70 ലക്ഷം രൂപയുടെ misappropriation നെപ്പറ്റി കൊടുത്തിട്ടുള്ളതാണ്. ആ രീതിയിൽ പ്രധാനമന്ത്രിയുടെ 'ക്ലീൻ' എവിടെവരെ പോകുന്നുവെന്നറിയണം. പരിശുദ്ധമായ വാഴ്ചയാണോ നടക്കുന്നത്? ജസ്റ്റിസ്

LIBRARY ARCHIVES Kerala Legislative Assembly

ജാനകി അമ്മ കമ്മീഷനെ വച്ചപ്പോൾ, ഞങ്ങളുടെ നാലാമത്തെ ഡിമാൻറ് എച്ച്. സി. സി. ക്ക് കൊടുത്ത 145 ലക്ഷം രൂപയുടെ ആരോപണം, മന്ത്രിസഭ തള്ളിക്കളയുകയാണ് ചെയ്തത്. കാബിനറ് കൂടിയിട്ട് രണ്ട് ആരോപണങ്ങളും കൊടുക്കേണ്ടായെന്ന് തീരുമാനിച്ചു. അന്ന് ശ്രീ. ബാലകൃഷ്ണപ്പിള്ള ഈ ലെവലിലല്ലായിരുന്നു. അവരുടെ കൂടെയായിരുന്നു. ആ രീതിയിൽ ഇത്തവണ ഞങ്ങളും അതു പറഞ്ഞു. അതും പ്രധാനമന്ത്രിയോട് പറഞ്ഞു. ഈ രണ്ട് ആരോപണങ്ങളും കേരളാ കാബിനറ് തള്ളിയതാണ്. അങ്ങനെ 14 ആരോപണങ്ങളും ഞങ്ങളും എഴുതിക്കൊടുത്തിട്ടുണ്ട്. ഈ രൂപത്തിൽ നടക്കുന്ന ക്ലീൻ ഭരണത്തിന്റെ സ്ഥിതി എന്താണെന്നു് അറിയാനാണ് ഞങ്ങൾ ശ്രമിച്ചത്.

വെള്ളപ്പൊക്കത്തിന് ദുരിതാശ്വാസം നൽകാൻ കിട്ടിയ പണം, പീപ്പിൾസ് കമ്മിറ്റി വഴിക്ക് കൊടുക്കണം എന്ന് പറഞ്ഞപ്പോൾ കൊടുക്കുകയില്ലായെന്ന് പറഞ്ഞാൽ തീർച്ചയായിട്ടും അഴിമതിക്കു വേണ്ടിയാണ് ആ പണം ഉപയോഗപ്പെടുത്താൻ പോകുന്നത്. ന്യായമായി കിട്ടുമെന്നുള്ളതിന് എന്താണ് ഗ്യാരണ്ടി? കർഷകർക്കും വീട് നഷ്ടപ്പെട്ടവനും, കുടുംബം നഷ്ടപ്പെട്ടവനും, അതുപോലെ തന്നെ കൃഷി നഷ്ടപ്പെട്ടവനും ഇത് കിട്ടുമെന്നുള്ളതിന് ഗ്യാരണ്ടിയുണ്ടോ? ഗ്യാരണ്ടി ഇല്ല.

നാളികേരത്തെ സംബന്ധിച്ച് ഈ നഷ്ടത്തെപ്പറ്റി ഇവിടെ കക്ഷി വ്യത്യാസമില്ല. മാർക്കറ്റിങ്ങ് ഫെഡറേഷനെപ്പറ്റി ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. 15 കോടി രൂപ ചെലവുചെയ്തു 13,000 ടൺ വാങ്ങി. ഇനി കാശില്ല. വാങ്ങിയ കൊപ്ര കിടക്കുന്നു. അതു വിറ്റഴിക്കാൻ മാർഗ്ഗമില്ല. ഇന്നത്തെ പത്രത്തിൽത്തന്നെ വന്നുകഴിഞ്ഞു. ഇത് ഇവിടത്തെ നാളികേര കർഷകന് യാതൊരു രക്ഷയുമില്ലാത്ത ഒരു സാഹചര്യം ഇവിടെയുണ്ടാക്കുന്നു.

അതിന് കാരണമായി കേരകർഷകർക്ക് കോടി കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ജൂലൈ 12-ാം തീയതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ നിന്നുകൊണ്ട് പറഞ്ഞത്. തെങ്ങുകൃഷിക്കാർക്ക് തേങ്ങയുടെ വിലയിടിവിൽനിന്ന് ആശ്വാസം നൽകാൻവേണ്ടി താങ്ങുവില ഏർപ്പെടുത്തുമെന്ന്. കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന കിൻറലിന് 1,200 രൂപ ഏർപ്പെടുത്തുമെന്ന് ഈ അസംബ്ലിയിൽ ഉറപ്പുതന്നതാണ്. ആ ഉറപ്പ് ഇപ്പോൾ എവിടെ കിടക്കുന്നു? 13 കോടി രൂപയുടെ നാളികേരം വാങ്ങിയത് കിടക്കുന്നു. 15 കോടി രൂപയുടേത് ചെലവ് ചെയ്യാൻ കിടക്കുന്നു, ഇനി വാങ്ങാനും നിവൃത്തിയില്ല. കെട്ടിവച്ചത് കൊണ്ടുപോകാനും നിവൃത്തിയില്ല. ഈ രൂപത്തിൽ ആയിരിക്കുന്നു ദുരിതം. അതുപോലെതന്നെ 18-ാം തീയതിയാണ് കണ്ടിജൻസി ഫണ്ടിൽനിന്ന് പണമനുവദിച്ചത്. ജൂലൈ 27-ാം തീയതിയാണ് കണ്ടിജൻസി ഫണ്ടിൽനിന്ന് പണം ചെലവഴിച്ചത്. പ്രഖ്യാപനം ചെയ്തത് 12-ാം തീയതിയാണ്. യഥാർത്ഥത്തിൽ അനുവദിച്ചത് 18-ാം തീയതിയാണ്. പണം പിൻവലിച്ചത് 27-ാം തീയതിയാണ്. യഥാർത്ഥത്തിൽ മാർക്കറ്റിംഗ് ഫെഡറേഷനെ ഏൽപ്പിച്ചുകഴിഞ്ഞുവോ യെന്ന് ഇനിയും അറിയേണ്ടതുണ്ട്. ഇതിൽ മറ്റൊരു ക്രമക്കേട് കൂടിയുണ്ട്. കണ്ടിജൻസി ഫണ്ടിൽനിന്നും ഒരുകോടി രൂപ പിൻവലിച്ചത് കഴിഞ്ഞ സപ്ലിമെൻറി ഡിമാൻറിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. അത് ചെയ്യാത്തതുകൊണ്ട് മാർച്ചിലെ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

96-ാം ഖണ്ഡികയിലെ കേരളാ കണ്ടിജൻസി ഫണ്ട് സ് ആൻറ് റൂൾസിലെ ആറാം വകുപ്പിലേയും നിർദ്ദേശങ്ങളെ ഗവൺമെൻറ് ലംഘിച്ചിരിക്കുകയാണ്. ശ്രീ. മാണിക്ക് എതിരായിട്ടുള്ള എൻറെ ചാർജ്ഷീറ്റുമതാണ്. ബഡ്ജറ് മാനുവൽ പാരാ 96-ൽ പറയുന്നത് എന്താണ്? Expenditure met but of this contingency fund has to be subjected to scrutiny by the Legislature at the earliest opportunity vide Kerala Contingency Fund Act and Rules made thereunder. ഇത് വായിച്ചാൽ ഇവിടത്തെ നിയമസഭയെ ലംഘിച്ചിരിക്കുന്നതായി കാണാൻ കഴിയും. 1985 ജൂലൈ 27-നാണ് ഒരു കോടി രൂപ കണ്ടിജൻസി ഫണ്ടിൽനിന്ന് പിൻവലിച്ചത്. അതിനുശേഷം ആണ് കഴിഞ്ഞ സപ്ലിമെൻററി ഡിമാൻറ് ഈ സഭയിൽ അവതരിപ്പിച്ചത്. ധനകാര്യചട്ടങ്ങളും ധനകാര്യവും നിയമവും കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി മാണി തന്നെ ആ നിയമം ലംഘിച്ചത് നാം കണ്ടതാണ്. എല്ലാം ലംഘനം നടത്തുമ്പോഴും ഇനി ഇതായിട്ട് ലംഘിക്കാതിരിക്കേണ്ട. ഇതിൻറെ സാങ്കേതികത്വത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സപ്ലിമെൻററി ഡിമാൻറ് അവതരിപ്പിക്കുമ്പോഴും ഏതെങ്കിലും ഭേദനേട്ടത്തെക്കുറിച്ച് ഇതിൽ പറയേണ്ടേ? ഇവിടെ ഗവൺമെൻറിൻറെ രേഖയുണ്ട്. എന്തെങ്കിലുമൊരു നേട്ടം പറയേണ്ടേ? തൊഴിലില്ലായ്മ രൂക്ഷകരമാണ്, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കിട്ടിയിട്ടില്ല. പരമ്പരാഗത വ്യവസായങ്ങൾ തകർന്നു. അതുപോലെ മറ്റു കൃഷിക്കാരുടെ കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിഞ്ഞു. ഈ രാജ്യത്തെ നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്നു. ഇത്തരത്തിലെല്ലാമാണ് കാര്യങ്ങൾ നടക്കുന്നത്. ഈ മൂന്നു വർഷക്കാലം ഈ ഗവൺമെൻറ് ഭരിച്ചിട്ട് എന്തെങ്കിലുമൊരു നേട്ടം പറയാൻ സാധിച്ചോ? ഏതെങ്കിലുമൊരു വ്യവസായം സ്ഥാപിക്കാൻ കഴിഞ്ഞോ?

ശ്രീ. വിജയരാഘവൻ ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്കു കൊടുത്തു. പാലക്കാട് ഏഴാം തീയതി വൈകുംനേരം നടന്ന റാലിയിൽ പ്രധാനമന്ത്രി കേന്ദ്രത്തെക്കവിധത്തിൽ അവിടത്തെ എം. പി., കോൺഗ്രസ്സിൻറെ നേതാവ് ശ്രീ. കരുണാകരനും അടുത്തിരിപ്പുണ്ട്. പറഞ്ഞു, ഞങ്ങൾക്ക് കോച്ചുഫാക്ടറി തരണം, പണ്ട് ഞങ്ങൾ വോട്ടുപിടിക്കാൻ നേരത്ത് മുഖ്യമന്ത്രിയും ഞാനും പറഞ്ഞതാണ് തിരഞ്ഞെടുപ്പിൽ ജയിച്ചാൽ ഫാക്ടറി കിട്ടുമെന്ന്. അവർ പറഞ്ഞു. തിരഞ്ഞെടുപ്പിൽ ജയിച്ചിട്ടും കോച്ചുഫാക്ടറി കിട്ടിയിട്ടില്ല. നമുക്ക് ഫാക്ടറി ഇല്ലെങ്കിലും അതുപോലെ മറ്റൊന്ന് തന്നാലും മതിയെന്നു പറഞ്ഞപ്പോൾ പ്രധാനമന്ത്രി രാജീവ്ഗാന്ധി മറുപടി പറഞ്ഞതെന്താണ്? വാഗ്ദാനം നൽകിയാൽ പ്രയോജനമില്ല, പണമില്ലായെന്നാണ്. നിങ്ങൾക്ക് ഏഴാം പദ്ധതിയിൽ എത്രയോ സ്കീമുകൾ ഇല്ലേ എന്നാണ് ചോദിച്ചത്. ഒരു വാക്കുപോലും കോച്ചുഫാക്ടറിക്ക് അനുകൂലമായിട്ട് പറഞ്ഞില്ല. രാജീവ്ഗാന്ധി വന്ന് തേനും പാലും കിട്ടി. വിഴിഞ്ഞത്തു പോയി തൊഴിലാളികളെ കണ്ടു. അവിടെ 242 വീടുകൾ കൊടുക്കേണ്ടതായിരുന്നു. വെറും 15 വീടുകളാണ് ഉണ്ടാക്കിയിട്ടുള്ളത്. ഉള്ള വീടുകളിൽ വെളിച്ചവുമില്ല, വെള്ളവുമില്ല. അതുപോലെ ശിശുപാലൻ എന്ന തൊഴിലാളിയെ കുട്ടനാട്ടിൽ കണ്ടു. കോച്ചുഫാക്ടറി ഇല്ലെങ്കിലും അതുപോലുള്ള ഒരു വ്യവസായമെങ്കിലും വേണമെന്ന് ശ്രീ. വിജയരാഘവൻ M.P. പൊതുയോഗത്തിൽ ആവശ്യപ്പെട്ടതാണ്. തരാനാവില്ല, ഞങ്ങൾക്ക് പണമില്ലായെന്നായിരുന്നു പ്രധാനമന്ത്രിയുടെ മറുപടി.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചോദിക്കട്ടെ: ഖാലിസ്ഥാൻകാർ ചോദിച്ചപ്പോൾ കോച്ചു ഫാക്ടറി കൊടുത്തു. ആസ്സാമിന് എണ്ണ റിഫൈനറി കൊടുത്തു. അതെന്താണ് കൊടുത്തത് ? ഈ രാജ്യത്തെ വ്യവസായത്തെ സമ്പന്ധിച്ചിടത്തോളം കായംകുളം റെയിൽവേക്കുവേണ്ടി നീക്കി വച്ചിട്ടുള്ളത് വെറും ആയിരം രൂപയാണ്. അതുപോലെ 11 കോടി രൂപ വേണ്ടതായ എറണാംകുളം-ആലപ്പുഴ റെയിൽവേക്കുവേണ്ടി അനുവദിച്ചത് വെറും രണ്ടുകോടി രൂപ മാത്രമാണ്. ഒരു കോടി രൂപയെങ്കിലും ശ്രീ. രാജീവ്ഗാന്ധിയുടെ യാത്രക്കിടയിൽ നിങ്ങൾക്ക് സംഘാടിക്കാൻ പാടില്ലായിരുന്നോ ? കൊപ്രയുടെ വിലയെകുറിച്ച് ഞങ്ങൾ പ്രധാനമന്ത്രിയുമായി സംസാരിച്ചു. ഞങ്ങൾ ഇറക്കുമതിയെക്കുറിച്ചും, റബ്ബറിനെക്കുറിച്ചും സംസംരിച്ച് ഞങ്ങളുടെ മെമ്മോറാണ്ടം കൂടാതെ ഞങ്ങൾ ഇതിനെ കുറിച്ചൊക്കെ സംസാരിക്കുകയും ചെയ്തു. ഞങ്ങൾ വെറും അഴിമതിയാരോപണങ്ങൾ കൊടുക്കാൻ വേണ്ടി മാത്രം പോയതല്ല. ഈ കാര്യങ്ങളൊക്കെ ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. അതിനെകുറിച്ച് പത്രങ്ങളിൽ വന്നത് നിങ്ങൾ വായിച്ചിരിക്കും. ശ്രീ. രാജീവ്ഗാന്ധി പ്രസംഗിച്ചത്:—

Seventh plan has many projects. We have to decide whether we have to get a new project or finish the projects that we have already started.

പുതുതായി പ്രോജക്ട് വേണമോ അതോ ഇല്ല, തുടങ്ങിയ പ്രോജക്ടുകൾ പൂർത്തിയാക്കണമോയെന്നാണ് ശ്രീ. കരുണാകരനോടും വിജയരാഘവൻ M.P. യോടും ശ്രീ. രാജീവ്ഗാന്ധി ചോദിച്ചത്. പുതുതായി പ്രോജക്ട് തരണം. ഖാലിസ്ഥാൻ ചോദിച്ചാൽ പ്രോജക്ട് കൊടുക്കുമല്ലോ ? ആസ്സാമിലെ തീവ്രവാദികൾ കീഴടങ്ങിയിട്ട് അവർക്ക് ഓയിൽ റിഫൈനറി കൊടുത്തില്ലേ ? ആസ്സാം പ്രശ്നത്തിൽ സറണ്ടർ ചെയ്യുകയല്ലേ ചെയ്തത് ? ആ എഗ്രിമെൻറുതന്നെ സറണ്ടർ ചെയ്തതല്ലേ ? അവിടത്തെ ടെറിസറിനു സറണ്ടർ ചെയ്യുകയല്ലേ ശ്രീ. രാജീവ്ഗാന്ധി ചെയ്തത് ? എന്നിട്ട് അവിടെ ഓയിൽറിഫൈനറി കൊടുത്തു. കേരളത്തിനുവേണ്ടി ഒരു കോച്ചുഫാക്ടറി, ഒരു റെയിൽവേ തരാൻ വേണ്ടി ശ്രീ. കരുണാകരൻ പറഞ്ഞോ ? അതൊന്നും പറഞ്ഞില്ല.

നമ്മുടെ സൈലൻറുവാലിയും ഇല്ല. വളരെ പ്രകൃതി മനോഹരമായ സ്ഥലമാണ് കേരളം. സൈലൻറുവാലിയും വേണ്ട, വെള്ളവും വേണ്ട, അണക്കെട്ടും വേണ്ട, അതേസമയത്ത് അതുപോലുള്ള കന്നു ചോദിച്ചപ്പോൾ അതുമില്ല. എന്നിട്ട് പറയുന്നതെന്താണ് ? ശ്രീ. രാജീവ്ഗാന്ധിയെക്കുറിച്ച് ഇവിടെ പലരുംപറഞ്ഞു, ഇതുപോലുള്ള ഒരു പ്രധാനമന്ത്രിയെ കണ്ടിട്ടില്ലായെന്ന്. കാരണം കടൽപ്പുറത്തുപോയി തൊഴിലാളികളുടെ ദയനീയത മനസ്സിലാക്കി, കുട്ടനാട് പോയി കർഷകതൊഴിലാളികളുടെ സ്ഥിതി മനസ്സിലാക്കി, ആദിവാസികളുടെ സ്ഥിതി മനസ്സിലാക്കി. എന്നിട്ട് എന്താണ് നിങ്ങളോട് പറഞ്ഞത് ? നിങ്ങൾ അതു വായിച്ചോ ? പാലക്കാട്ട് നിന്ന് ശ്രീ. കരുണാകരൻ കൃഷ്ണാഷ്ടമി കാണാൻ രാജീവിനെ അമ്പലത്തിൽ കൂട്ടിക്കൊണ്ടുപോയില്ലേ ? അവിടെ ഗുരുവായൂർ അമ്പലത്തിൽ മാലയുണ്ടായിരുന്നുവെന്നും അത് കളവു പോയിയെന്നും ശ്രീ. രാജീവ്ഗാന്ധിക്ക് അറിയില്ലായിരുന്നു. ഇതുവരെയായിട്ട് ആ മാല കണ്ടുകിട്ടിയോ ? ശ്രീകൃഷ്ണനൊ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

മാല കളവുപോയില്ലേ ? ഇതുവരെ കിട്ടിയിട്ടില്ല. എന്നിട്ട് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

We have to decide now whether we are willing to tighten our belt.

രാജീവ്ഗാന്ധി ചോദിക്കുകയാണ്,

Whether we are willing to tighten our belt and workhard to increase the production.

ഇത് 'ഹിന്ദു' പത്രത്തിലാണ് വന്നത്. മുണ്ടുമുറുക്കിയുടുക്കുവാൻ തയ്യാറുണ്ടോ ? ശ്രീ. ഹസ്സൻ M.L.A. മുണ്ടുമുറുക്കിയുടുക്കാൻ തയ്യാറുണ്ടോ ? പട്ടിണികിടന്നാലും മുണ്ടുമുറുക്കികെട്ടി ചത്തോ എന്നാണ് പറയുന്നത്.

Tighten your belt and produce more.

മുണ്ട് മുറുക്കിയുടുത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാനാണ് രാജീവ് ഗാന്ധി പ്രസംഗിച്ചത്. തൊഴിലാളികളെ പട്ടിണികിടന്നീ ഫാക്ടറികളെ പൂട്ടി, കർഷകരുടെ വരവ് നഷ്ടപ്പെടുത്തി, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കിട്ടുന്നില്ല. തൊഴിലില്ലാത്തവരോടും കഷ്ടപ്പെടുന്ന കശുവണ്ടി തൊഴിലാളികളോടും കർഷകത്തൊഴിലാളിതളോടും എന്നുവേണ്ട കേരളക്കാരോട് എല്ലാം പറയുന്നത്,

Tighten your belt and produce more എന്നാണ്. ഇതാണോ ഉദ്ദേശം ?

ശ്രീ. ജി. കാർത്തികേയൻ: അങ്ങനെ പറയുന്നത് തെറ്റാണോ ?

ശ്രീ. ഇ. കെ. നായനാർ: യൂത്ത്കാർക്ക് ഇത് മനസ്സിലാകാഞ്ഞിട്ടല്ല. കാരണം ഒറ്റ പാർട്ടിയെന്നുപറഞ്ഞ് പിൻവാങ്ങിയവരാണ്. പിന്നെ മിണ്ടിയിട്ടില്ല. അവർക്ക് തിരിയില്ല. ഒരു പാർട്ടി ഭരണമെന്നുപറഞ്ഞിട്ട് അവർ പിന്നെ മിണ്ടിയിട്ടേയില്ല. അതിന്റെകൂടെ ലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും എതിർപ്പുകിട്ടിയപ്പോൾ നാക്ക് താണുപോയി. അപ്പോൾ ഞാൻ പോയിൻറിലേക്ക് കടക്കാം. 'Produce more' ഇതിന് ഞങ്ങൾ എതിരല്ല. കേരളത്തിന്റെ സാമൂഹ്യ ശാസ്ത്രീയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ സ്ലോഗൺ അതല്ല. തകരുന്ന വ്യവസായത്തെ നിലനിറുത്താനും തകരുന്ന കർഷകനെ ജീവിപ്പിക്കാനും, തകരുന്ന കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയുണ്ടാക്കാനും കഴിഞ്ഞാൽ നിങ്ങൾ പറയും 'Produce more' എന്ന്. അല്ലാതെ ഉണ്ടാകില്ല. അല്ലാതെ പറയുന്നത്, നിങ്ങൾ മുണ്ടുമുറുക്കിയുടുത്ത് മരിക്കുകയെന്നാണ്. ഏറ്റവുമധികം തൊഴായിട്ടുള്ള ഒരു മുദ്രാവാക്യമാണിത്. കേരളത്തിന് എതിരായിട്ടുള്ള ഒരു മുദ്രാവാക്യമാണ് ശ്രീ. രാജീവ്ഗാന്ധി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇതുകൊണ്ട് ടാറ്റാ, ബിർള, ടാൽമിയ എന്നീ വ്യവസായികൾക്ക് ആണ് പ്രയോജനമുണ്ടാകുന്നത്. അതിനുവേണ്ടി തയ്യാറല്ല. ഞാൻ ഇവിടത്തെ മുഖ്യമന്ത്രിയോട് ഒന്നു ചോദിക്കട്ടെ. കഴിഞ്ഞ കാലത്ത് ഇവിടെ പണിമുടക്കു നടന്നു. ഇവിടെ രണ്ടുവർഷത്തിലേറെ പഴക്കമുള്ള ശമ്പളപരിഷ്കരണമായിരുന്നു പണിമുടക്കിന്റെ പ്രശ്നം.

നാലുലക്ഷത്തി മുപ്പത്തഞ്ചായിരത്തിൽപ്പരം വരുന്ന അദ്ധ്യാപകരും എൻ. ജി. ഒ. മാരും സ്വൈക്കിലാണ്. അവർ സമരം ചെയ്തപ്പോൾ ശ്രീ കരുണാകരന്റെയും ശ്രീ. രവിയുടെയും സമീപനമെന്തായിരുന്നു. ശ്രീ. കരുണാകരൻ അവരെ പാറി വിട്ടു; വഞ്ചിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

17-ാംതീയതി പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. 80 കോടിയിൽപ്പരം രൂപ അവരുടെ പോക്കറ്റിൽനിന്നും തട്ടിയെടുത്തു. നാലുമാസത്തേതു മാത്രം കൊടുത്തു. 1983 ജൂലൈ മാസം മുതൽ 1985 ജൂലൈ വരെ കൊടുക്കേണ്ടതു് ഏപ്രിൽ മുതൽ കൊടുത്തു. പിന്നെ രണ്ടു് ഇൻക്രിമെന്റും കൊടുത്തു. അങ്ങിനെ 80 കോടിയിൽപ്പരം രൂപ കോൺഗ്രസായാലു ശരി, കമ്മ്യൂണിസ്റ്റായലും ശരി, പി. എസ്. പി. ആയാലും, ആർ. എസ്. പി. ആയാലും ഏതു കോൺഗ്രസായാലും ശരി എല്ലാ ജീവനക്കാരുടെയും പോക്കറ്റിൽനിന്നും 80 കോടി രൂപ തട്ടിച്ചെടുത്തിട്ടു് അവരെ വഞ്ചിച്ചു് അവസാനം അവർക്കു് എതിരായി അവരുടെ സമരത്തിനെതിരായി 'എസ്മ' ഉപയോഗിച്ചു; ഇരുപത്തെട്ടോളം പേരെ ഇപ്പോഴും Suspension-ൽ നിർത്തിയിരിക്കുകയാണു്. ശ്രീ. ജോസഫിനെ പിരിച്ചുവിട്ടു. ആ തരത്തിൽ പണിമുടക്കത്തിനെതിരായിട്ടുള്ള കരി നിയമം ഉപയോഗിച്ചു, എല്ലാ കക്ഷിയിലുംപെട്ട ജീവനക്കാർ സമരത്തിലായിരുന്നു. അവരോടു് ചർച്ച ചെയ്തു പരിഹാരം കാണുന്നതിനു പകരം 17-ാംതീയതി ഒരു ദിവസം ഞാൻ നിശ്ചയിച്ചിട്ടുണ്ടു് എന്നു് മുഖ്യൻ പറഞ്ഞു. ഗുരുവായൂരു് പോയി വന്നാൽ അന്നു് ഞാൻ നിശ്ചയിക്കും. എന്നൊക്കെ അതിനുശേഷം കൂടിയാലോചനയില്ല എന്നാണു് പറഞ്ഞതു്. അതു് നയമാണോ? എല്ലാ കക്ഷിയിലും പെട്ടവരിൽനിന്നു് 80 കോടിയിൽപരം രൂപ തട്ടിടെയടുത്തു. 28 പേർക്കു് സസ്പെൻഷൻ. ഒരാൾ ഡിസ്മിസലിൽ ആ തരത്തിലുള്ളതായിരിക്കുന്ന കരി നിയമം ജീവനക്കാർ പണിമുടക്കിയതിനെതിരായി സ്വീകരിക്കുകയാണു് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളതു്. അതു പോലെതന്നെ സാമ്പത്തികമായ സംസ്ഥാനത്തിലെ വികസന പ്രവർത്തനം ഏതു വികസന പ്രവർത്തനമാണു് ഇവിടെ നടക്കുന്നതു്? ഏഴാം പദ്ധതി പൂർത്തിയാക്കിയോ? സെപ്റ്റംബർമാസത്തിൽ ഏഴാംപദ്ധതി പൂർത്തിയാക്കുമെന്നാണു് പറഞ്ഞതു്. അതു പൂർത്തിയാക്കിയോ? ഏഴാം പദ്ധതി ചർച്ചചെയ്തു് ഫൈനലൈസ് ചെയ്യുമെന്നു് പറഞ്ഞു. ആറാം പദ്ധതിയല്ലാതെ ഏഴാം പദ്ധതി ചർച്ചയൊന്നും പൂർത്തിയായില്ല. നിങ്ങൾക്കു് എവിടെനിന്നാണു് ഏഴാം പദ്ധതിയെപ്പറ്റി വിധിയെഴുതാൻ സാധിക്കുക? 1967, 68, 69, ഈ വർഷങ്ങളിലെപ്പോലെ ഇപ്പോൾ ഫൈവ് ഇയർ പ്ലാൻ സ്തംഭിച്ചിരിക്കയല്ലേ? നിങ്ങൾക്കു് പ്ലാനുണ്ടോ? കേരളത്തിനു് പ്ലാനുണ്ടോ? നമുക്കു് ഒരു വർഷപ്ലാൻ ഒഴികെ സെവന്തു് ഇയർ പ്ലാനുണ്ടോ? ഏപ്രിൽ മാസം തുടങ്ങിയ പ്ലാൻ ഉണ്ടു്. ഇന്നു് സെപ്റ്റംബർ 16-ാം തീയതിയാണു്. ഇന്നേ വരെ നിങ്ങൾക്കു് ഫൈവ് ഇയർ പ്ലാനില്ല. പ്ലാനില്ലാതെയാണു് നിങ്ങൾ പറയുന്നതു്, കേരളത്തിൽ വികസനമാണു്, അഭിവൃദ്ധിയാണു് എന്നു്. കേരളത്തെ ഞങ്ങൾ പൊക്കുമെന്നു് പറഞ്ഞു. നിങ്ങൾ എങ്ങനെയാണു് പൊക്കുന്നതു്? ഈ രാജ്യത്തു് അഭിവൃദ്ധിയില്ലാതെ, വ്യവസായമില്ലാതെ തകർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട മാണി തന്നെ ഇവിടെ വച്ചിട്ടുള്ള കണക്കാണു്, 60 ലക്ഷംരൂപ പ്രതിദിനം കേരളത്തിൽ കമ്മിയാണെന്നു്. ശ്രീ. മാണി ഇപ്പോൾ നിഷേധിക്കുമോ എന്നു് എനിക്കറിയില്ല. കാരണം, മാണിക്കു് ഒരു ധവള പത്രമുണ്ടു്. ആ ധവള പത്രത്തിൽ കേന്ദ്രത്തിനെതിരായിട്ടുള്ള ചാർജ് ഷീറ്റുണ്ടു്; കേരളത്തെ അവഗണിച്ചിട്ടുണ്ടു് എന്നു്. 1,100 കോടിരൂപ കിട്ടിയാൽ മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളൂ. ഇപ്പോൾ ശ്രീ. മാണി പറഞ്ഞിട്ടുള്ളതു് നമ്മുടെ ബാലൻപിള്ള പ്രശ്നമായാലും ശരി, രാമൻപിള്ള പ്രശ്നമായാലും ശരി എല്ലാം അങ്ങയുടെ രക്ഷയ്ക്കു്; കോൺഗ്രസ് പ്രസിഡൻറിനു് ഞങ്ങൾ ഇത്ര അടിയറ വയ്ക്കുന്നോ, എന്നു്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി മാണി സമ്മതിച്ചിരിക്കുകയാണ്. എല്ലാ കോൺഗ്രസ് പ്രസിഡൻറിനെ ഏല്പിച്ചിരിക്കുകയാണ്. നിങ്ങൾ പുറത്താക്കിയാലും ശരി ഞങ്ങൾ പുറത്താക്കിയെന്നു പറയണ്ട. 60 ലക്ഷംരൂപ ഡെയിലി കമ്മിയായിട്ടുള്ള കേരളസ്റ്റേറ്റിൽ ഏഴാം പദ്ധതി പൂർത്തിയാകാതെ ചർച്ചചെയ്യാത്ത, ഇത്രയധികം തകർന്നു കിടക്കുന്ന ഒരു സ്റ്റേറ്റിൽ എങ്ങനെയാണ് നിങ്ങളുടെ സെയിൽസ് ടാക്സ് പിരിവ് നടത്തുന്നത്? ഇവിടെ ഞങ്ങൾ നിങ്ങൾക്കെതിരായി ചാർജ് കൊണ്ടുവന്നതാണ്. സെയിൽസ് ടാക്സ് ഇനത്തിൽ പിരിവ് കുറവ് 25 കോടി രൂപ. അഗ്രിക്കൾച്ചറൽ ടാക്സ് ഇനത്തിൽ ഏഴു കോടി രൂപ പിരിച്ചില്ല. ഇത് കഴിഞ്ഞ അഞ്ചു മാസത്തിനകം പിരിച്ചിട്ടില്ല. കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ സെയിൽസ് ടാക്സ് കളക്ഷൻ 25 കോടി രൂപയും അഗ്രിക്കൾച്ചറൽ ടാക്സ് ഇനത്തിൽ ഏഴുകോടി രൂപയും അങ്ങനെ 32 കോടി രൂപ പിരിച്ചിട്ടില്ല; കഴിഞ്ഞ അഞ്ചു മാസത്തിനകം. അത് എന്തുകൊണ്ട് പിരിച്ചില്ല? ഇത്രയധികം പിരിക്കാത്തതുകൊണ്ട് തങ്ങളുടെ ഇഷ്ടമുള്ളവർക്ക് നിങ്ങൾ വിട്ടു വീഴ്ചയും ആനുകൂല്യങ്ങളും ചെയ്തു കൊടുത്ത്, കേരളത്തിലെ വരവിനപ്പുറത്തായി സ്വന്തം കീശയും മടിശീലയും വീർപ്പിക്കാനല്ലേ നിങ്ങൾ ശ്രമിക്കുന്നത്? അതുകൊണ്ട് ഞാൻ പറയുന്നു, കേരളത്തിൽ ഞങ്ങൾ ഒരു ബന്തു നടത്താൻ തീരുമാനിച്ചു. ഇത് ജനങ്ങൾക്കെതിരായിട്ടുള്ള പ്രഖ്യാപനമല്ല. കേരളത്തിന് കേന്ദ്രത്തിന്റെ അവഗണനയുണ്ട്. അത് ഞാൻ വിശദമായി ഇവിടെ പറയുന്നില്ല.

അതുപോലെ തന്നെ ഗോഡൗണുകളുടെ കാര്യം. നമ്മുടെ ഭക്ഷ്യ വകുപ്പു മന്ത്രി ഇവിടെ ഇരിപ്പുണ്ട്. പിരപ്പൻങ്കോട് പ്രശ്നം കുത്തി പൊക്കിയതിനെത്തുടർന്ന് ഏഴാം പദ്ധതിയ്ക്ക് ഒരൊറ്റ ഗോഡൗണും പുതുതായി ഇല്ല. നാലായിരം ആളുകൾക്ക് പണിയുണ്ടാകില്ല. ഗോഡൗൺ നിർമ്മാണം കേന്ദ്രമാകെ നിർത്തി. ഇങ്ങനെ ഒരു സ്ഥിതിയിലേക്ക് എത്തിച്ചു. ഭക്ഷ്യ വകുപ്പു മന്ത്രിയുടെ തെറ്റായിട്ടുള്ള, ധിക്കാരപരമായിട്ടുള്ള മര്യാദ രഹിതമായ സമീപനത്തിന്റെയും പ്രതിപക്ഷത്തിന്റെ നേരെയുള്ള അവഗണനയുടെയും ഫലമായി ഗോഡൗൺ നിർത്തി. ഇപ്പോൾ നമുക്ക് കോച്ച് ഫാക്ടറിയും ഇല്ല, റെയിൽവേ ഇല്ല. ഗോഡൗണില്ല, നമുക്കാവശ്യമായിട്ടുള്ള വ്യവസായ പദ്ധതികളും ഇല്ല. ഏഴാം പദ്ധതി പോലും പൂർത്തിയാക്കിയിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളും തകർന്നു. അതുകൊണ്ട് കേന്ദ്രം ഇക്കാര്യത്തിൽ കേരളത്തോടു കാണിച്ച അവഗണനയുടെയും പശ്ചിമ ബംഗാളിൽ ലോക്കൗട്ടുകളും റിട്രെഞ്ച്മെന്റും മാത്രമല്ല, 311-ാം വകുപ്പിൽ സുപ്രീംകോടതിയിൽ പാസാക്കിയിട്ടുള്ളതിനെതിരായ പ്രൊട്ടസ്റ്റുമുണ്ട്. ഇത് ലോകസഭയിൽ കൊണ്ടുവരണം. ഐ. എൻ. ടി. യു. സി. ക്ക് കൽക്കത്ത ബന്തിൽ എതിർപ്പില്ല. സുബ്രതാ മുഖർജിയുടെ നേതൃത്വത്തിലുള്ള ഐ. എൻ. ടി. യു. സി. ക്ക് എതിർപ്പില്ല. ശ്രീ. ഹസ്സൻ (M. L. A.) അത് മനസ്സിലാക്കണം. ഇവിടെ ഞാൻ പറയുന്നത്, കേരളാ കോൺഗ്രസുകാരോട് കേരളത്തിലെ കർഷകർക്കുവേണ്ടി, അധ്വാനിക്കുന്നവരോടാണ്. കേന്ദ്ര ഗവൺമെന്റ് കേരളത്തോടു കാണിക്കുന്ന അവഗണനക്കെതിരായി നടത്തുന്ന ബന്തിൽ തീർച്ചയായും എല്ലാവരും പങ്കെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം ഞങ്ങളുടേത് ഒരു പാർട്ടി താല്പര്യമല്ല. കേരളത്തിലെ അധ്വാനിക്കുന്ന കൃഷിക്കാരുടെയും തൊഴിലാളികളുടെയും കേരളത്തിന്റെ പൊതുവായുള്ള താല്പര്യത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ് 7-ാം തീയതി ഒരു ബന്ത് നടത്തുന്നത്. ആ ബന്തിൽ ശ്രീ. മാണിയടക്കം പങ്കെടുക്കണം. ഈ തരത്തിൽ മുമ്പോട്ടു പോകാൻ പാടില്ല. അഴിമതിയുടേയും കുതികാൽ വെട്ടിന്റെയും കൊള്ളരുതായ്മയുടെയും നടത്തിപ്പിന്റെ മാതൃകയായ ഈ ഗവൺമെന്റിനെ സപ്പിമെന്റാറി ഡിമാന്റിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചിടത്തോളം അതിന്റെ ഉള്ളിലേക്ക് കടന്ന് എന്തിനു വേണ്ടി ഈ തുക ചോദിച്ചിരിക്കുന്നു, എങ്ങനെയാണ് അത് ചെലവഴിക്കേണ്ടത് എന്നുപറയുന്നതിനുപകരം ഏഴാം തീയതി നടക്കുന്ന ബന്തിൽ ഗവൺമെന്റും പങ്കെടുക്കണമെന്ന് പറഞ്ഞുകൊണ്ടാണ് പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഉപസംഹരിച്ചത്. ഏതായാലും അത് വളരെ നിർഭാഗ്യകരമായിപ്പോയി. ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് കടന്നാൽ ..... (ബഹളം) .... 99 കോടി രൂപയാണ് ഉപധനാഭ്യർത്ഥനയായി ഗവൺമെന്റ് ചോദിച്ചിരിക്കുന്നത്. ഇതിൽ ഇൻഡ്യാ പോപ്പുലേഷനുവേണ്ടിയും കണ്ടിജൻസി ഫണ്ടിൽനിന്ന് എടുത്ത് ചെലവഴിച്ച ഒരുകോടി രൂപയും കഴിഞ്ഞാൽ 95 കോടി രൂപയും ദുരിതാശ്വാസത്തിനു വേണ്ടി മുടക്കേണ്ടുന്നതിനാണ്. കഴിഞ്ഞ ജൂലൈ മാസത്തിൽ ആദ്യത്തെ ഉപധനാഭ്യർത്ഥന ഈ നിയമസഭ പാസാക്കി തരികയുണ്ടായി. ജൂലൈ മാസത്തിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയിൽ ദുരിതാശ്വാസത്തിനുവേണ്ടി 40 കോടി രൂപ ചോദിച്ചിരുന്നു. അത് നിയമസഭ പാസാക്കുകയുണ്ടായി. അത് ആദ്യമേ ഒരു അഡ്വാൻസായി ചോദിച്ചതാണ്. ഇപ്പോഴും വീണ്ടും 95 കോടി രൂപ കൂടി ദുരിതാശ്വാസത്തിനുവേണ്ടി ചോദിച്ചിരിക്കുകയാണ്. ഇപ്പോൾ ചോദിച്ചിരിക്കുന്ന 95 കോടി രൂപയും കഴിഞ്ഞ നിയമസഭ പാസാക്കിയ 40 കോടി രൂപയും ഉൾപ്പെടെ 135 കോടി രൂപയാണ് ദുരിതാശ്വാസത്തിനു വേണ്ടി ചെലവഴിക്കുവാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുമാത്രമല്ല കേന്ദ്രം ദുരിതാശ്വാസത്തിനുവേണ്ടി ചെലവഴിക്കുവാൻ നമ്മളെ അനുവദിച്ചിരിക്കുന്നത്.

2 P. M.] കേന്ദ്രത്തിന്റെ ഈ സഹായത്തെ ഞാൻ കൃതജ്ഞതാപൂർവ്വം വീക്ഷിക്കുകയാണ്. അതേയവസരത്തിൽ ഒരു കാര്യം വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് നമ്മുടെ ആവശ്യം മുഴുവൻ നിറവേറുകയില്ല. നമുക്ക് ഇതിനേക്കാൾ കൂടുതൽ കെടുതി ഉണ്ടായിട്ടുണ്ട്. കൂടുതൽ സഹായം വേണമെന്നുള്ളതാണ് മറുവശം. ഇന്നത്തെ സാഹചര്യത്തിൽ ഇത്രയെങ്കിലും തുക അനുവദിച്ചു കിട്ടിയത് ദുരിതാശ്വാസരംഗത്ത് വളരെ ആശ്വാസകരമായ കാര്യമാണ്. സാധാരണഗതിയിലുള്ള തത്വം ആകെയുള്ള ചിലവിന്റെ 75 ശതമാനം ഗ്രാന്റായി നൽകണമെന്നുള്ളതാണ്. കഴിഞ്ഞ നിയമസഭയിൽ ഞാൻ വിശദീകരിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനഗവൺമെന്റ് പ്രത്യേകമായ ആവശ്യം മുന്നിൽവെച്ചിട്ടുണ്ട്. സാധാരണ തത്വം 75 ശതമാനമാണെങ്കിൽപോലും 100 ശതമാനം ഗ്രാന്റായി നൽകണം. ഇവിടത്തെ രൂക്ഷമായ കെടുതിയുടെ പാശ്ചാതലത്തിൽ എന്ന് സൂചിപ്പിക്കുകയുണ്ടായി. കേരളഗവൺമെന്റു പറഞ്ഞത് മുഴുവൻ അംഗീകരിച്ച് കിട്ടിയില്ലെങ്കിലും സാധാരണഗതിയിൽ തരുന്നതിന് 75 ശതമാനമാണെന്നിരിക്കെ കേരളത്തിന്റെ രൂക്ഷമായ കെടുതിയുടെ പാശ്ചാതലത്തിൽ ആണ് ആ ഗ്രാന്റ് 88 ശതമാനമായി ഉയർത്തിയിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. 88 ശതമാനം കേന്ദ്രഗവൺമെന്റ് ഗ്രാന്റുതരുന്നു. സംസ്ഥാന ഗവൺമെന്റിന്റേത് 12 ശതമാനമാണ്. എന്നോട് ബഡ്ജറ്റിനകത്തു നിന്ന് സംസാരിക്കണമെന്ന് പ്രതിപക്ഷം പറഞ്ഞതുകൊണ്ട് പറയുകയാണ്. കേന്ദ്രഗവൺമെന്റുതരുന്ന 88 ശതമാനം കഴിഞ്ഞാൽ ബാക്കി 12 ശതമാനം ഉണ്ടാക്കേണ്ട ചുമതല കേരളഗവൺമെന്റിന്റേതാണ്. അതിന്റെയർത്ഥം 135 കോടി രൂപ കേന്ദ്രഗവൺമെന്റ് തരുമ്പോൾ 88 ശതമാനം ഗ്രാന്റായി തരുന്നുവെങ്കിൽ 15 കോടിരൂപ സ്വന്തമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള ബാധ്യത 15 കോടിരൂപ കൂടി വർദ്ധിക്കുന്നു. ദുരിതാശ്വാസകൃത്യത്തിന് ആശ്വാസം കൊടുക്കുന്നതിനുവേണ്ടി കേരളാഗവൺമെന്റ് പ്രതിജ്ഞാബദ്ധരായി രംഗത്തേക്ക് ഇറങ്ങുന്നതിന്റെ ഫലമായി കമ്മി 15 കോടിരൂപ വർദ്ധിക്കുന്നുവെന്ന മറ്റൊരു ചിത്രംകൂടി അവതരിപ്പിക്കുകയാണ്. കാരണം ഒരു തെറ്റിദ്ധാരണയുണ്ട്. കേന്ദ്രത്തിൽനിന്ന് 135 കോടി രൂപ കിട്ടിയിരിക്കുന്നു. അതെടുത്ത് വെയ്സ് ആൻഡ് മീൻസിനു വേണ്ടി കേരളഗവൺമെന്റിന് വിനിയോഗിക്കാം. സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി, ലഘൂകരിക്കുന്നതിനു വേണ്ടി ഈ രൂപയെടുത്ത് വിനിയോഗിക്കാമെന്ന പ്രചരണം പ്രതിപക്ഷം ഇറക്കുന്നില്ലേയെന്ന് ഞാൻ ബലമായി സംശയിക്കുകയാണ്.

ശ്രീ. ബേബിജോൺ : ട്രഷറിയിൽ കിടക്കുമ്പോൾ പുഷ് ആകുമല്ലോ ?

ശ്രീ. കെ. എം. മാണി : ഇത് ഓൺ അക്കൗണ്ട് പേമെന്റാണ്. അവർ നമുക്ക് ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്. വീടുവെക്കുന്നതിന്, റോഡ് ഉണ്ടാക്കുന്നതിന്, റേഷന് ഇങ്ങനെ ഓരോ കാര്യത്തെ സംബന്ധിച്ചും പ്രത്യേകമായി ഇനം തിരിച്ചിട്ടുണ്ട്. ഓരോ ഇനത്തിനും അവർ നിർദ്ദേശിച്ചിട്ടുള്ള ആ തുക ചിലവഴിച്ചതിനു ശേഷം എ.ജി. യുടെ ഒരു സർട്ടിഫിക്കറ് കേന്ദ്രഗവൺമെന്റിന് കൊടുത്തെങ്കിൽ മാത്രമേ കേന്ദ്രഗവൺമെന്റ് ആത്യന്തികമായി, അവസാനമായി ഫുൾ ഗ്രാന്റ് റിലീസ് ചെയ്യുകയുള്ളൂ. അതിന്റെയർത്ഥം എ.ജി. നമ്മുടെ ചിലവ് മുഴുവൻ സർട്ടിഫൈ ചെയ്യുന്നില്ലെങ്കിൽ കേന്ദ്രഗവൺമെന്റ് ഫുള്ളായി ഗ്രാന്റു തരുകയില്ല, ഇനം വിട്ടിട്ട് ചിലവു ചെയ്തുപോയാൽ നമുക്ക് ഗ്രാന്റിന് അർഹതയില്ലെന്നുവരും. അതുകൊണ്ട് തത്വ ദീക്ഷയോടുകൂടി വ്യവസ്ഥാപിതമായ മാർഗത്തിൽകൂടി മാത്രമേ ദുരിതാശ്വാസ ചിലവുകൾക്കുവേണ്ടി കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഗ്രാന്റ് വിനിയോഗിക്കാൻ കഴിയൂ. അത് വെയ്സ് ആൻഡ് മീൻസിനു വേണ്ടി എടുത്തു പ്രയോഗിക്കാൻ കഴിയുകയില്ലെന്ന് പ്രത്യേകമായി ഈ സഭയെ അറിയിക്കാൻ ഗ്രഹിക്കുകയാണ്. 15 കോടിരൂപ ഇതിനുവേണ്ടി കൂടുതലായി സംസ്ഥാനഗവൺമെന്റ് ഉണ്ടാക്കേണ്ടിയിരിക്കുന്നു. കേന്ദ്രഗവൺമെന്റ് ഇത്രയും തുക തന്നപ്പോൾ 15 കോടി രൂപ സംസ്ഥാനഗവൺമെന്റിന്റെ ഷെയറായി ഇട്ട് ദുരിതാശ്വാസത്തിനുവേണ്ടി ചിലവു ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം സംസ്ഥാനഗവൺമെന്റിന് സന്തോഷമേയുള്ളൂ. നമ്മുടെ സംസ്ഥാനത്തിലെ വെള്ളപ്പൊക്കക്കെടുതി അനുഭവിക്കുന്ന ജനങ്ങൾക്കു ആശ്വാസം കൊടുക്കാൻ കഴിയുമെങ്കിൽ അത് സന്തോഷകരമായ ഒരു കാര്യമാണ്.

ശ്രീ. നായനാർ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുണ്ട്. ഈ സഭയിലെ എല്ലാ മെമ്പർമാരും സഹകരിക്കണം. കർശനമായി സാമ്പത്തിക അച്ചടക്കത്തിന്റെ അവശ്യം ആവശ്യമായ ഒരു കാലഘട്ടത്തിലേക്ക് നാം കാലെടുത്തു കുത്തുകയാണ്. ഒക്ടോബർമാസം 2-ാം തീയതിയോടുകൂടി സംസ്ഥാനങ്ങൾക്ക് ഇതുവരെ അനുഭവിക്കാത്ത പുതിയ ഒരു അനുഭവം ഉണ്ടാകാൻ പോവുകയാണ്. ഒക്ടോബർ 2-ാം തീയതി മുതൽ ഓവർഡ്രാഫ്റ്റ് പാടില്ല. 30 കോടി രൂപക്കപ്പുറത്ത് കേരളഗവൺമെന്റിന്റെ കടം അതിക്രമിക്കാൻ പാടില്ല. അതിക്രമിച്ചാൽ പേമെന്റ് സ്റ്റോപ്പ് ചെയ്യുമെന്ന് എല്ലാവർക്കും മനസ്സിലായി കാണുമെന്ന് പ്രതീക്ഷിക്കുകയാണ്. നമ്മുടെ ചിലവ് നിയന്ത്രിക്കേണ്ടുന്ന നില എന്തിയിരിക്കുകയാണ്. വരവുകൂടുവർദ്ധിപ്പിക്കുകയും വേണം. ചിലവ് ചുരുക്കുകയും വേണം, കഴിഞ്ഞ ജനുവരി 28-ാം തീയതി ഓരോ സംസ്ഥാനത്തിനുമുള്ള ഓവർ ഡ്രാഫ്റ്റ് മദ്ധ്യകാല വായ്പയായി കേന്ദ്രഗവൺമെന്റ് രൂപാന്തരപ്പെടുത്തിയിരിക്കുകയാണ്. അത് കേരളത്തിൽ മാത്രമല്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും 1985 ജനുവരി മാസം 28-ാം തീയതി എത്ര ഒ. ഡി. ഉണ്ടോ അത് മദ്ധ്യകാല വായ്പയായി മാറുകയാണ്. പഴയ ഒ. ഡി. യെ സംബന്ധിച്ചിടത്തോളം ആശ്വാസം കിട്ടിയിട്ടുണ്ട്. പക്ഷേ മുന്നോട്ടുള്ള നമ്മുടെ പ്രവർത്തനത്തിൽ വെയ്സ് ആൻറ് മീൻസിനെ സംബന്ധിച്ചിടത്തോളം ഒ. ഡി. യുടെ സൗകര്യം പരിമിതപ്പെടുത്തിയതിന്റെ ഫലമായി ബുദ്ധിമുട്ട് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. മദ്ധ്യകാല വായ്പയായി രൂപാന്തരപ്പെടുത്തിയതുകൊണ്ട് സംസ്ഥാനങ്ങൾക്ക് ഭാവിയെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുകൾക്ക് പ്രതിവിധിയല്ല മദ്ധ്യകാല വായ്പയായി മാറുന്നതിന്റെ അർത്ഥം എന്താണ് ? റിസർവ് ബാങ്കിലേക്ക് നമ്മൾ കൊടുക്കാനുള്ള തുക കൊടുക്കുന്നതിന് നമ്മുടെ കയ്യിൽ രൂപ ഇല്ലാത്തതുകൊണ്ട് കേന്ദ്രഗവൺമെന്റ് നമുക്ക് കുറേ രൂപ മദ്ധ്യകാല വായ്പയായി നൽകി ആ തുക റിസർവ് ബാങ്കിലേക്ക് അടയ്ക്കാനുള്ള തുക അടച്ചുതീർക്കണം. നമ്മുടെ കയ്യിൽ കിട്ടുന്ന മദ്ധ്യകാലവായ്പ റിസർവ് ബാങ്കിലേക്ക് നമ്മുടെ ഡ്യൂസ് അടച്ചുതീർക്കാൻവേണ്ടി വിനിയോഗിക്കുകയാണ്. തൽക്കാലത്തേക്ക് നമുക്ക് ശാന്തിയുണ്ട്. പക്ഷേ ആ തുക വരുന്ന നാലുകൊല്ലംകൊണ്ട് കേന്ദ്രഗവൺമെന്റിലേക്ക് തിരിച്ച് അടക്കേണ്ടിയിരിക്കുകയാണ്. ഇത് പഴയ കാലത്തെയാണ്. ജനുവരി 28-ാം തീയതിയിലെ ഓവർ ഡ്രാഫ്റ്റ് നീക്കുപോക്കാണ്. അതിനുശേഷം സംസ്ഥാനത്തെ സഹായിക്കാൻവേണ്ടി കേന്ദ്രഗവൺമെന്റ് എടുത്ത നടപടിയുടെ ഫലമായി മദ്ധ്യകാല വായ്പയായി രൂപാന്തരപ്പെടുത്തി കിട്ടുന്ന തുക റിസർവ് ബാങ്കിലേക്ക് അടക്കാനുള്ള കടം അടച്ചുകൊള്ളണം. പക്ഷേ ഭാവിയിൽ ഒക്ടോബർ 2-ാം തീയതി മുതൽ 30 കോടിക്ക് അപ്പുറത്തേക്ക് നമ്മുടെ ചിലവ് ഉയരാൻ പാടില്ല. കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചിലവ് വളരെ കർശനമായി നിയന്ത്രിക്കും. നമ്മുടെ വരവുകൂടുകയും കഴിയുന്നതും വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് പോകേണ്ടുന്ന ആവശ്യം ഏറ്റവും കൂടുതലായി നിൽക്കുന്ന ഒരു സന്ദർഭമാണ്. അതനുസരിച്ച് ചിലവിനെ സംബന്ധിച്ചിടത്തോളം ചിലവ് നിയന്ത്രിക്കുന്നതിനുവേണ്ടി കർശനമായ ഇക്കോണമി പാലിച്ചുകൊണ്ട് ഒബ്സർവ് ചെയ്തുകൊണ്ട് ചിലവ് കർശനമായി നിയന്ത്രിച്ചു കൊണ്ട് മുന്നോട്ടു നീങ്ങാൻവേണ്ടി ആത്മാർത്ഥമായി ശ്രമിക്കുകയാണ്. അങ്ങനെ നീങ്ങുമ്പോൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംശയവും വേണ്ട, പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സമൊന്നും ഇല്ല. അത് കഴിഞ്ഞവർഷവും തെളിഞ്ഞതാണ്. പദ്ധതിയെ സംബന്ധിച്ചിടത്തോളം പദ്ധതികൾക്കുവേണ്ടി പറഞ്ഞിട്ടുള്ള മുഴുവൻ തുകയും ചിലവഴിക്കും. അത് തടസ്സപ്പെടുത്താൻ ഒരിക്കലും അനുവദിക്കുകയില്ല. ശ്രീ. നായനാരോട് പറയുകയാണ്, എന്തെല്ലാം ബുദ്ധിമുട്ട് ഉണ്ടെങ്കിലും പേ റിവിഷൻ ആർഡർ ഇന്ന് ജി. ഒ. ആയി പുറത്തിറക്കിയിരിക്കുന്നു. പ്രിൻറ് ചെയ്യേണ്ട താമസമേയുള്ളു. ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പേ റിവിഷൻ ജി. ഒ. ആയി പുറത്തിറക്കിയിരിക്കുന്നു. ഇനി പ്രസ്സിൽ പ്രിൻറുചെയ്ത് ഓരോ ആഫീസുകളിലേക്കും അയക്കുകയാണ്. എന്തെല്ലാം ബുദ്ധിമുട്ട് ഉണ്ടെങ്കിലും ചെയ്യേണ്ട കാര്യത്തെ സംബന്ധിച്ചിടത്തോളം ചെയ്യേണ്ട കാര്യങ്ങൾ മാറ്റിവെക്കുന്നില്ല. വികസന രംഗത്ത് ചെയ്യേണ്ടകാര്യങ്ങൾ, വികസനേതര രംഗത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു തീർക്കുന്ന കാര്യത്തിൽ ഒരിക്കലും തടസ്സം ഉണ്ടാക്കുകയില്ല.

ശ്രീ. ഇ. കെ. നായനാർ : പേ റിവിഷൻ കഴിഞ്ഞ നാലുമാസത്തെ തല്ലേ. അത് അച്ചടിച്ചു കൊടുക്കണമല്ലേ ?

ശ്രീ. കെ. എം. മാണി : ഒരു കാര്യം ഈ സഭക്ക് ഉറപ്പുനൽകാൻ ആ ഗ്രഹിക്കുകയാണ്. ശമ്പളത്തിൽ ഡി. എ. ബാധ്യതയില്ലെങ്കിൽ സ്ഥാപനത്തിൻറെ വരവു ചിലവ് പൊരുത്തപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ഞാൻ തയ്യാറാണ്. കാരണം വരവുചിലവുകൾ ഒ. ഡി. നിർത്തിയിരിക്കുന്ന സാഹചര്യത്തിൽ

ശ്രീ. ബേബി ജോൺ : നടക്കാത്ത കാര്യങ്ങൾ എന്തിനാണ് പറയുന്നത്.

ശ്രീ. കെ. എം. മാണി : ഒക്ടോബർ 2-ാം തീയതി മുതൽ ഒ. ഡി. സൗകര്യം പരിമിതപ്പെടുത്തുന്നതിൻറെ ഫലമായി ഈ ഗവൺമെൻറ് വരവുചിലവുകൾ പൊരുത്തപ്പെടുത്താനുള്ള ശ്രമത്തിൽ കടക്കുകയാണ്. ആ ശ്രമം വിജയിക്കുമെന്ന് ആശിക്കുകയാണ്. ആ ശ്രമം ഉയരുന്നുവെങ്കിൽ ഡി. എ. ബാധ്യത ഒന്നുകൊണ്ടുമാത്രമേ അതിന് ബുദ്ധിമുട്ടുള്ളു.

ശ്രീ. എ. സി. ഷൺമുഖദാസ് : ഡി. എ. കൊടുക്കുകയില്ലേ ?

ശ്രീ. കെ. എം. മാണി : 1980-85 വരെ 30 ഗഡുക്കളിലായി 720 കോടി രൂപ, ശമ്പളത്തിനു പുറമേ ഈ രാജ്യത്തെ ജീവനക്കാർക്ക് ക്ഷാമബത്ത കൊടുക്കാൻവേണ്ടി സർക്കാരിന് ചിലവുവന്നു. ശ്രീ. എ. സി. ഷൺമുഖദാസ് ചോദിച്ചതിന് ഞാൻ മറുപടി പറയാം. 1985-86-ലെ ബഡ്ജറ്റിൽ 25 കോടി രൂപ ഡി. എ. ക്കുവേണ്ടി മാറ്റി വെച്ചിട്ടുണ്ട്. ഇത് പ്ലാനിംഗ് കമ്മീഷൻ പറഞ്ഞതനുസരിച്ചാണ്. ബഡ്ജറ്റ്, വരവുചിലവുകളെ സംബന്ധിച്ചിടത്തോളം പ്ലാനിംഗ് കമ്മീഷനുമായി ആലോചിച്ച് അവരുടെ അപ്രൂവലോടുകൂടിയാണ്. ഈ വർഷം ഈ ഗവൺമെൻറ് മൂന്നു ഡി. എ. കൊടുക്കുന്നതിനുള്ള ചിലവുകൾ പ്രൊവൈഡ് ചെയ്യണമെന്ന് പറഞ്ഞതനുസരിച്ച് കഴിഞ്ഞവർഷം പ്രഖ്യാപിക്കപ്പെട്ട ഡ്യൂ ആയ മൂന്നു ഗഡുക്കൾ കൊടുക്കുന്നതിനുവേണ്ടി 25 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെൻറ് അതിന് തയ്യാറാണ്. But what about the next instalment ?

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും കേന്ദ്രഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു ഇൻസ്റ്റാൾമെന്റ് ഡി. എ. പ്രഖ്യാപിച്ചിട്ടുണ്ട്. ഇനിയും ചിലപ്പോൾ പ്രഖ്യാപിച്ചുവെന്നുവരും. അങ്ങനെ കൂടുതൽ കൂടുതൽ പ്രഖ്യാപിക്കപ്പെടുന്ന ഡി. എ. യുടെ ബാദ്ധ്യത സംസ്ഥാനഗവൺമെന്റ് ഏറെറടുക്കണമെന്നുണ്ടെങ്കിൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം പരിമിതപ്പെടുത്തിയാൽ സംസ്ഥാന ഗവൺമെന്റിന് ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് വിനയപൂർവ്വം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയാണെങ്കിൽ കേന്ദ്രഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു ദേശീയ സംവിധാനമുണ്ടാക്കണം. ഒരു പക്ഷേ എന്റെ അഭിപ്രായമായിരിക്കും. സംസ്ഥാനഗവൺമെന്റ്, ഡി. എ. ബാദ്ധ്യത, അവരുടെ തലയിൽ വന്നുനിൽക്കാതെ ഓവർഡ്രാഫ്റ്റ് പരിമിതപ്പെടുത്തുകയും അതോടൊപ്പം ഡി. എ. ബാദ്ധ്യത കൊടുത്തുതീർക്കുകയും ചെയ്യേണ്ടുന്ന ബുദ്ധിമുട്ടിൽനിന്ന് അവരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഒരു ദേശീയ സംവിധാനം കേന്ദ്രഗവൺമെന്റ് ഉണ്ടാക്കുകയും ചെയ്യണമെന്ന് പ്രത്യാശിക്കുകയാണ്, ഉണ്ടാകട്ടെയെന്ന് ആഗ്രഹിക്കുകയാണ്, ഉണ്ടാകണമെന്നുള്ളതാണ് ഞങ്ങളുടെ എല്ലാപേരുടെയും ആഗ്രഹം. ആ നിലയിൽ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ സാമ്പത്തിക അവസ്ഥ അങ്ങേയറ്റം പരിരക്ഷിക്കാൻവേണ്ടി അങ്ങേയറ്റം ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

റിസർവ്ബാങ്ക് അക്കൗണ്ടിൽ വരുന്ന വരവുചിലവുകളുടെ കണക്ക് ട്രഷറി അക്കൗണ്ടുമായി റിക്കൺസൈൽ ചെയ്ത്, കമ്പ്യൂട്ടർ വഴി ഓരോ മാസത്തിലും മൊത്തം വരവിന്റെയും ചിലവിന്റെയും കണക്ക് കമ്പയിൽ ചെയ്യുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. അഞ്ചുലക്ഷത്തിൽ കൂടുതലുള്ള ബില്ലുകളും ചെക്കുകളും ക്യാഷ് ചെയ്യുന്നതിന് മുമ്പ് എഫ്. ഡി. യുടെ വേയ്സ് ആൻറ് മീൽസ് ക്ലിയറൻസ് ഇൻസ്സ്റ്റാൾ ചെയ്യാൻ പോവുകയാണ്. ഇതൊക്കെ മാറിവരുന്ന സാഹചര്യത്തിൽ, ഓവർഡ്രാഫ്റ്റ് സൗകര്യം പരിമിതപ്പെടുത്തുന്നതിന്റെ ഫലമായി എക്കോണമി ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം എൻഫോഴ്സ് ചെയ്യേണ്ടതിന്റെ ആവശ്യകത മുൻനിൽ കണ്ടുകൊണ്ട് നിയന്ത്രണങ്ങളും ഏർപ്പെടുത്തിയേ തീരൂ. അതുകൊണ്ട് 355 കോടി രൂപയുടെ പ്ലാനാണ് 1985-86 ലേതെങ്കിൽ 355 കോടിരൂപയിൽ ഒരു പൈസപോലും കുറക്കുന്ന പ്രശ്നമില്ല. വികസന രംഗത്തെ സംബന്ധിച്ചിടത്തോളം വികസന രംഗത്ത് ചിലവഴിക്കുമെന്ന് പറഞ്ഞിരിക്കുന്ന മുഴുവൻ തുകയും ചിലവഴിച്ചുകൊണ്ട്, വികസനരംഗത്തെ പ്രവർത്തനങ്ങളും വളരെ ത്വരിതഗതിയിൽ ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുമെന്നുള്ള കാര്യത്തിൽ ആർക്കും ആശങ്കയും, സംശയവും വേണ്ട. അതാണ് ഈ ഗവൺമെന്റിന്റെ മുൻകാല അനുഭവങ്ങൾ.

ശ്രീ. എം. വി. രാഘവൻ : ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ഡെയിലി 60 ലക്ഷം കമ്മി ആണെന്നാണ്, സെൻട്രൽഗവൺമെന്റിൽ നിന്ന് 135 കോടി കിട്ടുണ്ടെങ്കിൽ 15 കോടി നമ്മൾ കൂട്ടണം. ഇതെല്ലാം വന്നാൽ ഈ കമ്മി എവിടെ ചെന്നെത്തും ?

ശ്രീ. കെ. എം. മാണി : ഇത് രണ്ടും രണ്ടാണ്. ജനുവരി 28-ാം തീയതിയിലെ കമ്മി കൺവർട്ട് ചെയ്തത് ശ്രീ. രാഘവൻ മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

പോയി. ശ്രീ. രാഘവന് ആവശ്യമുള്ള ചില കാര്യങ്ങളേ രാഘവൻ ഓർക്കുന്നുള്ളു. ശ്രീ. രാഘവൻ പ്രസംഗം മുഴുവൻ കേൾക്കണം. എനിക്ക് വളരെ സങ്കടമുണ്ട്. ശ്രീ. നായനാരോട് ഞാൻ ഒരുകാര്യം പറയാം. കാര്യങ്ങളും മനസ്സിലാക്കാൻ വേണ്ടിയാണെങ്കിൽ നമ്മളും വസ്തുതകളും അംഗീകരിക്കണം. ബഹുമാനപ്പെട്ട നായനാർ ആഗസ്റ്റ് വരെയുള്ള പിരിവ്, നികുതി വരുമാനം കുറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. വിൽപ്പന നികുതി കുറഞ്ഞിരിക്കുന്നു. അതിന്റെ കാര്യങ്ങളും ഗ്രഹിക്കാനാണെങ്കിൽ ഞാൻ സത്യസന്ധമായി വിവരങ്ങളും പറയാം. കാർഷികാദായ നികുതിയുടെ കാര്യവും പറയാം. 1984-85ൽ 377 കോടി രൂപയായിരുന്നു ബഡ്ജറ്റ് എസ്റ്റിമേറ്റ്. കഴിഞ്ഞ വർഷത്തെ കറസ്പോണ്ടിംഗ് പീരിഡിൽ അതായത് 1984-85 ആഗസ്റ്റ് 31 ന്, പിരിഞ്ഞതുക 157 കോടി രൂപയായിരുന്നു. അതിന്റെ അർത്ഥം പ്രൊപ്പോഷണേറ്റ് ടാർജറ്റിന്റെ 80 ശതമാനമാണ് ആഗസ്റ്റ് 31-ാം തീയതി സെയിൽസ് ടാക്സ് പിരിഞ്ഞത് ശ്രീ. നായനാരോട് വിനയപൂർവ്വം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്, ഇക്കൊല്ലം ആ സ്ഥാനത്ത് 99 ശതമാനം പിരിവ്, ആഗസ്റ്റ് മാസം 31-ാം തീയതി ഉണ്ടായിരിക്കുന്നു. അപ്പോൾ ടാർജറ്റ് എത്തിയിരിക്കുകയാണ്. സംശയമുണ്ടെങ്കിൽ ശ്രീ. നായനാർ കുറിച്ചെടുത്തുകൊള്ളണം. 1985-86-ൽ അച്ചടിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് 402.43 കോടി രൂപയാണ്. അതിന്റെ പ്രൊപ്പോഷണേറ്റ് ടാർജറ്റ് ആഗസ്റ്റ് മാസം 31-ാം തീയതി 166.50 കോടി രൂപയാണ്. ഇപ്പോൾ 31-ാം തീയതി പിരിഞ്ഞത് 164 കോടി രൂപയാണ്. അതിന്റെ അർത്ഥം 99% പിരിഞ്ഞു എന്നാണ്. കഴിഞ്ഞവർഷം 80 ശതമാനം ആയിരുന്ന ഈ കാലയളവിൽ ഈ വർഷം 99 ശതമാനമായി ഉയർന്ന് ബഡ്ജറ്റ് ടാർജറ്റ് റീച്ച് ചെയ്ത സന്ദർഭത്തിൽ ഒരു വാക്ക് നന്ദി പറയുന്നതിനുപകരം ഏതെങ്കിലും അസോസിയേഷൻ എഴുതികൊടുത്ത റെക്കാർഡുമായി നിയമസഭയിലേക്കുകടന്ന് പ്രതിപക്ഷ നേതാവ് ഒരു അസോസിയേഷന്റെ വാറോലയെ പിടിച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയല്ല. അതുപോലെതന്നെ അഗ്രികൾച്ചറൽ ഇൻകംടാക്സിനെ സംബന്ധിച്ചിടത്തോളവും. കാർഷികാദായ നികുതി നിയമം 17-ാം വകുപ്പ് ബഹുമാനപ്പെട്ട നായനാർ വായിക്കണം. 17-ാം വകുപ്പിലെ (ഒന്ന്) ഉപവകുപ്പ് അനുസരിച്ച് റിട്ടേൺസ് പൂരിപ്പിക്കുന്നതിനു വേണ്ടി അവർക്കു കൊടുക്കുന്ന സമയം എപ്പോഴാണെന്നുവെച്ചാൽ ജൂലായ് മാസം 1-ാം തീയതിയാണ് റിട്ടേൺസ് ചോദിക്കേണ്ടത്. ജൂലായ് മാസം 1-ാം തീയതി കാർഷികാദായ നികുതിക്ക് റിട്ടേൺസ് വന്നുകഴിഞ്ഞാൽ ഏതെങ്കിലും റിട്ടേൺസ് ശരിയല്ലെന്നുകണ്ടാൽ കണക്കുകളും നോക്കി അസസ് ചെയ്യേണ്ടത് അതുകഴിഞ്ഞാണ്. കാർഷികാദായ നികുതിയെ സംബന്ധിച്ചിടത്തോളം എപ്പോഴും ആദ്യത്തെ ഒന്നു പകുതിയിൽ കൂടുതലായി പിരിഞ്ഞുകിട്ടുകയില്ല. ആദ്യത്തെ ഒന്നു പകുതി കഴിഞ്ഞ് രണ്ടാമത്തെ ഒന്നു പകുതി കാലത്തേ സ്റ്റാറ്റാറ്റ്യൂട്ടറി ആയിട്ടുള്ള മുഴുവൻ സ്റ്റെപ്പും എടുത്തു കൊണ്ട് മുഴുവൻ രൂപയും പിരിയുന്നുള്ളു. അതാണ് എല്ലാകാലത്തേയും നടപടിക്രമം. തന്നെയുമല്ല, ഞാൻ ബഹുമാനപ്പെട്ട നായനാരോടു പറയുകയാണ്, ഇക്കൊല്ലം വിൽപ്പന നികുതി വരുമാനം കൂടുതൽ വർദ്ധിക്കാൻ പോകുന്നു. കാരണം, ആഗസ്റ്റ് മാസത്തിൽ തന്നെ ടാർജറ്റ് എത്താൻ കഴിഞ്ഞുവെങ്കിൽ, മാർച്ച് മാസം 31-ാം തീയതി, വർഷാവസാനമാകുമ്പോഴാണ് കൂടുതൽ പിരിവു വരുന്നത്. അങ്ങനെയാണെങ്കിൽ നല്ലൊരു ട്രെൻഡ് ആണ്. നല്ലൊരു ട്രെൻഡ്

LIBRARY ARCHIVES Kerala Legislative Assembly

ഡവലപ്പ് ചെയ്തിരിക്കുന്നു. അസോസിയേഷൻകാർ പറഞ്ഞിരിക്കുന്നത് എന്താണെന്ന് എനിക്കറിയാം. ഇന്ന് ധർണയാണ്. എന്താണ് അവർ പറഞ്ഞിരിക്കുന്നത്, ഞങ്ങൾക്ക് 75 ലക്ഷം രൂപ വയ്ക്കുകയാണെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് വരുമാനമുണ്ടാക്കിത്തരാം. അവർക്ക് ഒരു റീ ഓർഗനൈസേഷൻ വേണം. അവരുടെ റീ ഓർഗനൈസേഷനു വേണ്ടി സർക്കാരിന് 75 ലക്ഷം രൂപയുടെ ചിലവേ വരുകയുള്ളു. 75 ലക്ഷം രൂപ ഞങ്ങൾക്കുവേണ്ടി ചിലവു ചെയ്യുന്നുവെങ്കിൽ ഞങ്ങൾ രൂപ ഉണ്ടാക്കിത്തരാം. അവർക്ക് കുറേ പോസ്റ്റു വേണം. അവർക്ക് റീ ഓർഗനൈസേഷൻ വേണം. അതിന് അവർ കുറേ വാറോല അച്ചടിക്കും. ഇങ്ങനെ ചെയ്താൽ 500 കോടി തരാം, ഇങ്ങനെ ചെയ്താൽ 1000 കോടി തരാം, ഇങ്ങനെ ചെയ്താൽ 2000 കോടി തരാം. ഈ അസോസിയേഷന്റെ ഇങ്ങനെയുള്ള ഭീഷണികൊണ്ടൊന്നും വഴങ്ങാൻ ഈ ഗവൺമെന്റ് തയ്യാറില്ല. അസോസിയേഷൻ രാഷ്ട്രീയമായി ഈ ഗവൺമെന്റിനെതിരെ ചില അടിസ്ഥാനരഹിതമായ പ്രചരണങ്ങൾ നടത്താൻ കരുതുന്നുവെങ്കിൽ, അവർ അതിന് ശ്രമിക്കുന്നുവെങ്കിൽ ആ ശ്രമങ്ങൾക്ക് പ്രതിപക്ഷ നേതാവ് കൂട്ടു നിൽക്കരുത്. പ്രതിപക്ഷനേതാവ് എപ്പോഴും വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ സംസാരിക്കാൻ പാടുള്ളു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട ഇസ്മയിലും പ്രതിപക്ഷനേതാവും കേരളാ കോൺഗ്രസ്സിന്റെ രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞു. കേരളാകോൺഗ്രസ്സിലെ പിള്ള പ്രശ്നത്തിനുവേണ്ടി ഒരു രൂപയും ഈ ഉപധനാഭ്യർത്ഥനയിൽ ചോദിച്ചിട്ടില്ല. ഇവിടെ ചർച്ച മുഴുവൻ പിള്ള പ്രശ്നമാണ്. എനിക്കു തമാശയായി തോന്നിയത്, ശ്രീ. ഇസ്മയിൽ പ്രസംഗിച്ചപ്പോൾ, ഞങ്ങൾ കൗതുകകരമായി നോക്കിനിന്നു. പക്ഷേ ഞങ്ങൾ നിരാശരായി എന്നു പറഞ്ഞു. എന്താണ് ഇതിന്റെ അർത്ഥം? ഞങ്ങൾ കൗതുകകരമായി നോക്കിനിന്നു. ഇപ്പോൾ വീഴും, വീഴും, ഇടിക്കും, ഇടിക്കും. അത് ഞങ്ങൾ തീരുമാനിച്ചുകൊള്ളാം. പരസ്പരം ഇടിക്കാൻ നല്ലതുപോലെ അറിയാവുന്നവരാണ് ഞങ്ങൾ. കരുണാകരനുമറിയാം, കെ. എം. മാണിക്കുമറിയാം, കോൺഗ്രസ്സിനുമറിയാം, കേരളാകോൺഗ്രസ്സിനുമറിയാം. ഞങ്ങൾ ഇടിക്കുന്നത് എങ്ങനെയെന്ന് നിങ്ങൾ പറയേണ്ട കാര്യമില്ല. ഞങ്ങൾ ഞങ്ങളുടെ പ്രശ്നങ്ങൾ പരസ്പരം തീർത്തുകൊള്ളാം.

ശ്രീ. ഇസ്മയിൽ ഒരു വാക്കുകൂടി പറഞ്ഞു. ഞാൻ എഴുതിവെച്ചിട്ടുണ്ട്. ഞങ്ങളെ വിഡ്ഢികളാക്കി. നിങ്ങൾ യഥാർത്ഥത്തിൽ വിഡ്ഢികളായി. നിങ്ങൾ വിഡ്ഢികളായെങ്കിൽ ഞങ്ങളുടെ കുഴപ്പമല്ല. എല്ലാറ്റിലും ഒരു സദുദ്ദേശം വേണം. ഞങ്ങൾ തമ്മിൽ വഴക്കുണ്ടെങ്കിൽ ശ്രീ. ബേബിജോണല്ലേ ഞങ്ങളെ സ്നേഹിപ്പിക്കേണ്ടത്? ഞങ്ങളെ സ്നേഹിപ്പിക്കുകയോ യോജിപ്പിക്കുകയോ ചെയ്യേണ്ടത് ശ്രീ. ബേബിജോണല്ലേ? നേരെമറിച്ച് ഞങ്ങൾ തമ്മിലിടിച്ച് രക്തം വീണുകഴിയുമ്പോൾ അത് കുടിക്കാൻ വേണ്ടി നിൽക്കുന്ന, മേഷങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ കുറുക്കൻ തലവെച്ചതുപോലെ പ്രതിപക്ഷങ്ങളേ, നായന്മാരേ നിങ്ങളുടെ തലതന്നെയാണ് പോകുന്നത്. മാർക്സിസ്റ്റ്പാർട്ടി, പ്രതിപക്ഷത്തിന്റെ തല പോകരുത്. നിങ്ങളുടെ ഉദ്ദേശം എന്താണ്? കേരളാകോൺഗ്രസിന്റെ ചോരക്കു വേണ്ടി നിങ്ങൾ മോഹിക്കുന്നു. കേരളാകോൺഗ്രസിന്റെ ചോരക്കു വേണ്ടി ശ്രീ. നായനാർ മോഹിക്കുന്നു. എനിക്കറിയാം. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

എം. വി. രാഘവനു് അതിനേക്കാളും കൂടുതൽ ദാഹമുണ്ടു്. പക്ഷേ എനിക്കു് വിരോധമില്ല. നിങ്ങളും ചോരക്കുവേണ്ടി ദാഹിച്ചുകൊള്ളു. പക്ഷേ ഇന്നതു് ചെയ്യണം, ഇന്നതു് ചെയ്യണം ഇന്ന രീതിയിൽ പോകണം, അതൊന്നും നിങ്ങളും ഞങ്ങൾക്കു പറഞ്ഞു തരേണ്ട. ബാലകൃഷ്ണപിള്ളയുടെ പ്രശ്നം എങ്ങനെ തീർക്കണമെന്നുള്ളതു് ഞങ്ങൾക്കറിയാം. ഞങ്ങളുടെ പാർട്ടി അതുതീർത്തുകൊള്ളും.

ശ്രീ. എം. വി. രാഘവൻ: 3-ാം തീയതി നിയമസഭ കൂടുകയില്ലെന്നു് നിങ്ങളല്ലേ പറഞ്ഞതു്? 9-ാം തീയതി നിയമസഭ കൂടുകയില്ലെന്നു് നിങ്ങളല്ലേ പറഞ്ഞതു്?

ശ്രീ. കെ. എം. മാണി: ബാലകൃഷ്ണപ്പിള്ളയുടെ പ്രശ്നം എങ്ങനെ തീർക്കണമെന്നുള്ളതു് ഞങ്ങൾക്കു് അറിയാം. അതു് ഞങ്ങളുടെ ആവശ്യമാണു്. ബാലകൃഷ്ണപ്പിള്ളയെ തിരികെ മന്ത്രിസഭയിൽ പ്രവേശിപ്പിക്കണമെന്നുള്ളതു് കേരളാകോൺഗ്രസ്സിന്റെ ആവശ്യമാണു്. ആ ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ടു്. ആ ആവശ്യം നിറവേറ്റികിട്ടുന്നതുവരെ, അന്ത്യംവരെ ഞങ്ങൾ ആ ആവശ്യത്തിനുവേണ്ടി നിലകൊള്ളുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ ഇപ്പോൾ എം. വി. രാഘവൻ പറയുന്ന രീതിയിൽ, നായനാർ പറയുന്ന രീതിയിൽ ഞങ്ങൾക്കു് പറ്റില്ല. അവർക്കു് ഇപ്പോൾ എന്തൊക്കെ ചെയ്യണമെന്നുള്ളതു് എനിക്കറിയില്ല. ഞങ്ങൾ ഏതായാലും നിങ്ങളുടെ രാഷ്ട്രീയം നോക്കിയല്ല ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ പോകുന്നതെന്നു് പറയാൻ ഞാനാഗ്രഹിക്കുകയാണു്. അല്ലെങ്കിൽത്തന്നെയും ഞങ്ങളുടെ നിലപാടു് മുറുകിയാൽ ഉടനെത്തന്നെ നിങ്ങൾ പറയും സമ്മർദ്ദ തന്ത്രം എന്നു്. ഞങ്ങൾ അവധി കൊടുത്താൽ ഉടനേ നിങ്ങൾ പറയും കീഴ്വഴങ്ങിയെന്നു്. പിള്ളയെ തഴഞ്ഞുവെന്നു്. ജീവിക്കാൻ നിവൃത്തിയില്ലല്ലോ സർ? ഇങ്ങനെയാണെങ്കിൽ എങ്ങനെ ഒരു രാഷ്ട്രീയം വച്ചു് മുന്നോട്ടുപോകാൻ കഴിയും. ഞങ്ങൾ മുറുകിയാൽ സമ്മർദ്ദ തന്ത്രം എന്നു് എഴുതുന്നവർ പിറേ ദിവസം എഴുതും തഴഞ്ഞു എന്നു്. അങ്ങോട്ടും പോകാൻ വയ്യ, ഇങ്ങോട്ടും പോകാൻ വയ്യ എന്ന രീതിയിലാണു്. എന്താ കാര്യം? പ്രത്യേക്ഷത്തിനു് ചില ആവശ്യം ഉണ്ടു്. ആ ആവശ്യം നിറവേറ്റപ്പെടുന്നില്ലെങ്കിൽ ഒരിക്കൽ അവർ പറയും സമ്മർദ്ദതന്ത്രം എന്നു്, പിന്നെ പറയും തഴഞ്ഞു എന്നു്, പിന്നെ പറയും അയഞ്ഞു എന്നു്. ഏതായാലും നിങ്ങളുടെ പ്രകോപനമോ, നിങ്ങളുടെ ശുണ്ഠിവാക്കോ, നിങ്ങളുടെ അപഗ്രഥനമോ, നിങ്ങളുടെ വ്യാഖ്യാനമോ, അനുസരിച്ചല്ല ഞങ്ങൾ പ്രവർത്തിക്കുന്നതു്. കേരളാകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ അഭിപ്രായത്തെപ്പറ്റി ഞങ്ങൾക്കു് പരമപുച്ഛമേയുള്ളു. നിങ്ങളുടെ ഉപദേശം ഞങ്ങൾ സ്വീകരിക്കാൻ തയ്യാറില്ല. പക്ഷേ ഈ പ്രശ്നം തീർന്നിരിക്കുന്നു എന്നു് വിചാരിക്കണ്ട.....(ബഹളം).....
ഒരു കാര്യം ഞാൻ പറയാം. ബഹുമാനപ്പെട്ട ബേബിജോണിനു് അതിന്റെ ടയാർത്ഥം അറിയാം. ബഹുമാനപ്പെട്ട ബേബിജോണിനോടു് ഒരു കാര്യം ഞാൻ പറയട്ടെ. കേരളാകോൺഗ്രസ്സിന്റെ രക്തത്തിനുവേണ്ടി നിങ്ങൾ ദാഹിച്ചോ. പക്ഷേ ഒരു കാര്യം ബാലകൃഷ്ണപ്പിള്ള കൊള്ളരുതാത്തവനെന്നു് ഒരിക്കൽ പറയും, പിന്നെ ചിലപ്പോൾ പറയും ബാലകൃഷ്ണപ്പിള്ളയെ രക്ഷിക്കണം എന്നു്. നിങ്ങൾ എന്തുവേണമെങ്കിലും ആയിക്കോ. ബാലകൃഷ്ണപ്പിള്ള

LIBRARY ARCHIVES Kerala Legislative Assembly

യുടെ രക്തമോ, കെ. എം. മാണിയുടെ രക്തമോ, കേരളാ കോൺഗ്രസ്സിന്റെ രക്തമോ എന്തുവേണമെങ്കിലും ആയിക്കോ, പക്ഷേ ഒരു കാര്യം ഞാൻ പറയാം. ഈ അൽപത്വം പറയാൻ പാടില്ല. ബഹുമാനപ്പെട്ട ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഈ അടുത്ത ദിവസം പറഞ്ഞു. 'പിന്നെ പഞ്ചാബ്, പഞ്ചാബ് എന്ന് പറഞ്ഞിട്ടുള്ളവരുമായി കൂട്ടുകൂടാൻ പറ്റുകയില്ല' എന്ന്. ഞാൻ വളരെ വിനയപൂർവ്വം നായനാരോട് പറയട്ടെ, വിളിയാച്ചാത്തം ഞങ്ങളാരും ഉണ്ണാറില്ല. ഞങ്ങളെ ഒന്ന് സഹായിക്കണമെന്ന് ഞങ്ങളാരെങ്കിലും ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഇല്ലത്തുവന്ന് പറഞ്ഞോ? ഇന്നലെ മാറി പറഞ്ഞു. 'പിരിഞ്ഞുപോയതിനുശേഷം, വേണമെങ്കിൽ എടുക്കാം' എന്ന്. ഇത് എന്തിനാണ് നായനാരെ? ഞങ്ങൾ നിങ്ങളോട് ആരോടും സഹായം ചോദിച്ചില്ല. അതുകൊണ്ട് ഈ വേഷമൊക്കെ അവിടെവച്ചാൽമതി. നിങ്ങളുടെ സഹായമൊന്നും ഞങ്ങൾക്ക് ആവശ്യമില്ല. ഒരു കഥയുണ്ട്. പണ്ട് ഞാൻ പ്രാക്ടീസ് ചെയ്യുന്ന സമയത്ത് മജിസ്ട്രേട്ട് ഒരാളെ മുറിയിലേക്ക് വിളിച്ച് ശകാരിച്ചു. എന്തിനാണ് ശകാരിച്ചതെന്ന് പറഞ്ഞാൽ അയാൾ വരാന്തയിൽനിന്ന് സംസാരിച്ചതിനാണ്. ശകാരിച്ചുകഴിഞ്ഞതിനുശേഷം അയാളോട് കൂട്ടുകാർ ചോദിച്ചു നിന്നെ എന്തിനാണ് മജിസ്ട്രേട്ട് ചേംബറിലേക്ക് ക്ഷണിച്ചതെന്ന്. അപ്പോൾ അയാൾ പറഞ്ഞു, കാപ്പി കുടിക്കാനാണെന്ന്. കാപ്പികുടിച്ചോ എന്നുചോദിച്ചപ്പോൾ പറഞ്ഞു, അവന്റെ ഒരു കൂപ്പി ഞാൻ കുടിക്കണോ എന്ന്. അതുപോലെ തന്നെയാണ് പഞ്ചാബ് പഞ്ചാബ് എന്ന് പറയുന്ന കേരളാകോൺഗ്രസ്സിനെ വേണ്ട, എന്ന് പറയുന്നത്. എനിക്ക് നായനാരോട് പറയാനുള്ളത് നിങ്ങളുടെ കൂപ്പി.....ക്ഷണിക്കപ്പെടാതെ നിങ്ങൾ ഈ വാക്ക് ഉച്ചരിക്കാൻ പാടില്ല. നിങ്ങളുടെ ശക്തിയൊക്കെ എനിക്കറിയാം. ഞങ്ങളോടുകൂടി ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിപദം അണിഞ്ഞിരുന്ന മാർക്സിസ്റ്റുപാർട്ടി ഞങ്ങളില്ലാതെ അപ്പുറത്തിരിക്കുന്നുവെങ്കിൽ നിങ്ങളുടെ ശക്തി ഞങ്ങൾക്കെല്ലാവർക്കും നല്ലതുപോലെ അറിയാം. ഈ രാജ്യത്തെ എല്ലാവർക്കും അറിയാം.

ശ്രീ. എം. വി. രാഘവൻ പറയുന്നതുപോലെ നമുക്ക് എന്തിനാണ് പൊളിറ്റിക്സ്? പിള്ള പ്രശ്നത്തിൽ എന്തിനാണ് പൊളിറ്റിക്സ്? അതുകൊണ്ട് ഈ രാഷ്ട്രീയം നിർത്തണം. മാർക്സിസ്റ്റുപാർട്ടിയുടെ ലൈൻ നോക്കിയോ സി. പി. ഐ. യുടെ ലൈൻ നോക്കിയോ, പ്രതിപക്ഷത്തിന്റെ ലൈൻ നോക്കിയോ, അല്ല ഞങ്ങൾ പ്രവർത്തിക്കുന്നത്. ഞങ്ങൾക്ക് ഈ ഗവൺമെന്റിൽനിന്ന് ഇറങ്ങണമെന്ന് തോന്നിയാൽ അന്ന് ഇറങ്ങും.; നിൽക്കണമെന്ന് തോന്നിയാൽ നിൽക്കും. എത്രയോ തവണ ഈ കസേരയിൽനിന്ന് നിസ്സാരമായി രാജിവച്ച് ഇറങ്ങിപ്പോയ പാർട്ടിയാണ് കേരളാ കോൺഗ്രസ്. ആ വിഷയം നിങ്ങൾ പഠിപ്പിക്കേണ്ട. അതുകൊണ്ട് ഇനിമേൽ മാർക്സിസ്റ്റുപാർട്ടിക്ക് കേരളാകോൺഗ്രസ്സിനെ വേണ്ട, വേണം എന്നുള്ള മുദ്രാവാക്യമൊന്നും വിളിക്കണ്ട. ബാലകൃഷ്ണപ്പിള്ളയുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾ വളരെ വളരെ സമചിത്തതയോടുകൂടി പാർട്ടി ചില നിലപാടുകൾ എടുത്തിരിക്കുകയാണ്. ആ നിലപാടുകളുമായി ഞങ്ങൾ മുന്നോട്ടുപോകും. അതിനെ കുറിച്ച് ഒരു പൈസാപോലും ഈ സപ്ലിമെന്ററി ബഡ്ജറ്റിൽ ചോദിച്ചിട്ടില്ല. അതുകൊണ്ട് പിള്ള പ്രശ്നം, പിള്ള പ്രശ്നം എന്ന് പറഞ്ഞ് ഈ അന്തരീക്ഷം കലുഷിതമാക്കരുതായിരുന്നു. അതുകൊണ്ട് കേരളാ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിനെ ഉമ്മാക്കി കാണിച്ച് മെയ്പ്പെടുത്താനോ, പ്രകോപിപ്പിക്കാനോ ആരും ശ്രമിക്കണ്ട. എവിടെയിരുന്നാലും കേരളാ കോൺഗ്രസ് അതിന്റെ അന്തസ്സ് ബലികഴിക്കാതെ സ്വന്തം വ്യക്തിത്വം നിലനിർത്തിക്കൊണ്ട് നട്ടെല്ലിൽ ഉറച്ചുനിൽക്കുകതന്നെ ചെയ്യും. അതിന് ഈ പാർട്ടിക്ക് അറിയാം. അതിന് ആരുടേയും ഉപദേശം വേണ്ട.

ഞാൻ അടുത്തതായി സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിലേക്ക് വരുകയാണ്. ഈ അവസരത്തിൽ 99 കോടി രൂപ ഉപധനാഭ്യർത്ഥനവഴി ചോദിച്ചിരിക്കുന്നത് മുഖ്യമായും നമ്മുടെ ഗുരിതാശ്വാസപ്രവർത്തനങ്ങളും വേഗതയിൽ കൊണ്ടുപോകാൻവേണ്ടിയാണ്. ഈ രാജ്യത്ത് അവശത അനുഭവിക്കുന്ന ആളുകളുടെ ജീവിതപ്രശ്നങ്ങളും പരിഹരിക്കുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനുംവേണ്ടി ഈ ഗവൺമെന്റ് നടത്തുന്ന പരിപാടികളും വിജയത്തിൽ എത്തണമെന്നുണ്ടെങ്കിൽ ഈ ഉപധനാഭ്യർത്ഥനകളും പാസ്സാക്കണം. ബഹുമാനപ്പെട്ട നായനാർ ഇന്ന് ഇതിനെതിരായി വോട്ട് ചെയ്യരുത്. ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്കുവേണ്ടിയാണ് ഉപധനാഭ്യർത്ഥന ചോദിച്ചിരിക്കുന്നത്. നിങ്ങളുടെ രാഷ്ട്രീയ കണ്ണുകളും വച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കരുത്. ഭയവായി നിങ്ങളംകൂടി ചേർന്ന് ഈ ഉപധനാഭ്യർത്ഥന പാസ്സാക്കണം. ഈ ഉപധനാഭ്യർത്ഥന പാസ്സാകട്ടെ, പിന്നെ നമുക്ക് രാഷ്ട്രീയം ആകാം; പിന്നെ ചർച്ച ആകാം. രാജ്യത്തെ കാര്യങ്ങളും നടക്കട്ടെ. അതിന് നിങ്ങളും സഹകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ): സർ, എന്റെ പേരിൽ ആരോപണം ഉന്നയിച്ചിരിക്കുന്നത് ലോനപ്പൻ നമ്പാടനാണ്. ആ ആരോപണങ്ങളും അടിസ്ഥാനരഹിതമാണ്, ഞാൻ നിഷേധിക്കുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് ഈ സഭാതലത്തിൽ അദ്ദേഹം ഒരാരോപണം ഉന്നയിച്ചു. അത് ഞാൻ 5 ലക്ഷം രൂപയുടെ വസ്തു, ആലപ്പുഴ ശീമാട്ടിഹാളിന്റെ മുൻവശമുള്ളത്, സമ്പാദിച്ചു എന്നായിരുന്നു. ഞാൻ അത് നിഷേധിച്ചു. കഥ തുടരുന്നു, പക്ഷേ ഇന്ന് കഥ വേറെയാണ്. ഞാൻ വസ്തുത പറയാം. ആലപ്പുഴ എസ്. ആർ. പി. ജില്ലാ കമ്മിറ്റിക്ക് സ്വന്തമായി ഒരു ആഫീസ് വേണമെന്ന് ആഗ്രഹമുണ്ടായി. അതിന് അവർ പണം സമ്പാദിച്ചു. വസ്തു കണ്ടുപിടിച്ച്, വിലപേശി, കോൺട്രാക്ടായി എന്റെ അടുത്ത് അതിന്റെ പ്രസിഡന്റ് വന്നു പറഞ്ഞു, (പ്രസിഡന്റ് അഡ്വക്കേറ്റ് റാവു ആണ്) ഈ വസ്തു എസ്. ആർ. പി. യുടെ പേരിൽ വാങ്ങിക്കണമെന്ന്. അതിന് ചെയർമാനായ ഞാനും ജനറൽ സെക്രട്ടറിയായ പി. ഗംഗാധരനും പേരുകളും നൽകണം, ചെയർമാന്റെയും ജനറൽ സെക്രട്ടറിയുടേയും പേരിലാണ് വാങ്ങിക്കാൻ ഉദ്ദേശിക്കുന്നതെന്നും പറഞ്ഞു. ആകട്ടെ എന്ന് ഞാൻ പറഞ്ഞു. എസ്. ആർ. പി. യുടെ വസ്തുവിന് എന്റെ പേർ ഉപയോഗിക്കാൻ അനുവദിച്ചതല്ലാതെ എനിക്ക് ഇക്കാര്യത്തിൽ യാതൊരു പങ്കാളിത്തവുമില്ല. 8 ലക്ഷം രൂപ വിലപിടിപ്പുള്ള വസ്തു എന്നാണ് ശ്രീ. ലോനപ്പൻ നമ്പാടൻ പറഞ്ഞത്. എന്നാൽ ഒരു ലക്ഷം രൂപക്ക് ലോനപ്പൻ നമ്പാടന്റെ പേരിലോ ലോനപ്പൻ നമ്പാടന്റെ നോമിനിയുടെ പേരിലോ ഈ വസ്തു തീറെഴുതി കൊടുക്കാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

എസ്. ആർ. പി. യോട് ശുപാർശ ചെയ്യാം.....(ബഹളം). പക്ഷേ ഒരു കാര്യം. റൊക്കം കാശ് കിട്ടണം. വസ്തു എഴുതി തന്ന സ്വാമിനാഥൻ എന്റെ അറിവിൽപ്പെട്ടിടത്തോളം ഇന്നും അന്നും അബ്കാരി കോൺട്രാക്ടറല്ല. അബ്കാരി ലേലത്തിൽ ഞാൻ ലാഭം ഉണ്ടാക്കിക്കൊടുത്തു എന്നു പറഞ്ഞു. ഷാപ്പ് ലേലത്തിന് വിളിച്ചാൽ ഏറ്റവും കൂടുതൽ വിളികേൾക്കുന്ന ആളിന് അത് സ്ഥിരപ്പെടുത്തി കൊടുക്കും. അത് കലക്ടറാണ് ചെയ്യുന്നത്. അങ്ങനെയുള്ളപ്പോൾ ലേലത്തിൽ ഒരു കക്ഷിയെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. വെറും വിവരക്കേടാണ് പറഞ്ഞിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സപ്ലിമെന്ററി ഗ്രാന്റിനെക്കുറിച്ച് ധനകാര്യവകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തു നിന്നും നടത്തിയ ചില പരാമർശനങ്ങൾക്ക് ഈ സപ്ലിമെന്ററി ഗ്രാന്റുമായി പുലബന്ധംപോലും ഇല്ല എന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. എന്നാൽ ഇവിടെ നടന്ന ചർച്ച മറ്റു ചിലതിനു വേണ്ടി പ്രയോജനപ്പെടും എന്ന നിലയ്ക്കാണ് ആരംഭം മുതൽ നീങ്ങിയത്. ഞാൻ അത് എടുത്തുപറയാൻ കാരണം, മാർക്സിസ്റ്റ് പാർട്ടി നേതാക്കൻമാർ, ശ്രീ. എം. വി. രാഘവനും പ്രതിപക്ഷ നേതാവ് ശ്രീ. നായനാരും പ്രസംഗം അവസാനിപ്പിച്ചത് ബന്തിനെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്നരവർഷക്കാലമായി ഏത് നല്ല കാര്യങ്ങൾ ചെയ്യുമ്പോഴും ഗവൺമെന്റിനെതിരായി പല നടപടികളും അവർ സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ അംഗസംഖ്യ കുറക്കുന്നതിനുള്ള ശ്രമം നടത്തി. അഴിമതിയാരോപണങ്ങൾ കൊണ്ടുവന്നു ശ്വാസം മുട്ടിക്കാൻ ശ്രമിച്ചു. മറ്റുവിധത്തിലുള്ള പല സമരങ്ങളും സംഘടിപ്പിച്ചു. കിട്ടാവുന്ന വേദികളെല്ലാം സമരത്തിനുപയോഗിച്ചു. ഈ ഗവൺമെന്റ് ജനപിന്തുണയോടെ വന്നതാണ്. ഞങ്ങളുടെ ചില വാഗ്ദാനങ്ങൾ പരമാവധി നടപ്പാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അതിന്റെ ഫലമായി ഈ ഗവൺമെന്റിനെ ഈ നിമിഷംവരെ ഒരു പോറൽപോലും ഏൽപ്പിക്കാൻ കഴിയാത്ത പ്രതിപക്ഷമാണ് ഇന്നുള്ളത്. ഇവിടെ ചിലർ സൂചിപ്പിച്ചതുപോലെ മറ്റെല്ലാ സമരമുറകളും പരാജയപ്പെടുമ്പോൾ അവസാനത്തെ ആയുധമായിട്ടാണ് ഈ ബന്ത് കൊണ്ടുവന്നത്. ഈ ബന്ത് മറ്റാരു രൂപത്തിൽ പറഞ്ഞാൽ പണിമുടക്ക് ആണ്. ആ ബന്തിനു പ്രചരണം കിട്ടാനുള്ള ഒരു വേദിയായിട്ടാണ് ചർച്ച നീങ്ങിയത് എന്നുള്ളത് നിർഭാഗ്യകരമായിപ്പോയി.

ഇവിടെ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്നു. സാധനങ്ങളുടെ വിലവർദ്ധനവ് ഈ സംസ്ഥാനത്ത് മാത്രമല്ല അനുഭവപ്പെടുന്നത്. പഞ്ഞമാസങ്ങളായ മിഥുനം, കർക്കിടകം എന്നീ മാസങ്ങളിൽ വ്യാപകമായി വിലവർദ്ധനവുണ്ടാകും. അത് മനസ്സിൽ കണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് വളരെ കാര്യക്ഷമമായി പല നടപടികളും സ്വീകരിച്ചതിന്റെ ഫലമായി ഇന്ന് സാധനങ്ങളുടെ വില കുറഞ്ഞിരിക്കുകയാണ്. അരി, എണ്ണ, പഞ്ചസാര എന്നിവയെ സംബന്ധിച്ചിടത്തോളവും മറ്റു പല നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിലും വിലയെ പിടിച്ചുനിറുത്താനും കുറച്ചുകൊണ്ടുവരാനും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. വിലയുടെ കാര്യത്തിൽ കുറേ കാലത്തെ കണക്ക് പരിശോധിച്ചാൽ ഈ സത്യം മനസ്സിലാക്കാൻ സാധിക്കും. പൊതു കമ്പോളത്തിൽ അരിയുടെ വില നിയന്ത്രിച്ചു കൊണ്ടുവരുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ, റേഷനുപുറമേ അരി വിതരണം ചെയ്തു. അതുപോലെതന്നെ കഴിഞ്ഞ കുറേക്കാലത്തെ സ്ഥിതിവച്ചുനോക്കിയാൽ ഈ സംസ്ഥാന ഗവൺമെൻറ് പരമ്പരാഗത വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനു വേണ്ടി വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു. കഴിഞ്ഞ കുറേക്കാലത്തെ പ്രവർത്തനം ഇല്ലായിരുന്നുവെങ്കിൽ ഇതിലും ബുദ്ധിമുട്ട് ഉണ്ടാകുമായിരുന്നു. അവ ഓരോന്നോരോന്നായി പരിഹരിച്ച് കൊണ്ടുവരാനുള്ള നടപടികളും സംസ്ഥാന ഗവൺമെൻറ് സ്വീകരിക്കുകയുണ്ടായി. ഈ ഗവൺമെൻറിനെക്കുറിച്ച് ആക്ഷേപമുന്നയിച്ചുകൊണ്ട് ഒരു സംഭവം പുണ്ടിക്കാണിച്ച് വിമർശിക്കുവാൻ പ്രതിപക്ഷത്തിനു സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. നായനാർ, അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഈ സംസ്ഥാനത്തിന് ഒരു പ്ലാൻപോലും തയ്യാറാക്കാൻ സാധിച്ചിട്ടില്ലെന്നു പറഞ്ഞു. 355 കോടി രൂപയുടെ വാർഷിക പ്ലാൻ പാസ്സാക്കിയ സഭയിൽനിന്നുകൊണ്ട് സംസ്ഥാന ഗവൺമെൻറിന് പ്ലാൻ ഇല്ലെന്ന് പറഞ്ഞാൽ, പ്രതിപക്ഷ നേതാവിനോട് എനിക്ക് ബഹുമാനമുണ്ടെങ്കിലും, അദ്ദേഹം ഇത്രത്തോളം വില താഴ്ന്ന കാര്യങ്ങൾ പറയരുത് എന്ന് വിനീതനായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: ഏഴാം പദ്ധതി ഉണ്ടായിട്ടില്ല; ഇയർ പ്ലാനാണ് തയ്യാറാക്കിയത്.

ശ്രീ. കെ. കരുണാകരൻ: ഏഴാം പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിനുമുൻപുതന്നെ ഒന്നാം വർഷത്തെ പദ്ധതി അംഗീകരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ഇപ്പോൾ ബന്ത് നടത്താൻ പോകുന്നു. എന്തിനുവേണ്ടിയാണ് ബന്ത് നടത്തുന്നത്, അതിൻെറ ഇഷ്യൂ എന്താണ്? ജീവനക്കാരെ സംബന്ധിച്ചാണെങ്കിൽ ഇവിടെ അതേക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു. അവരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച ഓർഡറുകളും ഇഷ്യൂ ചെയ്തു കഴിഞ്ഞു. 1-7-83 മുതൽ അവർക്ക് പിൻകാലപ്രാബല്യം കൊടുക്കും. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മറെറല്ലാ പദ്ധതികളും ഒതുക്കി കഴിഞ്ഞാൽ തന്നെ 199.5 കോടിരൂപ കൊടുക്കുവാൻ വച്ചതിൽനിന്നും 155 കോടിരൂപ ശമ്പള ബാക്കി കഴിഞ്ഞാൽ ഇവിടെ പ്ലാൻ ഇല്ലെന്ന് പറഞ്ഞു ജനങ്ങളെ സമീപിക്കുവാൻ ഈ ഗവൺമെൻറ് തയ്യാറാകാത്തത് പ്രതിപക്ഷ നേതാവിനും പ്രതിപക്ഷത്തിനും നിരാശയുണ്ടാക്കുന്നുണ്ടെങ്കിൽ ഞങ്ങൾ അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് ആ ഒരു നിലപാട് സ്വീകരിച്ചത്. അതേ അവസരത്തിൽ ജീവനക്കാരുടെ താൽപ്പര്യങ്ങളും പൂർണ്ണമായും കണക്കിലെടുത്തുകൊണ്ട് മുന്നോട്ടുനീങ്ങി. ഇന്ന് കേരളത്തിലെ ജീവനക്കാർ അസംതൃപ്തരല്ല. അവർക്ക് സംസ്ഥാനത്തിൻെറ പ്രശ്നങ്ങൾ അറിയാം. ശമ്പള പരിഷ്കരണത്തിൻെറ കാര്യത്തിൽ അതു ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ദുരിതാശ്വാസ പ്രവർത്തനത്തെ സംബന്ധിച്ച് പറയുകയുണ്ടായി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇതുപോലെ നടക്കും എന്ന് പ്രതിപക്ഷംപോലും കരുതിയിരിക്കുകയില്ല. കഴിഞ്ഞ കാല ങ്ങളിലെ അനുഭവം അതാണ്. ഞാൻ അവരെ കുറ്റപ്പെടുത്തി പറയുകയല്ല. പ്രതിപക്ഷത്തിനുപോലും ഒരക്ഷരം എതിരായി പറയാൻ സാധിക്കാത്ത രീതിയിൽ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ നിരത്തിവച്ച് ആനുകൂല്യങ്ങൾ വാങ്ങുക മാത്രമല്ല കിട്ടിയ ആനുകൂല്യം യാതൊരുവിധത്തിലുള്ള പ്രത്യേക പരിഗണനയും കൂടാതെ വിതരണം ചെയ്യുന്നതിനും ഈ ഗവൺമെന്റിനു സാധിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു, ഇത് ജനകീയ കമ്മിറ്റിയെ ഏൽപ്പിക്കണമെന്ന്. എന്റെ സ്നേഹിതൻ ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ അത് വ്യക്തമാക്കുകയുണ്ടായി. ഈ പണം ഒരുവിധത്തിലും ദുരുപയോഗപ്പെടുത്തി പ്പോകാതിരിക്കുന്നതിന് ശ്രമിക്കുകയാണ്. ഇന്ന് ഏറ്റവും ഉത്തര വാദിത്വമുള്ള ഒരു സംവിധാനമാണ് അതിനുവേണ്ടി സ്വീകരിച്ചിരി ക്കുന്നത്. ഓരോ ഇനത്തിനും അനുവദിച്ച തുക ഇത്ര, ചെലവഴിച്ച സംഖ്യ ഇത്ര എന്ന് അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് സർട്ടിഫൈ ചെയ്യിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ജനകീയ കമ്മിറ്റിയെ ഏൽപ്പിച്ചാൽ ആരാണ് ഉത്തരവാദിത്വം ഏറ്റെടുക്കുക. ജനപ്രതിനിധി കൾക്ക് ഉത്തരവാദിത്വമുണ്ട്. പക്ഷേ ആ രീതിയിൽ ഉത്തരവാദിത്വം ഏൽപ്പിക്കാൻ സാധിക്കുമോ? തീർച്ചയായും അത് നടപ്പിലാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഉദാഹരണമായി ഒരു റോഡ് പണിയേണ്ട സ്ഥലത്ത് സൗജന്യറേഷൻ കൊടുക്കണമെന്ന നിർദ്ദേശം ഉണ്ടായി. അത് സ്വീകരിക്കുവാൻ സാധിക്കുമോ? അങ്ങനെയുള്ള കാര്യങ്ങളൊക്കെ കണക്കിലെടുത്ത്, ജനപ്രതിനിധികളുടെ നിവേദനം കൂടി കണക്കിലെടുത്ത്, തയ്യാറാക്കിയ ആ പദ്ധതി നടപ്പിലാക്കാൻ വേണ്ടിയാണ് ദുരിതാശ്വാസത്തിനുള്ള പണം നേടിയെടുത്തത്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ, ഇന്ത്യാ ചരിത്രത്തിൽ, ഒരു സംസ്ഥാനത്തിന് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി 88 ശതമാനം നേടിയെടുക്കുവാൻ സാധിച്ചിരിക്കുന്നത് ഇത് ആദ്യമാണെന്ന് ചൂണ്ടി കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വേറെ ഏതെങ്കിലും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ എന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ പ്രതിപക്ഷത്തോട് ആവശ്യപ്പെടുകയാണ്. സ്റ്റേറ്റിന്റെ നില ശരിയായി അവതരിപ്പിച്ച് അവരെ ബോധ്യപ്പെടുത്താൻ സാധിച്ചു. എന്റെ സ്നേഹിതൻ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് സംസ്ഥാന ത്തിന്റെ ദുരിതത്തിൽ വളരെ സഹായകരമായ, അനുഭാവപൂർവ്വമായ ഒരു നിലപാടാണ് കേന്ദ്രം സ്വീകരിച്ചത് എന്നാണ്. കിട്ടിയതിന് നന്ദി പായുക എന്നുള്ളത് മനുഷ്യന്റെ സ്വഭാവമാണ്. ഒരുപക്ഷേ അപ്പുറത്തിരിക്കുന്നവർക്ക് അത് ഉണ്ടോയെന്നറിയില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം കിട്ടിയതിന് നന്ദി പറയുക എന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. മറ്റു കാര്യങ്ങളെക്കുറിച്ച് ഞാൻ അധികം പറയാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. രാജീവ്ഗാന്ധി ഇവിടെ വന്നതിനെ ക്കുറിച്ച് എന്തെല്ലാം പറഞ്ഞു, എവിടെനിന്ന് കിട്ടി പ്രതിപക്ഷ നേതാവിന് ഇതൊക്കെ. 'ജനയുഗം' പത്രത്തിന്റെ റിപ്പോർട്ടാണോ ഇത്. അദ്ദേഹം ചോദിക്കുന്നതിന് മറുപടി പറയുന്നതും പരിഭാഷ പ്പെടുത്തുന്നതും ഞങ്ങളല്ല. അദ്ദേഹത്തിന്റെ കൂടെവന്ന സ്റ്റാഫ് ഉണ്ട്. അവരിൽ മലയാളം അറിയാവുന്ന ആളുകളുണ്ട്. അവരുടെ മുൻപിൽവച്ച് പറയുന്നതിന് വിപരീതമായി പറയാനുള്ള മൗഢ്യമൊന്നും ഞങ്ങൾക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നു മാത്രമല്ല ഒരു കാര്യത്തിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. രാജീവ് ഗാന്ധിയുടെ സന്ദർശനം കഴിഞ്ഞതിനുശേഷം അദ്ദേഹത്തിനുണ്ടായിട്ടുള്ള പ്രതികരണത്തിന് യാതൊരു കൃത്രിമമായ നടപടിയും കേരളാ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്. ഉണ്ടായിട്ടില്ല. വളരെ പിന്നോക്കം നിൽക്കുന്ന ഓരോ സ്ഥലങ്ങളും കൊണ്ടുപോയി കാണിച്ചു. അതിലൊന്നും യാതൊരു കൃത്രിമത്വവും ഇല്ല. ഞാൻ അതൊന്നും പ്രതിപക്ഷനേതാവിന്റെ സർട്ടിഫിക്കറ്റിനുവേണ്ടി പറയുന്നതല്ല. ആളുകൾ രാഷ്ട്രീയ കുഴപ്പം ഉണ്ടാക്കാൻ വേണ്ടിയാണ് പഞ്ചാബ് പ്രശ്നത്തെപ്പറ്റി പറയുന്നത്. ശ്രീ. രാഘവൻ പറഞ്ഞു, പഞ്ചാബിൽ വർഗ്ഗീയ ശക്തികളുമായി കോംപ്രൈമെസ് ചെയ്യുന്നു എന്ന്. കോൺഗ്രസ് ആരുമായും കോംപ്രൈമെസ് ചെയ്തിട്ടില്ല. പഞ്ചാബിൽ 117 യോഗ്യന്മാരായ സ്ഥാനാർത്ഥികളെ നിറുത്തി ഭൂരിപക്ഷം നേടി അവിടെ അധികാരത്തിൽ വരാം എന്നുള്ള വിശ്വാസത്തിലാണ് അവിടെ തെരഞ്ഞെടുപ്പ് നടത്തുന്നത്. പഴയകാലത്ത് ചില അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 1977-ലും അതുപോലെതന്നെ മറ്റവസരങ്ങളിലും ഒക്കെ പ്രതിപക്ഷം ഒളിച്ചുകളി നടത്തിയിട്ടുള്ളതായി എനിക്കറിയാം. കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഒളിച്ചുകളിക്ക് തീരുമാനിച്ചിട്ടില്ല. പഞ്ചാബിൽ തെരഞ്ഞെടുപ്പ് നടത്തും. ഞാൻ ഇതു പറയാൻ കാരണം ഈ ഒരു പ്രചാരണം സംഘടിതമായി നടക്കുന്നതുകൊണ്ടാണ്. പഞ്ചാബ് പ്രശ്നം പരിഹരിച്ച കാര്യത്തിൽ, ആസ്സാം പ്രശ്നം പരിഹരിച്ച കാര്യത്തിൽ രാജീവ് ഗാന്ധിയുടെ കഴിവ് പ്രകടമാക്കപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു, രേച്ചൽശിലമുണ്ടോ എന്ന്. ഏതായാലും ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്നതിൽ ഏറ്റവും കഴിവുള്ള ഭരണാധികാരിയാണെന്ന് ഈ എട്ടുമാസത്തിനകം തെളിയിക്കാൻ ശ്രീ. രാജീവ്ഗാന്ധിക്ക് കഴിഞ്ഞിരിക്കുന്നു എന്നുള്ള സത്യം ആരും നിഷേധിക്കും എന്ന് കരുതുന്നില്ല. ഇത്തരം കാര്യങ്ങളിൽകൂടി പ്രശ്നങ്ങളെ കാണാൻ ശ്രമിക്കണം.

അവസാനമായി ഒന്നാണ് എനിക്ക് പറയുവാനുള്ളത്. ബന്ദ് എന്നുള്ള പരിപാടി നിങ്ങൾ ഉപേക്ഷിക്കണം. ജനങ്ങളെ ബുദ്ധിമുട്ടിക്കരുത്, ജനങ്ങളെ ശ്വാസം മുട്ടിക്കരുത്. ജനദ്രോഹ പരിപാടികൾ നിങ്ങൾ അവസാനിപ്പിക്കണം. അല്ലെങ്കിൽ ജനങ്ങൾ നിങ്ങളെ അവസാനിപ്പിക്കും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നിങ്ങൾ കരുതുന്നുണ്ടാകും നാളികേരപ്രശ്നം കർഷകരുടെ പ്രശ്നമാണെന്ന്. നാളികേരപ്രശ്നം മറ്റാരേയുംകാൾ കർഷകന്റെ പ്രശ്നമായി ഈ ഗവൺമെന്റ് കണ്ടിട്ടുണ്ട്.

ശ്രീ. ബേബിജോൺ: താങ്ങുവില പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ കൊപ്ര എടുത്തിട്ടില്ല എന്നുള്ള കാര്യം അറിയാമോ? പല പരിപാടികളെക്കുറിച്ചും പറഞ്ഞു. ഇതുവരെ ഗോഡൗൺ ഇല്ല. പൈസയില്ല ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: 17 കോടി രൂപയുടെ കൊപ്ര വാങ്ങിയതായി പറഞ്ഞു. ഞാൻ നേരത്തേ പറഞ്ഞതുപോലെ ഇത് വർക്ക് ഔട്ട് ചെയ്യാൻ ഒരാഴ്ചക്കാലം പിടിക്കും. ഈ ആഴ്ച മുതൽക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പണം റിലീസ് ചെയ്യാനുള്ള റെക്വസ്റ്റ് ചെയ്തിട്ടുണ്ട്: ഈ സ്റ്റേറ്റിമെന്റിന്റെ ഗ്രാന്റിൽ ഒരുകോടി

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രശ്നം ഉണ്ട്. രണ്ടുമൂന്നു മാസക്കാലത്തെ സ്റ്റോക്ക് മുതലാളിമാരുടെ കൈവശം ഉണ്ട്. ഞാൻ ഒരു രഹസ്യം പറഞ്ഞതല്ല. നിങ്ങൾക്കൊക്കെ അറിയാവുന്നകാര്യമാണ്. സ്റ്റോക്ക് തീരാറായി. തീർച്ചയായും ഈ സെപ്റ്റംബർ കഴിഞ്ഞാൽ ഇതിന് വില വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഒരൊറ്റ കിലോ കൊപ്രപോലും മാർക്കറ്റിൽ ഇറക്കാതെ പിടിച്ചു സൂക്ഷിക്കും. കമ്പോളം നിയന്ത്രിച്ച് മില്ലുകാരെ മുട്ടുകുത്തിക്കാനുള്ള നടപടി ഈ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, മുമ്പ് ഒരു പരിപാടി ഉണ്ടായിരുന്നു; കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അരിക്ക് ക്ഷാമം ഉള്ള കാലത്ത് ചുമട്ടുതൊഴിലാളികൾക്ക് വിവരം കൊടുക്കും അരി വരാൻപോകുന്നു എന്ന്. അത് കിട്ടിയഉടനേതന്നെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജാഥ ഉണ്ടായിരിക്കും. എന്തിനാണെന്നറിയാമോ? അവർ മുദ്രാവാക്യം വിളിക്കുന്നത് ഇങ്ങനെയാണ് ''ഇരുമ്പരിവേണ്ട, പുഴുവരിവേണ്ട, പശയരി വേണ്ട, നല്ലയരിവേണം'' എന്ന്. ഗോഡൗൺ ജീവനക്കാരന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം സമരം ചെയ്തിട്ടാണ് നല്ല അരി കിട്ടിയത് എന്ന് പ്രചരിപ്പിക്കും. സമരം കൊണ്ടുവന്നിട്ട് നാളികേര പ്രശ്നങ്ങൾ പരിഹരിക്കാം എന്നു വിചാരിക്കുകയാണെങ്കിൽ ആ പരിപ്പ് ഈ കമ്പോളത്തിൽ വേവുകയില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാളികേരത്തിന്റേയും അതുപോലെതന്നെ ഈ രാജ്യത്തെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി കക്ഷിവ്യത്യാസമില്ലാതെ (ഒരു പക്ഷേ നിങ്ങളുടെ സഹകരണവും ഞങ്ങൾക്ക് വേണ്ടിവരും) മുന്നോട്ടു പോകാൻ സാധിക്കും. മറിച്ച് ഇന്നുവരെ നിങ്ങൾ സ്വീകരിച്ചിട്ടുള്ളനയം, അതായത് ജനങ്ങളെ ശ്വാസം മുട്ടിച്ചുകൊല്ലുന്ന ജനവിരുദ്ധനയം തുടർന്നുകൊണ്ട് ബന്ത് നടത്താനാണ് പോകുന്നതെങ്കിൽ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ നിങ്ങളെക്കൊണ്ട് സമാധാനം പറയിക്കും. ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള ചുമതല സർക്കാർ ചെയ്യേണ്ടത് ചെയ്യുകയും ചെയ്യും. എന്തായാലും ശരി ഈശ്വരനെ ഓർത്ത് ബന്ത് നടത്തരുത് എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ സപ്ലിമെന്ററി ഗ്രാന്റ് പാസ്സാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാംനമ്പർ ധനാഭ്യർത്ഥനയുടെപേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭ താഴെ കാണും പ്രകാരം രണ്ടായിവേർതിരിഞ്ഞു വോട്ടെടുപ്പ് നടത്തപ്പെട്ടു.

അനുകൂലിക്കുന്നവർ : 65

1. ശ്രീ. ഇ. അഹമ്മദ്
2. ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. കെ. അവുക്കാദർകുട്ടിനഹ
5. ശ്രീ. ആർ. ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള
7. ശ്രീ. പി. കെ. കെ. ബാവ
8. ശ്രീ. യു. എ. ബീരാൻ
9. ശ്രീ. വെന്നിബൈഹനാൻ
10. ശ്രീ. പി. മാസ്ക്കരൻ
11. ശ്രീ. വി. ദിനകരൻ
12. ശ്രീ. എം. പി. ഗംഗാധരൻ
13. ശ്രീ. എ. ജോർജ്ജ്
14. ശ്രീ. പി. സി. ജോർജ്ജ്
15. ശ്രീ. കെ. എം. ഹംസക്കുഞ്ഞ്
16. ശ്രീ. എം. എം. ഹസ്സൻ
17. ശ്രീ. എ. എൽ. ജേക്കബ്
18. ശ്രീ. റ്റി. എം. ജേക്കബ്
19. ശ്രീ. സി. ജി. ജനാർദ്ദനൻ
20. ശ്രീ. റ്റി. എസ്. ജോൺ
21. ശ്രീ. എ. സി. ജോസ്
22. ഡോക്ടർ കെ. സി. ജോസഫ്
23. ശ്രീ. കെ. സി. ജോസഫ്
24. ശ്രീ. പി. ജെ. ജോസഫ്
25. ശ്രീ. വി. വി. ജോസഫ്
26. ശ്രീമതി എം. കമലം
27. ശ്രീ. ജി. കാർത്തികേയൻ
28. ശ്രീ. കെ. കരുണാകരൻ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. മണിമംഗലത്തു കുട്ട്യാലി
31. ശ്രീ. കെ. പി. എ. മജീദ്
32. ശ്രീ. കെ. എം. മാണി
33. ശ്രീ. എം. വി. മാണി
34. ശ്രീ. കെ. മുഹമ്മദാലി
35. ശ്രീ. പി. വി. മുഹമ്മദ്
36. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
37. ശ്രീ. കെ. പി. നൂറുദ്ദീൻ
38. ശ്രീ. ഉമ്മൻചാണ്ടി
39. ശ്രീ. തച്ചടി പ്രഭാകരൻ
40. ശ്രീ. കെ. രാഘവൻ മാസ്റ്റർ
41. ശ്രീ. രാഘവൻ പൊഴക്കടവിൽ
42. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
43. ശ്രീ. കെ. പി. രാമചന്ദ്രൻ നായർ
44. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
45. ശ്രീ. തോപ്പിൽ രവി
46. ശ്രീ. വയലാർ രവി
47. ശ്രീ. പി. സീതിഹാജി
48. ശ്രീ. കടവൂർ ശിവദാസൻ
49. ശ്രീ. നാലകത്ത് സൂപ്പി
50. ശ്രീ. കെ. കെ. ശ്രീനിവാസൻ
51. ശ്രീ. എൻ. ശ്രീനിവാസൻ
52. ശ്രീ. കോട്ടക്കുഴി സുകുമാരൻ
53. ശ്രീ. സി. എം. സുന്ദരം

LIBRARY ARCHIVES Kerala Legislative Assembly

54. ശ്രീ. എൻ. സുന്ദരൻ നാടാർ
55. ശ്രീ. വി. സുരേന്ദ്രൻപിള്ള
56. ശ്രീ. പി. വി. തങ്കച്ചൻ
57. ശ്രീ. സി. എഫ്. തോമസ്
58. ശ്രീ. പി. സി. തോമസ് (തിരുവല്ല)
59. ശ്രീ. പി. കെ. വേലായുധൻ
60. ശ്രീ. സ്റ്റീഫൻ പാടുവ
61. ശ്രീ. പി. എം. അബൂബക്കർ
62. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
63. ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ
64. ശ്രീ. കെ. പി. രാമൻ
65. ശ്രീ. ജോസ് കുറ്റിയാനി

പ്രതികൂലിക്കുന്നവർ : 51

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. കെ. പി. അരവിന്ദാക്ഷൻ
3. ശ്രീ. ടി. കെ. ഇരുമുഖൻ
4. ശ്രീ. ബേബിജോൺ
5. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
6. ശ്രീ. ഒ. ഭരതൻ
7. ശ്രീ. സി. കെ. ചന്ദ്രപാണി
8. ശ്രീ. കെ. ചന്ദ്രശേഖരൻ
9. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീ. സിറിയക്ക് ജോൺ
12. ശ്രീമതി പി. ദേവുട്ടി
13. ശ്രീ. കെ. കെ. ജോർജ്ജ്
14. ശ്രീമതി കെ. ആർ. ഗൗരി
15. ശ്രീ. ടി. കെ. ഹംസ
16. ശ്രീ. കെ. ഇ. ഇസ്മയിൽ
17. ശ്രീ. ഇ. കെ. നായനാർ
18. ശ്രീ. കെ. ടി. കണാരൻ
19. ശ്രീ. എം. കെ. കേശവൻ
20. ശ്രീ. വി. കേശവൻ
21. ശ്രീ. സി. ടി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. ടി. കുമാരൻ
25. ശ്രീ. പി. കുമാരൻ
26. ശ്രീ. ലോനപ്പൻ നമ്പാടൻ
27. ശ്രീ. സി. പി. മുസ്സാൻകുട്ടി
28. ശ്രീ. മൂസ്സക്കുട്ടി
29. ശ്രീ. എ. കെ. പത്മനാഭൻ
30. ശ്രീ. ഇ. പത്മനാഭൻ
31. ശ്രീ. കെ. പങ്കജാക്ഷൻ
32. ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ
33. ശ്രീ. കെ. പി. പ്രഭാകരൻ

LIBRARY ARCHIVES Kerala Legislative Assembly

34. ശ്രീ. വർക്കല രാധാകൃഷ്ണൻ
35. ശ്രീ. എം. വി. രാഘവൻ
36. ശ്രീ. വി. കെ. രാജൻ
37. ശ്രീ. കാനം രാജേന്ദ്രൻ
38. ശ്രീ. കെ. ശങ്കരനാരായണപിള്ള
39. ശ്രീ. എ. കെ. ശശീന്ദ്രൻ
40. ശ്രീ. എ. സി. ഷൺമുഖദാസ്
41. ഡോക്ടർ എ. സുബ്ബറാവു
42. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
43. ശ്രീ. എ. വി. താമരാക്ഷൻ
44. ശ്രീ. സി. കെ. തങ്കപ്പൻ
45. ശ്രീ. വി. ജെ. തങ്കപ്പൻ
46. ശ്രീ. എസ്. ആർ. തങ്കരാജ്
47. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
48. ശ്രീ. ആർ. എസ്. ഉണ്ണി
49. ശ്രീ. ജി. വരദൻ
50. ശ്രീ. സി. വാസുദേവമേനോൻ
51. ശ്രീ. പി. വിജയദാസ്

നിഷ്പക്ഷർ	:	ഇല്ല
അനുകൂലിക്കുന്നവർ	:	65
പ്രതികൂലിക്കുന്നവർ	:	51
നിഷ്പക്ഷത പാലിക്കുന്നവർ	:	ആരും ഇല്ല

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തതായി പ്രഖ്യാപിക്കപ്പെട്ടു.

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന ഇരുപത്തിയാറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നൂറ് രൂപക്കുള്ള ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വിദ്യാഭ്യാസം, കല, സംസ്കാരം എന്ന 17-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,50,000 രൂപ അനുവദിക്കണമെന്ന പ്രമേയം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭത്തിനു് ഇരയായവർക്കു് ദുരിതാശ്വാസം എന്ന 27-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,79,00,000 (എൺപത്തി ഒന്നുകോടി എഴുപത്തി ഒമ്പതുലക്ഷം) രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണം എന്ന പ്രമേയം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സഹകരണം എന്ന 28-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14 കോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

കുടുംബക്ഷേമം എന്ന 19-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൂന്നുകോടി രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണം എന്ന പ്രമേയം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മിസ്റ്റർ സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1985 സെപ്തംബർ 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്കുശേഷം 2-51-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly